LUKE 2:49 (KJV)

*Father's Business*

# ഫാദേഴ്സ് ബിസിനസ്സ്

## മടക്കയാത്രയും, ആത്മാവിന്റെ നിയമവും

ലോകം മനുഷ്യനെ ചിലതൊക്കെ ആക്കാം എന്ന് വാഗ്ദത്വം ചെയ്താണ് മനുഷ്യന്റെ ലോകത്തിലുള്ള സമയത്തെ അപഹരിക്കുന്നത്. പക്ഷേ മനുഷ്യൻ ലോകം വിടുന്നത് ഒന്നുമല്ലാതെയാണ്....!




സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും.
(യോഹ. 8:32)



"പിതാവിന്റെ ബിസിനസ്സ് എന്ത് എന്നുള്ള വിശദീകരണം അത്ഭുതകരവും മനോഹരവുമായിരിക്കുന്നു, ജയകരമായ ക്രിസ്തീയ ജീവിതം ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ പുസ്തകം ഒരു പുതിയ വെളിച്ചം തരുമെന്ന് ഞാൻ സാക്ഷിക്കുന്നു." [പാസ്റ്റർ. ബാബു ചെറിയാൻ]

ഷാജി ജോസഫ്

KINGDOM SERIES BOOK NO. 3

**FATHER'S BUSINESS .Vol-1**

Copyright @ 2014
By **Evg.Shaji Joseph**

All rights are reserved

First Edition: March 2014

Second Edition: November 2016

Prarthanalayam Publishers, Ernakulam
No part of this publication may be reproduced or transmitted in any form or by any means, electronically, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

For more information about distribution
House of prayer (Prarthanalayam) Ministries
Tel: 0091-4842411092 (India), 00971-7-2211059 (UAE)
Mob: 0091-9567590469

Email : shajijosephmail@gmail.com
www.kingdommessages.org

Page setting & Cover design - Eldho T Joy

**Price: Rs. 250 (Outside India US 10 $)**

# ഫാദേഴ്സ് ബിസിനസ്സ്

## വാല്യം-1



Presented To,.........................................................

എനിക്ക് അങ്ങയോടുള്ള / നിങ്ങളോടുള്ള ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് ഈ പുസ്തകം (Gift).ഇതിലൂടെ ***ദൈവഹിതം മനസ്സിലാക്കുവാനും, ചെയ്യുവാനും*** **ദൈവം അങ്ങയെ / നിങ്ങളെ സഹായിക്കട്ടെ.**

This book (Gift) is the reflection of my God's love towards you. Let it help you to ***Understand and do the God's Will*** about your life.

By.............................................................

''എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, ***സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ*** അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത്.''

(മത്തായി 7:21)

**മറ്റു സന്ദേശങ്ങൾ**

1. ഞെട്ടിപ്പിക്കുന്ന സന്ദേശം
2. രാജകീയ ശുശ്രൂഷ
3. എന്റെ ബൈബിളും എന്റെ സാമ്പത്തികവും
4. പിശാച് യേശുവിന്റെ കുതികാൽ തകർക്കുമോ?
5. ജീവപുസ്തകം
6. ക്രൂശിന്റെ മൂന്ന് ശത്രുക്കൾ
7. ജ്ഞാനത്തിന്റെ മൂന്ന് നിലകൾ
8. 7-ാമത്തെ രാജ്യം
9. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾക്കിടയിലുള്ള ഒരു വിശ്വാസി യുടെ ജീവിതം
10. സാത്താനും അവന്റെ പണിപ്പുരയും
11. സഭയുടെ ഉദ്ദേശ്യം
12. ആത്മീയ രോഗങ്ങളും നിവാരണവും
13. ദൈവാലോചനയെയും ദൈവപ്രവൃത്തിയെയും എങ്ങനെ തിരിച്ചറിയാം?
14. വിശ്വാസികളിലെ സാത്താന്റെ ബെൽറ്റ് ബോംബ്
15. യേശു എങ്ങനെയാണ് നമ്മെ അറിയുന്നത്?
16. യാത്ര തീരാറായി ഫലം കായ്ച്ചുവോ?
17. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾ കടന്നാൽ ദൈവരാജ്യം അവകാശമാക്കാം
18. വിജയത്തിന്റെ ദൈവീക സൂത്രവാക്യം
19. കളയും കൊയ്ത്തും
20. വിശ്വാസി രക്ഷക്കായി പ്രവർത്തിക്കണമോ?
21. ക്രിസ്തുവിന്റെ ഹൃദയം
22. അനുഗ്രഹീത കുടുംബജീവിതം
23. അതിശയ സഞ്ചാരം
24. ആത്മീയ വളർച്ച (വാല്യം 1)
25. മനുഷ്യവാതിൽ
26. രാത്രിയെ ഭയപ്പെടേണ്ട
27. ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുള്ള അദൃശ്യസമ്പത്ത്
28. സകലത്തെയും വിവേചിക്കുന്ന ആത്മീകൻ
29. യൂദാ ഗോത്രത്തിലെ സിംഹക്കുട്ടികൾ
30. നമുക്ക് എങ്ങനെ മാന്ത്രികശക്തിയെ തകർക്കാം?
31. രണ്ട് രാജ്യങ്ങൾ, രണ്ട് നിയമങ്ങൾ
32. മരുഭൂമിയുടെ ഉദ്ദേശ്യം എന്ത്?
33. ദൈവത്തിന്റെ ഉദ്ദേശ്യവും പിശാചിന്റെ ആഗ്രഹവും
34. ഒരു വിത്തിന്റെ ശക്തിയും മൂല്യവും
35. എനിക്കെങ്ങനെ ഒരു വിശുദ്ധജീവിതം നയിക്കാം?
36. പിശാചിന്റെ ശിക്ഷാവിധി മനുഷ്യനിലൂടെയോ?
37. വിശ്വാസികളിലൂടെയുള്ള ദൈവശക്തിയുടെ രഹസ്യം

38. "നമുക്ക് ഇനി തോല്‌വിയില്ല"
നാം ജയിക്കാനായി വീണ്ടും ജനിച്ചവർ
39. ആത്മാവിൽ നീങ്ങിയുള്ള ശുശ്രൂഷ!
40. രോഗത്തെ കൊല്ലുന്നവൻ
41. അസ്ഥികൂടത്തിന്റെ സന്ദേശം
42. ഉറുമ്പുകളുടെ സന്ദേശം
43. പ്രാർത്ഥനയും ആത്മലോകവും
44. ദൈവത്തിന്റെയും പിശാചിന്റെയും മുദ്രകൾ
45. എങ്ങനെ ദൈവാത്മാവിനാൽ നടത്തപ്പെടാം?
46. ക്രിസ്തു കല്പിച്ച പ്രവൃത്തിയോ നീ ചെയ്യുന്നത്?
47. "ദർശനം" ദൈവത്തിന്റെയും മനുഷ്യന്റെയും
മൃഗത്തിന്റെയും പ്രവർത്തനരീതി
48. ഞാൻ ദൈവരാജ്യം അവകാശമാക്കുമോ?
49. ദൈവരാജ്യം പിടിച്ചടക്കുന്ന ബലാൽക്കാരികൾ
50. ദൈവരാജ്യപ്രകാരമുള്ള കുടുംബം എങ്ങനെ?
51. മഹത്വത്തിന്റെ മണ്ഡലം
52. വാതിൽ കാവൽക്കാരൻ
53. ഏദെനിലെ ജീവിതം
54. പുതിയ സൃഷ്ടിയുടെ പുറകിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം
55. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം
(ഉദ്ദേശ്യങ്ങളുടെ ഉദ്ദേശ്യം)
56. വിശ്വാസം - വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും
57. വിശ്വാസം - ദൈവത്തിന്റെ സമ്മാനപ്പെട്ടി
58. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ കാണുന്നതെ
ങ്ങനെ?
59. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ എടുക്കുന്നതെ
ങ്ങനെ?
60. വിശ്വാസം - വിശ്വാസം എങ്ങനെ നഷ്ടപ്പെടുന്നു?
61. വിശ്വാസം - ഉപയോഗശൂന്യമായതും ഉപയോഗമുള്ളതും
62. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ നമ്മുടെ
ഹൃദയത്തിൽ പ്രകാശിക്കുന്നതെങ്ങനെ?
63. വിശ്വാസം - വിശ്വാസവും പ്രവൃത്തിയും
64. വിശ്വാസം - വിശ്വാസത്തിന്റെ ആത്മാവ്
65. വിശ്വാസം - പുതിയ സൃഷ്ടികളും വിശ്വാസവും തമ്മിലുള്ള
ബന്ധം
66. വിശ്വാസം - പുതിയ സൃഷ്ടി ആയവരുടെ പ്രവർത്തന രീതി
67. വിശ്വാസം - വിശ്വാസത്തിന്റെ ശവപ്പറമ്പ്
68. വിശ്വാസം - രണ്ട് തരത്തിലുള്ള വിതകൾ
69. വിശ്വാസം - ഹൃദയവും സൗഖ്യവും
70. വിശ്വാസം - വിശ്വാസം എന്നാൽ എന്ത്?
71. വിശ്വാസം - വിശ്വാസവും സൗഖ്യവും

72. വിശ്വാസം - വിശ്വാസം എന്ന പരിച
73. വിശ്വാസം - തലയും ഹൃദയവും തമ്മിലുള്ള വ്യത്യാസം
74. വിശ്വാസം - സംശയം എന്ന കുഞ്ഞ് ജനിക്കുന്നതെങ്ങനെ?
75. വിശ്വാസം - വിശ്വാസത്തിന്റെ പോരാട്ടം
76. വിശ്വാസം - തേജസ്സ് എന്ന ആത്മീയ ധനം
77. വിശ്വാസം - ആത്മീയമായ ആൻജിയോഗ്രാമും ആൻജിയോ പ്ലാസ്റ്റും
78. വിശ്വാസം - കാഴ്ചയും വിശ്വാസവും
79. വിശ്വാസം - വെളിപ്പാടുകൾക്ക് വഴി തുറക്കാൻ വചനത്താൽ മനസ്സിലെ കോട്ടകളെ ഇടിക്കുക.
80. വിശ്വാസം - വിശ്വാസം ദൈവവുമായി മനുഷ്യനെ ഒട്ടിച്ച് ചേർക്കുന്നു
81. വിശ്വാസം - വിശ്വാസത്തിന്റെ ഉയർന്ന ജയം
82. നിങ്ങളെത്തന്നെ ചതിക്കരുത്
83. സത്യമായ ധനവും നിശ്ചയമില്ലാത്ത ധനവും
84. നമ്മുടെ വിളിയെ എങ്ങനെ തിരിച്ചറിയാം?
85. അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും യാത്ര
86. മരിക്കുന്ന പ്രശ്നവും മരിക്കാത്ത ദൈവപൈതലും
87. ഭൂമിയിലെ സ്വർഗ്ഗീയ മനുഷ്യർ
88. ക്ഷമിക്കപ്പെടാത്ത പാപം
89. "ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല", ആരാണ് ക്രിസ്തുയേശുവിലുള്ളവർ?
90. ഭൂമിയിലെ ദരിദ്രർ സ്വർഗ്ഗീയ സമ്പന്നർ
91. ദേഹിയെ രക്ഷിക്കുന്ന ഉൾനട്ട വചനം
92. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ അടിമകളോ, മക്കളോ?
93. 'ബലഹീനനായ ശക്തൻ', വിശ്വാസിയുടെ വിജയരഹസ്യം
94. ബൈബിളിന്റെ ദർശനം (വിഷൻ)
95. മറ്റൊരുവന്റെ ദാസനെ വിധിക്കാൻ നീ ആർ?
96. "താനോ രക്ഷിക്കപ്പെടും എന്നാൽ പ്രവൃത്തി വെന്തുപോകും" ഇത് ആരെക്കുറിച്ച്?
97. ആത്മീയ സ്റ്റോക്ക് മാർക്കറ്റിലെ ഞെട്ടിപ്പിക്കുന്ന വാർത്ത
98. വീണ്ടെടുക്കപ്പെട്ടവർ പിശാചിന്റെ നിക്ഷേപത്തിന്റെ (നിധിയുടെ) കാവൽക്കാരോ?
99. ആത്മലോകത്തിലെ കൊടുക്കൽ വാങ്ങലുകൾ
100. കുരങ്ങിൽ നിന്നോ ആദാമിൽ നിന്നോ അല്ലാത്ത ഭൂമിയിലെ പ്രത്യേക വംശം!
101. നിഗളം ഉണ്ടാകുന്നത് എങ്ങനെ?
102. പ്രതികൂലത്തിനെതിരെ വചനത്തിന്റെ കോട്ട പണിതാൽ ഉയർച്ച നിശ്ചയം
103. ക്രിസ്തുവിലുള്ളവരും ആദാമിലുള്ളവരും
104. നിന്റെ രാജ്യം വരേണമേ;

105. നമുക്ക് മനുഷ്യരെ ഉണ്ടാക്കാം
106. രണ്ട് തരത്തിലുള്ള വിതകൾ
107. സഭയും മഹാ വേശ്യയും
108. നിത്യതയിൽ നിന്ന് ജീവിതം ആരംഭിക്കുക
109. വിശ്വാസത്തിന്റെ പൂർത്തീകരണം
110. കാഴ്ചയാലുള്ള വിശ്വാസവും സൗഖ്യവും തമ്മിലുള്ള ബന്ധം
111. ആത്മീയ അധികാരം - തലമുറകളെ പിൻതുടരാതെ ക്രിസ്തുവിനെ പിൻതുടരുക
112. ആത്മീയ അധികാരം - അനുഗ്രഹത്തിന്റെയും ശാപത്തിന്റെയും സ്വിച്ച് മനുഷ്യരുടെ കൈയ്യിൽ തന്നെ
113. ആത്മീയ അധികാരം - മനുഷ്യന്റെ നേട്ടം അല്ല, ദൈവത്തിന്റെ തീരുമാനമാണ്.
114. ആത്മീയ അധികാരം - അധികാരത്തിന് കീഴടങ്ങിയിരിക്കുന്നവരിലൂടെ അധികാരം വെളിപ്പെടും
115. യഥാർത്ഥ ശിഷ്യത്വം - ലോകത്തിലെ ശിഷ്യന്മാർ ദൈവരാജ്യത്തിലെ ശിഷ്യന്മാർ ആകട്ടെ
116. ദൈവരാജ്യം - നിധി വയലിൽ മറയപ്പെട്ടത് എങ്ങനെ?
117. ദൈവരാജ്യം - ദൈവരാജ്യത്തിന്റെ ആധിപത്യം
118. ദൈവരാജ്യം - മറയപ്പെട്ട ദൈവരാജ്യത്തിലെ സ്നേഹത്തിന്റെ പരീക്ഷ.
119. ദൈവരാജ്യം - മരണമില്ലാത്ത മനുഷ്യനും അവന്റെ അവസാനമില്ലാത്ത രാജ്യവും
120. ദൈവരാജ്യം - ദർശനം മാറിയാൽ കള്ള പ്രവാചകനായിത്തീരും!
121. ദൈവരാജ്യം - ദൈവരാജ്യം അന്വേഷിക്കുന്നത് എങ്ങനെ?
122. ദൈവരാജ്യം - ന്യായപ്രമാണവും ദൈവരാജ്യവും
123. ദൈവരാജ്യം - ദൈവരാജ്യത്തിന്റെ സുവിശേഷം
124. ദൈവരാജ്യം - രണ്ട് യാഥാർത്ഥ്യങ്ങളിൽ ജീവിക്കുന്നവർ
125. ദൈവരാജ്യം - അഞ്ച് നിലകളിലുള്ള ദൈവത്തിന്റെ പദ്ധതി
126. ദൈവരാജ്യം - ഇടുക്കുവഴിയുടെ ഉദ്ദേശ്യം
127. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസ സമ്പ്രദായം (ഭാഗം-1)
128. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസ സമ്പ്രദായം (ഭാഗം-2)
129. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസത്തിന്റെ പ്രയോജനം (ഭാഗം-3)
130. ദൈവരാജ്യം - 'ഇടുക്കുവഴി' - ദൈവപുത്രൻമാരെ വെളിപ്പെടുത്തുക
131. ദൈവരാജ്യം - 'ഇടുക്കുവഴി' - ക്രിസ്തുവിന്റെ നുകത്തിന്റെ ഉദ്ദേശ്യം
132. ദൈവരാജ്യം - 'ഇടുക്കുവഴി' - സുവിശേഷത്തിന്റെ കാതൽ (ഭാഗം-1)

133. ദൈവരാജ്യം - 'ഇടുക്കുവഴി' - സുവിശേഷത്തിന്റെ കാതൽ (ഭാഗം-2)
134. ദൈവരാജ്യം - 'ഇടുക്കുവഴി' - 'തനിയെ ഇരിക്കും' വാഗ്ദത്തം
135. ദൈവരാജ്യം - 'ആത്മാവിന്റെ നിയമം' - ഏദെൻ മുതൽ
136. ദൈവരാജ്യം - 'ആത്മാവിന്റെ നിയമം' - മൂന്ന് നിയമങ്ങൾ
137. ദൈവരാജ്യം - 'മടക്കയാത്ര'
138. ദൈവരാജ്യം - 'മടക്കയാത്ര' - അനുഗമിക്കുക, പോവുക
139. ദൈവരാജ്യം - 'മടക്കയാത്ര' - അദൃശ്യയാത്ര
140. ദൈവരാജ്യം - 'മടക്കയാത്ര' - പുത്രനും, ദാസനും
141. ദൈവരാജ്യം - 'മടക്കയാത്ര' - രക്ഷിക്കപ്പെട്ടു പക്ഷേ തിരികെ വരുന്നില്ല.
142. ദൈവരാജ്യം - 'മടക്കയാത്ര' - ലോകത്തിന്റെയും നിത്യജീവന്റെയും വചനങ്ങൾ
143. ദൈവരാജ്യം - 'മടക്കയാത്ര' - സമയവും നിത്യതയും
144. ദൈവരാജ്യം - 'മടക്കയാത്ര' - ക്രിസ്തു സഭയ്ക്ക് നല്കിയ രണ്ട് പാദരക്ഷകൾ.
145. ദൈവരാജ്യം - 'മടക്കയാത്ര' - കുരുടന്മാരായ നായകന്മാരും, സത്യനായകന്മാരും.
146. ദൈവരാജ്യം - 'മടക്കയാത്ര' - ദുരുപദേശത്തെ വിവേചിക്കാൻ സമയത്തെ വിവേചിക്കുക.
147. ദൈവരാജ്യം - 'മടക്കയാത്ര' - ശിക്ഷാവിധിയും രക്ഷാവിധിയും (ദുരുപദേശത്തിൽ നിന്നും മോചനം)
148. ദൈവരാജ്യം - 'മടക്കയാത്ര' - മരണത്തിന്റെ രഹസ്യം
149. ദൈവരാജ്യം - 'മടക്കയാത്ര' - ഒരുങ്ങുക, നമ്മൾ പോകുന്നു!
150. ദൈവരാജ്യം - 'മടക്കയാത്ര' - കാൽവരി ക്രൂശിലൂടെ ദൈവത്തിന്റെ പദ്ധതി പുനരാരംഭിച്ചു.
151. ദൈവരാജ്യം - 'മടക്കയാത്ര' - പിശാചിന്റെ ബിസിനസ്സ്
152. വിവാഹത്തിന്റെ ഉദ്ദേശ്യം എന്ത്?
153. ലോകം പിശാചിന്റെ ബേബി സിറ്റിംഗ്
154. രക്ഷിക്കപ്പെട്ടു എങ്കിലും തിരിച്ചു വരുന്നില്ല
155. പുത്രനും ദാസനും
156. നിത്യജീവന്റെ വചനവും, ലോകജീവിതത്തിന്റെ വചനവും
157. കുടുംബജീവിതം : ഭർത്താവും ഭാര്യയും ചെയ്യേണ്ടത്
158. കുടുംബജീവിതം : കുടുംബജീവിതവും ഫലവും
159. കുടുംബജീവിതം : ത്യാഗകരമായ സ്നേഹം
160. കുടുംബജീവിതം : സ്വാർത്ഥത, കുഴപ്പങ്ങൾ ഉണ്ടാക്കുന്നു
161. കുടുംബജീവിതം : ഒന്നും ബാധിക്കാത്ത കുടുംബജീവിതം
162. കുടുംബജീവിതം : വെളിച്ചത്തിൽ ജീവിക്കുക
163. ലാസറും ധനവാനും
164. നിത്യതയും സമയവും
165. പിശാചിന്റെ ബിസിനസ്സ് : ദൈവത്തിന്റെ ബിസിസ്സിനെതിരെയുള്ള പിശാചിന്റെ ബിസിനസ്സ്

166. പിശാചിന്റെ ബിസിനസ്സ് : പ്രധാനകാര്യങ്ങളെ നല്ല കാര്യങ്ങൾ കൊണ്ട് മറയ്ക്കുന്നു (ഭാഗം-1)
167. പിശാചിന്റെ ബിസിനസ്സ് : പ്രധാനകാര്യങ്ങളെ നല്ല കാര്യങ്ങൾ കൊണ്ട് മറയ്ക്കുന്നു (ഭാഗം-2)
168. പിശാചിന്റെ ബിസിനസ്സ് : അവസാനത്തെ ആരംഭം കൊണ്ട് മറയ്ക്കുന്നു
169. പിശാചിന്റെ ബിസിനസ്സ് : ലോകം മനുഷ്യന്റെ കണ്ണുകെട്ടുന്ന പിശാചിന്റെ റിബൺ
170. പിശാചിന്റെ ബിസിനസ്സ് : ലോകജീവിതം, സ്വർഗ്ഗീയജീവിതത്തിന് യോഗ്യത ലഭിക്കാനുള്ള ജീവിതം
171. പിശാചിന്റെ ബിസിനസ്സ് : ലോകാനുരൂപത പിശാചിന്റെ രാജ്യം പ്രവർത്തിപ്പിക്കാനുള്ള താക്കോൽ
172. പിശാചിന്റെ ബിസിനസ്സ് : സഹോദരങ്ങളെ പിശാചിന്റെ കൈയ്യിലല്ല, പിതാവിന്റെ കൈയ്യിൽ ഏല്പിക്കുക
173. ജയജീവിതമാർഗ്ഗം : സഹിക്കുക, ക്ഷമിക്കുക, മറക്കുക, സ്നേഹിക്കുക
174. ആത്മീയ നയനങ്ങളെ തുറക്കുക
175. കുരുടന്മാരായ നായകന്മാർ : ദൈവത്തിന്റെ മനസ്സും ജനത്തിന്റെ മനസ്സും
176. ജീവന്റെ വില
177. ലോകത്തിലെ താല്കാലിക നിയമനവും, ദൈവരാജ്യത്തിലേക്കുള്ള നിത്യമായ വിളിയും (ക്ഷണവും)
178. എന്തുകൊണ്ട് എനിക്ക് മനസ്സ് പുതുക്കാൻ കഴിയുന്നില്ല?
179. എന്തുകൊണ്ട് എനിക്ക് മടക്കയാത്ര കഴിയുന്നില്ല?
180. പുത്രത്വത്തിന്റെ പ്രാധാന്യം
181. മാനസാന്തരവും, മരണവും
182. കാലം തികഞ്ഞു
183. നിങ്ങൾ യാത്രയിലാണോ, മടക്കയാത്രയിലാണോ
184. മനുഷ്യനെ സംബന്ധിച്ച രണ്ട് പ്രധാനവിധികൾ
185. ഒന്നാം മരണവും – രണ്ടാം ജനനവും
186. പുനരുത്ഥാനത്തിന്റെ രഹസ്യം
187. യേശുവും ലോകവും – രണ്ട് വഴികൾ
188. വചനപ്രകാരമുള്ള നമ്മുടെ മനോഭാവം നമ്മുടെ ഉയർച്ച നിശ്ചയിക്കുന്നു
189. ന്യായപ്രമാണവും, ആത്മാവിന്റെ നിയമവും തമ്മിലുള്ള വ്യത്യാസം
190. പാപം ചെയ്യുമ്പോൾ സുഖവും, വിടുവിക്കപ്പെടുമ്പോൾ സഹനവും
191. പ്രകാശത്തിൽ ജീവിക്കുക
192. മരുഭൂമിയുടെ കുഞ്ഞുങ്ങൾ
193. മരുഭൂമിയുടെ കുഞ്ഞുങ്ങളും ഇടുക്കുവഴിയുടെ കുഞ്ഞുങ്ങളും

194. സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ പരിശ്രമിക്കുന്നവരും പോരാടുന്ന വരും
195. വിത്തിന് തുല്യമായ മനുഷ്യജീവിതം
196. വിത്ത് തിന്ന് ഭോഷനാകരുതേ!
197. ദൈവരാജ്യം മറയ്ക്കാതെ വെളിപ്പെടുത്തുക
198. ദൈവദാസന്മാരുടെ പ്രവർത്തന മേഖല
199. വിളിയും പരമവിളിയും (Calling & Higher calling)
200. യേശുവിന്റെ മാതൃകപ്രകാരമുള്ള ശരിയായ നിക്ഷേപം
201. മുൻഗണനാക്രമത്തിലുള്ള ജീവിതം
202. ദൈവപുത്രനാകാനുള്ള അധികാരം
203. ഇന്നത്തെ ശുശ്രൂഷകളെ തിരിച്ചറിയുക
204. ശരിയായ ദർശനം പ്രാപിക്കുക
205. ശരിയായ ദർശനവും കുടുംബജീവിതവും
206. ക്രൂശിൽ പൂർത്തീകരിക്കപ്പെടാത്ത കാര്യങ്ങൾ
207. ദൈവത്തിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പദ്ധതികൾ
208. അറവുശാലകളായ സഭകൾ!
209. ആദാമിൽ നിന്ന് ക്രിസ്തുവിലേക്ക് മാറുക
210. ഫലം നോക്കി എല്ലാം തിരിച്ചറിയുക
211. അനുസരണത്തിന്റെ പ്രാധാന്യം
212. സമൃദ്ധിയുടെ വർഷങ്ങളും ക്ഷാമത്തിന്റെ വർഷങ്ങളും
213. സൃഷ്ടിയുടെയും ജനനത്തിന്റെയും പുറകിലുള്ള ദർശനം
214. ദൈവരാജ്യം പ്രസംഗിക്കുന്നതിന്റെ പ്രാധാന്യം
215. വിശ്വാസത്യാഗത്തിന് ഇരകളാകരുതേ?
216. ക്രൂശിലെ പുതിയ സൃഷ്ടിയുടെ പുറകിലെ ജ്ഞാനം
217. ക്രിസ്തുവിന്റെ ന്യായാസനത്തെ അഭിമുഖീകരിക്കുവാൻ ഒരുങ്ങുക
218. ആത്മീയ ജനനവും ജഡിക ജനനവും
219. രണ്ട് നീതിയും രണ്ട് വസ്ത്രവും
220. മനുഷ്യന്റെ തിരഞ്ഞെടുപ്പും, സൃഷ്ടിയും, ജനനവും
221. ക്രിസ്തു - എവിടെ എന്റെ ശരീരം?
222. ദൈവത്തിന്റേതായി ജീവിക്കുക
223. ക്രൂശിൽ ആരംഭിച്ച പദ്ധതികൾ
224. ക്രൂശിലെ പൂർത്തീകരണ പ്രവൃത്തികളിൽ വിശ്വസിച്ച ഒരു വ്യക്തി ഇനി എന്ത് ചെയ്യണം?
225. ‘ആത്മാവിലോ’, ‘ജഡത്തിലോ’ നിങ്ങളുടെ സ്ഥലം തീരുമാനി ക്കുക
225. ജനനത്തിന് മുൻപും ജനനത്തിന് പിൻപും
226. ഭവനം മാറുന്ന ജീവിതം
227. ക്രിസ്തുവിലുള്ള ജീവിതം - മരണത്തിന് പുറകേ ജീവൻ!
228. നമ്മൾ വളരുന്ന സ്ഥലം നമ്മുടെ അന്ത്യത്തിന്റെ പ്രധാന ഘടകം!

229. 'ലോകം' എന്ന ലഹരി
230. 'പാപത്തിന്റെയും മരണത്തിന്റെയും നിയമവും',
'ജീവന്റെ നിയമവും'
231. ലോകത്തിലേക്ക് തിരിയരുത്, ലോകം വിട്ട് ജീവിക്കുക
232. അഭിവൃദ്ധി - ദേഹിയുടെ അഭിവൃദ്ധിക്കനുസരിച്ച് മാത്രം
233. ദൈവരാജ്യത്തിൽ ജീവിച്ചാൽ പിതാവിനോടൊപ്പം
ആനന്ദിക്കാം
234. ഒന്നാം ആദാം പരാജയപ്പെട്ടിടത്ത് ഒടുക്കത്തെ ആദാം
വിജയിച്ചു
235. മനുഷ്യർ എന്തുകൊണ്ട് ആത്മീയമായി തളർന്നവരായിപ്പോയി?
236. കണ്ണ് തുറക്കൂ സ്വർഗ്ഗത്തിന്റെ അന്തസ്സിൽ ജീവിക്കൂ
237. ദൈവം കൊടുത്ത വിലയും, മനുഷ്യൻ കൊടുക്കേണ്ട വിലയും
238. നിങ്ങളുടെ ചിന്ത കൊണ്ട് മരിക്കരുതേ!..., പകരം ജീവിക്കൂ!
239. ആത്മാവിലേക്ക് സ്ഥലം മാറുക
240. ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുക -
ഭൂമിയിലെ വിദ്യാഭ്യാസവും
സ്വർഗ്ഗീയ വിദ്യാഭ്യാസവും
241. ദൈവത്തിന്റെ സത്യത്തിനെതിരെ പ്രവർത്തിക്കുന്ന 'നല്ലത്'
(Good)
242. ഒന്നാമത് ചെയ്യേണ്ടത് ഒന്നാമത് ചെയ്യുക
243. ദേഹിയുടെ ദാഹം
244. വിശ്വസ്ത ക്രിസ്തീയജീവിതത്തിന് ആവശ്യമായ,
വലിക്കുകയും തള്ളുകയും ചെയ്യുന്ന ശക്തികൾ
245. ഹൃദയത്തിന്റെ നാല് നിലവാരങ്ങൾ
246. പാപത്തിൽ നിന്ന് രക്ഷിക്കപ്പെട്ട്, പാപം ചെയ്യാൻ കഴിയാത്ത
മനുഷ്യനെ വെളിപ്പെടുത്തുക
247. കല്ലായുള്ള ഹൃദയത്തിൽ നിന്ന് മാംസളമായുള്ള
ഹൃദയത്തിലേക്ക്
248. സ്ത്രീയും പുളിപ്പും
249. കണ്ടെത്തുവാൻ ഒളിച്ച് വച്ചിരിക്കുന്ന നിധി
250. ഒളിച്ചുവച്ചിരിക്കുന്ന നിധിയെ പുറത്തെടുക്കുക
251. നിങ്ങളെ അശുദ്ധമാക്കാതെ വിശുദ്ധീകരിക്കുക
252. വില്ക്കുക, വാങ്ങുക പൊതുവിലുള്ള ധനം
253. ദൈവരാജ്യത്തിന്റെ ഒന്നാമത്തെ ഘട്ടത്തിൽ ജീവിക്കുക
254. രാജാക്കന്മാരുടെ പരിശീലനം നടക്കുന്ന സ്ഥലം
255. നശിക്കാത്ത ദൈവരാജ്യം അന്വേഷിക്കുക
256. ജീവനിൽ വാഴുക
257. ഹൃദയത്തിന്റെ ലഹരിയും, ഭൂമിയുടെ ഏഴ് സ്റ്റേജുകളും
258. ക്രൂശിലെ ആത്മീക കൈമാറ്റം
259. താല്ക്കാലികമായതിന് വേണ്ടി നിത്യമായത് വില്ക്കരുതേ!
260. സമ്പൂർണ്ണ ബൈബിൾ ദർശനം (തുടക്കക്കാർക്ക്)

261. ഇരുമനസ്സുള്ളവർ ആകരുതേ?
262. മേലിൽ പാപം ചെയ്യരുത്!
263. ദേഹിയാണ് മനുഷ്യനിലെ ദൈവത്തിന്റെ പ്രവർത്തന നിലം
264. ലോകത്തിന്റെ ആത്മാവും വചനത്തിന്റെ ആത്മാവും
265. ദൈവത്തിന്റെ ആശയവിനിമയം
266. സദ്ഗുണ പൂർണ്ണനായ മനുഷ്യൻ
267. ക്രിസ്തുവിന്റെ രക്തത്തിന്റെ മറവിൽ വസിക്കുക
268. അന്നന്നുള്ള ആഹാരത്തിന്റെ പ്രാധാന്യം
269. ജീവിതത്തിന്റെ പ്രവർത്തനപഥത്തിൽ ദൈവത്തെ കൊണ്ടുവരുന്നത് എങ്ങനെ?
270. ഭൂമിയിലെ മനുഷ്യജീവിതം ഫുട്ബോളിനല്ല വിത്തിന് തുല്യം
271. സ്വയം വഞ്ചിക്കുന്ന വിത്തുകൾ
273. നിങ്ങളുടെ വിളിയെ തിരിച്ചറിയുക
274. എന്റെ രാജ്യം ഇപ്പോൾ ഐഹീകമല്ല
275. ലോകാനുരൂപമായ സഭയുടെ വൻ ദുരന്തം!
276. ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ പദ്ധതിയും
277. പിശാചിന്റെ മരണത്തിന്റെ പദ്ധതിയും ദൈവത്തിന്റെ ജീവന്റെ പദ്ധതിയും
278. മരണത്തിന്റെ ശക്തിയും ജീവന്റെ ശക്തിയും
279. ചതിക്കപ്പെടരുതേ, സൂക്ഷിക്കുക!
280. മരണവും ജീവനും : എനിക്കെങ്ങനെ ജീവൻ തിരഞ്ഞെടുക്കാം
281. ഇരുളടഞ്ഞ ലോകത്തിലെ പ്രകാശമാണ് 'സത്യസഭ'
282. ജീവന്റെയും മരണത്തിന്റെയും പദ്ധതിയുടെ അടിസ്ഥാനത്തിൽ സമയത്തെ വിവേചിക്കുക
283. ഫലമില്ലാത്ത, ഫലമുള്ള, കൂടുതൽ ഫലമുള്ള മാനുഷിക അവസ്ഥകൾ
284. ലോകത്തിന്റെ പ്രകാശമായിത്തീരുക (സത്യമായ ദർശനവും ഇരുളായ ദർശനവും)
285. കല്ലായുള്ള ഹൃദയത്തിൽ നിന്ന് മാംസളമായ ഹൃദയത്തിലേക്ക് (മനുഷ്യന്റെ ഭൂതം, ഭാവി, വർത്തമാനം)
286. ക്രിസ്തുവിന്റെ സത്യ ശരീരം (True body of Christ)
287. ശ്രേഷ്ഠതയേറിയ ശുശ്രൂഷ : ന്യായപ്രമാണവും ക്രിസ്തുവിന്റെ ആത്മാവിന്റെ നിയമവും
288. ദൈവരാജ്യത്തിന്റെ ഉള്ളിലെ മനുഷ്യന്റെ രാജ്യം (ബലവാനും അവന്റെ കോട്ടകളും)
289. പിശാചിന് ഇടം കൊടുക്കരുത്, പരിശുദ്ധാത്മാവിനാൽ അവനെ പുറത്താക്കുക
290. മനുഷ്യനെ നിയന്ത്രിക്കുന്ന രണ്ട് ശക്തികൾ
291. ആദ്യജാതന്റെ സഭ
292. ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് (പുറമെ നിന്നുള്ള ജീവിതത്തിൽ നിന്ന് അകമെയുള്ള ജീവിതത്തിലേക്ക്)

293. വിശുദ്ധീകരണം
294. മരണത്തിൽ നിന്നുള്ള വിടുതൽ
295. വിശുദ്ധീകരണവും മറയപ്പെട്ട നിധിയും
296. സഭയേ, ഉറങ്ങാതെ ഉണരുക !
297. വിശുദ്ധീകരണം : സഭ ലോകത്തിനും ദൈവരാജ്യത്തിനും ഇടയിലുള്ള നദി പോലെ
298. വിശുദ്ധീകരണം : തള്ളപ്പെട്ട് പോകരുതേ (ദൈവരാജ്യത്തിലെ പൊതുവായ ധനം)
299. വിശുദ്ധീകരണം : മരണത്തിന് പിടിച്ച് നിർത്താൻ കഴിയാത്ത ഭക്ഷണം
300. വിശുദ്ധീകരണം : ന്യായപ്രമാണവും ആത്മാവിന്റെ നിയമവും
301. വിശുദ്ധീകരണം : ഭൂമി ഭരിക്കുന്ന ഭാവി ഗവൺമെന്റിലെ രാജാക്കന്മാർ
302. ചെന്നായ്ക്കളെ സൂക്ഷിക്കുക!
303. ഭൂമി ഭരിക്കേണ്ട ദൈവീക ഗവൺമെന്റിലെ രാജാക്കന്മാരുടെ യോഗ്യത
304. വിശുദ്ധീകരണത്തിന്റെ ഉദ്ദേശ്യം
305. ഞങ്ങൾ സ്വർഗ്ഗീയ സ്വർണ്ണത്തിന്റെ പുറകെയാണ്
306. വേലയും കഷ്ടതയോടു കൂടിയ വേലയും (ബൈബിളിലെ വിവാഹത്തിനുള്ള പക്വത)

# സമർപ്പണം

## കൃതജ്ഞതയോടു കൂടിയ ഒരു വാക്ക്:

***പ്രിയ സ്നേഹിതരേ,*** 'മടക്കയാത്ര' എന്ന ദൈവത്തിന്റെ ഹൃദയത്തിലുള്ള ഈ സന്ദേശം, ക്രിസ്തുവിന്റെ സഭയ്ക്ക് ലഭിക്കേണ്ട, '**തക്ക സമയത്തുള്ള ആഹാരം**' ആയതിനാലാണ്, ദൈവം എന്റെ ഹൃദയത്തിൽ ഇത് വെളിപ്പെടുത്തി തന്നത്. ദൈവത്തിന്റെ ഈ വലിയ പ്രവൃത്തിക്ക് ഏഴയായ എന്നെ തിരഞ്ഞെടുത്ത ദൈവത്തിന് ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള നന്ദി അറിയിച്ചുകൊണ്ട്, എന്റെ എല്ലാമെല്ലാമായ സ്വർഗ്ഗീയപിതാവിന്റെ തൃപ്പാദത്തിങ്കൽ ഈ പുസ്തകത്തെ സമർപ്പിക്കുകയും, ഈ ദൈവീക സന്ദേശം ഉൾക്കൊണ്ട് ദൈവരാജ്യം അവകാശമാക്കുവാൻ, ക്രിസ്തുവിന്റെ സഭയെ ഏല്പ്പിക്കുകയും ചെയ്യുന്നു. ആത്മാവ് സഭകളോട് പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

> **"കർത്താവു പറഞ്ഞതു: തക്കസമയത്തു ആഹാരവീതം കൊടുക്കേണ്ടതിന്നു യജമാനൻ തന്റെ വേലക്കാരുടെ മേൽ ആക്കുന്ന വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവിചാരകൻ ആർ?" (ലൂക്കൊ. 12:42)**

സർവ്വശക്തനായ ദൈവത്തിന്റെ കൃപ ഒന്നു മാത്രമാണ് ഈ സന്ദേശം പുസ്തകരൂപത്തിൽ പുറത്തിറക്കാൻ സഹായിച്ചത്. ദൈവത്തെ സ്നേഹിക്കുന്ന പല സഹോദരന്മാരുടെയും, സഹോദരിമാരുടെയും, ഞാൻ പഠിക്കുവാനിടയായ അനേക ദൈവദാസന്മാരുടെയും കൂട്ടായ പ്രാർത്ഥനയും, സഹകരണവുമാണ് ഈ ദൈവ പ്രവൃത്തിയെ യാഥാർത്ഥ്യമാക്കിയത്. ദൈവം നിങ്ങളെയെല്ലാം ഓർക്കട്ടെ, സമൃദ്ധമായ ദൈവീക അനുഗ്രഹങ്ങൾ നിങ്ങളെ പിന്തുടരട്ടെ, നിങ്ങളും ദൈവരാജ്യം അവകാശമാക്കുവാൻ ദൈവം ഇടയാക്കട്ടെ:.......; പ്രാർത്ഥനയോടെ.......

**ക്രിസ്തുവിന് വേണ്ടി ക്രിസ്തുവിന്റെ ശബ്ദമായി,**

**ഇവാ. ഷാജി ജോസഫ്**

> **"അവ്വണ്ണം നിങ്ങളോടു കല്പിച്ചതു ഒക്കെയും ചെയ്തശേഷം: ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ."**
>
> **(ലൂക്കൊ. 17:10)**

# പുസ്തകാഭിപ്രായം



***ഫാദേഴ്സ് ബിസിനസ്സ്*** എന്ന പുസ്തകം ഞാനൊന്നു ഓടിച്ചു വായിച്ചു. ഇതു ദുഷ്കാലമാണല്ലോ? കൾട്ടുകളുടെ കടന്നുകയറ്റം കണ്ടെത്താനും നിയന്ത്രിക്കാനും കഴിയാത്ത വിധം അതിരുകടന്നിരിക്കുന്നു. അതുകൊണ്ടു തന്നെ എന്തെങ്കിലും ഉപദേശപിശക് കണ്ടെത്തുവാൻ കഴിയുമോ എന്നതായിരുന്നു എന്റെ വായനയുടെ പ്രഥമ ലക്ഷ്യം. ഏതായാലും ഒരു കാര്യം തീർത്തുപറയുന്നു....."**ഞാൻ ലക്ഷ്യം കണ്ടെത്തിയില്ല.**"

എന്നു മാത്രമല്ല ചില വിലയേറിയ സത്യങ്ങളുടെ പുതിയ അവതരണം കണ്ടെത്തുവാൻ ഇടയായി. **"ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടതല്ലയോ?"** എന്ന കർത്താവിന്റെ വാക്കിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഈ പുസ്തകം (ലൂക്കൊ. 2:49). ആ വാക്യത്തിലെ **പിതാവിന്റെ ബിസിനസ്സ് എന്ത് എന്നുള്ള വിശദീകരണം അത്ഭുതകരവും മനോഹരവുമായിരിക്കുന്നു.**

തുടർന്ന് മുടിയൻ പുത്രൻ എന്ന പേരിൽ അറിയപ്പെടുന്ന ഉപമയിലൂടെ അപ്പന്റെ ഭവനത്തിലേക്ക് മടങ്ങിവരുന്ന പുത്രന്റെ കാര്യം വ്യാഖ്യാനിച്ചിരിക്കുന്നത് കണ്ടപ്പോൾ വളരെ സന്തോഷം ഉണ്ടായി. യേശുവിനെ അനുഗമിക്കാൻ രണ്ട് കാലുകൾ ആവശ്യം.

1. തന്നെത്താൻ ത്യജിക്കുക
2. നാൾ തോറും ക്രൂശെടുക്കുക

എന്ന ചിന്ത പുതിയതും മനോഹരവുമായിരിക്കുന്നു. ഈ മഹത്തായ യാത്രയ്ക്ക് ദിവസേന കഴിക്കാനുള്ള മൂന്ന് മരുന്നുകൾ കണ്ടപ്പോൾ സന്തോഷം വർദ്ധിച്ചു.

1. (Daily Bread) ദിവസേനയുള്ള ആഹാരം
2. (Daily Cross) ദിവസേനയുള്ള കുരിശ്
3. (Daily Death) ദിവസേനയുള്ള മരണം

ഒരു **ജയകരമായ ക്രിസ്തീയ ജീവിതം ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ പുസ്തകം ഒരു പുതിയ വെളിച്ചം**

**തരുമെന്ന് ഞാൻ സാക്ഷിക്കുന്നു.** ലോകപ്രകാരം എങ്ങനെ ഷൈൻ ചെയ്യാം, എങ്ങനെ വലിയ സ്ഥാനമാനങ്ങളും സമ്പത്തും തട്ടിക്കൂട്ടാം എന്ന ചിന്തയാൽ ഓടുന്ന ആരും ഇത് വായിച്ചിട്ട് വലിയ പ്രയോജനം കിട്ടുമെന്ന് കരുതേണ്ട.

മാത്രമല്ല ഒരു പുതിയ പ്രസംഗം ഉണ്ടാക്കുവാൻ കൊള്ളാമോ എന്ന ചിന്തയിലും ഇത് വായിക്കരുത്. എന്നാൽ ഇത് നിങ്ങളുടെ പ്രസംഗത്തെ പുതുക്കാൻ സാദ്ധ്യതയുണ്ട്. ഇത് നിങ്ങളുടെ ജീവിതത്തെ നിശ്ചയമായും പുതുക്കും.

ക്രിസ്തുവിൽ,



പാസ്റ്റർ. ബാബു ചെറിയാൻ

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ

പിറവം സെന്റർ മിനിസ്റ്റർ

# Introduction
# ആമുഖം

**ഈ പുസ്തകത്തിന്റെ Introduction** എഴുതുവാൻ ഇരുന്നപ്പോൾ ആദ്യം എന്റെ മനസ്സിൽ ഓടി വന്നത്, എന്റെ കുട്ടിക്കാലത്ത് എന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവമാണ്. അന്നൊരു ശനിയാഴ്ച ദിവസം കുട്ടികൾക്ക് അവധിയാണ്. പിറ്റേന്ന് ഞായർ, എന്റെ പിതാവിന്റെ പെങ്ങളുടെ വിവാഹമാണ്, വീട്ടിലുള്ളവർ എല്ലാം ദൂരെയുള്ള പിതാവിന്റെ വീട്ടിലേക്ക് വിവാഹാവശ്യത്തിനായി പോകുവാൻ ഒരുങ്ങുകയാണ്. പക്ഷേ ഞാൻ എന്റെ പുതിയ വെളുത്ത കളറുള്ള ക്രിക്കറ്റ് ബാറ്റുമായി കൂട്ടുകാരോടൊത്ത് കളിക്കുവാൻ ക്രിക്കറ്റ് ഗ്രൗണ്ടിലേക്ക് പോയി. വീട്ടുകാരോട് ഒരുങ്ങി നില്ക്കാൻ പറഞ്ഞിട്ട് കടയിൽ പോയി തിരികെ വന്ന എന്റെ പിതാവ്, വീട്ടിൽ എന്നെ കാണാതെ ക്രിക്കറ്റ് ഗ്രൗണ്ടിലേക്ക് അന്വേഷിച്ച് വരുന്നത് ഞാൻ കണ്ടു. ആ വരവ് കണ്ടപ്പോൾ അത് പന്തിയല്ലെന്ന് എനിക്ക് മനസ്സിലായി. പിതാവിന്റെ കയ്യിൽ ഒരു വടിയുണ്ട്, വന്ന ഉടനെ എന്റെ സ്നേഹിതന്റെ കയ്യിലിരുന്ന എന്റെ പുതിയ ക്രിക്കറ്റ് ബാറ്റ് പിതാവ് പിടിച്ച് വാങ്ങി അവിടെയുണ്ടായിരുന്ന ഒരു കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റിലേക്ക് ഒറ്റയടി, തുടർന്ന് എന്നോടൊരു അലർച്ച, "**വീട്ടിൽ പോടാ**". ഇന്നും ആ സ്വരം എന്റെ ഉള്ളിൽ ഞാൻ ഓർക്കുന്നു.

പ്രിയരേ, എന്റെ പിതാവിന്റെ വീട്ടിൽ നടക്കാൻ പോകുന്ന വിവാഹത്തിന് പോകുവാനുള്ള **സുബോധമില്ലാതെ** ഞാൻ ലോകത്തിലുള്ള വിനോദത്തിലേക്ക് ഓടിപ്പോയപ്പോൾ ഭൂമിയിലെ എന്റെ പിതാവ് എന്നെ ശാസിച്ചു, തന്റെ വീട്ടിലേക്ക് വിവാഹ ശുശ്രൂഷയ്ക്ക് അയച്ചു.

ഇതുപോലെ നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിൽ ഒരു വിവാഹം നടക്കുവാൻ പോവുകയാണ്. നമ്മിൽ പലരും ലോകത്തിന്റെ മോഹങ്ങളിലും, ഇഷ്ടങ്ങളിലും മുഴുകി അതിലേക്ക് ഓടുകയാണ്. എന്റെ ഭൂമിയിലെ പിതാവ് എന്നെ ശാസിച്ചതുപോലെ നമ്മുടെ സ്നേഹനിധിയായ സ്വർഗ്ഗീയപിതാവ് സുബോധമില്ലാത്ത നമ്മിൽ പലരോടും പറയുന്നുണ്ട് **"മകനെ വീട്ടിൽ പോ", "മകളെ വീട്ടിൽ പോ"**, അവിടെ ഒരു വിവാഹം നടക്കാൻ പോകുന്നു. നീയും അതിൽ ഉണ്ടായിരിക്കണം.

സ്നേഹനിധിയായ നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ, സ്നേഹത്തോടെയുള്ള ശാസനയാണ് ഈ പുസ്തകം.

പ്രിയരേ, ഫാദേഴ്സ് ബിസിനസ്സ് എന്ന ഈ പുസ്തകം രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം '**മടക്കയാത്ര**' എന്ന തലക്കെട്ടിലും, രണ്ടാം ഭാഗം '**ആത്മാവിന്റെ നിയമം**' എന്ന തലക്കെട്ടിലും ചിത്രീകരിച്ചിരിക്കുന്നതു കൊണ്ട് വായനക്കാർക്ക് രണ്ട് രീതിയിലാണ് പ്രയോജനകരമായിത്തീരുന്നത്.

'**മടക്കയാത്ര**' എന്ന ഒന്നാം ഭാഗം, എന്താണ് പിതാവിന്റെ ബിസിനസ്സ്, മറ്റൊരു രീതിയിൽ പറഞ്ഞാൽ പിതാവായ ദൈവത്തിന്റെ മനുഷ്യനുമായി ബന്ധപ്പെട്ട പദ്ധതി എന്തെന്നും, മനുഷ്യരായ നമ്മൾ ആ പദ്ധതിയിൽ ജയകരമായി എങ്ങനെ മുന്നേറണമെന്നുമുള്ള ഉൾക്കാഴ്ച തരുന്നതാണ്.

'**ആത്മാവിന്റെ നിയമം**' എന്ന രണ്ടാം ഭാഗം, പിതാവിന്റെ ബിസിനസ്സുമായി ബന്ധപ്പെട്ട് സഭ ഇന്ന് ഏത് നിയമത്തിൻ കീഴിലാണെന്ന് വെളിപ്പെടുത്തുന്നു. '**ആത്മാവിന്റെ നിയമം**' എന്നാൽ എന്തെന്നും, എങ്ങനെയാണ് സഭ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലായിരിക്കേണ്ടതെന്നും, ആത്മാവിന്റെ നിയമത്തിലൂടെ സകല സൃഷ്ടികളും കാത്തിരിക്കുന്ന ദൈവപുത്രന്മാർ വെളിപ്പെടുന്നതെങ്ങനെയെന്നുമുള്ള വിവരണമാണ് രണ്ടാം ഭാഗത്തിലൂടെ ലഭിക്കുന്നത്. ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന ദൈവത്തോടുള്ള പ്രാർത്ഥനയോടെ വായിക്കാൻ ആരംഭിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.....

**വായിക്കുമ്പോൾ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

# നിബന്ധനകൾ:-

***1. ബെരോവയിലുള്ളവരെപ്പോലെ ഉത്തമന്മാരായ വായനക്കാരാവുക.***

"അവർ തെസ്സലൊനീക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു." (അപ്പോ. 17:11)

***2. ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക് പറയുന്നവർ എന്നേ വരൂ. അതായത് ദൈവവചനമാണ് സത്യം.***

".......ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക് പറയുന്നവർ എന്നേ വരൂ." (റോമ. 3:4)

"സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ, നിന്റെ വചനം സത്യം ആകുന്നു." (യോഹ. 17:17)

***3. ബൈബിളിലെ മറ്റു വചനങ്ങളോട് എതിർക്കുന്ന ഒറ്റപ്പെട്ടു നില്ക്കുന്ന ഒരു വചനം കൊണ്ട് മാത്രം ഒരു കാര്യവും സ്ഥിരീകരിക്കരുത്.***

"രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴിയാൽ ഏതു കാര്യവും ഉറപ്പാകും." (2 കൊരി. 13:1)

"യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കുകയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയില്ല; അവന്റെ വായല്ലോ കല്പിച്ചതു; അവന്റെ ആത്മാവത്രേ അവയെ കൂട്ടി വരുത്തിയതു." (യെശയ്യാ. 34:16)

***4. അപ്പൊസ്തലന്മാരും ബൈബിളിലെ മറ്റ് വ്യക്തികളും ചെയ്ത വചനാടിസ്ഥാനപരമായ എല്ലാ പ്രവൃത്തികളും നമുക്ക് അനുകരിക്കാമെങ്കിലും, ആത്യന്തികമായി നമ്മൾ നോക്കേണ്ടത് യേശുവിനെ മാത്രമാണ്.***

"......നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക;" (എബ്രാ. 12:1–2)

"......നിങ്ങൾ അവന്റെ (ക്രിസ്തുവിന്റെ) കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:21)

***5. ഈ പുസ്തകം വായിക്കുമ്പോൾ എവിടെയെങ്കിലും വായനക്കാരുടെ മുന്നറിവ് പ്രകാരമോ, പാരമ്പര്യ പ്രകാരമോ, ലോകത്തിൽ കേട്ട് പഠിച്ചത് പ്രകാരമോ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് തെറ്റാണെന്ന് തോന്നിയാൽ ഉടനെ നിബന്ധന ഒന്ന് (1) മുതൽ വീണ്ടും വായിച്ച് തുടങ്ങുക.***

പ്രാർത്ഥനയോടെ വായിച്ച് തുടങ്ങാം.............

# ഉള്ളടക്കം

## ഭാഗം – 1

## മടക്കയാത്ര

**അദ്ധ്യായം 1 – എന്തിന് വേണ്ടിയാണീ ഈ സന്ദേശം? (28–32)**

a. മൂന്ന് തലങ്ങളും അതിന്റെ പ്രവർത്തനവും

b. എങ്ങനെയാണ് ഈ പുസ്തകം വന്നത്? ആർക്കാണ് ഈ പുസ്തകം കൊണ്ട് പ്രയോജനം?

**അദ്ധ്യായം 2 – ഫാദേഴ്സ് ബിസിനസ്സ് (33–36)**

**അദ്ധ്യായം 3 – എന്താകുന്നു പിതാവിന്റെ ബിസിനസ്സ്? (37–46)**

a. പിതാവിന്റെ ബിസിനസ്സിലെ മൂന്ന് പാർട്ട്ണർമാർ

b. യേശു പിതാവിന്റെ ബിസിനസ്സിലെ പാർട്ട്ണർ

c. പരിശുദ്ധാത്മാവും പിതാവിന്റെ ബിസിനസ്സിൽ പാർട്ട്ണർ

d. എന്താണ് പിതാവിന്റെ ബിസിനസ്സ്?

e. മരിക്കുകയും, നഷ്ടപ്പെടുകയും ചെയ്ത മകന്റെ ഉപമ

f. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമ

g. നഷ്ടപ്പെട്ടുപോയ ദ്രഹ്മയുടെ ഉപമ

h. ഫാദേഴ്സ് ബിസിനസ്സിലെ പങ്കാളികളും അവരുടെ പ്രവർത്തന മേഖലയും

**അദ്ധ്യായം 4 – യാത്രയും മടക്കയാത്രയും (47–56)**

a. പിതാവിന്റെ ബിസിനസ്സും മനുഷ്യനുമായുള്ള ബന്ധം എന്ത്?

b. പിതാവിന്റെ ബിസിനസ്സിലെ മൂന്ന് അദൃശ്യ പാർട്ട്ണർമാരുടെ പ്രവർത്തനങ്ങൾ

c. യാത്ര അവസാനിക്കുന്നു.

d. യാത്രയും മടക്കയാത്രയും, പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം

e. പഴയനിയമത്തിലെ നിഴൽ യാത്ര

f. നിഴൽ യാത്രയിലെയും പൊരുൾ യാത്രയിലെയും പാർട്ട്ണർമാരുടെ ജോലിയുടെ താരതമ്യപഠനം:–

**അദ്ധ്യായം 5 – യേശുവിന്റെ ആദ്യ സന്ദേശത്തിന്റെ ഉൾക്കാഴ്ച (57–65)**

a. ദൈവം കാണുന്ന അവസ്ഥ

b. നിത്യതയും സമയവും

**അദ്ധ്യായം 6 – സമയം തികഞ്ഞു, നിത്യത സമീപിച്ചിരിക്കുന്നു (66–71)**

a. എന്തിന്റെ "സമയമാണ്" കഴിഞ്ഞത്?

**അദ്ധ്യായം 7 – ശിക്ഷായാത്രയും രക്ഷായാത്രയും (72–80)**

a. ഒന്നാം മരണവും രണ്ടാം മരണവും
b. ലോകത്തിലെ സുബോധമില്ലാത്ത ജീവിതം

**അദ്ധ്യായം 8 – 'സുബോധം' മടക്കയാത്രയുടെ അടിസ്ഥാനം (81–97)**

a. യേശുവിനെ പിന്തുടരാതെ വീണ്ടും യാത്ര പോകുന്ന ജനം
b. ആധുനിക സുവിശേഷവും, ധൂർത്ത പുത്രന്റെ കഥയും തമ്മിലുള്ള താരതമ്യ പഠനം
c. മനുഷ്യർ ദൈവരാജ്യം അവകാശമാക്കുവാനുള്ള ശരിയായ ക്രമം
d. എങ്ങനെ ധൂർത്തപുത്രന് സുബോധമുണ്ടായി?
e. 'ചിന്തകളുടെ മാറ്റം യാത്രയുടെ തുടക്കം'
f. പിശാചിനോട് വിശ്വസ്തത പുലർത്തിയ സർപ്പം ആദാമിന്റെ ശിക്ഷായാത്രയുടെ കാരണമായി തീർന്നു:
g. അതിശയിപ്പിക്കുന്ന വിരോധാഭാസം!
h. പിശാച് ഭയപ്പെടുന്ന ദൈവരാജ്യം
i. സുബോധമെന്ന അടിസ്ഥാനം ഇടാത്ത ക്രിസ്തീയ വേലകൾ
j. ക്രിസ്തുവിന്റെ സുവിശേഷീകരണ മാതൃകയും ലോകത്തിന്റെ സുവിശേഷീകരണ മാതൃകയും.
നാം ഏത് തിരഞ്ഞെടുക്കണം?

**അദ്ധ്യായം 9 – അനുഗമിക്കുക (98–112)**

a. എന്തിന് പിന്തുടരണം ? എങ്ങനെ പിന്തുടരണം ?
b. മടക്കയാത്രക്കുള്ള നിബന്ധനകൾ
c. യേശുവിനെ പിന്തുടരാനുള്ള രണ്ടു കാലുകൾ
d. ദിവസേനയുള്ള വചനം, ദിവസേനയുള്ള ക്രൂശ് തമ്മിലുള്ള ബന്ധം:-
e. ദിവസേനയുള്ള ആഹാരം (Daily Bread)
f. ദിവസേനയുള്ള ക്രൂശ് (Daily Cross)
h. ദിവസേനയുള്ള മരണം (Daily Death)

**അദ്ധ്യായം 10 – 'അനുഗമിക്കുക', 'പോവുക' (113–126)**

a. ഏത് സ്ഥലത്തേക്കാണ്, ഏത് സ്ഥാനത്തേക്കാണ് യേശു നമ്മെ കൊണ്ടുപോകുന്നത്; ഒരുക്കുന്നത്?

b. പുത്രത്വയാത്രയും ദാസത്വയാത്രയും

c. ദാസത്വയാത്രയുടെ ഉദ്ദേശ്യം

d. 'പോവുക', 'അനുഗമിക്കുക' ഇവ തമ്മിലുള്ള ബന്ധം, അതായത് ദാസത്വയാത്രയും പുത്രത്വയാത്രയും തമ്മിലുള്ള ബന്ധം

e. എന്തുകൊണ്ട് സുവിശേഷം അറിയിക്കണം? പിതാവിന്റെ വീട്ടിലേക്കുള്ള മടക്കയാത്ര മാത്രം പോരേ?

f. അനുഗമിക്കുമ്പോഴും, പോകുമ്പോഴും നാം ദൈവകല്പന അനുസരിക്കുന്നു:-

g. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.

h. കൂട്ടുകാരനെ നിന്നെപ്പോലെത്തന്നെ സ്നേഹിക്കണം.

**അദ്ധ്യായം 11 – തെറ്റിദ്ധരിക്കപ്പെട്ട ആത്മീയവളർച്ച (127–143)**

a. ദൈവരാജ്യം അവകാശമാക്കുവാനുള്ള ബൈബിൾ വ്യവസ്ഥകൾ

b. ദൃഷ്ടാന്ത ന്യായവിധി

c. വഞ്ചിക്കപ്പെട്ട അഭിഷിക്തർ

d. ദാസത്വയാത്രയുടെ റിപ്പോർട്ട് (Work Report)

e. അഭിഷേകത്തെയും, കൃപാവരത്തെയും, ആത്മീകവളർച്ചയായി തെറ്റിദ്ധരിക്കരുതേ.....!

അഭിഷിക്തന്മാരും, ആത്മീകരും

f. ചതിക്കപ്പെട്ട വിശ്വാസികൾ

g. മാനുഷിക ചിന്തയിലെ ആത്മീകത

**അദ്ധ്യായം 12 – ദൈവം മനുഷ്യരിൽ ആഗ്രഹിക്കുന്നത് എന്ത്? (144–155)**

a. മാനസാന്തരം

b. ചിന്തയുടെ ദിശ മാറ്റുന്നത് എങ്ങനെ?

c. സുവിശേഷത്തിൽ വിശ്വസിപ്പിൻ

d. കാൽവരിക്രൂശിലെ കള്ളന്റെ മാനസാന്തരവും (ദിശമാറ്റം), സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ടുള്ള സ്വർഗ്ഗീയയാത്രയും.

**അദ്ധ്യായം 13 – സമ്പൂർണ്ണ ബൈബിൾ ഒന്നേകാൽ വാകൃത്തിൽ (156–161)**

a. പഴയനിയമം ഒരു വാകൃത്തിൽ

a. പുതിയനിയമം (1/4) കാൽ വാകൃത്തിൽ

**അദ്ധ്യായം 14 – കാലത്തെ വിവേചിക്കാത്തവർ കാപടൃർ (162–172)**

a. ഈ സമയത്തെ വിവേചിക്കുക (Discern this time)

b. മൂന്ന് ആത്മീക പശ്ചാത്തലങ്ങൾ

യേശുവിന് മുമ്പുള്ള സമയത്തെ ആത്മീയ പശ്ചാത്തലം (പഴയനിയമ കാലഘട്ടം)

c. യേശുവിന്റെ സമയത്തെ ആത്മീക പശ്ചാത്തലം (മാറ്റത്തിന്റെ കാലഘട്ടം)

d. യേശുവിന് ശേഷമുള്ള (പുതിയനിയമത്തിലെ) ആത്മീക പശ്ചാത്തലം

e. യാത്രയിൽ (പഴയനിയമത്തിൽ) ദൈവം ജനങ്ങളോട് ഇടപെടുന്ന രീതി:

f. മടക്കയാത്രയിൽ (പുതിയനിയമത്തിൽ) ദൈവം ജനങ്ങളോട് ഇടപെടുന്ന രീതി:

**അദ്ധ്യായം 15 – ചിന്താക്കുഴപ്പങ്ങളെ മാറ്റുവാനുള്ളസഹായി.......! (173–215)**

a. വചനത്തിലെ രണ്ട് പ്രധാന വിധികൾ

b. ശിക്ഷയുടെ പ്രസ്താവന

c. രക്ഷയുടെ പ്രസ്താവന

d. രക്ഷയും, സ്വർഗ്ഗരാജ്യം അവകാശമാക്കലും ഒന്നാണോ, രണ്ടാണോ?

e. നിങ്ങൾ ദൈവത്തെ രക്ഷിതാവായി സ്വീകരിക്കുന്നതിന് പിന്നിലുള്ള മനോഭാവം എന്തായിരുന്നു?

ലോകം കിട്ടും എന്ന മനോഭാവത്തിലാണോ, അതോ സ്വർഗ്ഗരാജ്യം കിട്ടും എന്ന മനോഭാവത്തിലാണോ നാം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നത്?

f. യാത്രയുടെ മനോഭാവത്തോടെയാണ് യിസ്രായേൽ ജനം പെസഹ കഴിച്ചത്.

g. നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ട ആവശ്യമില്ല. കാരണം

ദൈവപ്രസാദം ഉള്ളതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടത്! ശരിയോ, തെറ്റോ?

h. രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ

i. ജഡത്തെ അനുസരിച്ച് ജീവിച്ചാൽ ദൈവരാജ്യം അവകാശമാക്കുകയില്ല.

j. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെടും ശരിയോ, തെറ്റോ?

k. നിത്യജീവൻ സൗജന്യമാണോ, അല്ലയോ?
യേശു വില ചോദിക്കുന്നു....!

l. പിതാവിന്റെ ഒന്നാമത്തെയും, രണ്ടാമത്തെയും പദ്ധതികൾ
1. ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതി
2. ദൈവത്തിന്റെ രണ്ടാമത്തെ പദ്ധതി

m. മനുഷ്യർ ദൈവരാജ്യം അവകാശമാക്കുന്നതിനു മുമ്പുള്ള രണ്ടു ഭാഗങ്ങൾ

n. യേശു ജീവന് വില ചോദിക്കുന്നു....!

o. ദൈവം പാപങ്ങളെ ഓർക്കുന്നില്ല!

p. പാപങ്ങളെ ശിക്ഷിക്കാതെ വിടുന്ന ദൈവം

q. ബാലശിക്ഷ നൽകുന്ന പിതാവ്

r. ക്ഷമിച്ച കടങ്ങളെ വീണ്ടും കണക്കിടുന്ന രാജാവ് !

s. വിശ്വാസവും അനുസരണവും തമ്മിലുള്ള ബന്ധം

t. വിശ്വാസം വഴിയുള്ള രക്ഷയുടെ വാക്കുകൾ-
വിശ്വസിക്കുന്നവർക്ക് രക്ഷ

u. യേശുക്രിസ്തു നമ്മെ പൂർണ്ണമായി രക്ഷിക്കുമെന്ന് പറയുന്നു.

v. ദൈവത്തിന് വാക്ക് മാറുവാനും ഭോഷ്ക് പറയുവാനും കഴിയുകയില്ല

w. യേശുവിനെ കർത്താവായി ഏറ്റുപറഞ്ഞവർ തള്ളപ്പെടുന്നു.!

x. യേശുവിന്റെ ദാസന്മാർ തള്ളപ്പെടുന്നു.!

y. വിശ്വാസത്തിന്റെ ഫലം

**അദ്ധ്യായം 16 - ദൈവഭക്തരായ നാം യാത്രയിലോ, മടക്കയാത്രയിലോ? (216-226)**

a. ഒന്നാമത്തെ പരിശോധന (Check point - 1)
മാനസാന്തരം (ദിശ മാറ്റുക)

നാം യാത്രയിലോ, മടക്കയാത്രയിലോ? നമ്മെത്തന്നെ ശോധന ചെയ്യാം.

b. രണ്ടാമത്തെ പരിശോധന (Check point - 2)

നാം നമ്മിൽ നിന്നോ, ദൈവത്തിൽ നിന്നോ ആരംഭിക്കുന്നത്?

c. മൂന്നാമത്തെ പരിശോധന (Check point - 3)

മടക്കയാത്ര ചെയ്താൽ പ്രതികൂലങ്ങൾ ഉറപ്പ്

d. നാലാമത്തെ പരിശോധന (Check point - 4)

മടക്കയാത്രയിലായിരിക്കുന്ന വ്യക്തിക്ക് ലോകത്തിൽ ജീവിക്കുന്നതിനേക്കാൾ താല്പര്യം ലോകം വിട്ട് ദൈവരാജ്യത്തിൽ ജീവിക്കുന്നതാണ്!

**ഭാഗം - 2**

**ആത്മാവിന്റെ നിയമം**

**അദ്ധ്യായം 17 - ആത്മാവിന്റെ നിയമം (230-243)**

a. എന്താണ് ആത്മാവിന്റെ നിയമം?

b. മനുഷ്യനെ സംബന്ധിച്ച് ആത്മാവിന്റെ നിയമത്തിന്റെ ആരംഭം

c. ആത്മാവിന്റെ നിയമം എന്തുകൊണ്ട് എന്നെ അത്ഭുതപ്പെടുത്തി?

d. 'ആത്മാവിന്റെ നിയമം' എന്തുകൊണ്ട് എന്നെ ദു:ഖത്തിലാഴ്ത്തി?

e. സഭകളോട് ഇന്ന് സംസാരിക്കുന്നത് ക്രിസ്തുവിന്റെ ആത്മാവാണ്.

f. മൂന്നര വർഷം ക്രിസ്തുവിന്റെ കീഴിലും തുടർന്ന് ദൈവാത്മാവിന്റെ കീഴിലും.

g. സഭയെ സംബന്ധിച്ച് 'ആത്മാവിന്റെ നിയമവും' യേശുക്രിസ്തുവും തമ്മിലുള്ള ബന്ധം എങ്ങനെ?

**അദ്ധ്യായം 18 - ദൈവരാജ്യ വീക്ഷണത്തിൽ ന്യായപ്രമാണവും ആത്മാവിന്റെ നിയമവും (244-252)**

a. എന്തിനാണ് ദൈവം യാത്രയിൽ ന്യായപ്രമാണം കൊടുത്തത്?

b. എപ്പോൾ വരെയാണ് ന്യായപ്രമാണത്തിന്റെ സന്ദേശം

a. ന്യായപ്രമാണവും ആത്മാവിന്റെ നിയമവും

d. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം: ലംഘനങ്ങളെ തടയുക.

**അദ്ധ്യായം 19 – ആത്മാവിന്റെ നിയമത്തിന്റെ പ്രവർത്തനം എങ്ങനെ? (253–266)**

a. ആത്മാവിന്റെ നിയമത്തിന്റെ ഉദ്ദേശ്യം
b. ആത്മാവിന്റെ നിയമത്തിലെ രണ്ട് പ്രധാന പ്രവർത്തനങ്ങൾ
c. ആത്മാവിന്റെ നിയമത്തിന്റെ രണ്ട് കാലുകൾ
d. ശിക്ഷായാത്രയുടെയും, രക്ഷായാത്രയുടെയും ആന്തരികതലങ്ങൾ
e. പാപം ചെയ്യാൻ കഴിയാത്ത മനുഷ്യൻ വെളിപ്പെടുന്നത് എങ്ങനെ?
f. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് സ്വാതന്ത്ര്യം വരുത്തുന്നു. (രക്ഷിക്കപ്പെടുന്നു)
g. ഒന്നാം മരണം കഴിഞ്ഞാൽ രണ്ടാം ജനനം
h. ജനിക്കാതെ മരിക്കാൻ കഴിയാത്തതുപോലെ മരിക്കാതെ, വീണ്ടും ജനിക്കാനും കഴിയുകയില്ല.
i. എന്തിന് പഴയ മനുഷ്യൻ മരിക്കണം?
j. ആരാണീ പുതിയ സൃഷ്ടി ?

**അദ്ധ്യായം 20 – ഒട്ടകത്തെ വിഴുങ്ങരുതേ.....അപകടം! (267–286)**

a. 'ആത്മാവിന്റെ നിയമത്തിന്റെ' രണ്ടാമത്തെ പ്രധാനശുശ്രൂഷ. യേശുവിനെ അഭിഷേകം ചെയ്യുന്നവർ!
b. സുവിശേഷത്തിന്റെ കാതൽ (ഒട്ടകം)
c. ഈ വെറും ചിലവ് എന്തിന്?
d. ഏറ്റവും കൂടുതൽ ഉപയോഗപ്പെട്ടിട്ടുള്ള വാഗ്ദത്തം...!
e. എപ്പോഴാണ് യേശു നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നത്?
f. ചത്താൽ വളരെ ഫലം ഉണ്ടാകും
g. പൗലോസിന്റെ ആത്മീയവളർച്ചയുടെ രഹസ്യം
h. ആദ്യം ചെയ്യേണ്ടത് ആദ്യം ചെയ്യുക
വളരണമെങ്കിൽ ആദ്യം തകരുക

ഭാഗം - 1

# മടക്കയാത്ര

## Return Journey

## അദ്ധ്യായം 1

# എന്തിനു വേണ്ടിയാണീ സന്ദേശം?

"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."
(യോഹ. 8:32)

***ദൈവത്തിന്റെ*** സൃഷ്ടിയെങ്കിലും, പിശാചിനാൽ ചതിക്കപ്പെട്ട ഒരു ഗ്രഹമാണ് ഭൂമി. ഭൂമിയിൽ വസിക്കുന്ന മനുഷ്യർ തങ്ങൾ വഞ്ചിക്കപ്പെട്ടവരെന്നും, കൊല്ലുവാൻ കൊണ്ടുപോകുന്ന ആടുകളെപ്പോലെ, തങ്ങളെ രണ്ടാം മരണത്തിലേക്ക് പിശാച് കൊണ്ടു പോകുന്നു എന്നും അറിയാതെ ബുദ്ധിമാന്മാരെന്ന ഭാവേന ഭോഷന്മാരായിത്തീർന്നിരിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ കൂടി നോക്കിയാൽ മാത്രമേ ഇത് മനസ്സിലാക്കാൻ പറ്റുകയുള്ളൂ.

> പിശാചിനാൽ ചതിക്കപ്പെട്ട ഒരു ഗ്രഹമാണ് ഭൂമി.

**"ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ."(1 കൊരി. 3:19)**

ദൈവത്തിന്റെ ചിന്തകൾക്കനുസരിച്ചുള്ള കാഴ്ചയാണ് സത്യമായ കാഴ്ച, മറ്റു കാഴ്ചകളെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കബളിപ്പിക്കുന്നതാണ്. ഈ സത്യമായ കാഴ്ചപ്പാട് ലഭിക്കുമ്പോഴാണ് മനുഷ്യർ സ്വതന്ത്രരാകുന്നത്. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്, സത്യം അറിയുമ്പോൾ ഒരു വ്യക്തി സ്വതന്ത്രമാകുന്നു എന്ന്.

> ദൈവത്തിന്റെ ചിന്തകൾക്കനുസരിച്ചുള്ള കാഴ്ചയാണ് സത്യമായ കാഴ്ച, മറ്റു കാഴ്ചകളെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കബളിപ്പിക്കുന്നതാണ്.

**"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."(യോഹ. 8:32)**

ഇതിന്റെ അർത്ഥം മനുഷ്യർ വ്യാജങ്ങളുടെ അല്ലെങ്കിൽ തെറ്റായ സന്ദേശങ്ങളുടെ തടവറയിലാണ്. ദൈവവചനമെന്ന സത്യത്താൽ ഈ വ്യാജങ്ങളുടെ കെട്ടുകളെ മനുഷ്യനിൽ നിന്ന് ഓരോന്നായി അഴിച്ചുകളയുമ്പോഴാണ് മനുഷ്യൻ സ്വതന്ത്രമാകുന്നത്.


ദൈവം സൃഷ്ടിച്ച വ്യവസ്ഥയ്ക്കെതിരെ പോകുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. കാരണം ലോകം നിയന്ത്രിക്കുന്നത് മനുഷ്യരാണെന്ന് പിശാചിനാൽ ഭോഷരാക്കപ്പെട്ട മനുഷ്യർക്ക് തോന്നുന്നുവെങ്കിലും യഥാർത്ഥത്തിൽ ലോകം നിയന്ത്രിക്കുന്നത് മനുഷ്യരുടെ ഗവൺമെന്റല്ല, പകരം പിശാചാണ്. കാരണം ഭരണകർത്താക്കളായ വ്യക്തികളുടെ ചിന്തകളെ നിയന്ത്രിക്കുന്നത് പിശാചാണ്. ഇതുകൊണ്ടാണ് സത്യമായ ദൈവവചനം പറയുന്നത്, സർവ്വലോകവും ദുഷ്ടനായ പിശാചിന്റെ നിയന്ത്രണത്തിലാണ് കിടക്കുന്നതെന്ന്.

> ദൈവത്തിന്റെ കാഴ്ചപ്പാടാണ് സത്യം. അതിന്റെ വെളിപ്പെടലാണ് 'വചനം'.

**"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."**
**(1 യോഹ. 5:19)**

## മൂന്ന് തലങ്ങളും അതിന്റെ പ്രവർത്തനവും

ആദാം പാപം ചെയ്തതുമൂലം, പിശാച് തന്റെ നിയന്ത്രണത്തിലുള്ള "ലോക വ്യവസ്ഥയിൽ" മനുഷ്യരെ സമയത്തിൽ ബന്ധിച്ച്, 'ലോകം നേടാമെന്ന' തെറ്റായ ദർശനം അവർക്ക് നൽകിയിരിക്കുന്നു.




മനുഷ്യരുടെ ചിന്തകളെ അജ്ഞതയുടെയും, ഭയത്തിന്റെയും ഇരുളിന്റെ തടവിലാക്കി ('സമയത്തിൽ' ബന്ധിച്ചു). ഈ മനുഷ്യരുടെ ചിന്തകളിലൂടെയാണ് പിശാച് ലോകത്തെ നിയന്ത്രിക്കുന്നത്. (ചിത്രം-1)

മനുഷ്യരുടെ ചിന്തകളെ തടവിലാക്കി, ദൈവീകചിന്തകൾക്ക് വിപരീതമാക്കി. ഈ മനുഷ്യരിലൂടെയാണ് പിശാച് ലോകം നിയന്ത്രിക്കുന്നത്.

ഈ ലോകത്തെ പിശാച് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് തെറ്റായ ദിശയിലേക്കാണ്. ഓരോ നിമിഷവും ദൈവത്തിൽ നിന്നും അകലങ്ങളിലേക്ക് പിശാച് മനുഷ്യരെ നയിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ബുദ്ധിമാന്മാരെന്ന് നടിക്കുന്ന മനുഷ്യർ അറിയുന്നതുമില്ല. അവർ പിശാചിന്റെ ചതിക്കുഴിയിൽ വീണിരിക്കുകയാണ്. ഒരു ഉദാഹരണം എഴുതിയാൽ ''***മനുഷ്യരിലധികവും ലോകത്തിൽ എന്തൊക്കെയോ ആയിത്തീരുവാൻ വേണ്ടി പഠിക്കുന്നവരും, കഠിനാധ്വാനം ചെയ്യുന്നവരുമാണ്.***'' പക്ഷേ കഠിനാധ്വാനത്തിന്റെ ഇടയിൽ അവർ മരിച്ച് ഈ ലോകത്തിൽ സ്ഥിരമാകാതെ, ഒന്നുമല്ലാതെ മറയപ്പെടുന്നു. അവർ നേടിയതെല്ലാം ശവക്കുഴി എന്ന വാതിലിനപ്പുറം കടത്തുവാൻ കഴിയാതെ നിസ്സഹായരായും, ഭോഷരായും ഈ ലോകത്തിൽ നിന്നും മറയപ്പെടുന്നു. തിരുവചനത്തിൽ '**ദുഷ്ടൻ**' എന്ന് വിശേഷിപ്പിക്കുന്ന '**പിശാച്**' ഇത് കണ്ട് പൊട്ടിച്ചിരിക്കുന്നു. ഒരു വ്യക്തിയെക്കൂടി താൻ നേടിയെന്നാണ് പിശാചിന്റെ ചിന്ത.

ദൈവം സൃഷ്ടിച്ച വ്യവസ്ഥയ്ക്കെതിരെ പോകുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്.

ദൈവത്തിന്റെ ചിന്തകൾക്കെതിരെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവം മനുഷ്യരിൽ ആഗ്രഹിക്കുന്ന തന്റെ ദിശക്കെതിരെ പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യരെ നോക്കിക്കൊണ്ട് "***ഒരു നിമിഷം നില്ക്കൂ,*** *ഇനിയും അജ്ഞാനികൾ ആകാതെ, ദൈവത്തിന് ചിലത് നിങ്ങളോട് പറയാനുണ്ട്, ഇത് കേട്ടിട്ട് പോകൂ, ഇത് നിങ്ങൾക്ക് നന്മയായി തീരും എന്ന് ജനത്തെ അറിയിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം.*"

**"ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ." (എഫെ. 5:17)**

**Men rush to become something on the earth, but he leaves the earth as nothing.**

**ഭൂമിയിൽ എന്തൊക്കെയോ ആകാൻ മനുഷ്യൻ ബദ്ധപ്പെടുന്നു. പക്ഷേ ഒന്നുമല്ലാത്തവനായി മനുഷ്യൻ ഭൂമിയെ വിടുന്നു.**

## എങ്ങനെയാണ് ഈ പുസ്തകം വന്നത്? ആർക്കാണ് ഈ പുസ്തകം കൊണ്ട് പ്രയോജനം?

ലോകത്തിന്റെ സുബോധമില്ലാത്ത അവസ്ഥ കണ്ട് അവരെ സ്നേഹിക്കുന്ന ദൈവം അവർക്ക് സുബോധം കൊടുക്കുവാനും, അവരെ തന്റെ സ്വർഗ്ഗീയഭവനത്തിലെത്തിക്കുവാനും തന്റെ ദാസനും, ദൈവത്തിന്റെ മകനുമായ നിങ്ങളുടെ കൂട്ടു സഹോദരനായ എനിക്ക് വെളിപ്പെടുത്തിത്തന്നതാണ് ഈ പുസ്തകത്തിലെ സന്ദേശം. ലോകത്തിനും സഭയ്ക്കും ഈ പുസ്തകത്തിലെ സന്ദേശം പ്രയോജനകരമായിത്തീരട്ടെ.

മനുഷ്യർ ഇന്ന് അനേകം വ്യാജങ്ങളുടെ അല്ലെങ്കിൽ തെറ്റായ സന്ദേശങ്ങളുടെ തടവറയിലാണ്.



(ചിത്രം-2)

## പ്രാർത്ഥന



സ്വർഗ്ഗീയ പിതാവേ, താഴ്മയുള്ളവരായി മറ്റുള്ളവരെ ഞങ്ങളെക്കാൾ ശ്രേഷ്ഠരെന്നെണ്ണി, അങ്ങ് ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ ജ്ഞാനം പ്രാപിക്കാൻ ഈ പുസ്തകത്തിലെ സന്ദേശത്തിലൂടെ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. പിശാചിനാൽ ചതിക്കപ്പെട്ട ഒരു ഗ്രഹമാണ് ഭൂമി.
2. ദൈവത്തിന്റെ ചിന്തകൾക്കനുസരിച്ചുള്ള കാഴ്ചയാണ് സത്യമായ കാഴ്ച, മറ്റു കാഴ്ചകളെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കബളിപ്പിക്കുന്നതാണ്.
3. ദൈവം സൃഷ്ടിച്ച വ്യവസ്ഥയ്ക്കെതിരെ പോകുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്.
4. ദൈവത്തിന്റെ കാഴ്ചപ്പാടാണ് സത്യം. അതിന്റെ വെളിപ്പെടലാണ് 'വചനം'.
5. മനുഷ്യർ ഇന്ന് അനേകം വ്യാജങ്ങളുടെ അല്ലെങ്കിൽ തെറ്റായ സന്ദേശങ്ങളുടെ തടവറയിലാണ്.
6. മനുഷ്യരുടെ ചിന്തകളെ അസത്യത്തിന്റെ തടവിലാക്കി, ദൈവീകചിന്തകൾക്ക് വിപരീതമാക്കിക്കൊണ്ടാണ് മനുഷ്യരിലൂടെ പിശാച് ലോകത്തെ നിയന്ത്രിക്കുന്നത്.



## അദ്ധ്യായം 2

# *ഫാദേഴ്സ് ബിസിനസ്സ്*

"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു." (ലൂക്കൊ. 2:49 KJV പരിഭാഷ)

"And he said unto them, How is it that ye sought me? wist ye not that I must be about my 'Father's business'?" (Luke 2:49[KJV])

***ബിസിനസ്സുകാരെ***ക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിച്ചിരിക്കുന്നത്. ഈ പുസ്തകം വായിക്കുന്ന നമ്മിൽ പലരും ഒരു പക്ഷേ ബിസിനസ്സുകാരായിരിക്കും. ഒരിക്കൽ ഒരു കുട്ടിയോട് ചോദിച്ചു, '*പിതാവിന് എന്താണ് പണി?*' അവന്റെ മറുപടി '*ബിസിനസ്സ്*' എന്നായിരുന്നു. തുടർന്ന് ചോദിച്ചു, '*കുഞ്ഞേ, നീ ഭാവിയിൽ ആരായിത്തീരുവാനാണ് ആഗ്രഹിക്കുന്നത്?*' അവൻ പറഞ്ഞു '*ഞാൻ വളർന്ന് എന്റെ പിതാവിന്റെ ബിസിനസ്സിൽ സഹായിക്കാൻ ആഗ്രഹിക്കുന്നു.*' യേശുക്രിസ്തുവിന്റെ കാര്യവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

> മനുഷ്യവർഗ്ഗത്തോടുള്ള യേശുവിന്റെ ആദ്യത്തെ സന്ദേശം. **"ഫാദേഴ്സ് ബിസിനസ്സ്." (പിതാവിന്റെ പദ്ധതി)**

യേശുവിന്റെ ആദ്യ സന്ദേശമെന്തെന്ന് ചോദിച്ചാൽ പലരുടെയും ഉത്തരം വ്യത്യസ്തമായിരിക്കാം. പക്ഷെ തിരുവചനത്തിൽ കാണുന്ന യേശുവിന്റെ ആദ്യത്തെ സന്ദേശം തന്റെ 30-ാം വയസ്സിലല്ലായിരുന്നു. തന്റെ 12-ാം വയസ്സിലായിരുന്നു. ആ സന്ദേശം ലോകത്തോടോ, തന്റെ ശിഷ്യന്മാരോടോ അല്ലായിരുന്നു. പകരം തന്റെ മാതാപിതാക്കന്മാരോട് ആയിരുന്നു. ആ സന്ദേശത്തിന്റെ പേരാണ് **'പിതാവിന്റെ ഉദ്ദേശ്യങ്ങളും പ്രവൃത്തികളും'**. മറ്റൊരു രീതിയിൽ പറഞ്ഞാൽ **'പിതാവിന്റെ പദ്ധതി'**. കിംഗ് ജെയിംസ് ബൈബിളിൽ പറഞ്ഞിരിക്കുന്നത് **'ഫാദേഴ്സ് ബിസിനസ്സ്'** എന്നാണ്.

യേശു ഈ സന്ദേശം പറഞ്ഞതിന്റെ പശ്ചാത്തലം, **യേശുവിന് പന്ത്രണ്ട് വയസ്സായപ്പോൾ യേശുവിന്റെ പിതാവായ യോസെഫും,**

**അമ്മയായ മറിയയും യേശുവിനെ കൂട്ടിക്കൊണ്ട് യെരുശലേമിൽ പെസഹാ പെരുന്നാളിന് പോയി. മടങ്ങി വരുമ്പോൾ മാതാപിതാക്കന്മാർ യേശുവിനെ കാണാതായ വിവരം മനസ്സിലാക്കി. മൂന്ന് ദിവസം തിരഞ്ഞതിന് ശേഷം മാതാപിതാക്കന്മാർ യേശുവിനെ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ കണ്ടെത്തി. യേശു അവരുടെ ഉപദേശം കേൾക്കുകയും, ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു. [യേശുവിന്റെ വാക്കുകൾ കേട്ടവർ അതിശയിച്ചു, അത് കേട്ടവർക്കെല്ലാം യേശുവിന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി] (ലൂക്കൊ. 2:42–47).** യേശുവിനെ ഉപദേഷ്ടാക്കന്മാരോടു കൂടെ കണ്ടിട്ട് യേശുവിന്റെ അമ്മ അതിശയിച്ച് പരിഭവത്തോടെ യേശുവിനോട് ചോദിച്ചു, "*മകനേ, ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?*".

> മറിയയും, യോസെഫും ഈ സന്ദേശം ഗ്രഹിച്ചില്ല. ഇന്ന് ലോകവും, അത്ഭുതമെന്ന് പറയട്ടെ സഭയും അത് വേണ്ട രീതിയിൽ ഗ്രഹിച്ചിട്ടില്ല.....!

**"അവനെ കണ്ടിട്ടു അവർ അതിശയിച്ചു: അമ്മ അവനോടു: മകനേ, ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്തു? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ടു നിന്നെ തിരഞ്ഞു എന്നു പറഞ്ഞു." (ലൂക്കൊ. 2:48)**

ഈ ചോദ്യത്തിന് മറുപടിയായി യേശു പറയുന്ന വാക്കാണ് മനുഷ്യവർഗ്ഗത്തോടുള്ള യേശുവിന്റെ ആദ്യത്തെ സന്ദേശം. **"ഫാദേഴ്സ് ബിസിനസ്സ്." (പിതാവിന്റെ പദ്ധതി)**

**"And he said unto them, How is it that ye sought me? wist ye not that I must be about my 'Father's Business'?" (Luke 2:49[KJV])**

**"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു."**
**(ലൂക്കൊ. 2:49 KJV പരിഭാഷ)**

അത്ഭുതമെന്ന് പറയട്ടെ മാനവരാശിയോടുള്ള യേശുവിന്റെ ആദ്യത്തെ സന്ദേശം യേശുവിന് മനുഷ്യജന്മം കൊടുക്കുവാനും, വളർത്തുവാനും ഭാഗ്യം ലഭിച്ച, യേശുവിനോട് ഏറ്റവും അടുപ്പമുള്ള മാതാപിതാക്കന്മാർക്കുപോലും മനസ്സിലായില്ല.

**"അവൻ തങ്ങളോട് പറഞ്ഞ വാക്കു അവർ ഗ്രഹിച്ചില്ല."**
**(ലൂക്കൊ. 2:50)**

മറിയയും, യോസെഫും ഈ സന്ദേശം ഗ്രഹിച്ചില്ല. ഇന്ന് ലോകവും, അത്ഭുതമെന്ന് പറയട്ടെ സഭയും അത് വേണ്ടത്ര രീതിയിൽ ഗ്രഹിച്ചിട്ടില്ല. നാം ഇത് ഗ്രഹിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. യേശു ചെയ്ത പിതാവിന്റെ ബിസിനസ്സ് തന്നെയാണ് ഇന്ന് നമ്മുടെ ഓരോരുത്തരുടെയും പ്രവൃത്തി. യേശു പറയുന്നു, "*എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയക്കുന്നു.*"




**"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." (യോഹ. 20:21)**

ഈ **'പിതാവിന്റെ പദ്ധതി'** നാം അറിയണമെന്നുള്ളത് യേശുവിന്റെ വാക്കുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. യേശു മാതാപിതാക്കന്മാരോട് ചോദിക്കുകയാണ്,

**"ഞാൻ പിതാവിന്റെ ബിസിനസ്സിൽ"** വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലേ? ഇതിന്റെ അർത്ഥം എന്താണ്? ***"നാമെല്ലാവരും നിർബ്ബന്ധമായും, 'പിതാവിന്റെ ബിസിനസ്സ്' അറിയുകയും, യേശുവിനെപ്പോലെ ആ ബിസിനസ്സിൽ വ്യാപൃതരാവുകയും വേണമെന്നുള്ളതാണ്."***

മഹത്വമേറിയ സന്ദേശമാണ് യേശു മാനവരാശിക്ക് തന്റെ 12-ാം വയസ്സിൽ കൊടുത്തത്. നമുക്ക് ഒരുമിച്ച് താഴ്മയോടും, അനുസരണത്തോടും കൂടെ ഈ സന്ദേശം ഏറ്റെടുക്കാം."

## *പ്രാർത്ഥന*



സ്വർഗ്ഗീയ പിതാവേ, അങ്ങയുടെ പുത്രനായ, ഞങ്ങളുടെ കർത്താവായ യേശു ഞങ്ങൾക്ക് കാണിച്ചു തന്ന മാതൃക പ്രകാരം അങ്ങയുടെ പ്രവൃത്തികൾ അറിയുവാനും, ചെയ്യുവാനും ഞങ്ങളെ പഠിപ്പിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. മനുഷ്യവർഗ്ഗത്തോടുള്ള യേശുവിന്റെ ആദ്യത്തെ സന്ദേശം. **"ഫാദേഴ്സ് ബിസിനസ്സ്."** (പിതാവിന്റെ പദ്ധതി)
2. മറിയയും, യോസെഫും ഈ സന്ദേശം ഗ്രഹിച്ചില്ല. ഇന്ന് ലോകവും, അത്ഭുതമെന്ന് പറയട്ടെ സഭയും അത് വേണ്ടത്ര രീതിയിൽ ഗ്രഹിച്ചിട്ടില്ല.
3. യേശു ചെയ്ത പിതാവിന്റെ ബിസിനസ്സ് തന്നെയാണ് ഇന്ന് നമ്മൾ ഓരോരുത്തരുടെയും പ്രവൃത്തി.



## അദ്ധ്യായം 3

# എന്താകുന്നു പിതാവിന്റെ ബിസിനസ്സ്?

"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു." (ലൂക്കൊ. 2:49 KJV പരിഭാഷ)

## പിതാവിന്റെ ബിസിനസ്സിലെ മൂന്ന് പാർട്ട്ണർമാർ

പിതാവിന്റെ പ്രവൃത്തിയാണ് 'ഫാദേഴ്സ് ബിസിനസ്സ്'.

***ഉല്പത്തി*** പുസ്തകത്തിൽ ആറു ദിവസം കൊണ്ട് ഭൂമിയെ പുന:സൃഷ്ടിച്ചതിന് ശേഷം 7-ാം ദിവസം തന്റെ സകല പ്രവൃത്തിയിൽ നിന്നും ദൈവം നിവൃത്തനായി എന്നു കാണുന്നു.

**"താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്ത ശേഷം താൻ ചെയ്ത പ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി." (ഉല്പ. 2:2)**

ഒരു പക്ഷെ പലരും ചിന്തിക്കുന്നത് ആറു ദിവസത്തെ പ്രവൃത്തിക്ക് ശേഷം ദൈവം ഇന്നു വരെ വിശ്രമിക്കുന്നു എന്നായിരിക്കും. എന്നാൽ യേശുക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ മനുഷ്യരുടെ ഈ ചിന്തകൾ തിരുത്തുവാൻ ഇടയായി. യേശു പറഞ്ഞു, "*എന്റെ പിതാവ് ഇന്നു വരെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; അതിനാൽ ഞാനും പ്രവർത്തിക്കുന്നു.*"

**"യേശു അവരോടു: എന്റെ പിതാവു ഇന്നുവരെ പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു എന്നു ഉത്തരം പറഞ്ഞു." (യോഹ. 5:17)**

പലരും ചിന്തിക്കുന്നത് ആറു ദിവസത്തെ പ്രവൃത്തിക്ക് ശേഷം ദൈവം ഇന്നു വരെ വിശ്രമിക്കുന്നു എന്നായിരിക്കും. എന്നാൽ യേശുക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ മനുഷ്യരുടെ ഈ ചിന്തകൾ തിരുത്തുവാൻ ഇടയായി.

പിതാവിന്റെ ഈ പ്രവൃത്തിയാണ് 'ഫാദേഴ്സ് ബിസിനസ്സ്'.

## യേശു പിതാവിന്റെ ബിസിനസ്സിലെ പാർട്ട്ണർ

യേശുവിന്റെ വാക്കുകളിൽ നിന്നും വ്യക്തമാണ് താനും ആ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുകയാണെന്ന്.

**".......അതുകൊണ്ട് ഞാനും (യേശുവും) പ്രവർത്തിക്കുന്നു." (യോഹ. 5:17)**

**"എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു." (യോഹ. 9:4)**

**"യേശു അവരോടു പറഞ്ഞതു: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം." (യോഹ. 4:34)**

## പരിശുദ്ധാത്മാവും പിതാവിന്റെ ബിസിനസ്സിൽ പാർട്ട്ണർ

പിതാവിന്റെ ഈ ബിസിനസ്സ് മനുഷ്യവർഗ്ഗവുമായി ബന്ധപ്പെട്ട് കിടക്കുന്നു. യേശു ഈ ഭൂമിയിൽ നിന്ന് പോകുന്നതിന് മുമ്പ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. '*ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോയാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരും*'. തുടർന്ന് യേശു തന്റെ ആദ്യ വരവിലെ പ്രവൃത്തികൾ തീർത്ത ശേഷം സ്വർഗ്ഗത്തിലേക്ക് കയറിപ്പോവുകയും, തനിക്ക് പകരം 'പിതാവിന്റെ ബിസിനസ്സ്' ചെയ്യുവാൻ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയയ്ക്കുകയും ചെയ്തു.

> ഭൂമിയിൽ പിതാവിന്റെ ബിസിനസ്സ് ഇന്നും പരിശുദ്ധാത്മാവിലൂടെ തുടർന്നുകൊണ്ടേയിരിക്കുന്നു.

**"എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും." (യോഹ. 14:16)**

**"എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാതിരു**

**ന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും." (യോഹ. 16:7)**

**"അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." (യോഹ. 16:8)**

**"സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതു കൊണ്ടു എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതൊക്കെയും എനിക്കുള്ളതു; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽ നിന്നും എടുത്തു നിങ്ങൾക്കു അറിയിച്ചു തരും എന്നു ഞാൻ പറഞ്ഞതു." (യോഹ. 16:13–15)**

> പിതാവും പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ ഈ ബിസിനസ്സിലെ പങ്കാളികളാണ്.

ഇത് ഒരു റിലേ ഓട്ടമത്സരത്തിൽ വ്യക്തികൾ ബാറ്റൺ കൈമാറുന്നതു പോലെ ഒരു പക്ഷേ നമുക്കു തോന്നാം, 'യേശു തന്റെ ബാറ്റൺ (പ്രവൃത്തി) പരിശുദ്ധാത്മാവിന് കൈമാറിയത്' എങ്ങനെയായാലും ഭൂമിയിൽ പിതാവിന്റെ ബിസിനസ്സ് ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. യേശു ഇന്നു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതു ഭാഗത്തും, പരിശുദ്ധാത്മാവ് ഇന്ന് യേശുവിന് പകരം ഭൂമിയിലും പിതാവിന്റെ പ്രവൃത്തിയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടാണ് യേശു പറഞ്ഞത് "*ഞാനോ ലോകാവസാനത്തോളവും നിങ്ങളോടു കൂടെ ഉണ്ടാകുമെന്ന്.*" യേശു ഭൂമിയിലെ തന്റെ സ്ഥാനം പരിശുദ്ധാത്മാവിന് കൈമാറി.

**"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും." (യോഹ. 14:18)**

**"......ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു." (മത്താ. 28:20)**

ഇവിടെ പിതാവും പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ ഈ ബിസിനസ്സിലെ പങ്കാളികളാണെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

## എന്താണ് പിതാവിന്റെ ബിസിനസ്സ്?

ആത്മീകമായി പിതാവിന്റെ ബിസിനസ്സ് ഒരു സാധാരണ മനുഷ്യന് മനസ്സിലാക്കുവാൻ പ്രയാസമാണ്. ഈ സ്വർഗ്ഗീയമായ രഹസ്യങ്ങൾ നാം മനസ്സിലാക്കുക എന്നതാണ് കർത്താവ് ഉപമകളായി സംസാരിച്ചതിന്റെ ഒരു ഉദ്ദേശ്യം. **ഉപമയെന്നാൽ 'ഭൂമിയിലെ കഥ, സ്വർഗ്ഗീയ അർത്ഥം'**. അതായത് ഭൂമിയിലെ ഒരു സംഭവം മനസ്സിലാക്കിയാൽ, അതിലൂടെ നമുക്ക് ഭൗതിക കണ്ണുകൊണ്ട് കാണാൻ കഴിയാത്ത ആത്മീകമായ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും.

ഉപമയെന്നാൽ 'ഭൂമിയിലെ കഥ, സ്വർഗ്ഗീയ അർത്ഥം' എന്നാണ്. അതായത് ഭൂമിയിലെ ഒരു സംഭവം മനസ്സിലാക്കിയാൽ, അതിലൂടെ നമുക്ക് ഭൗതിക കണ്ണുകൊണ്ട് കാണാൻ കഴിയാത്ത ആത്മീകമായ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും.

ലൂക്കൊസിന്റെ സുവിശേഷം 15-ാം അധ്യായത്തിലെ മൂന്ന് ഉപമകൾ പരിശുദ്ധാത്മാവിൽ നാം മനസ്സിലാക്കിയാൽ നമുക്ക് യേശു പറഞ്ഞതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പിതാവിന്റെ ബിസിനസ്സ് മനസ്സിലാകും.

## മരിക്കുകയും, നഷ്ടപ്പെടുകയും ചെയ്ത മകന്റെ ഉപമ

**"പിന്നേയും അവൻ പറഞ്ഞതു: ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ഇളയവൻ അപ്പനോടു: അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്കു തരേണമേ എന്നു പറഞ്ഞു; അവൻ അവർക്കു മുതൽ പകുത്തു കൊടുത്തു. ഏറെ നാൾ കഴിയുംമുമ്പെ ഇളയമകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു വസ്തു നാനാവിധമാക്കിക്കളഞ്ഞു. എല്ലാം ചെലവഴിച്ച ശേഷം ആ ദേശത്തു കഠിനക്ഷാമം ഉണ്ടായിട്ടു അവന്നു മുട്ടു വന്നു തുടങ്ങി. അവൻ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനെ ചെന്നു ആശ്രയിച്ചു; അവൻ**

**അവനെ തന്റെ വയലിൽ പന്നികളെ മേയ്പ്പാൻ അയച്ചു. പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചു എങ്കിലും ആരും അവന്നു കൊടുത്തില്ല. അപ്പോൾ സുബോധം വന്നിട്ടു അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽചെന്നു അവനോടു: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി ദൂരത്തുനിന്നു തന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. മകൻ അപ്പനോടു: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നുവിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു. അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം തിന്നു ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി. അവന്റെ മൂത്ത മകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോടു അടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു, ബാല്യക്കാരിൽ ഒരുത്തനെ വിളിച്ചു: ഇതെന്തു എന്നു ചോദിച്ചു. അവൻ അവനോടു: നിന്റെ സഹോദരൻ വന്നു; നിന്റെ അപ്പൻ അവനെ സൌഖ്യത്തോടെ കിട്ടിയതുകൊണ്ടു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു. അപ്പോൾ അവൻ കോപിച്ചു, അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു;**

> ഒറ്റ വാക്കിൽ പറഞ്ഞാൽ തന്റെ നഷ്ടപ്പെട്ട മകന്റെ ജീവൻ തിരികെ കൊടുത്ത്, സുബോധത്തോടെ പിതാവിന്റെ വീട്ടിൽ തിരികെ എത്തിക്കുക എന്നുള്ളതാണ് 'പിതാവിന്റെ ബിസിനസ്സ്'.

**അപ്പൻ പുറത്തുവന്നു അവനോടു അപേക്ഷിച്ചു. അവൻ അവനോടു: ഇത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു; നിന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല; എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന്നു നീ ഒരിക്കലും എനിക്കു ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല. വേശ്യമാരോടുകൂടി നിന്റെ മുതൽ തിന്നു കളഞ്ഞ ഈ നിന്റെ മകൻ വന്നപ്പോഴോ തടിപ്പിച്ച കാളക്കുട്ടിയെ അവന്നു വേണ്ടി അറുത്തുവല്ലോ എന്നു ഉത്തരം പറഞ്ഞു. അതിന്നു അവൻ അവനോടു: നീ എപ്പോഴും എന്നോടു കൂടെ ഇരിക്കുന്നുവല്ലോ; എനിക്കുള്ളതെല്ലാം നിന്റേത് ആകുന്നു. നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു." (ലൂക്കൊ. 15:11–32)**

ഒറ്റ വാക്കിൽ പറഞ്ഞാൽ തന്റെ നഷ്ടപ്പെട്ട മകനെ ജീവൻ കൊടുത്ത്, സുബോധം കൊടുത്ത് പിതാവിന്റെ വീട്ടിൽ തിരികെ എത്തിക്കുക എന്നുള്ളതാണ് 'പിതാവിന്റെ ബിസിനസ്സ്'.

ഇതെന്തെന്ന് വ്യക്തമായി മനസ്സിലാക്കാൻ യേശുക്രിസ്തു ഇതിനോട് കൂടെ പറഞ്ഞ മറ്റു രണ്ട് ഉപമകൾ കൂടി നാം മനസ്സിലാക്കിയാലേ കഴിയൂ.

## നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമ

**"അവൻ അവരോടു ഈ ഉപമ പറഞ്ഞു: നിങ്ങളിൽ ഒരു ആൾക്കു നൂറു ആടുണ്ടു എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ചു, ആ കാണാതെ പോയതിനെ കണ്ടെത്തും വരെ നോക്കി നടക്കാതിരിക്കുമോ? കണ്ടു കിട്ടിയാൽ സന്തോഷിച്ചു ചുമലിൽ എടുത്തു വീട്ടിൽ വന്നു സ്നേഹിതന്മാരെയും അയൽക്കാരെയും വിളിച്ചുകൂട്ടി: കാണാതെപോയ എന്റെ ആടിനെ കണ്ടു കിട്ടിയതുകൊണ്ടു എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു അവരോടു പറയും. അങ്ങനെ തന്നെ മാനസാന്തരംകൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതി**

> ആടിനും ദ്രഹ്മയ്ക്കും ഒരേ ഒരു കാര്യമേ സംഭവിച്ചുള്ളു എങ്കിലും, മകന് സംഭവിച്ചത് രണ്ട് കാര്യങ്ങളാണ്.

**മാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കൊ. 15:3–7)**

## നഷ്ടപ്പെട്ടുപോയ ദ്രഹ്മയുടെ ഉപമ

**"അല്ല, ഒരു സ്ത്രീക്കു പത്തു ദ്രഹ്മ ഉണ്ടു എന്നിരിക്കട്ടെ; ഒരു ദ്രഹ്മ കാണാതെ പോയാൽ അവൾ വിളക്കു കത്തിച്ചു വീടു അടിച്ചുവാരി അതു കണ്ടുകിട്ടും വരെ സൂക്ഷ്മത്തോടെ അന്വേഷിക്കാതിരിക്കുമോ? കണ്ടുകിട്ടിയാൽ സ്നേഹിതരേയും അയൽക്കാരത്തികളെയും വിളിച്ചുകൂട്ടി: കാണാതെ പോയ ദ്രഹ്മ കണ്ടുകിട്ടിയതു കൊണ്ടു എന്നോടു കൂടെ സന്തോഷിപ്പിൻ എന്നു പറയും. അങ്ങനെ തന്നേ മാനസ്സാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."**

**(ലൂക്കൊ 15:8–10)**

മകനും, ആടും, ദ്രഹ്മയും നഷ്ടപ്പെട്ടു. പക്ഷേ മകൻ മാത്രമേ മരിച്ചു പോയിരുന്നുള്ളൂ. മകനു മാത്രമേ ജീവൻ കൊടുക്കേണ്ടിയിരുന്നുള്ളൂ.

പ്രിയ വായനക്കാരെ ഈ ഉപമകളിൽ യേശു പറഞ്ഞിരിക്കുന്ന നഷ്ടപ്പെട്ട മൂന്ന് കാര്യങ്ങൾ ആട്, ദ്രഹ്മ, മകൻ എന്നിവയാണ്. എന്നാൽ താൻ അവസാനം പറഞ്ഞ മകന്റെ ഉപമ മനസ്സിലാക്കുവാനാണ് കർത്താവ് അതിന് മുമ്പത്തെ രണ്ട് ഉപമകൾ പറഞ്ഞത്. മകന്റെ ഉപമയാണ് 'പിതാവിന്റെ ബിസിനസ്സ്', അല്ലെങ്കിൽ പിതാവിന്റെ പ്രവൃത്തികൾ മനസ്സിലാക്കുവാൻ മനുഷ്യർക്ക് വെളിച്ചം നൽകുന്നത്. തന്റെ സ്വർഗ്ഗീയ കുടുംബത്തിൽ നടന്നതും, നടന്നുകൊണ്ടിരിക്കുന്നതുമായ സംഭവത്തെയാണ് പിതാവ് യേശുവിലൂടെ ഇവിടെ വെളിപ്പെടുത്തുന്നത്. മടങ്ങി വന്ന പുത്രന് സംഭവിച്ച രണ്ടു കാര്യങ്ങളെക്കുറിച്ച് പിതാവ് പറയുന്ന വാക്കുകൾ വളരെ പ്രസക്തമാണ്.

പിതാവ് വേലക്കാരോട് പറഞ്ഞത് ശ്രദ്ധിക്കുക,

**1. മകൻ മരിച്ചവനായിരുന്നു.**

**2. മകൻ നഷ്ടപ്പെട്ടിരുന്നു.**

**"ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി." (ലൂക്കൊ. 15:24)**

പിതാവ് തന്റെ മൂത്ത മകനോട് പറഞ്ഞത് ശ്രദ്ധിക്കുക,

**"നിന്റെ ഈ സഹോദരനോ *മരിച്ചവനായിരുന്നു*; വീണ്ടും ജീവിച്ചു; *കാണാതെ പോയിരുന്നു*; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു." (ലൂക്കൊ. 15:32)**

മകന്റെ ഉപമയും ആടിന്റെയും, ദ്രഹ്മയുടെയും ഉപമകളും തമ്മിലുള്ള വ്യത്യാസമെന്ന് പറയുന്നത്, മകനും, ആടും, ദ്രഹ്മയും നഷ്ടപ്പെട്ടു. പക്ഷെ മകൻ മാത്രമേ മരിച്ചു പോയിരുന്നുള്ളൂ. മകനു മാത്രമേ ജീവൻ കൊടുക്കേണ്ടിയിരുന്നുള്ളൂ. ആടും ദ്രഹ്മയും നഷ്ടപ്പെടുക മാത്രമേ ചെയ്തുള്ളൂ, അവ മരിച്ചില്ല. അതുകൊണ്ട് അവയെ അന്വേഷിച്ച് കണ്ടെത്തിയാൽ മാത്രം മതിയായിരുന്നു, ജീവൻ കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ പിതാവിന്റെ വാക്കുകളിൽ നിന്ന് നാം മനസ്സിലാക്കുന്നു മകനെ സംബന്ധിച്ച് ഒരു കാര്യമല്ല രണ്ട് കാര്യമാണ് സംഭവിച്ചത്. അതായത് നഷ്ടപ്പെടുക മാത്രമല്ല മകൻ മരിക്കുക കൂടി ചെയ്തിരുന്നു. ഇനി മകനിൽ രണ്ട് കാര്യങ്ങൾ നടക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ മകൻ പിതാവിന്റെ ഭവനമായ ദൈവരാജ്യത്തിൽ തിരിച്ചെത്തുകയുള്ളൂ.

ഈ രണ്ട് പ്രവൃത്തികൾ ചേർന്നതാണ് പിതാവിന്റെ ബിസിനസ്സ്. ദൈവരാജ്യത്തിലെ മൂന്ന് പാർട്ട്ണേഴ്സും ഈ ബിസിനസ്സിൽ സജീവമായ പ്രവർത്തനത്തിലാണ്.

**1. മകന് വീണ്ടും ജീവൻ കൊടുക്കുക.**

**2. നഷ്ടപ്പെട്ട മകനെ കണ്ടെത്തുക.**

## ഫാദേഴ്സ് ബിസിനസ്സിലെ പങ്കാളികളും അവരുടെ പ്രവർത്തന മേഖലയും

**പിതാവ്:-** പിതാവാണ് ഈ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത്, അഥവാ ചുക്കാൻ പിടിക്കുന്നത്.

**പുത്രൻ:-** പുത്രന്റെ പ്രവർത്തനമാണ് മരിച്ചു പോയ മകന് വീണ്ടും ജീവൻ കൊടുക്കുന്നത്.

**പരിശുദ്ധാത്മാവ്:-** പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നഷ്ടപ്പെട്ട മകനെ കണ്ടെത്തി സ്വർഗ്ഗീയകുടുംബത്തിൽ തിരിച്ചെത്തിക്കുന്നത്.

*യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ മരിച്ച മകന് ജീവൻ ലഭിക്കുന്നു. ജീവൻ ലഭിച്ച മകൻ പരിശുദ്ധാത്മാവിനെ അനുസരിച്ച് 'മടക്കയാത്ര' ചെയ്യുമ്പോൾ ആ മകനെ കണ്ടെത്തുവാനും ഇടയാകും.*

## പ്രാർത്ഥന



സ്വർഗ്ഗീയ പിതാവേ, അതുല്യമായ ആത്മീയ രഹസ്യങ്ങൾ വെളിപ്പെടുത്തിത്തരുന്നതിനായി നന്ദി. അങ്ങയുടെ പ്രവൃത്തിയിൽ, പിതാവായ അങ്ങയോടും, യേശുവിനോടും, പരിശുദ്ധാത്മാവിനോടും കൂടെ ചേർന്ന് ദൈവേഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. പിതാവിന്റെ പ്രവൃത്തിയാണ് 'ഫാദേഴ്സ് ബിസിനസ്സ്'.
2. പലരും ചിന്തിക്കുന്നത് ആറു ദിവസം കൊണ്ട് ഭൂമിയെ പുനഃസൃഷ്ടിച്ച പ്രവൃത്തിക്ക് ശേഷം ദൈവം ഇന്നു വരെ വിശ്രമിക്കുകയായിരിക്കും എന്നാണ്, എന്നാൽ യേശു ക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ മനുഷ്യരുടെ ഈ ചിന്തകൾ തിരുത്തുവാൻ ഇടയായി.
3. ഭൂമിയിൽ പിതാവിന്റെ ബിസിനസ്സ് ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. യേശു ഇന്നു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്ത് ഭാഗത്തും, പരിശുദ്ധാത്മാവ് ഇന്ന് യേശുവിന് പകരം ഭൂമിയിലും പിതാവിന്റെ പ്രവൃത്തിയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.
4. 'പിതാവും, പുത്രനും, പരിശുദ്ധാത്മാവും' പിതാവിന്റെ ഈ ബിസിനസ്സിലെ പങ്കാളികളാണ്.
5. ഉപമയെന്നാൽ 'ഭൂമിയിലെ കഥ, സ്വർഗ്ഗീയ അർത്ഥം' എന്നാണ്. അതായത് ഭൂമിയിലെ ഒരു സംഭവം മനസ്സിലാക്കിയാൽ, അതിലൂടെ നമുക്ക് ഭൗതിക കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയാത്ത ആത്മീകമായ കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയും.
6. ഒറ്റ വാക്കിൽ പറഞ്ഞാൽ തന്റെ നഷ്ടപ്പെട്ട മകന്റെ ജീവൻ തിരികെ കൊടുത്ത്, സുബോധത്തോടെ പിതാവിന്റെ വീട്ടിൽ തിരികെ എത്തിക്കുക എന്നുള്ളതാണ് 'പിതാവിന്റെ ബിസിനസ്സ്'.
7. മകനും, ആടും, ദ്രഹ്മയും നഷ്ടപ്പെട്ടു. പക്ഷെ മകൻ മാത്രമേ മരിച്ചു പോയിരുന്നുള്ളൂ. മകനു മാത്രമേ ജീവൻ കൊടുക്കേണ്ടിയിരുന്നുള്ളൂ.

അദ്ധ്യായം 4

# യാത്രയും മടക്കയാത്രയും

"അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു." (ലൂക്കൊ. 15:20)

## പിതാവിന്റെ ബിസിനസ്സും മനുഷ്യനുമായുള്ള ബന്ധം എന്ത്?

***കർത്താവ്*** പറഞ്ഞ ഉപമയിലെ ധൂർത്തപുത്രൻ പ്രതിനിധീകരിക്കുന്നത് ആദാമിനെയാണ്. ദൈവം ആദാമിനെ സൃഷ്ടിച്ച് ദൈവരാജ്യത്തിന്റെ നിഴലായ ഏദെനിൽ ആക്കി വയ്ക്കുകയും, ആദാമിന് വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കുകയും ചെയ്തു. ആദാമിന് ദൈവത്തോടു കൂട്ടായ്മയുണ്ടായിരുന്നു, ഒരു വീട്ടിൽ താമസിക്കുന്ന പിതാവും പുത്രനും തമ്മിൽ ഉള്ള ബന്ധം പോലെ. എന്നാൽ ആദാം പിശാചിന്റെ വാക്ക് കേട്ട് തന്റെ പിതാവിന്റെ വാക്ക് ധിക്കരിക്കുകയും, ദൈവം 'തിന്നരുത്, തിന്നാൽ നീ മരിക്കും' എന്നു പറഞ്ഞ വൃക്ഷഫലം തിന്നതുകൊണ്ട് ദൈവം ആദാമിനെ ഏദെനിൽ നിന്നും പുറന്തള്ളുകയും, ആദാമിന്റെ യാത്ര പിതാവിൽ നിന്നും ലോകത്തിലേക്ക് ആകുകയും ചെയ്തു. പിതാവിനെ ധിക്കരിക്കാനുള്ള ആദാമിന്റെ തീരുമാനമാണ് പിതാവിന്റെ ഭവനമായ ദൈവരാജ്യത്തിൽ നിന്നും ദൂരദേശമായ ലോകത്തിലേക്ക് യാത്രയാകാനുള്ള കാരണം. ഈ യാത്രയെയാണ് ധൂർത്തപുത്രന്റെ ഉപമയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഈ യാത്രയാണ് പുത്രന് '**ധൂർത്തപുത്രൻ**' എന്നു പേരു വരാൻ കാരണം. പിശാചിന്റെ പദ്ധതിയിൽ കുടുങ്ങിയുള്ള ആദാമിന്റെ ഈ യാത്രയിൽ, ആദാമിന് എന്തു സംഭവിച്ചു എന്ന് ധൂർത്തപുത്രന്റെ ഉപമ നമ്മെ കാണിക്കുന്നു. "അവൻ ദുർന്നടപ്പുകാരനായി ജീവിച്ച് പിതാവിന്റെ സമ്പത്ത് നാനാവിധമാക്കിക്കളഞ്ഞു."

**"ഏറെനാൾ കഴിയും മുമ്പെ ഇളയമകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു വസ്തു നാനാവിധമാക്കിക്കളഞ്ഞു."**

**(ലൂക്കൊ 15:13)**

അതായത് ആദാമിന്റെ നിഷ്കളങ്കസ്വഭാവം നഷ്ടപ്പെട്ട് ലോകസ്വ

ഭാവത്തിനും, ജഡസ്വഭാവത്തിനും അടിമയായിത്തീർന്നു. ഇന്ന് ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഈ ആദാമിന്റെ മക്കളായ മനുഷ്യർ സൂത്രശാലികളാണ്.

**"ഒരു കാര്യം മാത്രം ഞാൻ കണ്ടിരിക്കുന്നു: ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം *സൂത്രങ്ങളെ* അന്വേഷിച്ചു വരുന്നു." (സഭാ. 7:29)**

**"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും *എല്ലായ്പ്പോഴും ദോഷമുള്ളതത്രേ* എന്നും യഹോവ കണ്ടു." (ഉല്പ. 6:5)**

ദൈവത്തിന് മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് നമുക്ക് തിരുവചനത്തിൽ നിന്നും ലഭിക്കുന്നു.

1. **മരിച്ചവർ** (ദൈവരാജ്യത്തിൽ)
2. **നഷ്ടപ്പെട്ടവർ** (തന്റെ ഭവനമായ ദൈവരാജ്യത്തെക്കുറിച്ചും സ്നേഹനിധിയായ സ്വർഗ്ഗീയപിതാവിനെക്കുറിച്ചും ബോധമില്ലാത്തവർ)
3. **ദുഷ്ടന്മാരും, സൂത്രക്കാരും** (ദൈവം കൊടുത്ത ദൈവീക സ്വഭാവം നഷ്ടപ്പെടുത്തി ദുഷ്ടനായ പിശാച് കൊടുത്ത ലോക സ്വഭാവം എറ്റെടുത്തവർ)

## പിതാവിന്റെ ബിസിനസ്സിലെ മൂന്ന് അദൃശ്യ പാർട്ട്ണർമാരുടെ പ്രവർത്തനങ്ങൾ

ദൈവത്തെ വിട്ട് ദൂരെ ലോകത്തിലേക്കുള്ള യാത്രയിൽ മനുഷ്യവർഗ്ഗത്തിന് സംഭവിച്ച കാര്യങ്ങളാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. ഈ നഷ്ടപ്പെട്ട തന്റെ മക്കളെ തിരിച്ച് ദൈവരാജ്യത്തിൽ യഥാസ്ഥാനപ്പെടുത്തുവാനുള്ള പദ്ധതിയാണ് '**പിതാവിന്റെ ബിസിനസ്സ്**'. ഈ പദ്ധതിയുമായുള്ള ബന്ധത്തിലാണ് പിതാവ് യേശുവിനെ ഭൂമിയിലേക്ക് അയച്ചത്, വചനം മാംസമായി ഭൂമിയിൽ വന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അദൃശ്യനായ ദൈവം ദൃശ്യനായി ഭൂമിയിൽ വന്നത്.

> സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വഴി അനുസരണക്കേടു മൂലം ആദാം അടച്ചു എങ്കിൽ യേശു തന്റെ അനുസരണത്തിലൂടെ പുതിയ വഴി തുറന്നു.

നഷ്ടപ്പെട്ട ആടുകളെ അന്വേഷിച്ചു വന്ന യേശുവിന്റെ പദ്ധതിയെന്ന് പറയുന്നത്, പാപം നിമിത്തം ആത്മീകമായി മരിച്ച മക്കളെ വീണ്ടും ജീവിപ്പിക്കുക, അല്ലെങ്കിൽ വീണ്ടും ദൈവരാജ്യത്തിൽ ജനിപ്പിക്കുക എന്നതാണ്. യേശു അതിനുള്ള പ്രവർത്തികൾ കാൽവരി ക്രൂശിൽ ചെയ്തു, മനുഷ്യവർഗ്ഗത്തെ വീണ്ടും ദൈവരാജ്യത്തിൽ ജനിപ്പിക്കുവാൻ, മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കായി കാൽവരി ക്രൂശിൽ മരിച്ചു. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വഴി അനുസരണക്കേടു മൂലം ആദാം അടച്ചു എങ്കിൽ യേശു തന്റെ അനുസരണത്തിലൂടെ പുതിയ വഴി തുറന്നു. ഈ വഴിക്ക് വളരെ പ്രാധാന്യം ഉണ്ട്, ധൂർത്തപുത്രനായ ആദാമിന്റെ മക്കൾക്ക് സ്വന്ത ഭവനമായ ദൈവരാജ്യത്തിലേക്ക് മടങ്ങിപ്പോകാനുള്ള വഴിയാണിത്.

ധൂർത്തപുത്രനായ ആദാമിന്റെ മക്കൾക്ക് സ്വന്ത ഭവനമായ ദൈവരാജ്യത്തിലേക്ക് മടങ്ങിപ്പോകാനുള്ള വഴിയാണ് യേശു കാൽവരി ക്രൂശിൽ തുറന്നത്.

**"അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള *പുതുവഴിയായി,* തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും," (എബ്രാ. 10:19-20)**

***പരിശുദ്ധാത്മാവ് തന്റെ പ്രവർത്തനത്തിലൂടെ മനുഷ്യവർഗ്ഗത്തിന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും, മനുഷ്യരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്യുന്നു.***

***നഷ്ടപ്പെട്ട ആടുകളെ അന്വേഷിച്ചു വന്ന യേശുവിന്റെ പദ്ധതിയെന്ന് പറയുന്നത്, പാപം നിമിത്തം ആത്മീകമായി മരിച്ച മക്കളെ വീണ്ടും ജീവിപ്പിക്കുക, അല്ലെങ്കിൽ വീണ്ടും ദൈവരാജ്യത്തിൽ ജനിപ്പിക്കുക എന്നതാണ്.***

പിതാവ് ഏല്പിച്ച തന്റെ ഭൂമിയിലെ ആദ്യ വരവിന്റെ പദ്ധതികൾക്ക് വിരാമം കുറിച്ചുകൊണ്ട് യേശു സ്വർഗ്ഗത്തിലേക്ക് കയറിപ്പോയി പിതാവിന്റെ വലത് ഭാഗത്ത് പിതാവിന്റെ ബിസിനസ്സിൽ സ്വർഗ്ഗത്തിൽ പങ്കാളിത്തം വഹിച്ചുകൊണ്ടിരിക്കുകയും, പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയക്കുകയും ചെയ്തു. പരിശുദ്ധാത്മാവ് തന്റെ പ്രവർത്തനത്തിലൂടെ മനുഷ്യവർഗ്ഗത്തിന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും, മനുഷ്യരെ സകല സത്യ

ത്തിലും വഴി നടത്തുകയും ചെയ്യുന്നു.

**"അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." (യോഹ. 16:8)**

**"സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരുകയും ചെയ്യും." (യോഹ. 16:13)**

## യാത്ര അവസാനിക്കുന്നു.

ക്ഷാമത്തിലും, ദുരിതത്തിലും, വിശപ്പിലും അകപ്പെട്ട ധൂർത്തപുത്രന്റെ യാത്ര അവന് സുബോധം വരുന്നതോടെ അവസാനിക്കുന്നതായി കാണുന്നു. എങ്ങനെ സുബോധം വന്നു എന്ന് വചനം രേഖപ്പെടുത്തിയിട്ടില്ല. കാരണം ആത്മമണ്ഡലത്തിൽ നടക്കുന്ന കാര്യങ്ങളുടെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധം വന്നത്. ***'സുബോധമാണ്'*** ധൂർത്തപുത്രന്റെ യാത്രയെ മടക്കയാത്രയാക്കി മാറ്റിയത്. പിതാവിന്റെ ബിസിനസ്സിലെ മൂന്ന് പാർട്ട്ണർമാരുടെ പ്രവർത്തനമാണ് ധൂർത്തപുത്രന് അഥവാ ഇന്ന് ആദാമിന്റെ പുത്രന്മാർക്ക് സുബോധം കൊടുക്കുന്നത്.

> ആത്മമണ്ഡലത്തിൽ നടക്കുന്ന കാര്യങ്ങളുടെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധം വന്നത്.

> ***'സുബോധമാണ്'*** ധൂർത്തപുത്രന്റെ യാത്രയെ മടക്കയാത്ര യാക്കി മാറ്റിയത്.

1. പിതാവ് ആകർഷിക്കുന്നു.
2. പുത്രൻ ജീവൻ കൊടുക്കുന്നു.
3. പരിശുദ്ധാത്മാവ് സുബോധം കൊടുത്ത് മടക്കയാത്രയിൽ വഴി നടത്തി ദൈവരാജ്യത്തിൽ എത്തിക്കുന്നു.

### പിതാവ് ആകർഷിക്കുന്നു.

**"ഇതു ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോടു: പിതാവ് കൃപ നല്കിയിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴി**

**കയില്ല എന്നു പറഞ്ഞത് എന്നും അവൻ പറഞ്ഞു.'' (യോഹ. 6:65)**

**പുത്രൻ ജീവൻ കൊടുക്കുന്നു.**

**"അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." (യോഹ. 10:10)**

**പരിശുദ്ധാത്മാവ് സുബോധം കൊടുത്ത് വഴി നടത്തി ദൈവരാജ്യത്തിൽ എത്തിക്കുന്നു.**

**"അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." (യോഹ. 16:8)**

***ജഡത്താൽ ശക്തി പ്രാപിച്ച് നില്ക്കുന്ന നമ്മുടെ സ്വയം നമ്മുടെ സ്നേഹിതനല്ല, ശത്രുവാണ്.***

**"സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ *സകല സത്യത്തിലും വഴിനടത്തും*; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരുകയും ചെയ്യും." (യോഹ. 16:13)**

തന്റെ ജീവിതത്തിലെ പ്രയാസവേളയിൽ, ഈ നിത്യതയിലെ അദൃശ്യമായ മൂന്ന് പാർട്ട്ണർമാരുടെ പ്രവർത്തിക്ക് തന്റെ ഹൃദയം ഏല്പ്പിച്ചു കൊടുത്തപ്പോഴാണ് ധൂർത്തപുത്രന് സുബോധം ഉണ്ടായത്. ഒരു മനുഷ്യന്റെ ജീവിതത്തിലെ പ്രയാസവേളയാണ് ആ വ്യക്തിക്ക് സുബോധം കൊടുക്കുവാൻ പറ്റിയ ഏറ്റവും നല്ല സമയം (Teachable moment). ആ സമയത്താണ് ആ വ്യക്തിയുടെ സ്വയം, ജഡം ഏറ്റവും താഴ്ന്നിരിക്കുന്നത്. ഇതിലൂടെ നമുക്ക് മനസ്സിലാകും ജഡത്താൽ ശക്തി പ്രാപിച്ച് നില്ക്കുന്ന നമ്മുടെ സ്വയം നമ്മുടെ സ്നേഹിതനല്ല, ശത്രുവാണെന്ന്.

**സുബോധം വന്നാൽ മടക്കയാത്രയാകുന്നു.**


***ഇന്ന് നാം ലോകത്തോട് സുവിശേഷം പറയുമ്പോൾ ക്രിസ്തുവിന്റെ കാൽവരി ക്രൂശിലൂടെ ദൈവരാജ്യത്തിലേക്ക് വീണ്ടും ജനിക്കാനുള്ള പ്രവൃത്തി മനുഷ്യരെ അറിയിക്കുകയും, അങ്ങനെ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് അദൃശ്യനായ പരിശുദ്ധാത്മാവിനെ ജനങ്ങളിൽ സുബോധം കൊടുക്കുവാൻ തക്കവണ്ണം ദൃശ്യമായ***

ഒരു ഉപകരണമാക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ സുബോധം ലഭിച്ച ജനം പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ, സ്വന്ത ഭവനമായ ദൈവരാജ്യത്തിലേക്ക്, ധൂർത്തപുത്രൻ നടന്ന് പിതാവിന്റെ ഭവനത്തിലെത്തിയതുപോലെ എത്തിച്ചേരുന്നു. പിതാവ് ആ വ്യക്തിയെ സ്നേഹത്തോടെ, സന്തോഷത്തോടെ എതിരേൽക്കുന്നു. പിതാവിന്റെ ഭവനത്തിലെത്തിയാൽ പിന്നെ തിരികെ കിട്ടിയ പുത്രനായി. ഇതാണ് പിതാവിന്റെ ബിസിനസ്സ്.

**ഒരു മനുഷ്യന്റെ ജീവിതത്തിലെ പ്രയാസവേളയാണ് ആ വ്യക്തിക്ക് സുബോധം കൊടുക്കുവാൻ പറ്റിയ ഏറ്റവും നല്ല സമയം.**

**യാത്രയും, മടക്കയാത്രയും**

**പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം**




(ചിത്രം-3)

**യാത്ര ->**

ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലേക്ക്. **(പഴയനിയമം)**

**മടക്കയാത്ര ->**

ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക്. **(പുതിയനിയമം)**

ഈ ബിസിനസ്സിൽ ധൂർത്തപുത്രന്റെ ജീവിതത്തിൽ രണ്ടു യാത്രകളെ കാണാം. ഒന്ന് ***'യാത്ര', മറ്റൊന്ന് സുബോധം ലഭിച്ചതിന് ശേഷമുള്ള 'മടക്കയാത്ര'.*** യാത്രയും മടക്കയാത്രയും രണ്ടും പരസ്പരവിരുദ്ധമായ ദിശകളിലേക്കാണ്. 'യാത്ര' പാപം ചെയ്ത മനുഷ്യൻ ദൈവരാജ്യത്തിൽ നിന്നും ലോകത്തിലേക്ക് പുറപ്പെടുന്നതാണ്, ഇത് **'പഴയനിയമത്തെ'** കാണിക്കുന്നു. 'മടക്കയാത്ര' പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും പ്രവർത്തനത്താൽ യാത്ര ചെയ്ത മനുഷ്യന് സുബോധമുണ്ടായി, ശത്രുവിന്റെ നിയന്ത്രണമേഖലയായ ലോകത്തിൽ നിന്ന് തന്റെ സ്വന്ത കുടുംബമായ ദൈവരാജ്യത്തിലേക്കുള്ളതാണ്. ഈ മടക്കയാത്ര **'പുതിയനിയമത്തെ'** കാണിക്കുന്നു.

## പഴയനിയമത്തിലെ നിഴൽ യാത്ര

**'പഴയനിയമം'** *നിഴലും* **'പുതിയനിയമം'** *പൊരുളുമാണ്.* പുതിയനിയമത്തിലെ പൊരുളായ 'മടക്കയാത്ര' പിശാചിന്റെ നിയന്ത്രണത്തിലുള്ള ലോകത്തിൽ നിന്ന് പിതാവിന്റെ ഭവനമായ സ്വർഗ്ഗരാജ്യത്തിലേക്ക് ആണെങ്കിൽ, പഴയനിയമത്തിലെ നിഴലായ 'യാത്ര' ഫറവോന്റെ നിയന്ത്രണത്തിലുള്ള ഈജിപ്റ്റിൽ നിന്ന് ദൈവം വാഗ്ദത്തം ചെയ്ത ഭൗതികമായ കനാൻ ദേശത്തേക്കായിരുന്നു. സ്വർഗ്ഗരാജ്യത്തിലേക്കുള്ള മടക്കയാത്രയിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ഏകദൈവം തന്നെ മൂന്ന് പാർട്ട്ണർമാരായി പ്രവർത്തിച്ചു എങ്കിൽ, കനാനിലേക്കുള്ള യാത്രയിലെ മൂന്ന് പാർട്ട്ണർമാരിൽ ഒന്ന് അദൃശ്യനായ ദൈവവും, മറ്റ് രണ്ട് പേർ ദൃശ്യരായ മോശയും, യോശുവയും ആയിരുന്നു.

## നിഴൽ യാത്രയിലെയും പൊരുൾ യാത്രയിലെയും പാർട്ട്ണർമാരുടെ ജോലിയുടെ താരതമ്യപഠനം:-

| കനാൻ യാത്ര (നിഴൽ യാത്ര) പാർട്ട്ണേഴ്സ് | സ്വർഗ്ഗരാജ്യം (പൊരുൾ യാത്ര) പാർട്ട്ണേഴ്സ് |
|---|---|
| **1. ദൈവം**<br>അടിമത്തത്തിൽപ്പെട്ടുപോയ ജനത്തെ സ്വതന്ത്രമാക്കി കനാനിലെത്തിക്കാനുള്ള യാത്രയ്ക്ക് ചുക്കാൻ പിടിച്ചുകൊണ്ട് മോശയെയും യോശുവയെയും അയക്കുന്നു. | **1. പിതാവ്**<br>പിശാചിന്റെ അടിമത്തത്തിൽപ്പെട്ടുപോയ തന്റെ മക്കൾക്ക് സ്വർഗ്ഗരാജ്യം അവകാശമാക്കി കൊടുക്കാൻ മടക്കയാത്രക്ക് ചുക്കാൻ പിടിച്ചുകൊണ്ട് യേശുവിനെയും, തുടർന്ന് പരിശുദ്ധാത്മാവിനെയും അയക്കുന്നു. *(രക്ഷിക്ക* |

| | |
|---|---|
| | *പ്പെടാത്ത മനുഷ്യരുടെ അടുക്കലേക്ക്)* |
| **2. മോശ**<br>ദൈവകല്പനപ്രകാരം, ദൈവശക്തി ഉപയോഗിച്ച് യിസ്രായേൽ ജനത്തെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് വിടുവിച്ച് കൊണ്ടുപോകുന്നു. ***(രക്ഷിക്കുന്നു)*** | **2. യേശു**<br>പാപം നിമിത്തം ലോകത്തിൽ പിശാചിന്റെ അടിമത്തത്തിൽ ആയിപ്പോയ ജനത്തെ, പാപത്തിന് പരിഹാരമായ കാൽവരി ക്രൂശിലെ യാഗത്തിലൂടെ വിടുവിക്കുന്നു. ***(മനുഷ്യർ രക്ഷിക്കപ്പെടുന്നു)*** |
| **3. യോശുവ**<br>യിസ്രായേൽ ജനത്തോടു ചേർന്ന് യിസ്രായേൽ ജനത്തിന് വേണ്ടി യുദ്ധം ചെയ്ത് കനാനിലെ ഏഴ് ജാതികളെ തോല്പിച്ച് കനാൻ ദേശം അവകാശമാക്കി കൊടുക്കുന്നു *(ആത്മാവിനാൽ ജഡചിന്തകളെ മരിപ്പിച്ച് ദൈവരാജ്യം അവകാശമാക്കുന്നതിന്റെ നിഴൽ).* | **3. പരിശുദ്ധാത്മാവ്**<br>രക്ഷിക്കപ്പെട്ട ജനത്തിലുള്ള ജഡചിന്തകളോട്, ജനത്തിന്റെ സഹകരണത്തോടെ യുദ്ധം ചെയ്ത് തോല്പ്പിച്ച്, ആത്മാവിനെ അനുസരിച്ച് നടക്കുന്ന ജനങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കിക്കൊടുക്കുന്നു. *(മനുഷ്യർ മടക്കയാത്ര ചെയ്ത് ദൈവരാജ്യം അവകാശമാക്കുന്നു.)* |

പഴയനിയമത്തിലെ കനാൻ യാത്രയുടെയും, പുതിയനിയമത്തിലെ ദൈവരാജ്യയാത്രയുടെയും താരതമ്യ പഠനം: രക്ഷിക്കപ്പെടാത്ത ഒരു വ്യക്തി എവിടെ നില്ക്കുന്നുവെന്നും, രക്ഷിക്കപ്പെട്ട വ്യക്തി എവിടെ നില്ക്കുന്നുവെന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. രക്ഷിക്കപ്പെട്ട നമ്മൾ ഇന്ന് നിഴലായ കനാൻ യാത്രയിലല്ല, പകരം പൊരുളായ സ്വർഗ്ഗരാജ്യയാത്രയിലാണ്. ദൈവം നമുക്കായ് ഒരുക്കിയിരിക്കുന്നതിനെ നേടാൻ നമുക്ക് ദൈവത്തിലാശ്രയിക്കാം.

> പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്.

പിതാവ് യേശുവിനെ ഭൂമിയിൽ അയച്ചതിലൂടെ ചെയ്ത വലിയ പ്രവൃത്തിയാണ് നമ്മൾ പാപത്തിന്റെ ശിക്ഷയിൽ നിന്നും **രക്ഷിക്കപ്പെട്ടത്**. പിതാവ് അയച്ച പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്ക് കീഴ്പ്പെട്ടുകൊണ്ട്, അഥവാ പരിശുദ്ധാത്മാവിനെ അനുസരിച്ച് ജീവിച്ച്, യോശുവയോടു കൂടെ യുദ്ധം ചെയ്ത യിസ്രായേൽ ജനം കനാൻ ദേശം അവകാശമാക്കിയതുപോലെ നമുക്ക് ക്രിസ്താനുരൂപമായി വെളിപ്പെട്ട് **ദൈവരാജ്യം അവകാശമാക്കാം**.

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അങ്ങ് ഞങ്ങളുടെ ജീവിതത്തിൽ ചെയ്യുന്ന അതുല്യമായ പ്രവർത്തിക്കായി നന്ദി. അത് ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നതിനായി നന്ദി. യേശുവിലൂടെയും, പരിശുദ്ധാത്മാവിലൂടെയും ഉള്ള അങ്ങയുടെ പ്രവർത്തിയിൽ പങ്കാളികളായി തീർന്ന് ദൈവരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. നഷ്ടപ്പെട്ട ആടുകളെ അന്വേഷിച്ചു വന്ന യേശുവിന്റെ പദ്ധതിയെന്ന് പറയുന്നത്, പാപം നിമിത്തം ആത്മീകമായി മരിച്ച മക്കളെ വീണ്ടും ജീവിപ്പിക്കുക, അല്ലെങ്കിൽ വീണ്ടും ദൈവരാജ്യത്തിൽ ജനിപ്പിക്കുക എന്നതാണ്.
2. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വഴി അനുസരണക്കേടു മൂലം ആദാം അടച്ചു എങ്കിൽ യേശു തന്റെ അനുസരണത്തിലൂടെ പുതിയ വഴി തുറന്നു.
3. പരിശുദ്ധാത്മാവ് തന്റെ പ്രവർത്തനത്തിലൂടെ മനുഷ്യവർഗ്ഗത്തിന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും, മനുഷ്യരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്യുന്നു.
4. ആത്മമണ്ഡലത്തിൽ നടക്കുന്ന കാര്യങ്ങളുടെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധം വന്നത്.
5. സുബോധമാണ് ധൂർത്തപുത്രന്റെ യാത്രയെ മടക്കയാത്രയാക്കി മാറ്റിയത്.
6. ഒരു മനുഷ്യന്റെ ജീവിതത്തിലെ പ്രയാസവേളയാണ് ആ വ്യക്തിക്ക് സുബോധം കൊടുക്കുവാൻ പറ്റിയ ഏറ്റവും നല്ല സമയം.
7. ഇന്ന് നാം ലോകത്തോട് സുവിശേഷം പറയുമ്പോൾ

'ക്രിസ്തുവിന്റെ കാൽവരി ക്രൂശിലൂടെ ദൈവരാജ്യത്തിലേക്ക് വീണ്ടും ജനിക്കാനുള്ള പ്രവൃത്തി' മനുഷ്യരെ അറിയിക്കുകയും, അങ്ങനെ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് അദൃശ്യനായ പരിശുദ്ധാത്മാവിനെ ജനങ്ങളിൽ സുബോധം കൊടുക്കുവാൻ തക്കവണ്ണം ദൃശ്യമായ ഒരു ഉപകരണമാക്കുകയുമാണ് ചെയ്യുന്നത്.

8. യാത്ര ->

ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലേക്ക്. (പഴയനിയമം)

മടക്കയാത്ര ->

ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക്. (പുതിയനിയമം)

9. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്.



### അദ്ധ്യായം 5

# യേശുവിന്റെ ആദ്യ സന്ദേശത്തിന്റെ ഉൾക്കാഴ്ച

"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു." (ലൂക്കൊ. 2:49 KJV പരിഭാഷ)

***യേശുവിന്റെ*** ആദ്യ സന്ദേശം തന്റെ 12–ാം വയസ്സിലായിരുന്നുവെന്നും, തന്റെ സന്ദേശത്തിന്റെ പേര് **'ഫാദേഴ്സ് ബിസിനസ്സ്'** എന്നതായിരുവെന്നും, താൻ സന്ദേശം പറഞ്ഞത് തന്റെ മാതാപിതാക്കന്മാരോടായിരുന്നുവെന്നും മുൻ അദ്ധ്യായങ്ങളിൽ നിന്നും നാം മനസ്സിലാക്കിയല്ലോ. യേശു പറഞ്ഞ സന്ദേശം തന്റെ മാതാപിതാക്കന്മാർക്ക് മനസ്സിലായില്ലെന്നാണ് ബൈബിൾ പറയുന്നത്.

**"അവൻ തങ്ങളോട് പറഞ്ഞ വാക്ക് അവർ ഗ്രഹിച്ചില്ല."**
**(ലൂക്കൊ. 2:50)**

ഈ സന്ദേശം യേശുവിന്റെ മാതാപിതാക്കന്മാരെപ്പോലെ ഇന്ന് ലോകത്തിനും ഇതുവരെ മനസ്സിലായിട്ടില്ല. സഭയ്ക്കും ഇത് മനസ്സിലായിട്ടുണ്ടോ എന്നുള്ളത് സംശയമാണ്!.

> പിതാവിന്റെ പ്രവൃത്തികൾ നടക്കുന്നത് സമയത്തിൽ പ്രവർത്തിക്കുന്ന ഈ ലോകത്തിലും, നിത്യതയിലുള്ള ദൈവരാജ്യത്തിലും കൂടിയാണ്.

ഇതിന്റെ കാരണം ദൈവം ആത്മാവാണ്, ദൈവം വസിക്കുന്നത് നിത്യതയിലാണ്. മനുഷ്യരായ നാം ഈ ലോകത്തിൽ ജഡത്തിൽ, നിത്യതയിലല്ല, സമയത്തിൽ വസിക്കുന്നവരാണ്. ആത്മാവായിരിക്കുന്ന പിതാവിന്റെ ബിസിനസ്സ്, അഥവാ പിതാവിന്റെ പ്രവൃത്തികൾ നടക്കുന്നത് സമയത്തിലും, സമയത്തിനതീതമായ നിത്യതയിലും കൂടെയാണ്, മറ്റൊരു രീതിയിൽ പറഞ്ഞാൽ പിതാവിന്റെ പ്രവൃത്തികൾ നടക്കുന്നത് സമയത്തിൽ പ്രവർത്തിക്കുന്ന ഈ ലോകത്തിലും, നിത്യതയിലുള്ള ദൈവരാജ്യത്തിലും കൂടെയാണ്. ഒന്നു കൂടി പറഞ്ഞാൽ, മനുഷ്യർക്കറിയാവുന്ന ലോകത്തിലും, മനുഷ്യർക്കറിയാത്ത ദൈവരാജ്യത്തിലും കൂടെയാണ് പിതാവിന്റെ പ്രവൃത്തികൾ നടക്കുന്നത്. സമയ

ത്തിലും നിത്യതയിലും നടക്കുന്ന പിതാവിന്റെ ഈ പ്രവൃത്തികൾ മനസ്സിലാക്കുവാൻ മനുഷ്യമനസ്സുകൾക്ക് പ്രയാസമാണെങ്കിലും വീണ്ടും ജനിച്ച മനുഷ്യർക്ക് പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ഇത് മനസ്സിലാക്കാൻ കഴിയും.

പന്ത്രണ്ടാം വയസ്സിൽ തന്റെ സന്ദേശത്തിന്റെ തലക്കെട്ട് പറഞ്ഞു നിർത്തിയ യേശു തുടർന്ന് ഏകദേശം പതിനെട്ട് വർഷങ്ങൾക്ക് ശേഷം തന്റെ മുപ്പതാം വയസ്സിൽ 'പിതാവിന്റെ ബിസിനസ്സ്' എന്താണെന്ന് വെളിപ്പെടുത്തിക്കൊണ്ടാണ് തിരുവചനത്തിലൂടെ ലോകത്തിന് വെളിപ്പെടുന്നത്. മനുഷ്യമനസ്സുകൾക്ക് എളുപ്പം മനസ്സിലാക്കാൻ കഴിയാത്ത വാക്കുകളായിരുന്നു യേശുവിന്റേത്.

*യേശു ആദ്യം പറഞ്ഞ വാക്ക് "**കാലം തികഞ്ഞു**" എന്നതാണ്. രണ്ടാമത് പറഞ്ഞ വാക്ക് "**ദൈവരാജ്യം സമീപിച്ചിരിക്കുന്നു**" മൂന്നാമത് പറഞ്ഞത് മുകളിൽ പറഞ്ഞ ഈ രണ്ട് കാര്യങ്ങളും നടക്കുന്നത് കൊണ്ട് മനുഷ്യർ എന്ത് ചെയ്യണമെന്നാണ്, "**മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ.**"*

ആദ്യത്തെ രണ്ട് വാക്കുകളിൽ ദൈവം ഇപ്പോൾ ഈ പ്രപഞ്ചത്തിൽ കാണുന്ന അവസ്ഥയും, മൂന്നാമത്തെ വാക്യത്തിൽ ഈ അവസ്ഥയിൽ മനുഷ്യർ എന്തുചെയ്യണമെന്നുള്ളതുമാണ് വെളിപ്പെടുത്തിയിരിക്കുന്നത.

## ദൈവം കാണുന്ന അവസ്ഥ

ആത്മാവാകുന്ന ദൈവം ആത്മീക സാഹചര്യവും ഭൗതിക സാഹചര്യവും ഒരുമിച്ച് കാണുകയാണ്. ദൈവം കണ്ട ഭൗതിക സാഹചര്യമാണ് "**സമയം തികഞ്ഞു**". ദൈവം കണ്ട ആത്മീക സാഹചര്യമാണ് "**ദൈവരാജ്യം സമീപിച്ചിരിക്കുന്നു**".

**"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു." (മർക്കൊ. 1:15)**

ലോകം പ്രവർത്തിക്കുന്നത് 'സമയത്തിലാണ്'. അതുകൊണ്ടാണ് നമ്മിൽ പലരും പലപ്പോഴും സമയമില്ലായെന്ന് പറയുന്നത്. ലോകത്തിൽ ജീവിക്കുന്ന നമ്മോടും ദൈവം പറയുന്നത് 'സമയം' തക്കത്തിൽ ഉപയോഗിക്കുവാനാണ്.

**"ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ." (എഫെ. 5:16)**

യേശു ഇവിടെ പറയുന്ന ആദ്യ വാക്ക്, 'കാലം തികഞ്ഞു' അല്ലേ

ങ്കിൽ 'കാലം കഴിഞ്ഞു' എന്നാണ്. ഈ വാക്ക് നാം വസിക്കുന്ന ഭൗതികലോകവുമായി ബന്ധപ്പെട്ട് കിടക്കുന്നു, അതോടൊപ്പം തന്നെ പാപം നിമിത്തം മനുഷ്യവർഗ്ഗത്തിനുണ്ടായ ശിക്ഷയുമായും ബന്ധപ്പെട്ട് കിടക്കുന്നു.

തുടർന്ന് യേശു പറയുന്ന വാക്ക് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു." ദൈവരാജ്യം സമയത്തിലല്ല, നിത്യതയിലാണ്. ഈ വാക്ക് ദൈവം വസിക്കുന്ന ആത്മരാജ്യവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

മറ്റൊരു രീതിയിൽ പറഞ്ഞാൽ യേശു പറഞ്ഞ വാക്ക് ഇങ്ങനെയാണ് **"സമയം തികഞ്ഞു നിത്യത സമീപിച്ചിരിക്കുന്നു".**

സമയത്തെക്കുറിച്ചും നിത്യതയെക്കുറിച്ചും അറിവില്ലാത്തവരായിരിക്കുന്ന എന്റെ സഹോദരങ്ങളായ വായനക്കാർക്ക് ഇത് മനസ്സിലാക്കാൻ പ്രയാസമായതിനാൽ നമുക്ക് അല്പമായി സമയത്തെക്കുറിച്ചും നിത്യതയെക്കുറിച്ചും മനസ്സിലാക്കാം.


## നിത്യതയും സമയവും

**നിത്യത**:- ദൈവം വസിക്കുന്ന സമയത്തിന് അതീതമായ മണ്ഡലത്തെയാണ് നിത്യത എന്നു പറയുന്നത്.

**സമയം**:- നിത്യതയിലെ ഒരു കാലയളവാണ് സമയം.


നിത്യതയിൽ ദൈവവും, സമയത്തിൽ മനുഷ്യനും വസിക്കുന്നു. നിത്യതക്ക് ആരംഭവും അവസാനവും ഇല്ല, പക്ഷെ സമയത്തിന് ആരംഭവും അവസാനവും ഉണ്ട്.

താഴെ കാണുന്ന ചിത്രത്തിൽ ആരംഭവും അവസാനവുമില്ലാതെ കുത്തുകൾ കൊണ്ടുള്ള വര നിത്യതയെ കാണിക്കുന്നു.




(ചിത്രം-4)

എന്നാൽ അടുത്ത ചിത്രത്തിൽ നിത്യതയെ രണ്ടായി മുറിച്ചുകൊണ്ട് ഒരു ദീർഘചതുരപ്പെട്ടി വരച്ചിരിക്കുന്നത് കാണാം. ഈ പെട്ടി ഒരു കാലയളവിനെ കാണിക്കുന്നു. ഈ നിത്യതയിലുള്ള കാലയളവാണ് സമയം, ഈ കാലയളവിന് ആരംഭവും അവസാനവും ഉണ്ട്.




(ചിത്രം-5)

സമയം തുടങ്ങിയതാണ്, സമയം അവസാനിക്കുകയും ചെയ്യും. ഉല്പത്തി പുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ ദൈവം ഭൂമിയെ പുന:സൃഷ്ടിക്കുമ്പോൾ ‘സന്ധ്യയായി, ഉഷസ്സുമായി; ഒന്നാം ദിവസം’ എന്ന് പറഞ്ഞു തുടങ്ങിയപ്പോൾ ആണ് നിത്യതയിലെ കാലയളവായ സമയത്തിന്റെ തുടക്കം. ഇന്നും സമയം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. വെളിപ്പാട് പുസ്തകം അവസാന അദ്ധ്യായങ്ങളിൽ വരുമ്പോൾ ‘പിതാവിന്റെ ബിസിനസ്സ്’ തീരുന്നതോടുകൂടി സമയവും അവസാനിക്കുന്നു, നിത്യത തുടരുന്നു. അങ്ങനെ സമയം നിത്യതയെ രണ്ടായി മുറിക്കുന്നു. ‘ആദ്യ നിത്യതയെന്നും അവസാന നിത്യതയെന്നും’.

> നിത്യതയിൽ ദൈവവും സമയത്തിൽ മനുഷ്യനും വസിക്കുന്നു.

> ഉല്പത്തി പുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ ദൈവം ഭൂമിയെ പുനർസൃഷ്ടിക്കുമ്പോൾ സന്ധ്യയായി ഉഷസ്സുമായി ഒന്നാം ദിവസം എന്ന് പറഞ്ഞ് തുടങ്ങിയപ്പോൾ ആണ് നിത്യതയിലെ പീരീഡായ ‘സമയത്തിന്റെ തുടക്കം’.

നാം ആരും മുംബൈ മുതൽ മുംബൈ വരെ എന്ന് പറയാറില്ല. അതിൽ ഒരു വ്യാകരണതെറ്റ് കാണുവാൻ സാധിക്കും. എന്നാൽ മുംബൈയെ രണ്ടായി മുറിച്ചാൽ പറയാം സൗത്ത് മുംബൈ മുതൽ നോർത്ത് മുംബൈ വരെ. ഇതുപോലെ സമയം നിത്യതയെ രണ്ടായി വിഭാഗിച്ചിരിക്കുന്നതായി താഴെ കാണുന്ന വചനഭാഗങ്ങളിലൂടെ നമുക്ക് കാണാം. 90-ാം സങ്കീർത്തനത്തിൽ മോശ പറയുന്നത് ശ്രദ്ധിക്കാം.

> നിത്യതക്ക് ആരംഭവും അവസാനവും ഇല്ല, പക്ഷെ സമയത്തിന് ആരംഭവും അവസാനവും ഉണ്ട്.

**“പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ നീ അനാദിയായും ശാശ്വ**


തമായും ദൈവം ആകുന്നു.” (സങ്കീ. 90:2)

**“Before the mountains were brought forth, Or ever thou hadst formed the earth and the world, Even from everlasting to everlasting, thou art God. ” (Psalms. 90:2)**

**Everlasting = OWLAM (Hebrew) = Eternity**

**Everlasting** എന്നതിന് അർത്ഥം എന്നേയ്ക്കും ഉള്ളത്, “നിത്യത”.

മുകളിൽ പറഞ്ഞിരിക്കുന്ന വാകൃത്തിൽ നിത്യത രണ്ടായി മുറിഞ്ഞിരിക്കുന്നത് കാണാം. അതുകൊണ്ടാണ് ‘നിത്യത മുതൽ നിത്യത വരെയെന്ന്’ പറഞ്ഞിരിക്കുന്നത്. സമയമാണ് നിത്യതയുടെ ഈ വിഭജനത്തിന് കാരണം.




**വീഴ്ചക്ക് മുമ്പ് ഒരു സമയത്ത് രണ്ട് ലോകത്തിൽ ജീവിച്ചിരുന്ന ആദാം** (ചിത്രം-6)

മനുഷ്യരായ നാം സമയത്തിലും നിത്യതയിലും ഒരുപോലെ ജീവിക്കുവാൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്. **Kingdom series Vol-1 & 2** പുസ്തകങ്ങളായ ‘**ആത്മലോകവും ആത്മീയവളർച്ചയും**’, ‘**ജയിക്കാനായ് വീണ്ടും ജനിച്ചവർ**’ എന്നീ പുസ്തക

ങ്ങൾ വായിച്ചാൽ ഈ ഭാഗങ്ങൾ മനസ്സിലാക്കാൻ എളുപ്പമായിരിക്കും.

നിത്യതയിലെ ഒരു കാലയളവാണ് സമയമെന്നും, സമയത്തിലാണ് മനുഷ്യരായ നാം വസിക്കുന്നതെന്നും, സമയത്തിനതീതമായി ദൈവം വസിക്കുന്ന മണ്ഡലമാണ് നിത്യതയെന്നും, സമയം തീരുന്നതാണെന്നും, നിത്യതയ്ക്ക് ആരംഭവും അവസാനവും ഇല്ലായെന്നും നാം ഇപ്പോൾ മനസ്സിലാക്കിയല്ലോ.

മനുഷ്യരായ നാം സമയത്തിലും നിത്യതയിലും ഒരുപോലെ ജീവിക്കുവാൻ വേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്.

ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ ആദാമിന് നിത്യതയിലുള്ള ദൈവരാജ്യവുമായും, സമയത്തിലുള്ള ഭൗതിക ലോകവുമായും ഒരുപോലെ ബന്ധപ്പെടുവാൻ കഴിയുമായിരുന്നു. നിത്യതയിലുള്ള ദൈവരാജ്യത്തിൽ നിന്ന് സ്വീകരിച്ച് സമയത്തിലുള്ള ഭൗതിക ലോകത്തിൽ പ്രവർത്തിക്കുക എന്നതായിരുന്നു സൃഷ്ടാവായ ദൈവം ആദാമിൽ വച്ചിരുന്ന പ്രവർത്തനശൈലി. എന്നാൽ ന്യായാധിപനായ ദൈവം ആദാമിനോട് നേരത്തെ തന്നെ ഒരു കല്പന പറഞ്ഞിരുന്നു. 'നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം കഴിക്കരുതെന്നും കഴിക്കുന്ന നാളിൽ നീ മരിക്കുമെന്നും.'

**"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും."**
**(ഉല്പ. 2:17)**

നിത്യതയിലുള്ള ദൈവരാജ്യത്തിൽ നിന്ന് സ്വീകരിച്ച് സമയത്തിലുള്ള ഭൗതിക ലോകത്തിൽ പ്രവർത്തിക്കുന്നതായിരുന്നു സൃഷ്ടിതാവായ ദൈവം ആദാമിൽ വച്ചിരുന്ന പ്രവർത്തനശൈലി.

എന്നാൽ ആദാം പിശാചിന്റെ തന്ത്രത്തിൽ കുടുങ്ങി തിന്നരുതെന്ന് ദൈവം പറഞ്ഞ വൃക്ഷത്തിന്റെ ഫലം തിന്നുകയും പിതാവിന്റെ ഈ കല്പന ലംഘിച്ച് ശിക്ഷാവിധിയിൽ അകപ്പെടുകയും ചെയ്തു. അങ്ങനെ മരണം തന്നെ പിടിക്കുകയും, താൻ ആത്മമണ്ഡലത്തിൽ അഥവാ നിത്യതയിൽ മരിക്കുകയും ചെയ്തു. അങ്ങനെ ദൈവവുമായിട്ടുള്ള തന്റെ ബന്ധം നഷ്ടപ്പെട്ട്, നിത്യതയിൽ മരിച്ച താൻ സമയത്തിൽ ബന്ധനസ്ഥനായി. മരണം സമയത്തിന്റെ മണ്ഡലമായ ഭൂമിയിലേക്കും വ്യാപരിച്ചു. തന്റെ ശരീരത്തെ കാർന്ന് തിന്നാൻ തുടങ്ങി, ശരീരം ദ്രവിക്കാൻ തുടങ്ങി. തുടർന്ന് താൻ ആത്മാവിൽ മാത്രമല്ല ലോകത്തിൽ വച്ച് ശരീരത്തിലും മരിച്ചു. തുടർന്ന് തന്റെ

ദേഹി പാതാളത്തിലേക്ക് തള്ളപ്പെട്ടു.

**“ആദാമിൽ എല്ലാവരും മരിക്കുന്നു.” (1 കൊരി. 15:22)**

തന്റെ ആത്മാവുകൊണ്ട് നിത്യതയിലും, ശരീരം കൊണ്ട് സമയത്തിലും ആദാം മരിച്ചു, തന്റെ ദേഹി പാതാളത്തിലേക്ക് തള്ളപ്പെട്ടു. ഇനി ഒരു മരണം കൂടിയേ ആദാമിന് ബാക്കിയുള്ളൂ, അതത്രേ രണ്ടാം മരണം, അഥവാ നിത്യ മരണം.

തുടക്കത്തിലെ ദൈവരാജ്യത്തിൽ, അഥവാ നിത്യതയിൽ മരിച്ച ആദാം ലോകത്തിൽ, അഥവാ സമയത്തിൽ 930 വർഷക്കാലം ജീവിച്ചു. അങ്ങനെ തന്റെ ആത്മാവുകൊണ്ട് നിത്യതയിലും, ശരീരം കൊണ്ട് സമയത്തിലും ആദാം മരിച്ചു, തന്റെ ദേഹി പാതാളത്തിലേക്ക് തള്ളപ്പെട്ടു. ഇനി ഒരു മരണം കൂടിയേ ആദാമിന് ബാക്കിയുള്ളൂ, അതത്രേ രണ്ടാം മരണം, അഥവാ നിത്യ മരണം. ഇത് സംഭവിക്കുന്നത് അവസാനം വെള്ള സിംഹാസനന്യായവിധിയിലാണ്. ഇതിന്റെ പേരാണ് രണ്ടാം മരണം. വെളിപ്പാട് പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

സമയം നിത്യതയെ രണ്ടായി വിഭാഗിച്ചിരിക്കുന്നു.

**“ഞാൻ വലിയോരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ളവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ളവരെ ഏല്പ്പിച്ചു കൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; <u>ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം.</u> ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊ യ്കയിൽ തള്ളിയിടും.” (വെളി. 20:11-15)**

ആദാമിന്റെ സന്തതികളായ ഓരോ വ്യക്തിയും ആദാമിന്റെ അനുസരണക്കേടിനാൽ നിത്യതയിൽ, അഥവാ ദൈവരാജ്യത്തിൽ മരിച്ച് സമയത്തിൽ മാത്രം യാത്ര ചെയ്യുന്നവരാണ്.

പ്രിയ വായനക്കാരേ, ഇപ്പോൾ ഈ മനുഷ്യനെ തീപ്പൊയ്കയിലേക്ക് എടുത്തെറിയുന്ന രണ്ടാം മരണം കണ്ട് നിങ്ങൾ ഭയപ്പെടേണ്ട. നമ്മളെ അതിൽ നിന്നും രക്ഷിക്കാനത്രേ യേശു വന്നത്. ആദാമിന്റെ സന്തതികളായ ഓരോ വ്യക്തിയും ആദാമിന്റെ അനുസരണക്കേടിനാൽ നിത്യതയിൽ, അഥവാ ദൈവരാജ്യത്തിൽ മരിച്ച് സമയത്തിൽ മാത്രം യാത്ര ചെയ്യുന്നവരാണ്. അവരെ രക്ഷിക്കാനാണ് യേശു വന്നത്. അവരോടാണ് യേശു പറയുന്നത്, "*കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മറ്റൊരു രീതിയിൽ പറഞ്ഞാൽ കാലം തികഞ്ഞു, നിത്യത സമീപിച്ചിരിക്കുന്നു.*"

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അങ്ങ് വസിക്കുന്ന നിത്യതയെയും, ഞങ്ങൾ വസിക്കുന്ന സമയത്തെയും കുറിച്ച് വെളിപ്പെടുത്തി തന്നതിനായി നന്ദി. പിശാചിന്റെ ആലോചനയെ അനുസരിച്ചതിനാൽ, നിത്യതയിൽ മരിച്ച്, സമയത്തിൽ മാത്രം കുടുങ്ങിയ ഞങ്ങളെ രക്ഷിക്കുവാൻ അങ്ങ് കടന്ന് വന്നതിനായി നന്ദി, യേശുവിൻ നാമത്തിൽ തന്നേ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. **പിതാവിന്റെ പ്രവൃത്തികൾ നടക്കുന്നത് സമയത്തിൽ പ്രവർത്തിക്കുന്ന ഈ ലോകത്തിലും, നിത്യതയിലുള്ള ദൈവരാജ്യത്തിലും കൂടിയാണ്.**
2. **നിത്യത:- ദൈവം വസിക്കുന്ന സമയത്തിന് അതീതമായ മണ്ഡലത്തെയാണ് നിത്യത എന്നു പറയുന്നത്.**

   **സമയം:- നിത്യതയിലെ ഒരു കാലയളവാണ് സമയം.**
3. **നിത്യതയിൽ ദൈവവും സമയത്തിൽ മനുഷ്യനും വസിക്കുന്നു.**
4. **നിത്യതക്ക് ആരംഭവും അവസാനവും ഇല്ല, പക്ഷേ സമയത്തിന് ആരംഭവും അവസാനവും ഉണ്ട്.**
5. **ഉല്പത്തി പുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ**

ദൈവം ഭൂമിയെ പുനഃസൃഷ്ടിക്കുമ്പോൾ 'സന്ധ്യയായി, ഉഷസ്സുമായി; ഒന്നാം ദിവസം' എന്ന് പറഞ്ഞ് തുടങ്ങിയപ്പോൾ ആണ് നിത്യതയിലെ കാലയളവായ സമയത്തിന്റെ തുടക്കം.

6. മനുഷ്യരായ നാം സമയത്തിലും നിത്യതയിലും ഒരുപോലെ ജീവിക്കുവാൻ വേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്.

7. നിത്യതയിലുള്ള ദൈവരാജ്യത്തിൽ നിന്ന് സ്വീകരിച്ച് സമയത്തിലുള്ള ലോകത്തിൽ പ്രവർത്തിക്കുന്നതായിരുന്നു സൃഷ്ടാവായ ദൈവം ആദാമിൽ വച്ചിരുന്ന പ്രവർത്തനശൈലി.

8. തന്റെ ആത്മാവുകൊണ്ട് നിത്യതയിലും, ശരീരം കൊണ്ട് സമയത്തിലും (ലോകത്തിലും) ആദാം മരിച്ചു. അതോടെ തന്റെ ദേഹി പാതാളത്തിലേക്ക് തള്ളപ്പെട്ടു. ഇനി ഒരു മരണം കൂടിയേ ആദാമിന് ബാക്കിയുള്ളൂ, അതത്രേ നിത്യമരണം (രണ്ടാം മരണം).

9. ആദാമിന്റെ സന്തതികളായ ഓരോ വ്യക്തിയും ആദാമിന്റെ അനുസരണക്കേടിനാൽ നിത്യതയിൽ, അഥവാ ദൈവരാജ്യത്തിൽ മരിച്ച് സമയത്തിൽ മാത്രം യാത്ര ചെയ്യുന്നവരാണ്.



## അദ്ധ്യായം 6

# സമയം തികഞ്ഞു, നിത്യത സമീപിച്ചിരിക്കുന്നു.

"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു."(മർക്കൊ. 1:15)

"And saying, The **'time'** is fulfilled, and the kingdom of God is at hand: repent ye, and believe the gospel." (Mark. 1:15[KJV])

**സമയം** തികഞ്ഞു, നിത്യത സമീപിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം, ദൈവത്തിന്റെ ഹൃദയത്തിൽ മനുഷ്യവർഗ്ഗവുമായി ബന്ധപ്പെട്ട എതോ ഒന്നിന്റെ സമയം കഴിഞ്ഞു എന്നുള്ളതാണ്.

### എന്തിന്റെ "സമയമാണ്" കഴിഞ്ഞത്?

മനുഷ്യവർഗ്ഗവുമായി ബന്ധപ്പെട്ട ആദ്യ ന്യായവിധി കൊരിന്ത്യ ലേഖനത്തിൽ കാണുന്ന ക്രിസ്തുവിന്റെ വിധിയല്ല.

**"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." (2 കൊരി. 5:10)**

മനുഷ്യവർഗ്ഗവുമായി ബന്ധപ്പെട്ട ആദ്യത്തെ ശിക്ഷാവിധി ഉല്പ്പത്തി 2:17-ൽ പിതാവായ ദൈവം ആദാമിനോട് പറഞ്ഞതാണ്.

"നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നീ മരിക്കും."

ദൈവത്തോട് അനുസരണക്കേട് കാണിച്ചതിന്റെ ശിക്ഷയാണ് ഈ മരണം. ആദാം അനുസരണക്കേട് കാണിച്ചു, ശിക്ഷാവിധി ആദാമിന്മേൽ വന്നു. ആദാം മരിച്ചു അല്ലെങ്കിൽ ആദാമിനെ മരണമാകുന്ന ദൂതൻ പിടിച്ചു, ആദാം ലോകത്തിൽ സമയത്തിന്റെ തടവറയിൽ ബന്ധിതനായി. ആദാമിന് ദൈവം കൊടുത്ത അധികാരസീമയായ ലോകത്തിലേക്ക് മരണദൂതൻ കടന്നു വന്നു. ആദാമിന്റെ തലമുറ മുഴുവൻ ലോകത്തിൽ സമയത്തിന്റെ തടവറയിൽ മരണത്തിന്റെ കീഴിലായി. തിരുവചനം പറയുന്നത് ശ്രദ്ധിക്കുക,

**"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." (റോമ. 5:12)**

**നമുക്കറിയാം ന്യായാധിപൻ ഒരു ശിക്ഷാവിധി പ്രഖ്യാപിക്കുമ്പോൾ ശിക്ഷയുടെ ഗൗരവം അനുസരിച്ച് ന്യായാധിപന്റെ ഹൃദയത്തിൽ ശിക്ഷയ്ക്ക് ഒരു കാലാവധി, അല്ലെങ്കിൽ സമയം അദ്ദേഹം നിശ്ചയിച്ചിട്ടുണ്ടാകും.**

ഭൗതികമായി ചിന്തിച്ചാൽ സാധാരണ പോക്കറ്റടി എന്ന നിയമലംഘനം ചെയ്യുന്നവർക്ക് ഒരു വർഷം അല്ലെങ്കിൽ അതിന്റെ ഗൗരവം അനുസരിച്ച് രണ്ട് വർഷം എന്ന കാലയളവിലാണ് നാല് ചുവരുകൾക്കുള്ളിലെ തടവ് ന്യായാധിപൻ തീരുമാനിക്കുന്നത്. ഈ തീരുമാനം വാക്കുകളായി വെളിയിൽ വരുന്നതിന് മുമ്പ് ന്യായാധിപന്റെ ഹൃദയത്തിലാണ് ഈ തീരുമാനം ഉള്ളത്. ജീവപര്യന്തം ഒരാളെ തടവിന് ശിക്ഷിച്ചാലും അതിന് ഒരു കാലാവധിയുണ്ട്. ഇതുപോലെ ആത്മീകമണ്ഡലത്തിലെ ശിക്ഷകൾക്കും കാലാവധിയുണ്ട്. പഴയനിയമ പുസ്തകത്തിൽ യിസ്രായേൽ മക്കൾ ദൈവകല്പന ലംഘിച്ച് അന്യദൈവങ്ങളുടെ പുറകെ പോയപ്പോൾ, ആദാമും തലമുറകളും ആത്മമണ്ഡലത്തിൽ മരിച്ച് സമയത്തിന്റെ തടവുകാരായി ത്തീർന്നതുപോലെ അവർ ബാബേൽ രാജാവിന്റെ തടവുകാരായി പിടിക്കപ്പെട്ടു പ്രവാസത്തിലേക്ക് പോയി. എന്നാൽ ദൈവത്തിന്റെ ഏറ്റവും പ്രിയ പുരുഷനായ ദാനീയേലിന് ഈ തടവിന് ഒരു കാലാവധിയുണ്ടെന്ന് ദൈവം വെളിപ്പെടുത്തിക്കൊടുത്തു.

**".....ദാനീയേൽ എന്ന ഞാൻ: യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപത് സംവത്സരം കൊണ്ട് തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരമ്യാപ്രവാചകന് ഉണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളിൽ നിന്നും ഗ്രഹിച്ചു." (ദാനീ. 9:2)**

ഈ തടവിന്റെ കാലാവധി 70 വർഷമാണെന്നും അതിന് ശേഷം

യെരുശലേമിന്റെ ശൂന്യാവസ്ഥ തീരും എന്നും ദാനീയേലിന് മനസ്സിലായി.

പുതിയനിയമത്തിലേക്ക് വരുമ്പോൾ കർത്താവായ യേശു പറയുന്നത് ശ്രദ്ധിക്കുക.

**"ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച്, ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നു കൊൾക; പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നേ വേഗത്തിൽ അവനോട് ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപന്നും ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ട് നീ തടവിൽ ആയിപ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്ത് തീരുവോളം നീ അവിടെ നിന്നും പുറത്ത് വരികയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു." (മത്താ. 5:23-26)**

ഇവിടെ ന്യായാധിപൻ ദൈവം ആണ്, പ്രതിയോഗി രണ്ട് തലത്തിലുണ്ട്, ഭൗതിക ലോകത്തിൽ കാണപ്പെടുന്ന മനുഷ്യനും, ആത്മമണ്ഡലത്തിലെ കാണപ്പെടാത്ത പിശാചും. ഇവിടെ പറയുന്ന പ്രതിയോഗി, ഭൗതിക മണ്ഡലത്തിലെ കാണപ്പെടുന്ന മനുഷ്യനാണ്. ചേവകൻ പിശാചിന്റെ ദൂതനാണ്. മറ്റു മനുഷ്യരുമായുള്ള ഇടപാടുകളിൽ, ദൈവവചനത്തെ ലംഘിച്ച് നാം തിന്മയിൽ വീണുപോയാൽ ക്ഷമ ചോദിച്ച് നമുക്കുടനെ തെറ്റു തിരുത്തുവാൻ അവസരം ഉണ്ടെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു. എന്നാൽ നാം അതിന് കൂട്ടാക്കുന്നില്ലെങ്കിൽ ദൈവത്തിന്റെ ന്യായവിധി നമ്മുടെ മേൽ വരികയും നാം ശിക്ഷിക്കപ്പെടുകയും ചെയ്യും. ഈ ശിക്ഷ ജീവിതത്തിലെ ഏതെങ്കിലും പ്രയാസങ്ങളായിരിക്കാം. ഇത് മനുഷ്യനെ സംബന്ധിച്ച് ഒരു തടവാണ്, കുറ്റത്തിന്റെ ഗൗരവം അനുസരിച്ച്, ന്യായാധിപൻ ഒരു കാലയളവ് നിശ്ചയിക്കും, ഈ കാലയളവാണ് **"അവസാനത്തെ കാശ് കൊടുത്ത് തീർക്കും വരെ"** എന്നുള്ള കാലം. അപ്പോൾ ആ കാലത്തിന് ശേഷം മനുഷ്യന് വിമോചനമുണ്ടെന്ന് നാം കാണുന്നു. ഇങ്ങനെ എല്ലാ ശിക്ഷകൾക്കും ഒരു കാലാവധി അഥവാ സമയം ന്യായാധിപന്റെ ഉള്ളിൽ ഉണ്ട്. ഇതുപോലെ ആദാമിനുണ്ടായ ആദ്യ ശിക്ഷാവിധിയിലും *(നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നുന്ന നാളിൽ നീ മരിക്കും)*

ന്യായാധിപനായ ദൈവത്തിന്റെ ഉള്ളിൽ ഈ ശിക്ഷക്കുള്ള ഒരു സമയ പരിധി, അല്ലെങ്കിൽ കാലാവധിയുണ്ട്. ദൈവത്തിന്റെ ഹൃദയത്തിൽ നിശ്ചയിച്ചിരുന്ന ഈ കാലാവധി തികഞ്ഞപ്പോഴാണ്, നിത്യതയിൽ മരിച്ച്, ലോകത്തിൽ അഥവാ സമയത്തിൽ പിശാചിനാൽ ബന്ധിത നായ മനുഷ്യനെ വിടുവിക്കാൻ പിതാവായ ദൈവം യേശുവിനെ ഭൂമി യിലേക്ക് അയച്ചത്. ബൈബിൾ പറയുന്ന **'സമയം പൂർത്തിയായ പ്പോഴാണ്'**, അല്ലെങ്കിൽ **'കാലം തികഞ്ഞപ്പോഴാണ്'** യേശുവിനെ ഭൂമിയിലേക്ക് അയച്ചത്.

**"എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ന്യായപ്രമാണ ത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു." (ഗലാ. 4:4)**

**"But when the fullness of the time was come, God sent forth his Son, made of a woman, made under the law," (Gala. 4:4)**

ജീവപര്യന്തം തടവിൽ കിടക്കുന്ന, സമയത്തെക്കുറിച്ചും, തന്റെ ശിക്ഷയെക്കുറിച്ചും ബോധമില്ലാത്ത തന്റെ മകന്റെ അടുക്കൽ 12 വർഷ ത്തിന് ശേഷം, അതായത് തന്റെ ശിക്ഷയുടെ കാലാവധി കഴിഞ്ഞതിന് ശേഷം മകനെ കാണുവാൻ ചെല്ലുന്ന സ്നേഹനിധിയായ പിതാവ് ആദ്യം മകനോട് പറയുന്ന വാക്കെന്തായിരിക്കും?

**"മകനേ, സമയം തികഞ്ഞു."**

"*ശിക്ഷയുടെ കാലാവധി കഴിഞ്ഞു, നിന്റെ അപ്പനായ ഞാൻ വന്നി രിക്കുന്നത് നിന്നെ എന്റെ വീട്ടിലേക്ക് കൊണ്ടുപോകാനാണ്.*"



(ചിത്രം-7)

ഇതുപോലെ തന്നെയാണ് സ്നേഹനിധിയായ ദൈവം, മനുഷ്യനായി യേശു എന്ന പേരിൽ വന്ന് ലോകത്തിൽ, സമയത്തിൽ പാപം നിമിത്തം പിശാചിനാൽ തടവിലാക്കപ്പെട്ടിരിക്കുന്ന സുബോധമില്ലാത്ത മനുഷ്യനോട് ആദ്യം പറഞ്ഞ വാക്കാണ് **'സമയം തികഞ്ഞു (കാലം തികഞ്ഞു)'.**

**"സമയം തികഞ്ഞു."** (എന്നതിന്റെ അർത്ഥം)

**"നിന്റെ ശിക്ഷയുടെ കാലാവധി കഴിഞ്ഞു."**

**"ദൈവരാജ്യം സമീപിച്ചിരിക്കുന്നു."** (എന്നതിന്റെ അർത്ഥം.)

**"ഞാൻ നിന്നെ എന്റെ വീടായ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകാൻ വന്നതാണ്."**

**"മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ."** (എന്നതിന്റെ അർത്ഥം.)

അതിനാൽ ആദാമിനെപ്പോലെ വീണ്ടും അനുസരണക്കേട് കാണിക്കാനുള്ള നിന്റെ മനസ്സ് മാറ്റി, എന്നിൽ (യേശുവിൽ) വിശ്വസിപ്പിൻ, അതായത് എന്നെ അനുഗമിപ്പിൻ, ഞാൻ നിന്നെ എന്റെ വീടായ നിന്റെ നഷ്ടപ്പെട്ട സ്വന്ത ഭവനമായ ദൈവരാജ്യത്തിൽ കൊണ്ടുപോകാം.

മറ്റൊരു രീതിയിൽ പറഞ്ഞാൽ ലോകത്തിൽ, സമയത്തിൽ ബന്ധിക്കപ്പെട്ട നിന്നെ സമയത്തിന്റെ ചങ്ങലകളെ പൊട്ടിച്ച് നിത്യതയിൽ, അഥവാ ദൈവരാജ്യത്തിൽ എന്നേക്കും ജീവിക്കുന്നവനായി ഞാൻ മാറ്റാം.

സമയം തീർന്നു, നിത്യത സമീപിച്ചിരിക്കുന്നു എന്ന് പറയുന്ന യേശുവിന്റെ സന്ദേശത്തിന്റെ മറ്റൊരർത്ഥം ഇങ്ങനെയാണ്.

സമയത്തിലുള്ള തങ്ങളുടെ ജീവനെ നിത്യതയിലേക്ക് മാറ്റുന്നവരാണ് സുബോധമുള്ളവർ.

മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കപ്പലാണ് ഈ ലോകം. എന്നാൽ ഈ കപ്പലിലുള്ള ഭൂരിഭാഗം പേർക്കും അതിനെക്കുറിച്ച് അറിയില്ല. അപ്പോൾ മറ്റൊരു കപ്പൽ മുങ്ങുവാൻ പോകുന്ന കപ്പലിന്റെ അടുത്ത് വന്ന് വിളിച്ച് പറയുകയാണ് "നിങ്ങൾ ആയിരിക്കുന്ന കപ്പൽ മുങ്ങുകയാണ്, ഈ കപ്പലിൽ കയറി രക്ഷപ്പെട്ടോളൂ."

**"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞ് പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."**
**(1 യോഹ. 2:17)**

അതായത് "സമയം തീർന്നു, നിത്യത സമീപിച്ചിരിക്കുന്നു. അതുകൊണ്ട് നിനക്ക് രക്ഷപ്പെടണമെങ്കിൽ സമയത്തിലായിരിക്കുന്ന നിന്റെ ജീവനെ, മുങ്ങുന്ന കപ്പലിൽ നിന്ന് രക്ഷാക്കപ്പലിലേക്ക് ഒരു വ്യക്തി കയറി രക്ഷപ്പെടുന്നത് പോലെ, നിത്യതയിലേക്ക് മാറ്റിക്കൊൾക."

**സമയത്തിലായിരിക്കുന്ന എന്റെ ജീവനെ എനിക്ക് എങ്ങനെ നിത്യതയിലേക്ക് മാറ്റുവാൻ കഴിയും.......?...!**

## പ്രാർത്ഥന



സ്വർഗ്ഗീയപിതാവേ, എന്റെ ശിക്ഷായാത്രയുടെ കാലാവധി കഴിഞ്ഞു എന്ന് എനിക്ക് വെളിപ്പെടുത്തിത്തന്നതിനായ് നന്ദി. പാപത്താൽ സമയത്തിൽ ബന്ധിക്കപ്പെട്ട എന്റെ 'ജീവനെ' സമയത്തിൽ നിന്ന് നിത്യതയിലേക്ക് മാറ്റുവാൻ പഠിപ്പിക്കണമേ, സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. "<u>സമയം തികഞ്ഞു.</u>" (എന്നതിന്റെ അർത്ഥം.) "നിന്റെ ശിക്ഷയുടെ കാലാവധി കഴിഞ്ഞു."
2. "<u>ദൈവരാജ്യം സമീപിച്ചിരിക്കുന്നു.</u>" (എന്നതിന്റെ അർത്ഥം.) "ഞാൻ നിന്നെ എന്റെ വീടായ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകാൻ വന്നതാണ്."
3. "<u>മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ</u>" (എന്നതിന്റെ അർത്ഥം.) അതിനാൽ ആദാമിനെപ്പോലെ വീണ്ടും അനുസരണക്കേട് കാണിക്കാനുള്ള നിന്റെ മനസ്സ് മാറ്റി, എന്നിൽ (യേശുവിൽ) വിശ്വസിപ്പിൻ, അതായത് എന്നെ അനുഗമിപ്പിൻ, ഞാൻ നിന്നെ എന്റെ വീടായ നിന്റെ നഷ്ടപ്പെട്ട സ്വന്ത ഭവനമായ ദൈവരാജ്യത്തിൽ കൊണ്ടുപോകാം.
4. സമയത്തിലുള്ള തങ്ങളുടെ ജീവനെ നിത്യതയിലേക്ക് മാറ്റുന്നവരാണ് സുബോധമുള്ളവർ.


## അദ്ധ്യായം 7

# *ശിക്ഷായാത്രയും രക്ഷായാത്രയും*

"ആദാമിൽ എല്ലാവരും മരിക്കുന്നത് പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും" (1 കൊരി 15:22)

***'സമയത്തിലായിരിക്കുന്ന'*** എന്റെ ജീവനെ നിത്യതയിലേക്ക് എങ്ങനെ മാറ്റുവാൻ പറ്റും എന്ന ഒരു ചോദ്യവുമായിട്ടാണ് കഴിഞ്ഞ അദ്ധ്യായം അവസാനിച്ചതെന്ന് ഓർക്കുന്നുവല്ലോ?

ഒരു മടക്കയാത്രയിലൂടെ മാത്രമേ നമുക്കതിന് കഴിയൂ; ഇത് മനസ്സിലാക്കാൻ നാം മുൻപ് മനസ്സിലാക്കിയ ധൂർത്തപുത്രന്റെ കഥയിലേക്ക് നമുക്ക് തിരിച്ച് വരാം. ധൂർത്തപുത്രന്റെ കഥയിൽ പിതാവിന്റെ ഭവനമായ 'ദൈവരാജ്യത്തിൽ' നിന്ന് ലോകത്തിലേക്ക് ഒരു 'യാത്രയും', തനിക്ക് സുബോധം ലഭിച്ച ശേഷം, 'ലോകത്തിൽ' നിന്ന് പിതാവിന്റെ ഭവനമായ ദൈവരാജ്യത്തിലേക്ക് ഒരു മടക്കയാത്രയും നാം മനസ്സിലാക്കുവാൻ ഇടയായല്ലോ.




(ചിത്രം-8)

നാം പഠിച്ച 'സമയവും', 'നിത്യതയുമായി' ഇതിനെ ബന്ധിപ്പിച്ചാൽ 'യാത്ര' സമയത്തിലും 'മടക്കയാത്ര' സമയത്തിൽ നിന്നും നിത്യതയിലേക്കും ആണ്. ഉല്പത്തിയിൽ പിതാവ് വിധിച്ച ശിക്ഷാവിധിയും (ഉല്പ 2:17), പുതിയനിയമത്തിൽ യേശുവിനെ വിശ്വസിക്കുന്നവർക്കുള്ള രക്ഷയുമായി ചേർത്ത് പഠിച്ചാൽ 'യാത്ര' ശിക്ഷാവിധിയുടെ യാത്രയും 'മടക്കയാത്ര' രക്ഷാകരമായ യാത്രയുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ യാത്ര ശിക്ഷയുടെ യാത്രയും മടക്കയാത്ര രക്ഷയുടെ യാത്രയുമാണ്.

'യാത്ര' ശിക്ഷാവിധിയുടെ യാത്രയും 'മടക്കയാത്ര' രക്ഷാകരമായ യാത്രയുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ യാത്ര ശിക്ഷയുടെ യാത്രയും മടക്കയാത്ര രക്ഷയുടെ യാത്രയുമാണ്.

***ശിക്ഷയുടെ യാത്ര സമയത്തിലും, രക്ഷയുടെ മടക്കയാത്ര സമയത്തിൽ നിന്നും നിത്യതയിലേക്കുമാണ്.*** ശിക്ഷയുടെ യാത്രക്ക് തുടക്കവും അവസാനവുമുണ്ട്. ***ശിക്ഷായാത്രയുടെ തുടക്കം ആദാം ദൈവകല്പന ലംഘിച്ചതുമൂലമാണ്.*** ഇത് നല്ല രീതിയിൽ മനസ്സിലാകണമെങ്കിൽ ആത്മാവ്, ദേഹി ദേഹം എന്നിവയെക്കുറിച്ച് നാം മനസ്സിലാക്കണം (ഇത് കൂടുതലായി മനസ്സിലാക്കുവാൻ ആത്മലോകവും ആത്മീയവളർച്ചയും, ജയിക്കാനായി വീണ്ടും ജനിച്ചവർ, കിംഗ്ഡം സീരീസ് പുസ്തകങ്ങൾ 1 ഉം 2 ഉം വാല്യങ്ങൾ വായിക്കുക).

ദൈവം സൃഷ്ടിച്ച ആദാമിന് മൂന്ന് ഭാഗങ്ങൾ ഉണ്ട്- ആത്മാവ്, ദേഹി, ദേഹം .

**"സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും, പ്രാണനും, ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ട." (1 തെസ്സ. 5:23)**

ദൈവം സൃഷ്ടിച്ച ആദാമിന് മൂന്ന് ഭാഗങ്ങൾ ഉണ്ട്- ആത്മാവ്, ദേഹി ദേഹം. ആദാം പാപം ചെയ്തപ്പോൾ ആദാം ആത്മാവിൽ മരിച്ചു. ലോകത്തിൽ സമയത്തിൽ മാത്രമായി ബന്ധിക്കപ്പെട്ടു. തന്റെ ദേഹി പിശാ

മടക്കയാത്ര, ശിക്ഷാവിധിയുടെ യാത്രയല്ല രക്ഷാകരപദ്ധതിയുടെ യാത്രയാണ്. നീതീകരണത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും, തേജസ്ക്കരണത്തിന്റെയും യാത്രയാണ്.

ചിനാൽ നിക്ഷേപിക്കപ്പെട്ട, ജഡചിന്തയാൽ മലിനമായി. മരണം തന്റെ ശരീരത്തിലേക്കും വ്യാപരിച്ചു, തന്റെ ശരീരം ക്രമേണ ദ്രവിക്കാൻ തുടങ്ങി, താൻ ശരീരത്തിലും മരിച്ചു. ശരീരത്തിൽ നിന്നും വേർപെട്ട ദേഹി പാതാളത്തിൽ നരകയാതന അനുഭവിക്കാൻ പ്രവേശിപ്പിക്കപ്പെട്ടു. ആത്മീകമരണവും, ശാരീരികമരണവും, ദേഹിയുടെ മരണവും കഴിഞ്ഞ ആദാമിന് ഇനി ഒന്ന് മാത്രമേ ബാക്കിയുള്ളൂ, ഇതാണ് വെളിപ്പാട് പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന രണ്ടാം മരണം അഥവാ നിത്യമരണം. ആദാം മാനസാന്തരപ്പെട്ടു എന്ന് ബൈബിൾ പ്രതിപാദിക്കുന്നില്ല. പക്ഷേ ആദാമിൽ എല്ലാവരും മരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. (1 കൊരി. 15:22) ഉല്പ്പത്തി 2:17 ലെ ശിക്ഷാവിധിയുടെ ആരംഭം ആത്മാവിന്റെ മരണവും, തുടർന്ന് ദേഹിയുടെയും ശരീരത്തിന്റെയും മരണവുമാണ്. ഇതുപോലെ മടക്കയാത്ര, ശിക്ഷാവിധിയുടെ യാത്രയല്ല രക്ഷാകരമായ പദ്ധതിയുടെ യാത്രയാണ്. നീതീകരണത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും, തേജസ്ക്കരണത്തിന്റെയും യാത്രയാണ്.

***യേശുക്രിസ്തുവിൽ അതായത് ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയിൽ വിശ്വസിക്കുന്നതോടുകൂടിയാണ് രക്ഷയുടെ മടക്കയാത്ര തുടങ്ങുന്നത്.*** യേശുവിൽ ഒരു വ്യക്തി വിശ്വസിക്കുമ്പോൾ, അതായത് രക്ഷാകരയാത്രയിൽ, ശിക്ഷാവിധിയുടെ യാത്രയുടെ തുടക്കത്തിൽ മരിച്ച ആത്മാവ് ദൈവരാജ്യത്തിൽ വീണ്ടും ജനിക്കുന്നു, എന്നാൽ ഈ വിശ്വാസയാത്രയുടെ അവസാനം, മടക്കയാത്ര ചെയ്യുന്ന 'ദേഹി' സമയത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക്, അഥവാ നിത്യതയിലേക്ക് രക്ഷപ്പെടുന്നു.

**"നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ (ആത്മരക്ഷ- പരിഭാഷയിലെ തെറ്റ്) ദേഹി രക്ഷ (KJV) പ്രാപിക്കുകയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു." (1 പത്രൊ. 1:9)**

**"receiving the end of your faith, [even] the salvation of [your] souls. " (1 Peter. 1:9 [KJV])**

അതായത്

യേശുവിൽ ഒരു വ്യക്തി വിശ്വസിക്കുമ്പോൾ ആ വ്യക്തിയുടെ ആത്മാവ് രക്ഷിക്കപ്പെടുന്നു, ആ വിശ്വാസം സത്യമാണെന്ന് വിശ്വാസത്തിന്റെ പരിശോധനയിലൂടെ തെളിഞ്ഞ് കഴിയുമ്പോൾ ആ വ്യക്തി, അഥവാ ആ വ്യക്തിയുടെ 'ദേഹി' രക്ഷിക്കപ്പെടുന്നു.

(കുറിപ്പ് : ആത്മരക്ഷ എന്നത് മൊഴി മാറ്റത്തിൽ വന്ന പിശകാണ്. ദേഹീരക്ഷ എന്ന് തിരുത്തി വായിക്കാൻ അപേക്ഷ.)

മറ്റൊരു രീതിയിൽ പറഞ്ഞാൽ ദേഹിയിലെ മനുഷ്യജീവൻ (Psuche) സമയത്തിൽ നിന്ന് നിത്യതയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു, മുങ്ങുന്ന കപ്പലിൽ നിന്ന് തന്റെ ജീവനെ രക്ഷാക്കപ്പലിലേക്ക് മാറ്റുന്നു. ഇങ്ങനെയുള്ളവരുടെ ജീവിതത്തിലാണ് തുടർന്ന് ശരീരത്തിന്റെ വീണ്ടെടുപ്പായ തേജസ്ക്കരണം നടക്കുന്നത്.

**"ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു." (റോമ. 8:23)**

***അതായത് ശിക്ഷാവിധി യാത്രയുടെ ആരംഭം ആദ്യം ആത്മമരണവും, തുടർന്ന് ദേഹിയുടെയും ശരീരത്തിന്റെയും മരണവും, അവസാനം രണ്ടാംമരണവും ആണെങ്കിൽ, രക്ഷാകരമായ മടക്കയാത്രയുടെ ആരംഭം ആദ്യം ആത്മാവിന്റെ രക്ഷയും (നീതീകരണം), തുടർന്ന് ദേഹിയുടെ രക്ഷയും (വിശുദ്ധീകരണം), അവസാനം ശരീരത്തിന്റെ രക്ഷയും (തേജസ്ക്കരണവും) ആണ്.***

## ഒന്നാം മരണവും രണ്ടാം മരണവും

തിരുവചനത്തിൽ നാല് ഭാഗത്തായി രണ്ടാം മരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് രണ്ടാം മരണത്താൽ ദോഷം വരികയില്ല." (വെളി. 2:11)**

**"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല;......" (വെളി. 20:6)**

**"മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം." (വെളി. 20:14)**

**"എന്നാൽ ഭീരുക്കൾ അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കും ഉള്ള**

**ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അത് രണ്ടാം മരണം." (വെളി. 21:8)**

പ്രീയരേ, രണ്ടാം മരണം ഉണ്ടെങ്കിൽ അതിന് മുൻപ് ഒരു ഒന്നാം മരണമില്ലേ?. ഇപ്പോൾ വായനക്കാരുടെ ഉള്ളിൽ ഒരു ചോദ്യം ഉദിക്കാം, എന്താണ് ഒന്നാം മരണം?

ദൈവത്തിന്റെ ദൃഷ്ടിയിൽ ക്രിസ്തുവിനെ അനുസരിക്കാത്ത ലോകത്തിലെ ജനത്തിന് സുബോധമില്ല.

ഉല്പ്പത്തി 2:17 ൽ ദൈവം ആദാമിനോട് പറഞ്ഞിരിക്കുന്ന മരണമാണ് ഒന്നാം മരണം. ഒന്നാം മരണം ക്രമേണയാണ്. മനുഷ്യനിലെ ആത്മാവും, ദേഹിയും, ശരീരവും മരിക്കുമ്പോഴാണ് ഒന്നാം മരണം പൂർത്തിയാകുന്നത്. പക്ഷേ രണ്ടാം മരണം തീപ്പൊയ്കയിലേക്ക് എടുത്തെറിയുന്നതാണ്, അത് നിത്യമരണമാണ്. അത് ഒരു നിമിഷത്തിൽ സംഭവിക്കുന്നതാണ്.

ഒന്നാം മരണം തുടങ്ങിയത് ഏദെനിൽ ആദാമിന്റെ അനുസരണക്കേടോടുകൂടിയാണ്, അതാണ് ആത്മമരണം. എന്നാൽ മനുഷ്യൻ ആത്മാവ് മാത്രമല്ലല്ലോ; ആത്മാവും, ദേഹിയും, ശരീരവും കൂടിയതാണ് (1 തെസ്സ. 5:23). ആത്മാവിൽ ആരംഭിച്ച മരണം തുടർന്ന് ദേഹിയിലേക്കും ശരീരത്തിലേക്കും വ്യാപരിക്കുകയാണ്. ഒരു പാപിയായ വ്യക്തിയുടെ ജീവിതത്തിൽ അത് അവസാനിക്കുന്നത്, ആ വ്യക്തിയുടെ ശാരീരികമരണത്തെ തുടർന്ന് ദേഹി പാതാളത്തിൽ യാതനാസ്ഥലത്ത് പ്രവേശിക്കുമ്പോഴാണ്.

സുബോധമില്ലാത്ത ജനം ഒരിക്കലും മടക്കയാത്ര ചെയ്യുകയില്ല,

എന്നാൽ അന്ത്യന്യായവിധിയിൽ (വെള്ള സിംഹാസന ന്യായവിധിയിൽ...വെളി. 20:11-15) ഈ ദേഹിയും ശരീരവും വീണ്ടും ഒന്നു ചേരുകയും, ഇവരെ ന്യായം വിധിച്ച് തീപ്പൊയ്കയിലേക്ക് തള്ളുകയും ചെയ്യും. ഇതത്രേ രണ്ടാം മരണം.

ഉല്പത്തി പുസ്തകത്തിലെ ആദാമിന്റെ സൃഷ്ടിയാണ് മനുഷ്യവർഗ്ഗത്തിന്റെ ഒന്നാം ജനനം. പാപം മൂലം ഒന്നാം ജനനത്തിൽ മരിച്ച മനുഷ്യവർഗ്ഗത്തെ ക്രിസ്തുവിൽ വീണ്ടും ജനിപ്പിക്കുന്നതാണ് 'രണ്ടാം ജനനം', അഥവാ നമുക്കറിയാവുന്ന 'വീണ്ടും ജനനം'.

## ലോകത്തിലെ സുബോധമില്ലാത്ത ജീവിതം

യാത്രയുടെയും മടക്കയാത്രയുടെയും ഇടയിൽ ധൂർത്ത പുത്രന് സംഭവിച്ച പ്രധാനകാര്യമാണ് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്ന

ത്, 'ധൂർത്തപുത്രന് <u>സുബോധം</u> വന്നു എന്നുള്ളത്!'. ധൂർത്തപുത്രൻ പ്രതിനിധീകരിക്കുന്നത് ആദാമിനെയും, ആദാമിന്റെ തലമുറകളായ ജനത്തെയുമാണ്. അതിന്റെ അർത്ഥം രക്ഷാകരമായ മടക്കയാത്രക്ക് മുൻപ്, അല്ലെങ്കിൽ ***മടക്കയാത്ര ചെയ്യാത്ത ലോകത്തിലെ ജനത്തിന് സുബോധമില്ലെന്നാണ്.***

> യാത്രയുടെയും മടക്കയാത്രയുടെയും ഇടയിൽ ധൂർത്ത പുത്രന് സംഭവിച്ച പ്രധാനകാര്യമാണ് 'ധൂർത്തപുത്രന് സുബോധം വന്നു എന്നുള്ളത്!'.

**"ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ." (1 കൊരി. 3:19)**

***ഈ ലോകത്തിൽ ജനിക്കുന്ന ഒരു വ്യക്തി ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവരുന്നില്ല. പക്ഷേ വന്ന നാൾ മുതൽ ആ വ്യക്തി പലതും നേടാൻ തുടങ്ങുന്നു; വിദ്യാഭ്യാസം, പണം, കാർ, വീട്, പേര്, പ്രശസ്തി, ബിസിനസ്സ്, ജോലി തുടങ്ങിയ ധാരാളം കാര്യങ്ങൾ ഈ ലോകത്തിൽ നിന്ന്, സമയത്തിലേക്ക് നേടുന്നു. പക്ഷേ അദ്ദേഹം മരിച്ച് ഒന്നും നേടാത്തവനായി മാറ്റപ്പെടുന്നു. താൻ നേടിയതൊന്നും സെമിത്തേരിയുടെ ഗേറ്റ് കടന്ന് കൊണ്ടുപോകാൻ ആദ്ദേഹത്തിന് കഴിയുന്നില്ല. ലോകത്തിന്റെ മോഹനവാഗ്ദാനങ്ങളിൽ കുടുങ്ങി ഒരു ഭോഷനായി ആ വ്യക്തി ഒടുങ്ങുന്നു.***

> "മനുഷ്യർക്ക് ഈ ലോകത്തിൽ നിന്നും നേടിക്കൊണ്ട് പോകാൻ പറ്റുന്നത് അവരുടെ 'ജീവനെ' (Psuche) മാത്രമേ ഉള്ളൂ."

"ലോകം മനുഷ്യനെ ചിലതൊക്കെ ആക്കാം എന്ന് വാഗ്ദാനം ചെയ്താണ്, ആ വ്യക്തിയുടെ ലോകത്തിലുള്ള സമയത്തെ അപഹരിക്കുന്നത്. ഒരു ഭോഷനെപ്പോലെ മനുഷ്യൻ തന്റെ സമയമെല്ലാം ലോകത്തിന് കൊടുത്ത് ലോകം നേടുന്നു. പക്ഷേ ആ പ്രയത്നങ്ങളുടെ ഇടയിൽ മനുഷ്യൻ മരണത്തിൽ കുടുങ്ങി ഈ ലോകത്തിൽ നിന്നും ഒന്നും അല്ലാത്തവനായി, ഒന്നും ഇല്ലാത്തവനായി, താൻ നേടിയതൊന്നും കൊണ്ടുപോകാൻ കഴിയാത്തവനായി മാറ്റപ്പെടുന്നു." പിശാച് അത് കണ്ട് പൊട്ടിച്ചിരിക്കുന്നു.

**"ഞാൻ നിന്നെയും നേടി......!"**

പ്രിയ സ്നേഹിതാ, നീ നേടിയതൊന്നും 'നിനക്കിവിടെ നിന്നും' കൊണ്ടുപോകാൻ പറ്റുകയില്ല.....!

പിന്നെ നീ എന്തിനാണ് ഇവിടെ ജീവിച്ചത്?

എന്താണ് നീ ഇവിടെ നിന്നും നേടിയത്?

എന്ത് നിനക്ക് നേടാൻ കഴിയും?

എങ്ങനെ നേടാൻ കഴിയും?

......................!..............................!

***"ലോകം മനുഷ്യനെ ചിലതൊക്കെ ആക്കാം എന്ന് വാഗ്ദാനം ചെയ്താണ്, ഒരു വ്യക്തിയുടെ ലോകത്തിലുള്ള സമയത്തെ അപഹരിക്കുന്നത്. പക്ഷേ മനുഷ്യൻ ലോകം വിടുന്നതോ ഒരു ഭോഷനെപ്പോലെ ഒന്നും അല്ലാത്തവ നായി........!***

ഇവിടെയാണ് അരുമനാഥനായ യേശുവിന്റെ അത്ഭുതപൂർണ്ണമായ വാക്കുകളുടെ വില നാം മനസ്സിലാക്കുന്നത്. യേശു ഒരിക്കൽ തന്റെ ശിഷ്യനായ പത്രോസിനോട് പറഞ്ഞു. "മനുഷ്യർക്ക് ഈ ലോകത്തിൽ നിന്നും നേടിക്കൊണ്ട് പോകാൻ പറ്റുന്നത് അവരുടെ 'ജീവനെ' (Psuche) മാത്രമേ ഉള്ളൂ." അതായത് ഇന്ന് മനുഷ്യരുടെ 'ജീവൻ' ലോകത്തിലെ സമയത്തിലാണ്. ആ സമയത്തിൽ നിന്ന് നിത്യതയിലേക്ക് അഥവാ ദൈവരാജ്യത്തിലേക്ക് 'ജീവനെ' നേടിക്കൊണ്ട് പോകണം.

***ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്ക് ജീവൻ നേടുന്നതിനുള്ള വ്യവസ്ഥ:- നാം നമുക്ക് വേണ്ടി ജീവിക്കാതെ യേശുവിനെ പിൻതുടർന്ന്, യേശുവിന് വേണ്ടി ജീവിക്കുക എന്നതാണ്.***

**"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." (മത്താ. 16:25)**

**"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും?" (മത്താ. 16:26)**

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഒന്നാം മരണത്തിന്റെ പിടിയിൽ സുബോധമില്ലാതെ പോയ ഞങ്ങൾക്ക് യേശുക്രിസ്തു മുഖാന്തരം സുബോധം തന്ന് ദൈവരാജ്യത്തിൽ രണ്ടാം ജനനം (വീണ്ടും ജനനം) തന്നതിനായി നന്ദി. അങ്ങയെ ആശ്രയിച്ച് ഞങ്ങളുടെ ജീവനെ നേടുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. *'യാത്ര' ശിക്ഷാവിധിയുടെ യാത്രയും 'മടക്കയാത്ര' രക്ഷാകരമായ യാത്രയുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ യാത്ര ശിക്ഷയുടെ യാത്രയും മടക്കയാത്ര രക്ഷയുടെ യാത്രയുമാണ്.*
2. *ശിക്ഷയുടെ യാത്ര സമയത്തിലും, രക്ഷയുടെ മടക്കയാത്ര സമയത്തിൽ നിന്നും നിത്യതയിലേക്കുമാണ്.*
3. *ശിക്ഷയുടെ യാത്രയുടെ തുടക്കം ആദാം ദൈവകല്പന ലംഘിച്ചതുമൂലമാണ്.*
4. *ദൈവം സൃഷ്ടിച്ച ആദാമിന് മൂന്ന് ഭാഗങ്ങൾ ഉണ്ട്- ആത്മാവ്, ദേഹി, ദേഹം എന്നിവയാണ് അത്.*
5. *മടക്കയാത്ര, ശിക്ഷാവിധിയുടെ അല്ല രക്ഷാകരമായ പദ്ധതിയുടെ യാത്രയാണ്. നീതീകരണത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും, തേജസ്കരണത്തിന്റെയും യാത്രയാണ്.*
6. *യേശുക്രിസ്തുവിൽ, അതായത്, ക്രിസ്തുവിന്റെ രക്ഷാകരമായ പദ്ധതിയിൽ വിശ്വസിക്കുന്നതോടു*

കൂടിയാണ് രക്ഷാകരമായ മടക്കയാത്ര തുടങ്ങുന്നത്.

7. യേശുവിൽ ഒരു വ്യക്തി വിശ്വസിക്കുമ്പോൾ ആ വ്യക്തിയുടെ ആത്മാവ് രക്ഷിക്കപ്പെടുന്നു, ആ വിശ്വാസം സത്യമാണെന്ന് വിശ്വാസത്തിന്റെ പരിശോധനയിലൂടെ തെളിഞ്ഞ് കഴിയുമ്പോൾ ആ വ്യക്തി, അഥവാ ആ വ്യക്തിയുടെ 'ദേഹി' രക്ഷിക്കപ്പെടുന്നു.

8. ശിക്ഷാവിധി യാത്രയുടെ ആരംഭം ആദ്യം **ആത്മമരണവും**, തുടർന്ന് **ദേഹിയുടെയും ശരീരത്തിന്റെയും മരണവും**, അവസാനം **രണ്ടാംമരണവും** ആണെങ്കിൽ, രക്ഷാകരമായ മടക്കയാത്രയുടെ ആരംഭം ആദ്യം **ആത്മാവിന്റെ രക്ഷയും** (നീതീകരണം), തുടർന്ന് **ദേഹിയുടെ രക്ഷയും** (വിശുദ്ധീകരണം), അവസാനം **ശരീരത്തിന്റെ രക്ഷയും** (തേജസ്ക്കരണവും) ആണ്.

9. യാത്രയുടെയും മടക്കയാത്രയുടെയും ഇടയിൽ ധൂർത്ത പുത്രന് സംഭവിച്ച പ്രധാനകാര്യമാണ് 'ധൂർത്തപുത്രന് സുബോധം വന്നു എന്നുള്ളത്'.

10. ദൈവത്തിന്റെ ദൃഷ്ടിയിൽ ക്രിസ്തുവിനെ അനുസരിക്കാത്ത ലോകത്തിലെ ജനത്തിന് സുബോധമില്ല.

11. "ലോകം മനുഷ്യനെ ചിലതൊക്കെ ആക്കാം എന്ന് വാഗ്ദാനം ചെയ്താണ്, ആ വ്യക്തിയുടെ ലോകത്തിലുള്ള സമയത്തെ അപഹരിക്കുന്നത്.

12. "മനുഷ്യർക്ക് ഈ ലോകത്തിൽ നിന്നും നേടിക്കൊണ്ട് പോകാൻ പറ്റുന്നത് അവരുടെ 'ജീവനെ' (Psuche) മാത്രമേ ഉള്ളൂ."



അദ്ധ്യായം 8

# ‘സുബോധം’ മടക്കയാത്രയുടെ അടിസ്ഥാനം

“അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ച് പോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു.” (ലൂക്കൊ 15:17-18)

**പിതാവിന്റെ** ബിസിനസ്സിലെ പ്രധാന ഭാഗം എന്നുപറയുന്നത് ധൂർത്ത പുത്രന് സുബോധം കൊടുത്ത്, മടക്കയാത്ര ചെയ്യിപ്പിച്ച് പിതാവിന്റെ ഭവനത്തിലെത്തിക്കുകയാണെന്ന് നാം മനസ്സിലാക്കിയല്ലോ.

ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ മടക്കയാത്രയിൽ ആയിരിക്കാൻ കഴിയുകയുള്ളൂ.

ദൈവരാജ്യത്തിൽ നാം എത്തിച്ചേരുക എന്നത് പിതാവിന്റെ പദ്ധതിയിലെ ലക്ഷ്യമാകയാൽ യേശുവിനെ പിൻതുടരുക എന്നത് ഏറ്റവും പ്രധാന ഭാഗമാണ്. ***എന്നാൽ പിതാവിന്റെ പദ്ധതി നാം യേശുവിനെ അനുഗമിച്ച് മടക്കയാത്ര ചെയ്ത് ദൈവരാജ്യം അവകാശമാക്കുകയാണെന്ന സത്യം അറിവില്ലാത്തതിനാൽ ഇന്ന് കൂടുതൽ ക്രിസ്തീയ സമൂഹങ്ങളും മടക്കയാത്രയെ മറന്ന് മറ്റു മതത്തിൽ ചേരുന്നതുപോലെ ക്രിസ്തീയ മതത്തിൽ ചേർന്ന് ഇന്നും ലോകത്തിലേക്കുള്ള യാത്രയിലാണ്. ഈ അവസ്ഥ വളരെ അപകടകരമാണ്.*** ഇത് പിശാചിന്റെ പ്രവൃത്തിമൂലവും ക്രിസ്തീയ സമൂഹത്തിന്റെ സുബോധമില്ലായ്മ മൂലവും സംഭവിച്ചിരിക്കുന്ന വളരെ അപകടം പിടിച്ച അവസ്ഥയാണ്. ക്രിസ്തീയ ജനത്തിൽ ***ബഹുഭൂരിഭാഗവും ഇന്നും രക്ഷാകരമായ സ്വർഗ്ഗീയ മടക്കയാത്രയിലല്ല, പകരം ക്രിസ്തുവിന്റെ ഈ ലോകത്തിലെ താത്ക്കാലിക നന്മകൾ അനുഭവിച്ചുകൊണ്ട് ശിക്ഷാകരമായ യാത്രയിൽ മാത്രമാണ്.*** ഇങ്ങനെ ഒരു

ദൈവരാജ്യത്തിൽ നാം എത്തിച്ചേരുക എന്നത് പിതാവിന്റെ പദ്ധതിയിലെ ലക്ഷ്യമാകയാൽ യേശുവിനെ പിന്തുടരുക എന്നത് ഏറ്റവും പ്രധാനഭാഗമാണ്.

വലിയ കൂട്ടമാണ് ക്രിസ്തീയ സമൂഹങ്ങളിൽ കാണുന്നത്. ദൈവ വചനം പറയുന്നത് ശ്രദ്ധിക്കൂ:

**"നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൻ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ."**
**(1 കൊരി 15:19)**

## യേശുവിനെ പിന്തുടരാതെ വീണ്ടും യാത്ര പോകുന്ന ജനം

ജഡത്തിൽ പ്രവർത്തിക്കുന്ന ദൈവദാസന്മാരുടെയും, ജനങ്ങളുടെയും, അറിവില്ലായ്മയെ പിശാച് നന്നായി ചൂഷണം ചെയ്യുന്നു. ഇന്ന് ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്ന മനുഷ്യരിൽ ഭൂരി ഭാഗവും മടക്കയാത്ര ചെയ്തു കാണുന്നില്ല. ഇതിന്റെ കാരണം ധൂർത്ത പുത്രനുണ്ടായതുപോലെ **"സുബോധം"** ഇന്നത്തെ ബഹുഭൂരിപക്ഷം സുവിശേഷ വേദികളിലും ഉണ്ടാകാത്തതുകൊണ്ടാണ്. സുബോധം വന്ന ഒരുവൻ ഉടനെ ചിന്തിക്കുന്നത് പിതാവിന്റെ ഭവനത്തെക്കുറിച്ചും പിതാവിനെക്കുറിച്ചുമാണ്. ഈ സുബോധമാണ് ധൂർത്തപുത്രനെ തന്റെ ഭവനമായ, സ്വർഗ്ഗീയ പിതാവിന്റെ വീട്ടിലേക്ക് മടങ്ങിപ്പോകാൻ പ്രേരിപ്പിച്ച ഘടകം.

**ഇന്ന് ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്ന മനുഷ്യരിൽ ഭൂരിഭാഗവും മടക്കയാത്ര ചെയ്തു കാണുന്നില്ല. ഇതിന്റെ കാരണം ധൂർത്തപുത്രനുണ്ടായതുപോലെ "സുബോധം" ഇന്നത്തെ ബഹുഭൂരിപക്ഷം സുവിശേഷ വേദികളിലും ഉണ്ടാകാത്തതുകൊണ്ടാണ്.**

***"സുബോധം" വന്നവൻ വീട്ടിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കും എന്നത് പോലെ, ആത്മീയ സുബോധം വന്നവൻ ദൈവരാജ്യത്തിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ ലോകം നേടാൻ പോകും.***

**"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പു കൊണ്ട് നശിച്ച് പോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ എന്നു പറയും എന്നു പറഞ്ഞു." (ലൂക്കൊ 15:17-19)**

യേശുവിന്റെ സുവിശേഷത്തിൽ പിതാവിന്റെ ഭവനവും പിതാവുമാണ് നിറഞ്ഞു നിൽക്കുന്നത്.

യേശു പ്രസംഗിച്ച ദൈവരാജ്യം അറിയിച്ചാൽ ജനത്തിന് സുബോധം വരും.

**"എന്നാൽ യോഹന്നാൻ തടവിൽ ആയ ശേഷം യേശു ഗലീലയിൽ ചെന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു." (മർക്കൊ. 1:14)**

**"യേശു അവനോട്: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14:6)**

**"നീ ലോകത്തിൽ എനിക്ക് തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു. അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്കു തന്നിരിക്കുന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു." (യോഹ. 17:6)**

**"നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്ന് ഇവരും അറിഞ്ഞിരിക്കുന്നു. നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും." (യോഹ. 17:25-26)**

***യേശു തന്റെ പ്രസംഗങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും പിതാവിന്റെ ഭവനമായ ദൈവരാജ്യത്തെയും, പിതാവിനെയുമായിരുന്നു വെളിപ്പെടുത്തിയിരുന്നത്. യേശുവിന്റെ പ്രസംഗവിഷയം 'ദൈവരാജ്യമായിരുന്നു'.***

**"നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ." (മത്താ. 6:9-10)**

എന്നാൽ ഇന്നത്തെ സുവിശേഷപ്രസംഗങ്ങളിൽ ബഹുഭൂരിഭാഗവും കാണുന്നത് ദൈവരാജ്യം പ്രസംഗിച്ചു വന്ന **യേശുവിനെ പരിചയപ്പെടുത്തുക മാത്രമാണ്. യേശു പ്രസംഗിച്ച ദൈവരാജ്യം പ്രസംഗിക്കുന്നില്ല, അതിനാൽ ജനത്തിന് "സുബോധം" ലഭിക്കുന്നില്ല,** അവർ പിതാവിന്റെ ഭവനത്തിലേക്ക് യാത്ര പോകുന്നതുമില്ല. പ്രസംഗിച്ച ദൈവദാസനോ, കേട്ട ജനമോ ഈ മടക്കയാത്രയെക്കുറിച്ച് ചിന്തിക്കുന്നതേയില്ല.

'ലോകത്തിൽ സുവിശേഷപ്രസംഗങ്ങളിൽ അധികവും ഇങ്ങനെയാണ് യേശു നിന്റെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരകനാണ്, യേശു നിന്നെ രക്ഷിക്കും.' പ്രിയരേ, ഈ പറയുന്നത് നല്ലത് തന്നെയാണ്. ഈ പറയുന്നതുകൊണ്ടു മാത്രം ഒരുത്തന് സുബോധം വരണമെന്നില്ല. യേശു പ്രസംഗിച്ച "ദൈവരാജ്യം" അറിയിച്ചാൽ ജനത്തിന് സുബോധം വരും. അവർ യേശുവിനെ സ്വീകരിക്കുക മാത്രമല്ല, മടക്കയാത്ര നടത്തുകയും ചെയ്യും. അല്ലെങ്കിൽ അനേകം ദേവന്മാരെയും, ദേവതകളെയും, വിശുദ്ധൻമാരെയും സേവിച്ചിരുന്ന അവർക്ക് യേശു, തങ്ങൾ ഇപ്പോൾ സേവിക്കുന്ന ദേവന്മാരെക്കാൾ ശക്തനായ ഒരു ദേവൻ മാത്രമാണ്. തങ്ങളുടെ ഇപ്പോഴത്തെ കാര്യസാദ്ധ്യത്തിന് വേണ്ടി അവർ യേശുവിനെ ആരാധിക്കും, സേവിക്കും കാരണം സുവിശേഷകൻമാരിൽ അധികം പേരുടേയും പ്രസംഗം യേശുവിനെക്കുറിച്ചും യേശുവിലൂടെ ലഭിക്കുന്ന വിടുതലുകളെ കുറിച്ചും മാത്രമാണ്. യേശു വഴിയാണെന്നും, യേശു എന്ന വഴിയിലൂടെ യാത്ര ചെയ്താൽ പിതാവിന്റെ അടുക്കൽ (ദൈവരാജ്യം) എത്താമെന്നും, ഈ യാത്ര വിശ്വാസത്തിന്റെ പരിശോധനയുടെ യാത്രയാണെന്നും, നാം ദൈവരാജ്യം അവകാശമാക്കാനാണ് പിതാവ് ആഗ്രഹിക്കുന്നതെന്നും, പിതാവ് നമുക്കായി ഒരുക്കി കാത്തിരിക്കുകയാണെന്നും, യേശു പ്രസംഗിച്ചത് പോലെ പ്രസംഗിക്കുന്ന ദൈവ

ദാസന്മാർ ഇന്ന് വളരെ വിരളമാണ്. അതുകൊണ്ട് യേശുവിനെ സ്വീകരിക്കുന്ന ജനം യേശുവാകുന്ന വഴിയിൽ കയറി നിൽക്കുന്നു. യേശുവിനെ സ്വീകരിച്ച് പിതാവിന്റെ ഭവനത്തിലേക്ക് യേശുവിനെ പിന്തുടരുന്നവർ വളരെ വിരളമാണ്.

**“യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.” (യോഹ. 14:6)**

**“ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുത്: നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നല്കുവാൻ പ്രസാദിച്ചിരിക്കുന്നു.”**

**(ലൂക്കൊ. 12:32)**

## ആധുനിക സുവിശേഷവും, ധൂർത്ത പുത്രന്റെ കഥയും തമ്മിലുള്ള താരതമ്യ പഠനം

“സുബോധമെന്ന” അടിസ്ഥാനം എവിടെ?

ദൈവം ആഗ്രഹിക്കുന്ന ഒരു യഥാർത്ഥ സുവിശേഷീകരണത്തിൽ എന്ത് സംഭവിക്കണമെന്നും, എങ്ങനെ അവസാനിക്കണമെന്നും, യേശു പറഞ്ഞ ഈ കഥ നമുക്ക് വ്യക്തമാക്കുന്നു. ***യാത്രയിൽ പൊയ്ക്കൊണ്ടിരിക്കുന്ന ധൂർത്തപുത്രന് ‘സുബോധം’ വന്നതാണ് മടക്കയാത്രയുടെ അടിസ്ഥാനം. ഈ അടിസ്ഥാനത്തിന്റെ മേൽ നടക്കുന്ന പണിയാണ് ‘മടക്കയാത്ര’. ഈ പണിയുടെ അവസാനമാണ് ധൂർത്തപുത്രൻ പിതാവിന്റെ ഭവനത്തിൽ എത്തിച്ചേരുന്നത് അഥവാ ദൈവരാജ്യം അവകാശമാക്കുന്നത്.*** ഇതിന്റെ ക്രമം താഴെ ബോക്സിൽ കാണിച്ചിരിക്കുന്നു.

**ദൈവരാജ്യത്തിന്റെ സുവിശേഷ പ്രസംഗം**

മനുഷ്യരെ **‘സുബോധത്തിലേക്ക്’** കൊണ്ടുവരുന്നു.

**സുബോധം**

താൻ ആരെന്നുള്ള സുബോധം മനുഷ്യരെ **‘മാനസാന്തരത്തിലേക്ക്’** കൊണ്ടുവരുന്നു.

**മാനസാന്തരം**

മാനസാന്തരമാണ് **‘മടക്കയാത്രയുടെ’ (യേശുവിനെ അനുഗമിക്കുന്നതിന്റെ)** അടിസ്ഥാനം.

**മടക്കയാത്ര**

മനുഷ്യരെ **‘ദൈവരാജ്യം അവകാശമാക്കുവാൻ’** ഇടയാക്കുന്നു.

## മനുഷ്യർ ദൈവരാജ്യം അവകാശമാക്കുവാനുള്ള ശരി യായ ക്രമം

1. ദൈവരാജ്യത്തിന്റെ സുവിശേഷം കേൾക്കുക.
2. സുബോധത്തിലേക്ക് വരിക.
3. മാനസാന്തരപ്പെടുക.
4. മടക്കയാത്ര ചെയ്ത് (യേശുവിനെ അനുഗമിക്കുക) ദൈവരാജ്യം അവകാശമാക്കുക.

## എങ്ങനെ ധൂർത്തപുത്രന് സുബോധമുണ്ടായി?

പിതാവിന്റെ പദ്ധതിയിൽ അദൃശ്യലോകത്തിൽ നടക്കുന്ന സംഭവത്തിന്റെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധമുണ്ടാകുന്നത്. ദൈവരാജ്യം നാം പ്രസംഗിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. അദൃശ്യലോകത്തെ സംഭവമായതിനാലും, യേശു ജീവിച്ചിരുന്ന കാലത്തെ തലമുറക്ക് ഇത് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നത് വിഷമകരവുമായതിനാലായിരിക്കാം എങ്ങനെ 'സുബോധമുണ്ടായി' എന്ന് ഈ കഥയിൽ രേഖപ്പെടുത്താഞ്ഞത്.

> പിതാവിന്റെ പദ്ധതിയിൽ അദൃശ്യലോകത്ത് നടക്കുന്ന സംഭവത്തിന്റെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധമുണ്ടാകുന്നത്.

## 'ചിന്തകളുടെ മാറ്റം യാത്രയുടെ തുടക്കം'

ആദാമുമായി ബന്ധപ്പെട്ട ഈ കഥയിൽ ***യാത്രയുടെയും മടക്കയാത്ര യുടെയും കാരണം ചിന്തകൾക്കു ണ്ടായ മാറ്റമാണ്.*** ദൈവരാജ്യത്തിന്റെ നിഴലായ ഏദെനിൽ വച്ച് പിശാചിന്റെ രാജ്യത്തിന്റെ ഇടപെടലിനാലാണ് ആദാമിന്റെ ചിന്തകൾ മാറുകയും, ചെയ്യരുതെന്ന് ദൈവം കല്പിച്ചത് ചെയ്യുകയും യാത്രക്ക് തുടക്കം കുറിക്കുകയും ചെയ്തത്. ഇതു പോലെ തന്നെ യാത്രയുടെ പ്രയാസവേളയിൽ, മനുഷ്യനെ (പഠിപ്പിക്കാൻ പറ്റിയ സമയം) ആദാമിന്റെ തലമുറകളുടെ മേൽ 'ദൈവരാജ്യം' തന്റെ ദാസൻമാരിലൂടെയും, സുവിശേഷപ്രഘോഷണത്തിലൂടെയും ഇടപെടുമ്പോഴാണ് ആ വ്യക്തികളുടെ ചിന്തകൾ മാറി അവർക്ക് സുബോധമുണ്ടാകുന്നത്.

> ആത്മമണ്ഡലത്തിൽ പിതാവിന്റെ പദ്ധതി പ്രകാരം നടന്ന കാര്യങ്ങളുടെ പ്രതിഫലനമായിട്ടാണ് ധൂർത്ത പുത്രന് 'സുബോധം' വന്നത്.

## പിശാചിനോട് വിശ്വസ്തത പുലർത്തിയ സർപ്പം ആദാമിന്റെ ശിക്ഷായാത്രയുടെ കാരണമായി തീർന്നു:

പിശാച് ആത്മാവാണ്, അവന് ശരീരമില്ല, സർപ്പം പിശാചിന് തന്റെ ശരീരം കൊടുക്കാൻ തയ്യാറായി. തുടർന്ന് സർപ്പം ഉൽപ്പത്തി 3-ാം അദ്ധ്യായത്തിൽ ഹവ്വയോട് പിശാചിന്റെ ആലോചന പ്രസംഗിക്കുന്നതായി കാണാം. സർപ്പത്തിന് പിശാച് കൊടുത്ത പ്രസംഗവിഷയം *"നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം കഴിച്ചാൽ നീ മരിക്കുകയില്ലായെന്നും പകരം നീ ദൈവത്തെപ്പോലെ ആകുമെന്നുമായിരുന്നു."*

പിശാചിനോട് വിശ്വസ്തത പുലർത്തിയ സർപ്പം തന്നെയേൽപ്പിച്ച പ്രസംഗവിഷയം മാറ്റാതെ ഭംഗിയായി പ്രസംഗിച്ച്, ഹവ്വയെ വഞ്ചിച്ചും, ഹവ്വയെ സ്നേഹിച്ച ആദാമിനെ വഞ്ചിച്ചും വീഴിച്ചും ശിക്ഷായാത്രയുടെ തുടക്കം കുറിച്ചു. ഹവ്വ സർപ്പത്തിന്റെ പുറകിൽ പിശാചാണെന്ന് അറിഞ്ഞിരുന്നില്ല. അവൾ വഞ്ചിക്കപ്പെടുകയായിരുന്നെന്ന് ദൈവവചനം പറയുന്നു.

**"എന്നാൽ സർപ്പം ഹവ്വയെ <u>ഉപായത്താൽ</u> ചതിച്ചതു പോലെ ....." (2 കൊരി 11:3)**

പിശാചിനോട് വിശ്വസ്തത പുലർത്തിയ സർപ്പം തന്നെ ഏല്പിച്ച പ്രസംഗവിഷയം മാറ്റാതെ ഭംഗിയായി പ്രസംഗിച്ച് ഹവ്വയെ വഞ്ചിച്ചും, ഹവ്വയെ സ്നേഹിച്ച ആദാമിനെ വീഴിച്ചും ശിക്ഷായാത്രയുടെ തുടക്കം കുറിച്ചു.

ക്രിസ്തു പ്രസംഗിച്ച വിഷയമായ ദൈവരാജ്യം തന്നെയാണ് ക്രിസ്തു നമ്മെ പ്രസംഗിക്കാൻ ഏല്പിച്ച വിഷയം.

ചതിക്കപ്പെട്ടവരോട് കൂട്ടുകൂടി അവരെ പ്രസാദിപ്പിക്കാൻ പോയാൽ നാമും ചതിക്കപ്പെടും.

സർപ്പം പിശാച് തന്നെ ഏൽപ്പിച്ച പ്രസംഗവിഷയം മാറ്റാതെ പ്രസംഗിച്ച് ആദാമിന്റെ ശിക്ഷായാത്രക്ക് കാരണമായെങ്കിൽ നമ്മൾ ക്രിസ്തു ഏൽപ്പിച്ച പ്രസംഗവിഷയം മാറ്റാതെ പ്രസംഗിച്ചാൽ ജനത്തിന് സുബോധമുണ്ടാകുകയും അത് അവരുടെ രക്ഷാകരമായ മടക്കയാത്രക്ക് കാരണമാവുകയും ചെയ്യും.

പക്ഷേ, ആദാം ചതിക്കപ്പെട്ടത് ചതിക്കപ്പെട്ട ഹവ്വയോട് കൂട്ടുകൂടിയതുകൊണ്ടാണ്. ഇതിൽനിന്നും ഉൾക്കൊള്ളാവുന്ന ഗുണപാഠം

ചതിക്കപ്പെട്ടവരോട് കൂട്ടുകൂടി അവരെ പ്രസാദിപ്പിക്കാൻ പോയാൽ നാമും ചതിക്കപ്പെടും എന്നുള്ളതാണ്.

**അതിശയിപ്പിക്കുന്ന വിരോധാഭാസം !**

യേശുക്രിസ്തു പ്രസംഗിച്ച സുവിശേഷമാണ് **'ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുക'** എന്നുള്ളത്. ഈ സുവിശേഷം തന്നെയാണ് യേശുവിന്റെ ശിഷ്യന്മാരേയും, നമ്മേയും പ്രസംഗിക്കാൻ ഭരമേൽപ്പിച്ചത്.

ഒരുപക്ഷേ വായനക്കാർക്ക് ഒരു ചോദ്യം ഉണ്ടാകാം, എന്താണ് ക്രിസ്തു ഏൽപ്പിച്ച പ്രസംഗവിഷയം?

മറ്റൊന്നുമല്ല ക്രിസ്തു പ്രസംഗിച്ച വിഷയം തന്നെ **"ദൈവരാജ്യം"**.

**"അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു, സകലഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്ക് ശക്തിയും അധികാരവും കൊടുത്തു; *'ദൈവരാജ്യം പ്രസംഗിപ്പാനും'* രോഗികൾക്ക് സൗഖ്യം വരുത്തുവാനും അവരെ അയച്ചു..."**

**(ലൂക്കൊ. 9:1-2)**

ഇവിടെ പ്രസംഗിക്കാൻ പറഞ്ഞത്: **'ഒന്ന്'**.

പ്രവർത്തിക്കാൻ പറഞ്ഞത്: **'രണ്ട്'**.

**പ്രസംഗിക്കാൻ പറഞ്ഞ ഒരു കാര്യം:**

1. **'ദൈവരാജ്യം'**.

**പ്രവർത്തിക്കാൻ പറഞ്ഞ രണ്ടുകാര്യം:**

1. **രോഗികളെ സൗഖ്യമാക്കുക**
2. **ഭൂതങ്ങളെ പുറത്താക്കുക.**

എന്നാൽ ***ഇന്ന് ലോകത്തിൽ ബഹുഭൂരിപക്ഷം ക്രിസ്തീയ സമൂഹങ്ങളിലും കണ്ടുവരുന്നത് അതിശയിപ്പിക്കുന്ന വിരോ***

ഒരു വ്യക്തി തന്റെ സ്വന്ത ഭവനമായ ദൈവരാജ്യത്തെക്കുറിച്ചും തനിക്ക് വേണ്ടി കാത്തിരിക്കുന്ന തന്റെ സ്നേഹനിധിയായ പിതാവിനെക്കുറിച്ചുമുള്ള ഓർമ്മയിലേക്ക് വരുന്നതാണ് **"സുബോധം."**

***ധാഭാസമാണ്. യേശു പ്രവർത്തിക്കാൻ പറഞ്ഞത് പ്രസംഗിക്കുകയും, പ്രസംഗിക്കാൻ പറഞ്ഞത് പ്രസംഗിക്കാതിരിക്കുന്നതും.*** 'പ്രസംഗിക്കാൻ പറഞ്ഞ **ദൈവരാജ്യം** വേണം ജനത്തോട് പ്രസംഗിക്കാൻ'. അതോടെ യേശു ചെയ്യാൻ പറഞ്ഞ രണ്ടുകാര്യങ്ങൾ ചെയ്യുകയും വേണം.

***സർപ്പം പിശാചിനോട് വിശ്വസ്തത പുലർത്തി. പ്രസംഗവിഷയം മാറ്റാതെ പ്രസംഗിച്ചു. മനുഷ്യവർഗ്ഗത്തിന്റെ ശിക്ഷായാത്രക്ക് വഴിയൊരുക്കി. അതിനാൽ ഇനിയും പിശാചിന്റെ വഞ്ചനയിൽ വീഴാതെ ക്രിസ്തു നമ്മെ ഏൽപ്പിച്ച പ്രസംഗവിഷയമായ 'ദൈവരാജ്യം' മാറ്റാതെ അത് തന്നെ പ്രസംഗിച്ചുകൊണ്ടും അനേകർക്ക് സുബോധം കൊടുത്തുകൊണ്ടും അവരുടെ രക്ഷാകരമായ മടക്കയാത്രക്ക് വഴിയൊരുക്കാം.***

## പിശാച് ഭയപ്പെടുന്ന ദൈവരാജ്യം

പിശാച് ദൈവരാജ്യം വെളിപ്പെടുന്നതിനെ വല്ലാതെ ഭയപ്പെടുന്നു. പിതാവിന്റെ ഭവനമായ ദൈവരാജ്യമെന്ന വിഷയം പുറത്തു വരരുതെന്ന്, പിശാചിന് വളരെ നിർബന്ധമുള്ളതായി കാണുന്നു. ***ബൈബിളിന്റെ കേന്ദ്ര വിഷയമായ 'ദൈവരാജ്യം', ദൈവദാസന്മാരെ ഒരുക്കുന്ന ബൈബിൾ കോളേജുകളിലെ സിലബസുകളിൽ കഴിഞ്ഞ കാലങ്ങളിൽ ഇല്ലായിരുന്നു എന്നത് മനുഷ്യനെ സുബോധമില്ലാതാക്കുന്നതിൽ പിശാച് എത്രത്തോളം ജയിച്ചു നിൽക്കുന്നു എന്നുള്ളതിന്റെ തെളിവാണ്.*** ഇനിയെങ്കിലും നാം സുബോധം പ്രാപിച്ച്, ദൈവ രാജ്യമെന്ന ബൈബിളിലെ കേന്ദ്ര വിഷയം ദൈവദാസൻമാരെ പഠിപ്പിച്ചും കൊണ്ട് ജനത്തെ ഒരുക്കുന്ന ആയുധങ്ങളാക്കി മാറ്റുവാൻ, ദൈവത്തിൽ ശരണപ്പെടാം. അതിന്റെ പരിണിതഫലം, ജനം പിതാവിന്റെ ഭവനത്തിലെത്താൻ ക്രിസ്തുവിനെ പിൻതുടരുന്നവർ ആയിത്തീരും. അല്ലാതെ, ഇന്നത്തെ നില തുടർന്നാൽ ബഹുഭൂരിപക്ഷം ജനവും, ലോകം നേടാൻ വേണ്ടി ക്രിസ്തുവിനെ ആരാധിക്കുന്നവർ മാത്രമായി തുടരും. ഇത് അപകടകരമായ ലോകസമ്പ്രദായമാണ്. ലോക മതങ്ങൾ അവ

> പരിശുദ്ധാത്മാവ് ഒരു വ്യക്തിക്ക് കൊടുക്കുന്ന ബോധം സുവിശേഷകരായ നമ്മൾ പ്രസംഗിക്കുന്ന വാക്കുകൾക്കനുസരിച്ചാണ്.

രുടെ കാര്യസാധ്യങ്ങൾക്ക് വേണ്ടി അവരുടെ ദൈവങ്ങളെ ആരാധിക്കുന്നു, സേവിക്കുന്നു...!

**"നമുക്ക് പിശാച് ഭരിക്കുന്ന താത്ക്കാലിക ലോകം വേണോ? അതോ....! ദൈവം ഭരിക്കുന്ന നിത്യരാജ്യം വേണോ?"**

പരിശുദ്ധാത്മാവ് ഒരു വ്യക്തിക്ക് കൊടുക്കുന്ന ബോധം സുവിശേഷകരായ നമ്മൾ പ്രസംഗിക്കുന്ന വാക്കുകൾക്കനുസരിച്ചാണ്. നാം വിടുതൽ കൊടുക്കുന്ന യേശുവിനെക്കുറിച്ച് മാത്രമാണ് പ്രസംഗിക്കുന്നതെങ്കിൽ പരിശുദ്ധാത്മാവിന് ജനത്തിന്റെയുള്ളിൽ അവിടം വരെ പ്രവർത്തിക്കാൻ നാം വഴിയൊരുക്കുകയാണ്. എന്നാൽ നാം വിടുതൽ കൊടുക്കുന്ന യേശുവിനെ മാത്രമല്ല, ദൈവരാജ്യത്തെയും, നമുക്കുവേണ്ടി കാത്തിരിക്കുന്ന പിതാവിനെയും അവിടേക്കുള്ള വഴിയായ യേശുവിനെയും കുറിച്ച് പ്രസംഗിച്ചാൽ നാം പരിശുദ്ധാത്മാവിന് ജനങ്ങളിൽ സുബോധം കൊടുക്കുവാൻ കൂടെ വഴിയൊരുക്കുകയാണ്. എങ്ങനെയാണ് ഈ വഴിയിലൂടെ യേശുവിനെ പിൻതുടർന്ന് ദൈവരാജ്യത്തിലേക്ക് പോകുന്നതെന്ന് നാം പ്രസംഗിച്ചാൽ സുബോധം മാത്രമല്ല ജനത്തെ മടക്കയാത്രയിൽ നയിക്കുവാനും പരിശുദ്ധാത്മാവിന് വഴി തുറക്കുകയാണ്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ പരിശുദ്ധാത്മാവിന് പ്രാസംഗികർ വചനത്തിലൂടെ വഴി തുറക്കുന്ന ഇടംവരെ എളുപ്പത്തിൽ പ്രവർത്തിക്കാൻ കഴിയും. കാരണം പ്രസംഗിക്കുന്നവർ, വിളിച്ച് പറയുന്ന വചനത്തിൻ മേലാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്. നാം രോഗസൗഖ്യത്തെക്കുറിച്ചും വിടുതലുകളെക്കുറിച്ചുമാണ് പ്രസംഗിക്കുന്നതെങ്കിൽ പരിശുദ്ധാത്മാവ് ആ ഭാഗത്തായിരിക്കും പ്രവർത്തിക്കുന്നത്.

## സുബോധമെന്ന അടിസ്ഥാനം ഇടാത്ത ക്രിസ്തീയ വേലകൾ

ധൂർത്തപുത്രന്റെ കഥയിൽ ധൂർത്തപുത്രന് സുബോധമുണ്ടായതാണ് അവന്റെ മടക്കയാത്രയ്ക്ക് കാരണമെന്ന് നാം മനസ്സിലാക്കിയല്ലോ. എന്നാൽ ഇന്നത്തെ അനേകം സുവിശേഷീകരണത്തിൽ ഈ സുബോധം ജനത്തിനുണ്ടാകാതെ അവർ യേശുവിനെ സ്വീകരിച്ച് **വീണ്ടും ശിക്ഷായാത്രയിൽ തന്നെ തുടരുന്നതിന്റെ** മറ്റൊരു പ്രധാന കാരണം ധൂർത്തപുത്രന്റെ യഥാർത്ഥ പ്രശ്നം എന്തെന്നറിവില്ലാത്ത സുവിശേഷകരാണ്.


യാത്രയിൽ ധൂർത്തപുത്രന് പല പ്രശ്നങ്ങൾ ഉണ്ടായതായി കാണുന്നു:

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| തിന്മയായ കൂട്ടുകെട്ടുകളിൽ അവൻ കുടുങ്ങുന്നു. | നല്ല സ്വഭാവം വരേണ്ടതാവശ്യമാണ്. |
| അവന്റെ സമ്പത്ത് നഷ്ടപ്പെടുന്നു. | സാമ്പത്തികമായ ഒരു നന്മ ആവശ്യമാണ്. |
| അവൻ ആയിരിക്കുന്ന ദേശത്ത് ക്ഷാമം ഉണ്ടാകുന്നു. | ദേശം അനുഗ്രഹിക്കപ്പെടേണ്ടത് ആവശ്യമാണ്. |
| അവൻ ഒരു ജോലിക്ക് വേണ്ടി അപേക്ഷിക്കുന്നു. | ജോലി ലഭിക്കേണ്ടത് ആവശ്യമാണ്. |
| പന്നികളെ തീറ്റുന്ന താഴ്ന്ന ജോലിയേ അവന് കിട്ടുന്നുള്ളൂ. | ഉയർന്ന ജോലി കിട്ടേണ്ടതാവശ്യമാണ്. |
| അവന് വിശക്കുന്നു. | അവന്റെ വിശപ്പ് മാറ്റേണ്ടത് ആവശ്യമാണ്. |
| അവന്റെ ജോലിയിൽ അഡ്വാൻസ്, ശമ്പളം കിട്ടിയില്ല. | അവന്റെ മുതലാളിയുടെ മനസ്സ് മാറേണ്ടത് ആവശ്യമാണ്. |
| പിതാവിന്റെ ഭവനത്തിൽ വസിച്ച അവന്റെ സ്വപ്നങ്ങൾ അധ:പതിച്ച്, പന്നിയുടെ തീറ്റ തനിക്ക് ലഭിക്കുന്നതായി അവന്റെ ആഗ്രഹം. | അവന്റെ സ്വപ്നമായ പന്നിയുടെ തീറ്റ അവന് കിട്ടേണ്ടതാവശ്യമാണ്. |
| പക്ഷേ ജോലിയിൽ മത്സരം (Comptetion) ആരും അവന് പന്നിയുടെ തീറ്റ തിന്നാൻ കൊടുക്കുന്നില്ല. അവന് ജോലിയിൽ ധാരാളം ശത്രുക്കൾ ഉണ്ടാകുന്നു. | അവന്റെ ശത്രുക്കളുടെ മുമ്പിൽ അവന് വിരുന്നൊരുക്കേണ്ടത് ആവശ്യമാണ്. |

ഈ വ്യക്തിയിൽ കാണുന്ന ധാരാളം ജീവിതപ്രശ്നങ്ങൾ ഉണ്ട്. അതിൽ പ്രധാനമായ ഒന്നാണ് അവന്റെ ആഗ്രഹമായ പന്നിയുടെ തീറ്റപോലും അവന് ലഭിക്കുന്നില്ല എന്നത്. മറ്റൊന്നാണ് അവന്റെ ജോലിയിൽ ശത്രുക്കളുണ്ടെന്നത്.

**"പന്നി തിന്നുന്ന വാളവരകൊണ്ട് വയർ നിറപ്പാൻ അവൻ ആഗ്രഹിച്ചു എങ്കിലും ആരും അവന് കൊടുത്തില്ല."**
**(ലൂക്കൊ. 15:16)**

പല പ്രശ്നങ്ങളും അവന്റെ മുമ്പിലുള്ളപ്പോൾ സുവിശേഷകനായ എനിക്ക് രണ്ട് രീതിയിൽ അവന്റെ അടുക്കൽ കടന്നുചെല്ലാം.




(ചിത്രം-9)

ഒന്ന്, എന്റെ യേശു നിന്റെ ഈ കാണുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരകനാണ്, അതായത് എന്റെ യേശു നിന്റെ ആഗ്രഹമായ പന്നിയുടെ തീറ്റ തരും, നിന്റെ ശത്രുക്കളുടെ മുമ്പിൽ നിനക്ക് വിരുന്നൊരുക്കും, തുടങ്ങി അവന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരകനാണെന്ന് പറയാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് സുവിശേഷകനായ ഞാൻ പറഞ്ഞ വിഷയങ്ങളിൽ ദൈവഹിതമാകുമാറ് ഇടപെട്ട് പല വിടുതലുകളും കൊടുക്കുമായിരിക്കാം. ആ വ്യക്തി യേശുവിനെ സ്വീകരിച്ച് പിശാചിന്റെ പിടിയിൽ നിന്ന് രക്ഷിക്കപ്പെട്ട്, ആത്മാവ് ദൈവരാജ്യത്തിൽ വീണ്ടും ജനിക്കുകയും ചെയ്യും.

ഒരു വിശ്വാസിയുടെ യേശുവിനെ സ്വീകരിച്ചുകൊണ്ടുള്ള ശിക്ഷായാത്ര എന്ന് പറയുന്നത് ജഡത്തെ അനുസരിച്ച് കൊണ്ടുള്ള തന്റെ പഴയ ജീവിതം തുടരുന്നതാണ്.

എന്നാൽ ഒരിക്കലും ആ വ്യക്തി **'മടക്കയാത്ര'** ചെയ്യുകയില്ല. കാരണം എന്റെ സുവിശേഷീകരണത്തിലൂടെ അവന് **'സുബോധം'** ലഭിച്ചിട്ടില്ല. മടക്കയാത്രയുടെ അടിസ്ഥാനമായ **''സുബോധം''** ആ വ്യക്തിയിൽ ഉരുവാക്കുവാൻ പരിശുദ്ധാത്മാവിന് ഞാൻ എന്റെ വാക്കുകളിലൂടെ വഴി തുറന്നില്ല. തുടർന്ന് ആ വ്യക്തിക്ക് ആരും **'സുബോധം'** കൊടുത്തില്ല എങ്കിൽ, ഈ ലോകത്തിലെ ആവശ്യങ്ങൾക്കു വേണ്ടി ആ വ്യക്തി മറ്റു മതങ്ങളിലെ ദൈവത്തെ കാര്യസാദ്ധ്യത്തിനുവേണ്ടി അവർ പ്രസാദിപ്പിക്കുന്നതുപോലെ, ക്രിസ്തുവിനെ ആരാധിച്ച്, സ്തുതിച്ച്, പ്രാർത്ഥിച്ച്, രക്ഷാകരമായ മടക്കയാത്ര ചെയ്യേണ്ടതിനു പകരം ലോകത്തിലേക്ക് ശിക്ഷായാത്ര തന്നെ വീണ്ടും തുടർന്നുകൊണ്ടേയിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ജഡത്തെ അനുസരിച്ചുകൊണ്ടുള്ള പഴയ ജീവിതം തുടരും. രക്ഷിക്കപ്പെട്ടതെങ്കിലും ശിക്ഷായാത്ര തുടരുന്നതിനാൽ ആ വ്യക്തിയുടെ ദേഹി നിത്യമരണത്തിൽ ഏൽപ്പിക്കപ്പെടും. രക്ഷിക്കപ്പെട്ട റോമയിലെ വിശ്വാസികളോട് പൗലോസ് പറയുന്നു - ജഡത്തെ അനുസരിച്ച് (ശിക്ഷാ യാത്രയിൽ തുടർന്നാൽ) ജീവിച്ചാൽ നിങ്ങൾ മരിക്കും.

> മടക്കയാത്രയുടെ അടിസ്ഥാനമായ സുബോധം ആ വ്യക്തിയിൽ ഉരുവാകുവാൻ പരിശുദ്ധാത്മാവിന് ഞാൻ എന്റെ വാക്കുകളിലൂടെ വഴി തുറന്നില്ല.

**''നിങ്ങൾ *ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം*; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.'' (റോമ. 8:13)**

ഇതിന്റെയെല്ലാം കാരണം ***സുവിശേഷമറിയിച്ച ഞാൻ ശുശ്രൂഷിച്ചതു മുഴുവനും അദ്ദേഹത്തിന്റെ ലോകത്തിലെ കാണുന്ന പ്രശ്നങ്ങളുടെ മേൽമാത്രമാണ്***. മറ്റൊരു രീതിയിൽ കൂടെ അദ്ദേഹത്തോട് എനിക്ക് സുവിശേഷമറിയിക്കാം. അദ്ദേഹത്തിന്റെ കാണുന്ന പ്രശ്നങ്ങളെല്ലാം അദ്ദേഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ അല്ലായെന്നും, അദ്ദേഹത്തിന്റെ യഥാർത്ഥ പ്രശ്നം കാണാത്ത മണ്ഡലത്തിലാണെന്നും, ആ പ്രശ്നത്തിന്റെ പരിണിതഫലങ്ങളാണ് കാണുന്ന മണ്ഡലത്തിലെ തിന്മയായ സ്വഭാവവും, തരംതാണ സ്വപ്ന മായ പന്നിയുടെ തീറ്റക്കു വേണ്ടിയുള്ള ആഗ്രഹവും, തൊഴിലി ല്ലായ്മയും, തൊഴിലിലെ ശത്രുക്കളും, മറ്റനവധി പ്രശ്നങ്ങളും. **''കാണാത്ത മണ്ഡലത്തിലെ തന്റെ പിതാവിന്റെ രാജ്യമായ ദൈവരാജ്യത്തിൽ നിന്നുള്ള അകൽച്ചയാണ് കാണുന്ന മണ്ഡലത്തിലെ ഈ പ്രശ്ന**

**കാണാത്ത മണ്ഡലത്തിലെ, തന്റെ പിതാവിന്റെ രാജ്യമായ ദൈവരാജ്യത്തിൽ നിന്നുള്ള അകൽച്ചയാണ് കാണുന്ന മണ്ഡലത്തിലെ പ്രശ്നങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കുന്നതും സുവിശേഷം അറിയിക്കുന്ന വ്യക്തിയെ ഇത് മനസ്സിലാക്കിപ്പിക്കുന്നതും ആണ് സുവിശേഷകനായ എന്റെ ഒന്നാമത്തെ ജയം.**

**ങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കി കൊടുക്കുക എന്നതാണ് സുവിശേഷകനായ എന്റെ ഒന്നാമത്തെ ജയം."** തുടർന്ന് അദ്ദേഹത്തോട് യേശു നമ്മോട് പറയാൻ പറഞ്ഞതും, പ്രസംഗിച്ചതും ആയ ദൈവരാജ്യം അറിയിക്കുകയും തന്റെ സ്വന്ത പിതാവിനെ ക്കുറിച്ചും, ഭവനമായ ദൈവരാജ്യത്തെക്കുറിച്ചും, അവിടേക്ക് പോകുവാനുള്ള വഴിയും, വാതിലുമായ യേശുവിനെക്കുറിച്ചും പ്രസംഗിച്ചു കഴിയുമ്പോൾ അദ്ദേഹത്തിന് സുബോധം ഉണ്ടാകുന്നു. സുബോധമുണ്ടാകുന്നതോടെ അദ്ദേഹം ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചുകൊണ്ട് തന്റെ ഭവനമായ ദൈവരാജ്യത്തിലേക്കുള്ള മടക്കയാത്രയിലേക്ക് പ്രവേശിക്കുന്നു. അദ്ദേഹത്തിന്റെ താത്ക്കാലിക പ്രശ്നങ്ങളുടെ മേൽ യേശു പറഞ്ഞതുപോലെ, ദൈവരാജ്യം ഇടപെട്ട് പരിഹാരം കൊടുക്കുന്നു.

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും."**

**(മത്താ. 6:33)**

തുടർന്ന് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ആ വ്യക്തി ക്രിസ്തുവിനെ അനുഗമിച്ച് ദൈവരാജ്യം അവകാശമാക്കുന്നു.

**"ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

ഇവിടെ നമ്മെയും ദൈവസ്നേഹം കാണിക്കാൻ പരിശുദ്ധാത്മാവിന്റെ വരത്തിലൂടെയും, ഫലത്തിലൂടെയും ദൈവം ഉപയോഗിക്കും. ആ വ്യക്തി ക്രിസ്തുവിനെ അനുഗമിക്കാൻ തയ്യാറായാൽ ദൈവരാജ്യം അവകാശമാക്കുകയും ചെയ്യും.

**"നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നത് കൊണ്ട് അവൻ നന്മ ചെയ്തതും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ടു സഞ്ചരിച്ചതുമായ**

**വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ." (അപ്പോ. 10:38)**

**"സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?." (യാക്കോ. 2:14)**

**"പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലമുമായ ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു." (യാക്കോ. 1:27)**

## ക്രിസ്തുവിന്റെ സുവിശേഷീകരണ മാതൃകയും ലോകത്തിന്റെ സുവിശേഷീകരണ മാതൃകയും.

### നാം ഏത് തിരഞ്ഞെടുക്കണം?

തീരുമാനം സുവിശേഷകനായ എന്റേതാണ്, **'ഒന്നാമത്തെ സുവിശേഷീകരണ മാതൃക സ്വീകരിച്ച് എനിക്ക് ക്രിസ്തുവിനു വേണ്ടി മതഭക്തന്മാരെ ഉണ്ടാക്കി ജഡത്തെ അനുസരിക്കുന്ന അവരെ നിത്യമരണത്തിലേക്ക് തള്ളിവിടാം'.**

**'ക്രിസ്തുവിന്റെ സുവിശേഷീകരണ മാതൃക സ്വീകരിച്ച്, ദൈവരാജ്യം പ്രസംഗിച്ചുകൊണ്ട് അനേകർക്ക് സുബോധം കൊടുത്തുകൊണ്ട്, മടക്കയാത്രയിലൂടെ അനേകരെ ദൈവരാജ്യത്തിലെത്തിക്കാം'.** ഞാനേതായാലും ക്രിസ്തുവിന്റെ മാതൃക തിരഞ്ഞെടുക്കുന്നു. ഈ മാതൃക നല്ലതെന്നു തോന്നിയാൽ പ്രിയ വായനക്കാരേ, നിങ്ങൾക്കും അത് തിരഞ്ഞെടുക്കാം.

### *പ്രാർത്ഥന*



ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഞങ്ങൾ ക്രിസ്തുവിനെ മാത്രം ലോകത്തിൽ പരിചയപ്പെടുത്തുന്നവരായി തീരാതെ, ക്രിസ്തു പ്രസംഗിച്ചതുപോലെ, പിതാവിന്റെ രാജ്യവും, പിതാവിനെയും വെളിപ്പെടുത്തുവാനും, ജനത്തിന് സുബോധം കൊടുത്ത് പിശാചിന്റെ പിടിയിൽ നിന്നും രക്ഷിക്കുവാനും, തുടർന്ന് യേശുവിനെ അനുഗമിച്ച് സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുവാനുമുള്ള ആയുധങ്ങളായി ഞങ്ങളെ ഉപയോഗിക്കണമെ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ മടക്കയാത്രയിൽ ആയിരിക്കുവാൻ കഴിയുകയുള്ളൂ.
2. ഇന്ന് ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്ന മനുഷ്യരിൽ ഭൂരിഭാഗവും മടക്കയാത്ര ചെയ്തു കാണുന്നില്ല. ഇതിന്റെ കാരണം ധൂർത്തപുത്രനുണ്ടായതുപോലെ സുബോധം ഇന്നത്തെ ബഹുഭൂരിപക്ഷം സുവിശേഷ വേദികളിലും ഉണ്ടാകാത്തതുകൊണ്ടാണ്.
3. സുബോധം വന്നവൻ വീട്ടിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ തെരുവിൽ അലഞ്ഞു തിരിഞ്ഞു നടക്കും എന്നതുപോലെ, ആത്മീക സുബോധം വന്നവൻ ദൈവ രാജ്യത്തിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ ലോകം നേടാൻ പോകും.
4. യേശു പ്രസംഗിച്ച ദൈവരാജ്യം അറിയിച്ചാൽ ജനത്തിന് സുബോധം വരും.
5. യാത്രയിൽ പൊയ്ക്കൊണ്ടിരിക്കുന്ന ധൂർത്തപുത്രന് സുബോധം വന്നതാണ് മടക്കയാത്രയുടെ അടിസ്ഥാനം. ഈ അടിസ്ഥാനത്തിന്റെ മേൽ നടക്കുന്ന പണിയാണ് മടക്കയാത്ര. ഈ പണിയുടെ അവസാനമാണ് ധൂർത്ത പുത്രൻ പിതാവിന്റെ ഭവനത്തിൽ എത്തിച്ചേരുന്നത് അഥവാ ദൈവരാജ്യം അവകാശമാക്കുന്നത്.
6. പിതാവിന്റെ പദ്ധതിയിൽ അദൃശ്യലോകത്തിൽ നടക്കുന്ന സംഭവത്തിന്റെ പ്രതിഫലനമായിട്ടാണ് ധൂർത്തപുത്രന് സുബോധമുണ്ടാകുന്നത്.
7. യാത്രയുടെയും മടക്കയാത്രയുടെയും കാരണം ചിന്തകൾക്കുണ്ടാകുന്ന മാറ്റമാണ്.
8. ചതിക്കപ്പെട്ടവരോട് കൂട്ടുകൂടി അവരെ പ്രസാദിപ്പിക്കാൻ പോയാൽ നാമും ചതിക്കപ്പെടും.
9. സർപ്പം പിശാച് ഏൽപ്പിച്ച പ്രസംഗവിഷയം മാറ്റാതെ പ്രസംഗിച്ചത് ആദാമിന്റെ ശിക്ഷായാത്രക്ക് കാരണമായെങ്കിൽ, നമ്മൾ ക്രിസ്തു ഏൽപ്പിച്ച പ്രസംഗ വിഷയമായ “ദൈവരാജ്യം” മാറ്റാതെ പ്രസംഗിച്ചാൽ മനു

ഷ്യർക്ക് സുബോധമുണ്ടാകുകയും അത് അവരുടെ രക്ഷാകരമായ മടക്കയാത്രക്ക് കാരണമാവുകയും ചെയ്യും.

10. ബൈബിളിന്റെ കേന്ദ്രവിഷയമായ ദൈവരാജ്യം, ദൈവദാസൻമാരെ ഒരുക്കുന്ന ബൈബിൾ കോളേജുകളിലെ സിലബസുകളിൽ കഴിഞ്ഞ കാലങ്ങളിൽ ഇല്ലായിരുന്നു എന്നത് മനുഷ്യനെ സുബോധമില്ലാതാക്കുന്നതിൽ പിശാച് എത്രത്തോളം ജയിച്ചു നിൽക്കുന്നു എന്നുള്ളതിന്റെ തെളിവാണ്.

11. ഒരു വ്യക്തി തന്റെ സ്വന്ത ഭവനമായ ദൈവരാജ്യത്തെക്കുറിച്ചും തനിക്ക് വേണ്ടി കാത്തിരിക്കുന്ന തന്റെ സ്നേഹനിധിയായ പിതാവിനെക്കുറിച്ചുമുള്ള ഓർമ്മയിലേക്ക് വരുന്നതാണ് സുബോധം.

12. പരിശുദ്ധാത്മാവ് ഒരു വ്യക്തിക്ക് കൊടുക്കുന്ന ബോധം സുവിശേഷകരായ നമ്മൾ പ്രസംഗിക്കുന്ന വാക്കുകൾക്കനുസരിച്ചാണ്.

13. പരിശുദ്ധാത്മാവിന് പ്രാസംഗികർ വചനത്തിലൂടെ വഴി തുറക്കുന്ന ഇടംവരെ എളുപ്പത്തിൽ പ്രവർത്തിക്കാൻ കഴിയും. കാരണം പ്രസംഗിക്കുന്ന, വിളിച്ചു പറയുന്ന വചനത്തിന്മേലാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്.

14. ഒരു വിശ്വാസിയുടെ യേശുവിനെ സ്വീകരിച്ചുകൊണ്ടുള്ള ശിക്ഷായാത്ര എന്ന് പറയുന്നത് ജഡത്തെ അനുസരിച്ചുകൊണ്ടുള്ള തന്റെ പഴയ ജീവിതം തുടരുന്നതാണ്.

15. മടക്കയാത്രയുടെ അടിസ്ഥാനമായ സുബോധം ഓരോ വ്യക്തിയിലും ഉരുവാക്കുവാൻ പരിശുദ്ധാത്മാവിന് നാം നമ്മുടെ വാക്കുകളിലൂടെ വഴി തുറന്ന് കൊടുക്കണം.

16. കാണാത്ത മണ്ഡലത്തിലെ, തന്റെ പിതാവിന്റെ രാജ്യമായ ദൈവരാജ്യത്തിൽ നിന്നുള്ള അകൽച്ചയാണ് കാണുന്ന മണ്ഡലത്തിലെ പ്രശ്നങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കുന്നതും സുവിശേഷം അറിയിക്കുന്ന വ്യക്തിയെ മനസ്സിലാക്കിക്കുന്നതും ആണ് സുവിശേഷകനായ എന്റെ ഒന്നാമത്തെ ജയം.

17. ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന 'സുബോധം' എന്നത്, ഒരു വ്യക്തിക്ക് താൻ ആരാണെന്നും, തന്റേതായ 'identity' എന്താകുന്നു എന്നുമുള്ള തിരിച്ചറിവാണ്.

അദ്ധ്യായം 9

# അനുഗമിക്കുക

## (Follow)

"പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്; എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛരിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശെടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കൊ. 9:23)

***സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധം തന്റെ അനുസരണക്കേടിലൂടെ ഒന്നാം ആദാം തകർത്തു. എന്നാൽ ഒടുക്കത്തെ ആദാമായ യേശു തന്റെ ദേഹമെന്ന തിരശ്ശീലയിലൂടെ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ജീവനുള്ള പുതുവഴി തുറന്നു.***

**"അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും." (എബ്രാ. 10:19-20)**

തുടർന്ന് ആ വഴിയിലൂടെ ആദ്യമായി സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയത് യേശു തന്നെയാണ്. ആ യേശു തന്റെ ശിഷ്യൻമാരോട് പറയുകയാണ് "എന്നെ അനുഗമിക്കുക". **(Follow me)**

> യേശുവിനെ പിന്തുടർന്നാൽ നാം എത്തിച്ചേരുന്നത് ദൈവരാജ്യത്തിലായിരിക്കും.


യേശു നമ്മുടെ നായകനും യജമാനനുമാണ്. പിന്തുടരുക **(Follow)** എന്ന ഭാഗത്ത് യേശു വെളിപ്പെടുന്നത് നായകനായിട്ടാണ്. കാരണം നായകൻമാർ ജനത്തെ നയിക്കുകയാണ്. നായകൻമാർ മുമ്പേ പോയി ജനത്തോട് പിന്തുടരാൻ പറയുന്നു. ഒരു തീവണ്ടിയുടെ എൻജിനെ അതിന്റെ ബോഗികൾ പിന്തുടരുന്നതുപോലെ. എന്നാൽ യജമാനൻമാർ **(Boss)** അങ്ങനെയല്ല. യജമാനൻ പറയും, "അത് അടുത്ത് കൊണ്ടുവരിക, അവിടെ പോക" എന്നൊക്കെ.

**"തനിക്കുള്ളവയെ ഒക്കെയും പുറത്ത് കൊണ്ട് പോയ ശേഷം അവൻ അവയ്ക്ക് മുമ്പായി നടക്കുന്നു; ആടുകൾ അവന്റെ**

ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു." (യോഹ. 10:4)

**യേശുവിനെ പിന്തുടരുന്നതാണ് മടക്കയാത്ര. യേശുവിനെ പിന്തുടർന്നാൽ നാം ചെന്നുചേരുന്നത് യേശുവിനോട് ചേർന്ന് പിതാവിന്റെ ഭവനമായ ദൈവ രാജ്യത്തിലായിരിക്കും.**

## എന്തിന് പിന്തുടരണം ? എങ്ങനെ പിന്തുടരണം ?




(ചിത്രം-10)

അതുകൊണ്ട് എന്തുകൊണ്ട് യേശുവിനെ പിന്തുടരണം എന്ന ചോദ്യത്തിന് വളരെ പ്രസക്തിയുണ്ട് ?

ഉത്തരം: യേശുവിനെ പിന്തുടർന്നാൽ നാം എത്തിച്ചേരുന്നത് ദൈവ രാജ്യത്തിലായിരിക്കും.

**എങ്ങനെ പിന്തുടരണം?**

**പിന്തുടരണമോ? വേണ്ടയോ? സ്വാതന്ത്ര്യം നമ്മുടെ കൈയ്യിൽ.**

യേശുവിനെ പിന്തുടരണമോ വേണ്ടയോ അഥവാ മടക്കയാത്ര ചെയ്യണമോ വേണ്ടയോ എന്നുള്ളത് ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പാണ്. തനിക്ക് യേശുവിനെ പിന്തുടരാനും പിന്തുടരാതിരിക്കാനും

ഉള്ള സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണ് ദൈവവചനം പറയുന്നത് ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ,

**"പിന്നെ അവൻ എല്ലാവരോടുമായി പറഞ്ഞത്: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കൊ. 9:23)**

ആദാം മരിക്കാനുള്ള തിരഞ്ഞെടുപ്പ് നടത്തി. നമുക്ക് ബുദ്ധിയുള്ളവരായി യേശുവിനെ പിന്തുടർന്ന് എന്നേക്കും ജീവിക്കുവാൻ (ദൈവരാജ്യം ആവകാശമാക്കുവാൻ) ഉള്ള തിരഞ്ഞെടുപ്പ് നടത്താം.

ഇത് ഉൽപ്പത്തിയിൽ ദൈവം ആദാമിനോട് പറഞ്ഞതുപോലെയാണ്- നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നാൽ നീ മരിക്കും. അതിന്റെ അർത്ഥം തിന്നാനും തിന്നാതിരിക്കാനുമുള്ള സ്വാതന്ത്ര്യം ആദാമിനുണ്ട്. ഉൽപ്പത്തിയിൽ ഏദെനിൽ ദൈവത്തോടു കൂടെയുണ്ടായിരുന്ന ആദാം നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം കഴിച്ചാൽ മരിക്കുമായിരുന്നു. ഇന്ന് ദൈവരാജ്യ ത്തിൽ ആത്മാവിൽ വീണ്ടും ജനിച്ച് ദൈവത്തോടു കൂടെയായിരിക്കുന്ന വ്യക്തികൾ **ജഡത്തെയാണ് അനുസരിക്കുന്നതെങ്കിൽ മരിക്കും,** പകരം ക്രിസ്തുവിനെ പിന്തുടർന്നാൽ അവർ (ദേഹി) ദൈവരാജ്യം അവകാശമാക്കും.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

## മടക്കയാത്രക്കുള്ള നിബന്ധനകൾ

യേശുവിനെ പിന്തുടരുന്നതാണ് മടക്കയാത്ര.

യേശുവിനെ പിന്തുടരുന്നതാണ് മടക്കയാത്ര. അതിന് ചില നിബന്ധനകൾ യേശു പറയുന്നുണ്ട്. എന്നാൽ അത് ആരാധനയോ, പാട്ടോ, പ്രാർത്ഥനയോ, വചനപ്രസംഗമോ, സുവിശേഷീകരണമോ മാത്രമായി കരുതുന്നവരുണ്ട്. യേശു തന്നെ പിന്തുടരുന്നത് എങ്ങനെ എന്ന് പറയുന്നത് ശ്രദ്ധിക്കാം.

## യേശുവിനെ പിന്തുടരാനുള്ള രണ്ടു കാലുകൾ

**"പിന്നെ അവൻ എല്ലാവരോടുമായി പറഞ്ഞത്: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച്**

**നാൾ തോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കൊ. 9:23)**

യേശുവിനെ പിന്തുടരണമെങ്കിൽ നാം രണ്ടു കാര്യങ്ങൾ ചെയ്യണമെന്നാണ് യേശു പറയുന്നത്.

1. **തന്നെത്താൻ നിഷേധിക്കുക**
2. **നാൾതോറും തന്റെ ക്രൂശെടുക്കുക**


ഈ രണ്ട് കാര്യങ്ങളും ഒരു മനുഷ്യൻ നടക്കാനുപയോഗിക്കുന്ന രണ്ടു കാലുകൾ പോലെയാണ്. ഈ കാലുകൾ ഉപയോഗിച്ച് വേണം യേശുവിനെ പിന്തുടരുവാൻ.

**യേശുവിനെ പിന്തുടരുന്ന രണ്ട് കാലുകളാണ്**

**1. തന്നെത്താൻ നിഷേധിക്കുക,**

**2. നാൾ തോറും തന്റെ ക്രൂശ് എടുക്കുക.**

**യേശുവിനെ അനുഗമിക്കാൻ വേണ്ട "രണ്ട് കാലുകൾ"**




**കൃപ നമ്മെ സത്യത്തിൽ നടത്താൻ ശക്തിപ്പെടുത്തുകയും സത്യം നമ്മെ ജഡത്തിന്റെ എല്ലാ ബന്ധനത്തിൽ നിന്നും സ്വതന്ത്രമാക്കുകയും ചെയ്യുന്നു.**

(ചിത്രം-11)

എങ്ങനെയാണ് ക്രൂശെടുക്കുന്നത്? എങ്ങനെയാണ് തന്നെത്താൻ നിഷേധിക്കുന്നതെന്ന ചിന്ത ഒരുപക്ഷേ വായനക്കാർക്കുണ്ടാകാം.

പ്രിയരേ, ലോകത്തിലെ സമയത്തിൽ പ്രവർത്തിക്കുന്ന നമുക്ക് ഈ

ശുശ്രൂഷയ്ക്ക്, രോഗിയായ ഒരു വ്യക്തിക്ക് സൗഖ്യത്തിനായി ഡോക്ടർ ദിവസവും 3 നേരം കഴിക്കുവാൻ കൊടുക്കുന്ന മൂന്ന് മരുന്നുകൾ പോലെ മൂന്ന് കാര്യങ്ങൾ ആവശ്യമാണ്.

1. ***ദിവസേനയുള്ള വചനം* (DAILY BREAD)**
2. ***ദിവസേനയുള്ള ക്രൂശ്* (DAILY CROSS)**
3. ***ദിവസേനയുള്ള മരണം* (Daily Death)**

## ദിവസേനയുള്ള വചനം, ദിവസേനയുള്ള ക്രൂശ് തമ്മിലുള്ള ബന്ധം:-

ദിവസേനയുള്ള വചനം നമുക്ക് ലഭിച്ചുവെങ്കിൽ മാത്രമേ ദിവസേന ക്രൂശ് ഉണ്ടാവുകയുള്ളൂ. യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു; നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കണം.

സ്വർഗ്ഗസ്ഥനായ പിതാവേ,.......ഞങ്ങൾക്കാവശ്യമുള്ള ആഹാരം **(Daily Bread)** ഇന്ന് ഞങ്ങൾക്ക് തരേണമേ.......

**"നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്ന് ഞങ്ങൾക്ക് തരേണമേ; ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ."**

**(മത്താ. 6:9-13)**





## ദിവസേനയുള്ള ആഹാരം (Daily Bread)

നമ്മിൽ പലരുടെയും ചിന്ത അന്നന്നുവേണ്ട ആഹാരം എന്നു വച്ചാൽ ചോറും, ചപ്പാത്തിയും മുതലായ ഭൗതിക ആഹാരത്തെക്കുറിച്ച് മാത്രമായിരിക്കും. എന്നാൽ പ്രിയരേ ഞാൻ നിങ്ങളോട് പറയട്ടെ, താൽക്കാലിക ഭൗതിക ആഹാരത്തേക്കാൾ ഉപരിയായി, ആത്മാ

വാകുന്ന നമ്മുടെ സ്വർഗ്ഗീയപിതാവ് നമുക്കു വേണ്ടി ദിവസവും ഒരുക്കി വച്ചിരിക്കുന്നത് ഓരോ ദിവസത്തേക്കും വേണ്ട ആത്മീക ആഹാരമാണ്. അത് ദൈവീക ആലോചനയാണ്, ദൈവ വചനമാണ്. ഇത് സ്നേഹനിധിയായ ഒരമ്മ തന്റെ കുഞ്ഞുങ്ങൾക്ക് ദിവസവും ആഹാരം ഒരുക്കിക്കൊടുക്കുന്നതു പോലെയാണ്.

ഡെയ്‌ലി ബ്രഡ് എന്ന് പറയുന്നത് ദിവസവും ദൈവം നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന ദൈവാ ലോചനയാണ് അഥവാ ദൈവവചനമാണ്.

**യേശുവിനെ “അനുഗമിക്കാൻ” ആവശ്യമായ ഘടകങ്ങൾ**





(ചിത്രം-12)

## ദിവസേനയുള്ള ക്രൂശ് (Daily Cross)

ദിവസേനയുള്ള ക്രൂശ് നമുക്ക് ഉണ്ടാകണമെങ്കിൽ ദിവസേനയുള്ള ആഹാരം അഥവാ ദൈവാലോചന, ദൈവവചനം ലഭിച്ചുവെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. എങ്കിൽ മാത്രമേ യേശുവിനെ അനുഗമിക്കുവാൻ പറ്റുകയുള്ളൂ. അതു കൊണ്ട് ദിവസേനയുള്ള ദൈവിക ആഹാരം ലഭിക്കേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

മനുഷ്യന്റെ ചിന്തകളെ എതിർക്കുന്ന ദിവസേനയുള്ള ദൈവീക ചിന്തകളാണ് ദിവസേനയുള്ള കുരിശ്.

ഇതൊരു മരപ്പണിക്കാരൻ കുരിശ് ഉണ്ടാക്കുന്നതുപോലെയാണ്. ഒരു കുരിശ് ഉണ്ടാക്കാൻ മരപ്പണിക്കാരന് രണ്ടു തടികൾ ആവശ്യമാണ്. ഒന്ന് നീളം കൂടിയതും, മറ്റൊന്ന് നീളം കുറഞ്ഞതും. അതു രണ്ടും കൂടി പ്രത്യേക രീതിയിൽ കൂട്ടിച്ചേർക്കുമ്പോഴാണ് കുരിശ് ഉണ്ടാകുന്നത്. നീളം കുറഞ്ഞ ഒരു തടി കൊണ്ടു മാത്രം മരപ്പണിക്കാരന് കുരിശുണ്ടാക്കുവാൻ കഴിയുകയില്ല. ആത്മീകമായി ഇതിനെ ഉപമിക്കുമ്പോൾ നീളം കുറഞ്ഞ ചെറിയ തടി അതായത് കുരിശിൽ സമാന്തരമായി ഇരിക്കേണ്ട തടി കാണിക്കുന്നത് മനുഷ്യന്റെ സ്വന്ത ഇഷ്ടത്തെയാണ്. ലംബമായി, കുത്തനെ നിൽക്കേണ്ട തടി കാണിക്കുന്നത് ഉയരത്തിൽ നിന്നും വരുന്ന ദൈവിക ആലോചനയാണ് അഥവാ ദൈവേഷ്ടമാണ്. ഇങ്ങനെ ദൈവത്തിന്റെ ഇഷ്ടവും മനുഷ്യന്റെ ഇഷ്ടവും കൂടെ വിപരീത ദിശകളിൽ കൂടിച്ചേരുമ്പോഴാണ് കുരിശുണ്ടാകുന്നത് (ചിത്രം-11). ഇതാണ് ദിവസേനയുള്ള ദൈവവചനവും ക്രൂശും തമ്മിലുള്ള ബന്ധം.




(ചിത്രം-13)

പലർക്കും ഇന്ന് ക്രൂശുണ്ടാകാത്തതിന്റെയും ക്രൂശിനെക്കുറിച്ച് അറിയാത്തതിന്റെയും കാരണം അവർക്ക് ആ മരപ്പണിക്കാരനെപ്പോലെ സമാന്തരമായ ഒരു തടി മാത്രമേ ഉള്ളൂ, ലംബമായ തടി ഇല്ലാത്ത തിനാലാണ്. അതായത് അവരുടെ ജീവിതം മാനുഷിക ഇഷ്ടങ്ങൾ മാത്രം നിറഞ്ഞു നിൽക്കുന്ന ജീവിതമാണ്. ഈ മാനുഷിക ഇഷ്ടങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് അവർ ദൈവത്തെ അന്വേഷിക്കുന്നതും, ആരാധിക്കുന്നതും, പ്രാർത്ഥിക്കുന്നതും. ദൈവേഷ്ടത്തിന് അവരുടെ ജീവിതത്തിൽ സ്ഥാനമില്ല, അവർ അത് പഠിച്ചിട്ടുമില്ല. പഠിപ്പിക്കാൻ ദൈവം നിയോഗിച്ചവർ പലരും ദൈവത്തെക്കാൾ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നതുകൊണ്ട് അവർ

മനുഷ്യർക്ക് ഇഷ്ടമുള്ളതാണ് പഠിപ്പിക്കുന്നതും, പ്രസംഗിക്കുന്നതും.

**"അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും, സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും." (2 തിമോ. 4:3-4)**

**"ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല." (ഗലാ. 1:10)**

അതുകൊണ്ട് ജനത്തിന്റെ ജീവിതത്തിൽ ഒരിക്കലും ക്രൂശ് ഉണ്ടാകുന്നതായി അവർ അറിയുന്നില്ല. അവരെ സംബന്ധിച്ച് അവരുടെ ദൈവം അവരുടെ ഇഷ്ടങ്ങൾ നിറവേറ്റിത്തരുന്ന ദൈവം മാത്രമാണ്. പ്രശ്നങ്ങൾ വരുമ്പോൾ ദൈവത്തിന്റെ അടുക്കൽ പോവുക, ദൈവം വിടുതൽ തരും. എന്നാൽ തിരുവചനത്തിൽ കാണുന്ന പൗലോസിനെപ്പോലുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ സ്വന്ത ഇഷ്ടത്തിനെ മരിപ്പിച്ച് ക്രിസ്തുവിന്റെ ഇഷ്ടത്തിന് ജീവിക്കുന്ന വരാണ്.

> ക്രൂശ് എന്ന് പറയുന്നത് മാനുഷീക ഇഷ്ടങ്ങൾക്കെതിരെയുള്ള ദൈവേഷ്ടമാണ്.

**"ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." (ഗലാ. 2:20)**

കുരിശില്ലാത്തതിനാൽ ഇക്കൂട്ടർക്ക് ഒരിക്കലും ക്രിസ്തുവിനെ അനുഗമിക്കുവാൻ കഴിയുകയില്ല. ഇതു വളരെ അപകടകരമായ അവസ്ഥയാണ്. ക്രിസ്തുവിനെ അനുഗമിച്ചെങ്കിൽ മാത്രമേ ക്രിസ്തു എത്തിച്ചേർന്ന ഇടമായ ദൈവരാജ്യത്തിൽ നാമും എത്തിച്ചേരുകയുള്ളൂ, അഥവാ ദൈവരാജ്യം അവകാശമാക്കുകയുള്ളൂ. ഒറ്റവാക്കിൽ ക്രൂശ് എന്നു പറയുന്നത് മാനുഷീക ഇഷ്ടങ്ങൾക്കെതിരെയുള്ള ദൈവേഷ്ടമാണ്.

> യഥാർത്ഥമായ ക്രൂശ്, അദൃശ്യമായതാണ്, അത് ഉണ്ടാകുന്നത് മനുഷ്യന്റെ ഹൃദയത്തിലാണ്. മനുഷ്യന്റെ ഇഷ്ടങ്ങളാണ് ആ ക്രൂശിൽ മരിക്കേണ്ടത്.

കർത്താവായ യേശുവിന്റെ ജീവിതത്തിൽ ക്രൂശുണ്ടായത് ശ്രദ്ധിക്കുക. മനുഷ്യപുത്രനായ യേശു കാൽവരി ക്രൂശിൽ ക്രൂശിക്കപ്പെ ടുന്നതിന് മുമ്പ് ഗദ്സെമന തോട്ടത്തിൽ വച്ച് താൻ പിതാവിനോട് പ്രാർത്ഥിച്ചത് ശ്രദ്ധിക്കുക "*പിതാവേ, കഴിയു മെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീങ്ങിപ്പോകണമെ.*"

> നമ്മുടെ സ്വന്തം ഇഷ്ടത്തിനെതിരെ നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടുന്ന ദൈവീക വെളിപ്പാടാണ് ക്രൂശ്.

**"പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്നു കവിണ്ണു വീണു: പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു." (മത്താ. 26:39)**

പിതാവേ, "*കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീങ്ങിപ്പോകട്ടെ*" ഇതാണ് ക്രൂശിലെ സമാന്തരമായ ചെറിയ തടി അഥവാ മാനുഷിക ഇഷ്ടം. എന്നാൽ "യേശു ദൈവം കൊടുക്കുന്ന ഈ പാനപാത്രം കുടിച്ചേ മതിയാകൂ" എന്നുള്ളതാണ് ക്രൂശിലെ ലംബമായ കുത്തനെ നിൽക്കുന്ന വലിയ തടി. ഈ രണ്ടു ചിന്തകൾ കൂടി ചേർന്നപ്പോഴാണ് യേശുവിന്റെ ജീവിതത്തിൽ ക്രൂശുണ്ടായത്. കാൽവരിയിലെ ക്രൂശ് ഭൗതിക ക്രൂശ് മാത്രമാണ്, എന്നാൽ യഥാർത്ഥ ക്രൂശുണ്ടായത് ഗദ്സെമനാ തോട്ടത്തിൽ വച്ചാണ്. അത് അദൃശ്യമായ ക്രൂശാണ്. അതുണ്ടായത് യേശുവിന്റെ ഹൃദയത്തിലാണ്. തന്റെ സ്വന്തം ഇഷ്ടമാണ് ആ ക്രൂശിൽ മരിച്ചത്.

ഇപ്പോൾ ദിവസേനയുള്ള അപ്പം **(Daily Bread)** കൊണ്ട് ദിവസേനയുള്ള ക്രൂശ് **(Daily Cross)** ഉണ്ടാകുന്നത് എങ്ങനെയെന്ന് മനസ്സിലായല്ലോ. നമ്മുടെ സ്വന്തം ഇഷ്ടത്തിനെതിരെ നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടുന്ന ദൈവീക വെളിപ്പാടാണ് ക്രൂശ്. ചുരുക്കിപ്പറഞ്ഞാൽ 'ദിവസേനയുള്ള ക്രൂശ്' എന്നാൽ, ദിവസേന ദൈവത്തിൽ നിന്ന് പ്രാപിക്കുന്ന ദൈവീക ആലോചനകളാൽ, മാനുഷികചിന്തകൾക്ക് വിപരീതമായി മനുഷ്യഹൃദയത്തിൽ രൂപപ്പെടുന്ന ദൈവീക ചിന്തകളാണ്.

## ദിവസേനയുള്ള മരണം (Daily Death)

പൗലോസ് അപ്പോസ്തലന്റെ ആത്മീക ആരോഗ്യത്തിന്റെ രഹസ്യങ്ങളിലൊന്ന് അദ്ദേഹം വെളിപ്പെടുത്തുന്നത് അദ്ദേഹം ദിവസേന മരിക്കുന്നു എന്നാണ്.

**"സഹോദരന്മാരേ, നമ്മുടെ കർത്താവായ ക്രിസ്തു**

**യേശുവിങ്കൽ എനിക്ക് നിങ്ങളിലുള്ള പ്രശംസയാണെ ഞാൻ ദിവസേന മരിക്കുന്നു." (1കൊരി. 15:31)**

എന്താണ് നാൾതോറും മരിക്കുക?

യേശുക്രിസ്തുവിനെ അനുഗമിക്കാനുള്ള രണ്ടാമത്തെ കാലാണിത്, **"തന്നെത്താൻ ത്യജിക്കുക."** എന്നു പറഞ്ഞാൽ തന്റെ ഇഷ്ടത്തെ കൊല്ലുവാൻ ഏൽപ്പിച്ചു കൊടുക്കുക എന്നതാണ്. അതായത് തന്നെത്താൻ കൊല്ലുന്നതാണ്. മനുഷ്യൻ എന്നു പറഞ്ഞാൽ പുറമെ കാണുന്ന ശരീരമല്ല. പകരം അവന്റെ ദേഹിയിൽ ചിന്തിക്കുന്നവനാണ്. (സദൃശ്യവാക്യം 23:7) ദേഹിയുടെ ഇഷ്ടങ്ങൾ ലോകത്തിൽ നിറവേറ്റാൻ ശരീരത്തെ ഉപയോഗിക്കുന്നുവെന്ന് മാത്രമേയുള്ളൂ. മനുഷ്യനെന്ന് പറഞ്ഞാൽ ദേഹിയാണ്. ദേഹിയിലാണ് മനുഷ്യന്റെ ചിന്തകളും, തീരുമാനങ്ങളും, വികാരങ്ങളും നിലകൊള്ളുന്നത്.

ദൈവേഷ്ടവും, മാനുഷികയിഷ്ടവും തമ്മിൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ ദിവസവും കൂട്ടിമുട്ടി കുരിശുണ്ടാകുമ്പോൾ, ആ കുരിശിൽ, മാനുഷികയിഷ്ടത്തെ ത്യജിച്ച്, ദൈവേഷ്ടം നടപ്പിലാക്കുന്നതാണ് ദിവസേനയുള്ള മരണം.

**"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉൽപ്പ. 2:7)**

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ,....." (1 കൊരി. 15:45)**

ഒരു മനുഷ്യൻ ഏറ്റവും അധികം അദ്ധ്വാനിക്കുന്നതും സംസാരിക്കുന്നതും തന്റെ ഇഷ്ടം നിറവേറ്റുവാനാണ്. ***"തന്റെ ഇഷ്ടമാണ് മനുഷ്യൻ. തന്റെ ഇഷ്ടത്തെ കൊല്ലുക എന്നു പറഞ്ഞാൽ മനുഷ്യനെ കൊല്ലുക എന്നാണ്."*** ഇത് ഗദ്സെമനതോട്ടത്തിൽ യേശുവിൽ സംഭവിച്ചത് പ്രകടമായി നമുക്ക് കാണാം. യേശു തന്റെ ഇഷ്ടം പിതാവിനോട് പ്രാർത്ഥിച്ചു, 'പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപ്പോകണമേ.' എന്നാൽ പിതാവ് യേശുവിന്റെ ഹൃദയത്തിൽ വെളിപ്പെടുത്തിക്കൊടുത്തു, 'ഇല്ല, യേശു അതിലൂടെ കടന്നു പോയേ പറ്റൂ.' യേശുവിന്റെ ചിന്തക്കെതിരെയുള്ള ദൈവിക ചിന്ത കടന്നു വന്ന് യേശുവിന്റെ ജീവിതത്തിൽ (ഹൃദയത്തിൽ) ക്രൂശുണ്ടായി. ഈ ക്രൂശിൽ യേശു, ***"പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപ്പോകണമെ"*** എന്ന തന്റെ ഇഷ്ടത്തെ ത്യജിച്ച് ഇങ്ങനെ പറഞ്ഞു, ***"എങ്കിലും ഞാൻ ഇച്ഛിക്കുന്നതു പോലെയല്ല, നീ ഇച്ഛിക്കുന്നതുപോലെയാകട്ടെ."***

അങ്ങനെ **ക്രൂശെടുക്കുക, തന്നെത്താൻ ത്യജിക്കുക** എന്നീ രണ്ട് കാലുകൾ ദിവസേന ഉപയോഗിച്ചാൽ അവ നമുക്ക് യേശുവിനെ പിന്തുടർന്ന് ദൈവരാജ്യം അവകാശമാക്കുവാൻ സഹായിക്കും.

**"പിന്നെ അവൻ അല്പം മുമ്പോട്ടുചെന്നു കവിണ്ണു വീണു: പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങി പ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു." (മത്താ. 26:39)**

***ഇങ്ങനെ യേശു തന്റെ സ്വയത്തെ അദൃശ്യമായ ക്രൂശിൽ ഗദ്സമെനയിൽ വച്ച് മരിപ്പിച്ചു. യേശു അദൃശ്യമായ ക്രൂശിൽ മരിച്ചു., ഇങ്ങനെ ദിവസവും നമ്മുടെ ചിന്തകൾക്കെതിരെ നമ്മുടെ ഹൃദയത്തിൽ വെളിപ്പെടുന്ന ദൈവീക ആലോചനകളെ നിവർത്തിപ്പാൻ നമ്മുടെ ഇഷ്ടങ്ങളെ ഉപേക്ഷിച്ച് നാം യേശുവിനെ പോലെയും, യേശുവിനെ പിന്തുടർന്ന പൗലോസിനെപ്പോലെയും സ്വയം ഏൽപ്പിച്ചു കൊടുക്കുന്നതാണ് ദിവസേനയുള്ള മരണം.*** **(Daily Death)**

**"ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നത് പോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ." (1 കൊരി. 11:1)**

***യേശുവിനെ സ്വീകരിക്കുക (രക്ഷിക്കപ്പെടുക) എന്നത് ഒരു നിമിഷം കൊണ്ട് നടക്കുന്നതാണെങ്കിലും അനുഗമിക്കുക എന്നത് നടക്കുന്നത് ഒരു നിമിഷം കൊണ്ടല്ല, പകരം ഒരായുസ്സു കൊണ്ടാണ്.***

ഒരുപക്ഷേ നിങ്ങൾ ചിന്തിക്കും ഇതിന്റെയൊക്കെ ആവശ്യമുണ്ടോ, ഇന്ന് തന്റെ ചുറ്റുപാടിൽ ലോകത്തിൽ കാണുന്നതുപോലെ ഒന്ന് ആരാധിച്ചും, കൺവെൻഷനു പോയും, പ്രാർത്ഥിച്ചും, സുവിശേഷം അറിയിച്ചും പോയാൽ മാത്രം പോരെ, ക്രൂശെടുക്കുകയും തന്നെത്താൻ ത്യജിക്കുകയും അതുവഴി യേശുവിനെ അനുഗമിക്കുകയും വേണമോ?

പ്രിയരേ, മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യവും നാം ചെയ്യേണ്ടതാണ്. പക്ഷേ ഇതെല്ലാം ചെയ്തിട്ടും നാം യേശുവിനെ അനുഗമിക്കുന്നില്ല എങ്കിൽ നാം ചെയ്തതെല്ലാം വ്യർത്ഥമായിത്തീരും.

ഇന്നു ലോകത്തിൽ അധികം ആരും കേൾക്കാത്ത യേശുവിന്റെ വാക്ക് കേൾക്കുക.

**രക്ഷിക്കപ്പെടുന്നത് പിശാചിന്റെ പിടിയിൽ നിന്നാണെങ്കിൽ, യേശുവിനെ അനുഗമിക്കുന്നത് പിതാവിന്റെ ഭവനമാകുന്ന ദൈവരാജ്യത്തിലേക്കാണ്.**

**രക്ഷിക്കപ്പെടുന്നത് ഒരു നിമിഷം കൊണ്ടാണെങ്കിലും, യേശുവിനെ അനുഗമിക്കുന്നത് ഒരായുസ്സ് കൊണ്ടാണ്.**

**"ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ." (മത്താ 7:13-14)**

**"അപ്പോൾ ഒരുത്തൻ അവനോട്: കർത്താവേ രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്ന് ചോദിച്ചതിന് അവനോട് പറഞ്ഞത്: ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ല താനും എന്നു ഞാൻ നിങ്ങളോട് പറയുന്നു." (ലൂക്കോ 13:23-24)**

**"നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി എന്താകും? അതുകൊണ്ട് ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവൻ നന്മ ചെയ്തുകൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേൽപ്പിക്കട്ടെ." (1 പത്രൊ 4:18-19)**

ഇടുക്കുവഴിയിലൂടെ, ഇടുക്കുവാതിലിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കാനാണ് യേശു പറയുന്നത്. ഈ ഇടുക്കുവഴിയാണ് മടക്കയാത്ര. അല്ല, വേറെ വിശാലമായ വല്ല വഴിയും മറ്റാരെങ്കിലും കാണിച്ചു തരുന്നുവെങ്കിൽ അവരോട് യേശു പറയുന്നത് ശ്രദ്ധിക്കുക

**"കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടു**

**കളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു.”**

**(മത്താ. 7:15)**

പ്രിയരേ ചതിക്കപ്പെടാതെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് നമുക്ക് **യേശുവിന്റെ പാതകളെ പിന്തുടർന്ന്**, ദൈവരാജ്യത്തിൽ എത്തിച്ചേരാം.

**“ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ട് അടികൊള്ളുന്നത് സഹിച്ചാൽ എന്ത് യശസ്സുള്ളൂ? അല്ല നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.”**

**(1 പത്രൊ. 2:19–21)**

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ക്രിസ്തുവിനെ അനുഗമിച്ച് പിതാവിന്റെ ഭവനത്തിലെത്തുവാൻ ക്രിസ്തുവിന്റെ സുവിശേഷ മാതൃകയാണ് ഞങ്ങൾ സ്വീകരിക്കേണ്ടതെന്നും, ലോകത്തെയോ, ജനത്തെയോ പ്രസാദിപ്പിക്കാൻ നോക്കാതെ ജനത്തിന് മാതൃകയായിരുന്നുകൊണ്ട് ഞങ്ങളെയും, ഞങ്ങളുമായി ബന്ധപ്പെട്ട് നില്ക്കുന്ന ജനത്തെയും ദൈവരാജ്യത്തിലെത്തിക്കാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധം തന്റെ അനുസരണക്കേടിലൂടെ ഒന്നാം ആദാം തകർത്തു. എന്നാൽ ഒടുക്കത്തെ ആദാമായ യേശു തന്റെ ദേഹമെന്ന തിരശ്ശീലയിലൂടെ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ജീവനുള്ള പുതുവഴി തുറന്നു.
2. യേശുവിനെ പിന്തുടരുന്നതാണ് മടക്കയാത്ര. യേശുവിനെ പിന്തുടർന്നാൽ നാം ചെന്നുചേരുന്നത് യേശുവിനോട് ചേർന്ന് പിതാവിന്റെ ഭവനമായ ദൈവ രാജ്യത്തിലായിരിക്കും.
3. ആദാം മരിക്കാനുള്ള തിരഞ്ഞെടുപ്പ് നടത്തി. നമുക്ക് ബുദ്ധിയുള്ളവരായി യേശുവിനെ പിന്തുടർന്ന് എന്നേക്കും ജീവിക്കുവാൻ (ദൈവരാജ്യം അവകാശമാക്കുവാൻ) ഉള്ള തിരഞ്ഞെടുപ്പ് നടത്താം.
4. യേശുവിനെ പിന്തുടരുന്ന രണ്ട് കാലുകളാണ് 1. തന്നെത്താൻ നിഷേധിക്കുക, 2. നാൾ തോറും തന്റെ ക്രൂശ് എടുക്കുക.
5. മനുഷ്യന്റെ ചിന്തകളെ എതിർക്കുന്ന ദിവസേനയുള്ള ദൈവീക ആലോചനയാണ് ദിവസേനയുള്ള ക്രൂശ്.
6. ക്രൂശ് എന്ന് പറയുന്നത് മാനുഷീക ഇഷ്ടങ്ങൾക്കെതിരെയുള്ള ദൈവേഷ്ടമാണ്.
7. നമ്മുടെ സ്വന്തം ഇഷ്ടത്തിനെതിരെ വരുന്ന ദൈവീക വെളിപ്പാടാണ് ക്രൂശ്.
8. ദൈവേഷ്ടവും, മാനുഷിക ഇഷ്ടവും തമ്മിൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ ദിവസവും കൂട്ടിമുട്ടി കുരിശുണ്ടാകുമ്പോൾ, ആ കുരിശിൽ, മാനുഷിക ഇഷ്ടത്തെ ത്യജിച്ച്, ദൈവേഷ്ടം നടപ്പിലാക്കുന്നതാണ് ദിവസേനയുള്ള മരണം.
9. "തന്റെ ഇഷ്ടമാണ് മനുഷ്യൻ. തന്റെ ഇഷ്ടത്തെ കൊല്ലുക എന്നു പറഞ്ഞാൽ മനുഷ്യനെ കൊല്ലുക

എന്നാണ്.''

10.ക്രൂശെടുക്കുക, തന്നെത്താൻ ത്യജിക്കുക എന്നീ കാലുകൾ ഉപയോഗിച്ച് നാം ദിവസേന യേശുവിനെ പിന്തുടർന്നാൽ നമുക്ക് ദൈവരാജ്യം അവകാശമാക്കാം.

11.രക്ഷിക്കപ്പെട്ടത് പിശാചിന്റെ പിടിയിൽ നിന്നാണെങ്കിൽ, യേശുവിനെ അനുഗമിക്കുന്നത് പിതാവിന്റെ ഭവനമാകുന്ന ദൈവരാജ്യത്തിലേക്കാണ്.

12.രക്ഷിക്കപ്പെടുന്നത് ഒരു നിമിഷം കൊണ്ടാണെങ്കിലും, യേശുവിനെ അനുഗമിക്കുന്നത് ഒരായുസ്സ് കൊണ്ടാണ്.



## അദ്ധ്യായം -10

# 'അനുഗമിക്കുക', 'പോവുക'

"പിന്നെ അവൻ അവരോട്: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ." (മർക്കൊ. 16:15)

**മുൻകഴിഞ്ഞ** അദ്ധ്യായങ്ങളിൽ കർത്താവായ യേശു '**തന്നെ അനുഗമിക്കുക**' എന്ന് പറഞ്ഞതിനെക്കുറിച്ച് നാം മനസ്സിലാക്കുകയായിരുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തി എത്തിച്ചേരുന്നത് സ്വർഗ്ഗരാജ്യത്തിലാണ്. '**അനുഗമിക്കുക**' എന്ന് പറയുമ്പോൾ യേശു ഒരു നായകനായി **(Leader)** വെളിപ്പെടുകയാണ്. എന്നാൽ യേശു നമ്മോട് യേശുവിനെ അനുഗമിക്കുക എന്ന് മാത്രമല്ല പറഞ്ഞത്, മറ്റൊന്നു കൂടെ പറഞ്ഞു, '**പോവുക**' **(Go).** പോവുക എന്ന് പറഞ്ഞാൽ അനുഗമിക്കുക എന്നതിന്റെ നേരെ വിപരീതദിശയാണ്. ***അനുഗമിക്കുന്നത് സ്വർഗ്ഗത്തിലേക്കാണെങ്കിൽ പോകേണ്ടത് ലോകത്തിലേക്കാണ്.*** അനുഗമിക്കുക എന്ന് പറയുമ്പോൾ യേശു നമ്മുടെ നായകനായിട്ടും **(Leader)**, പോവുക എന്ന് പറയുമ്പോൾ യേശു നമ്മുടെ യജമാനൻ **(Master)** ആയിട്ടും വെളിപ്പെടുകയാണ്. നായകൻ അനുഗമിക്കുന്നവരെ ഒരു സ്ഥലത്തേക്ക് അല്ലെങ്കിൽ ഒരു സ്ഥാനത്തേക്ക് നയിക്കുമ്പോൾ യജമാനൻ തന്റെ കൂടെ ഉള്ളവരെ ഒരു ജോലിക്കായ് ഒരുക്കുന്നു, അല്ലെങ്കിൽ അയക്കുന്നു. യേശു നമ്മുടെ നായകനും യജമാനനുമാണ്.

> യേശു നമ്മോട് യേശുവിനെ അനുഗമിക്കുക എന്ന് മാത്രമല്ല പറഞ്ഞത്, മറ്റൊന്നു കൂടെ പറഞ്ഞു, '**പോവുക**' **(Go).**

> നായകൻ അനുഗമിക്കുന്നവരെ ഒരു സ്ഥലത്തേക്ക് അല്ലെങ്കിൽ ഒരു സ്ഥാനത്തേക്ക് നയിക്കുമ്പോൾ യജമാനൻ തന്റെ കൂടെ ഉള്ളവരെ ഒരു ജോലിക്കായ് ഒരുക്കുന്നു, അല്ലെങ്കിൽ അയക്കുന്നു.

### ഏത് സ്ഥലത്തേക്കാണ്, ഏത് സ്ഥാനത്തേക്കാണ് യേശു നമ്മെ കൊണ്ടുപോകുന്നത്; ഒരുക്കുന്നത്?

***യേശു നമ്മെ കൊണ്ടുപോകുന്നത് സ്വർഗ്ഗത്തിലേക്കാണ്, മടക്കയാത്രയിൽ യേശു നമ്മെ ഒരുക്കുന്നത് ദൈവപുത്ര***

**ന്മാരായിട്ടാണ്. അതാണ് മനുഷ്യനെ സംബന്ധിച്ച് യേശുക്രിസ്തുവിൽ പിതാവ് നിയമിച്ചിട്ടുള്ള ആത്യന്തികമായ ഉദ്ദേശ്യം.** വചനം പറയുന്നു:

**യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആത്യന്തികമായി എത്തിച്ചേരുന്നത് ദൈവപുത്രന്മാർ എന്ന സ്ഥാനത്തേക്കാണ്. ഇത് സംഭവിക്കുന്നത് യേശുവിനെ അനുഗമിക്കുമ്പോഴാണ്.**

**"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

മടക്കയാത്ര ജയകരമായി പൂർത്തിയാക്കുന്നവരെക്കുറിച്ച് വചനം പറയുന്നു,

**"ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും; ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും." (വെളി. 21:7)**

## പുത്രത്വയാത്രയും ദാസത്വയാത്രയും

യേശുവിനെ അനുഗമിക്കുന്ന '**മടക്കയാത്ര**' ദൈവപുത്രന്മാരായി വെളിപ്പെടാനുള്ള യാത്രയായതിനാൽ അതിനെ '**പുത്രത്വയാത്ര**' എന്ന് പേര് വിളിക്കാം.

"**അനുഗമിക്കുക**" എന്ന് യേശു പറഞ്ഞത് "**പുത്രത്വയാത്ര**" ആണെങ്കിൽ, "**പോവുക**" എന്ന് യേശു പറഞ്ഞത് "**ദാസത്വയാത്ര**" ആണ്.

പുത്രൻ പോകുന്നത് സ്വർഗ്ഗത്തിലേക്കാണ്, എന്നാൽ ദാസൻ പോകുന്നത് ലോകത്തിലേക്കാണ്.

ഒരു പക്ഷെ വായനക്കാരിൽ ചിലർക്കെങ്കിലും ഒരു ചോദ്യമുണ്ടാകും. എങ്ങനെയാണ് ഒരു മനുഷ്യന് ഒരേ സമയത്ത് ദാസത്വയാത്രയിലും പുത്രത്വയാത്രയിലും പങ്കെടുക്കാൻ കഴിയുക?

പ്രിയരേ, നാം ഒരേ സമയത്ത് ആത്മലോകത്തിലും ഭൗതികലോകത്തിലും ഒരുമിച്ച് പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണെന്നുള്ള അടി

സ്ഥാന സത്യം നാം മറന്ന് പോകരുത്. നമുക്ക് ആത്മമണ്ഡലത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന അകത്തെ മനുഷ്യനും ഭൗതിക മണ്ഡല ത്തിൽ പ്രവർത്തിക്കുന്ന പുറത്തെ മനുഷ്യനുമുണ്ട്. ***പുറത്തെ മനു ഷ്യനിലെ ശരീരം ലോകത്തിലേക്കുള്ള ശിക്ഷായാത്രയിലായതി നാൽ നാൾക്കുനാൾ ദ്രവിച്ച് കൊണ്ടേയിരിക്കും.***

**"ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും..." (റോമ. 8:10)**




(ചിത്രം-14)

***എന്നാൽ അകത്തെ മനുഷ്യൻ യേശുവിനെ അനുഗമി ക്കുന്ന പുത്രത്വയാത്രയിലാണെങ്കിൽ നാൾക്കുനാൾ ശക്തി പ്പെട്ടുകൊണ്ട്, മറ്റൊരു രീതിയിൽ പറഞ്ഞാൽ നാൾക്കു നാൾ ദൈവപുത്രനായി വെളിപ്പെട്ടുകൊണ്ടേയിരിക്കും.***

**"അതുകൊണ്ട് ഞങ്ങൾ അധൈര്യ പ്പെടാതെ ഞങ്ങളുടെ <u>പുറമെയുള്ള മനുഷ്യൻ</u> ക്ഷയിച്ചു <u>പോകുന്നു</u> എങ്കിലും ഞങ്ങളുടെ <u>അകമേയുള്ള വൻ</u> നാൾക്കുനാൾ പുതുക്കം പ്രാപി ക്കുന്നു." (2 കൊരി. 4:16)**

നാം ഒരേ സമയത്ത് ആത്മലോകത്തിലും ഭൗതികലോകത്തിലും ഒരുമിച്ച് പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണ്.

ദാസത്വയാത്രയിൽ യേശുവിന് വേണ്ടി ലോകത്തിലേക്ക് പോകുന്നത് പുറത്തെ മനുഷ്യനും, പുത്രത്വയാത്രയിൽ യേശുവിനെ അനുഗമിച്ച് സ്വർഗ്ഗത്തിലേക്ക് പോകുന്നത് അകത്തെ മനുഷ്യനുമാണ്.

ദാസത്വയാത്ര താത്കാലികമാണ്. ഒരു മെഴുകുതിരി കത്തിയെരിയുന്നത് പോലെ, ഭൗതിക ശരീരത്തിൽ നാം യേശുവിന് വേണ്ടി കത്തിജ്വലിച്ചു, സുവിശേഷമറിയിച്ച്, ഈ ലോകത്തിൽ നിന്നും മരണം വഴിയായി മാറ്റപ്പെടും. എന്നാൽ പുത്രത്വയാത്ര ദൈവത്തോട് കൂടെയുള്ള നിത്യമായ വാസത്തിലേക്ക് നമ്മെ നയിക്കുന്നു.

ദാസത്വയാത്ര ശരീരം കൊണ്ടും, പുത്രത്വയാത്ര ഹൃദയം കൊണ്ടുമാണ്.

ദാസത്വയാത്ര കണ്ണുകൊണ്ട് കാണുവാൻ പറ്റുന്നതാണ്. എന്നാൽ പുത്രത്വയാത്ര അദൃശ്യമാണ്.

ദാസത്വയാത്രയിൽ ലോകത്തിലെ പലതും നേടുവാൻ ഒരു പക്ഷേ നമുക്ക് കഴിയും, എന്നാൽ പുത്രത്വയാത്രയിൽ ലോകത്തിലെ പലതും നഷ്ടപ്പെട്ടെന്ന് വന്നേക്കാം. പക്ഷേ സ്വർഗ്ഗത്തിലെ **നിത്യമായ മഹത്വം** ലഭിക്കുവാൻ ഇടയാകും.

ദാസത്വയാത്ര ദൃശ്യലോകത്തിലേക്കാണെങ്കിൽ പുത്രത്വയാത്ര അദൃശ്യ സ്വർഗ്ഗത്തിലേക്കാണ്.

## ദാസത്വയാത്രയുടെ ഉദ്ദേശ്യം

**എന്തിനാണ് തന്നെ അനുഗമിക്കാൻ പറഞ്ഞ യേശുക്രിസ്തു ശിഷ്യന്മാരോട് തന്റെ ദാസന്മാരായി ലോകത്തിലേക്ക് പോകാൻ പറഞ്ഞത്?**

ശിഷ്യന്മാരെ ഉണ്ടാക്കുവാൻ വേണ്ടിയാണ്,

ശിഷ്യനെന്നു വച്ചാൽ **"അനുഗമിക്കുന്നവൻ"**

**"ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു." (മത്താ. 28:19-20)**

## 'പോവുക', 'അനുഗമിക്കുക' ഇവ തമ്മിലുള്ള ബന്ധം അതായത് ദാസത്വയാത്രയും പുത്രത്വയാത്രയും തമ്മിലുള്ള ബന്ധം

**യേശുവിനെ അനുഗമിക്കുന്ന പുത്രത്വയാത്രയ്ക്ക് ജനത്തെ കൊണ്ടുവരാൻ വേണ്ടിയാണ് ദാസത്വയാത്രയിൽ നാം ലോകത്തിലേക്ക് പോകുന്നത്.**

പുത്രത്വയാത്രയ്ക്ക് വേണ്ടി ജനത്തെ ക്ഷണിക്കുവാനാണ് താൻ ലോകത്തിലേക്ക് ക്രിസ്തുവിന്റെ ദാസനായി പോകുന്നതെന്ന മനോഭാവമുള്ളവർ ഇന്ന് തീരെ കുറഞ്ഞിരിക്കുന്നു എന്ന് തോന്നുന്നു. ഒരു പക്ഷേ പലർക്കും ഇത് അറിയുക കൂടിയില്ലായിരിക്കാം. ജനത്തെ മതം മാറ്റുന്ന മനോഭാവത്തിലാണ് പലരും ഇന്ന് യേശുക്രിസ്തുവിന്റെ ദാസനായി ലോകത്തിലേക്ക് പോകുന്നതെന്ന് തോന്നിപ്പോകുന്നു.

യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിലൂടെ ജനത്തെ ദൈവത്തിന്റെ പുത്രന്മാരാക്കിത്തീർക്കാനുള്ള പുത്രത്വയാത്രയ്ക്ക് പകരം നാം ക്രിസ്തുവിന്റെ ദാസന്മാരായി ജനത്തെ ലോകത്തിലേക്കാണ് നയിക്കുന്നതെങ്കിൽ നമ്മുടെ പ്രയത്നമെല്ലാം വ്യർത്ഥം.

ലോകത്തോടുള്ള അനുരൂപത ഇന്ന് ക്രിസ്തീയ സമൂഹങ്ങളിൽ കയറിക്കൂടിയിരിക്കുന്നതുകൊണ്ട്, പലരും ക്രിസ്തുവിന്റെ ദാസന്മാരായി പോകുന്നത്, വ്യക്തികൾക്ക് വേണ്ടിയും, സംഘടനകൾക്ക് വേണ്ടിയുമാണ്. മാത്രമല്ല തന്റെ സംഘടനയുടെ പേരും, തന്റെ പേരും, ലോകത്തിന്റെ അതിർത്തി വരെ എത്തി

'അനുഗമിക്കുക' എന്നത് മനുഷ്യന്റെ അകത്ത് ചെയ്യാനുള്ള ശുശ്രൂഷയാണ്. 'പോവുക' എന്നാൽ മനുഷ്യൻ പുറത്ത് ലോകത്തിൽ ചെയ്യുന്ന ശുശ്രൂഷയാണ്.

ക്കുന്നതിനും, സാമ്പത്തിക ഉന്നമനത്തിനും, മറ്റ് പല നേട്ടങ്ങൾക്കും വേണ്ടിയായിരിക്കാം ദാസത്വശുശ്രൂഷ ചെയ്യുന്നത്. ഈ ഉദ്ദേശ്യങ്ങളെല്ലാം അദൃശ്യമായി മനുഷ്യന്റെ ഹൃദയത്തിൽ ഇരിക്കുന്നു. ഇങ്ങനെയുള്ള പ്രവൃത്തികൾക്കെല്ലാം ലോകത്തിൽ മഹത്വം കിട്ടുമെങ്കിലും, ദൈവസന്നിധിയിൽ എല്ലാം വെന്തുപോകും, അന്ത്യനാളുകളിൽ ഉള്ളിൽ മറഞ്ഞിരിക്കുന്നതെല്ലാം ദൈവം വെളിയിൽ കൊണ്ടുവരും.

മനുഷ്യന്റെ പേരുണ്ടാക്കുന്ന പഴയനിയമത്തിലെ ഒരു പണി....

**"വരുവിൻ; നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിക്കാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്ക് ഒരു പേരുമുണ്ടാക്കുക." (ഉൽപ്പ. 11:4)**

**"യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്തകാര്യമത്രേ എല്ലാവരും നോക്കുന്നത്." (ഫിലി. 2:21)**

**"ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു."**
**(ഫിലി. 3:18-19)**

കർത്താവിന്റെ ന്യായവിധി.

**"ആകയാൽ കർത്താവ് വരുവോളം സമയത്തിന് മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തന് ദൈവത്തിങ്കൽ നിന്ന് പുകഴ്ച ഉണ്ടാകും."**
**(1 കൊരി. 4:5)**

## പോവുക എന്ന ശുശ്രൂഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ

അനുഗമിക്കുക എന്ന ശുശ്രൂഷയ്ക്ക്, ദിവസേനയുള്ള ആഹാരം, ദിവസേനയുള്ള കുരിശ്, ദിവസേനയുള്ള മരണം എന്നിവ ആവശ്യമാണെങ്കിൽ, 'പോവുക' എന്ന ശുശ്രൂഷ ഭൂമിയിൽ ചെയ്യേണ്ടതാകയാൽ ഏറ്റവും പ്രധാനമായി വേണ്ടത് 'സമയമാണ്'. അതോടൊപ്പം ആരോഗ്യമുള്ള ശരീരവും, ശരീരത്തിന് ആവശ്യമായ വസ്ത്രവും, മറ്റു കാര്യങ്ങളും ആവശ്യമാണ്. ഇതിനെല്ലാറ്റിനും പുറമേ സ്വർഗ്ഗീയശക്തിയായ

പരിശുദ്ധാത്മാവിന്റെ അഭിഷേകവും ആവശ്യമാണ്. കാരണം നാം യേശുവിനെ അനുഗമിക്കുന്നത് ദൈവം ഭരിക്കുന്ന ദൈവരാജ്യത്തിന്റെ മേഖലയിലാണ്. പക്ഷേ നാം യേശുവിന് വേണ്ടി സുവിശേഷവുമായി പോകുന്നത് പിശാച് ഭരിക്കുന്ന ലോകത്തിലേക്കാണ്. അതുകൊണ്ട് നാം നിശ്ചയമായും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചേ ലോകത്തിലേക്ക് പോകാവൂ. ഇതുകൊണ്ടാണ് കർത്താവ് പറഞ്ഞത്, ഉയരത്തിൽ നിന്നുള്ള ശക്തി ലഭിക്കുന്നത് വരെ യെരുശലേമിൽ കാത്തിരിക്കാൻ.

**"എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോട് പറഞ്ഞു." (ലൂക്കൊ. 24:49)**

**"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു." (അപ്പോ. 1:8)**




(ചിത്രം-15)

## എന്തുകൊണ്ട് സുവിശേഷം അറിയിക്കണം? പിതാവിന്റെ വീട്ടിലേക്കുള്ള മടക്കയാത്ര മാത്രം പോരേ?

"**അനുഗമിക്കുക**", "**പോവുക**" എന്നതിൽ ഏതാണ് ഏറ്റവും കൂടുതൽ പ്രാധാന്യം അർഹിക്കുന്നത്:-

"**അനുഗമിക്കുക**", "**പോവുക**" എന്നീ രണ്ട് പദങ്ങളും യേശുക്രിസ്തു പറഞ്ഞതാകയാൽ രണ്ടിനും പ്രാധാന്യം ഉണ്ട്.

രണ്ടിനും ബൈബിൾ കൊടുത്തിരിക്കുന്ന പ്രാധാന്യം വേണം നാമും കൊടുക്കാൻ.

ഒരിക്കൽ ഒരു വ്യക്തിക്ക് ഒരു ചോദ്യമുണ്ടായി, ധൂർത്തപുത്രന്റെ കഥയിൽ, ധൂർത്തപുത്രൻ പിതാവിന്റെ അടുക്കലേക്ക് മടങ്ങിവരുന്ന "**മടക്കയാത്ര**" മാത്രമേ കാണുന്നുള്ളുവല്ലോ. അതായത് "**അനുഗമിക്കുക**", "**പോവുക**" എന്നീ യേശുവിന്റെ രണ്ട് പദങ്ങളിൽ "**അനുഗമിക്കുക**" മാത്രമേ അവിടെ കാണുന്നുള്ളൂവല്ലോ, "**പോവുക**" എന്ന പ്രവർത്തനം അവിടെ കാണുന്നില്ലല്ലോ. അത് എന്തുകൊണ്ടാണെന്നാണ് അദ്ദേഹത്തിന്റെ ചോദ്യം.

> തനിക്ക് നഷ്ടപ്പെട്ട ആദാമിനെ തിരിച്ച് സ്വർഗ്ഗീയ ഭവനത്തിൽ കൊണ്ടുവരിക മാത്രമാണ് ദൈവത്തിന്റെ പദ്ധതി;

ഉത്തരം:- ധൂർത്തപുത്രന്റെ കഥയിലൂടെ കർത്താവ് ദൈവീക കുടുംബത്തിൽ നടന്ന തന്റെ സ്വന്തകഥയാണ് അവതരിപ്പിച്ചത്. പിതാവിന്റെ ഭവനത്തിൽ നിന്നും ഇറങ്ങിപ്പോന്ന ധൂർത്തപുത്രൻ ദൈവത്തോട് അനുസരണക്കേട് കാണിച്ച് ഏദെനിൽ നിന്ന് പുറത്താക്കപ്പെട്ട ആദാമിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആത്മമണ്ഡലത്തിൽ മരിച്ച് സുബോധം നഷ്ടപ്പെട്ട് പോയ, അതായത് തനിക്ക് നഷ്ടപ്പെട്ട മകനായ ആദാമിനെ തിരിച്ച് തന്റെ ഭവനമായ സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുക മാത്രമാണ് പിതാവിന്റെ പദ്ധതി. അതിന് ധൂർത്തപുത്രനായ ആദാം സുബോധം വന്ന് "**മടക്കയാത്ര**" (അനുഗമിക്കുക) ചെയ്താൽ മാത്രം മതി. അതുകൊണ്ടാണ് ധൂർത്തപുത്രന്റെ കഥയിൽ "**പോവുക**" എന്ന പ്രവൃത്തിയില്ലാത്തത്.


എന്നാൽ ഇപ്പോൾ വായനക്കാർക്ക് ഒരു ചോദ്യമുദിക്കാം ധൂർത്തപുത്രന്റെ കഥയിൽ "**പോവുക**" എന്ന ദാസത്വവേല കാണുന്നില്ല, പിന്നെയെന്തിനാണ് യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് "ലോകത്തിന്റെ അതിർത്തികൾ വരെ പോയി എല്ലാവരോടും സുവിശേഷം പറയുക എന്നതും, രക്ഷിക്കപ്പെടുന്നവരെ സഭയോട്

ചേർക്കുക എന്നതും."

**"ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു." (മത്താ. 28:19-20)**

**"കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു." (അപ്പോ. 2:47)**

ഉത്തരം:- പ്രിയരേ, തനിക്ക് നഷ്ടപ്പെട്ട ആദാമിന്റെ തലമുറകളെ തിരിച്ച് സ്വർഗ്ഗീയ ഭവനത്തിൽ കൊണ്ടുവരിക മാത്രമാണ് ദൈവത്തിന്റെ പദ്ധതി; ആദാം ഏദെനിൽ നിന്ന് ഇറങ്ങിയതിന്റെ ഏതാനും ദിവസത്തിനുള്ളിൽ പിതാവ് യേശുക്രിസ്തുവിനെ ഭൂമിയിലേക്കയച്ച് രക്ഷാകരപദ്ധതി ഒരുക്കിയിരുന്നെങ്കിൽ ആദാം, ഹവ്വ എന്ന കൊച്ചു കുടുംബം (സഭ) മാത്രം യേശുവിനെ അനുഗമിച്ച് സ്വർഗ്ഗരാജ്യത്തിൽ എത്തിയാൽ മതിയായിരുന്നു. ആ സമയത്ത് ആദ്യ കുടുംബത്തിൽ ആദാമും ഹവ്വയും മാത്രമേ ഉണ്ടായിരുന്നുള്ളുവല്ലോ.




(ചിത്രം-16)

എന്നാൽ ആദാം ഏദെനിൽ നിന്നിറങ്ങി 4000 വർഷങ്ങൾക്ക് ശേഷമാണ്, "**കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു**" എന്നു പറഞ്ഞ് പിതാവ് യേശുവിനെ അയച്ചത്. ഈ സമയം കൊണ്ട് ആദാം വളർന്നു, അതായത് ആദാമിന്റെ സന്തതിപരമ്പരകൾ ലോകം മുഴുവൻ നിറഞ്ഞു. ഇനി ഈ ആദാമിനെ സ്വർഗ്ഗീയ വീട്ടിൽ തിരിച്ച് കൊണ്ടുപോകണമെങ്കിൽ, ആദ്യം ലോകത്തെല്ലാം ചിതറിക്കിടക്കുന്ന ആദാമിന്റെ മക്കളായ ഓരോരുത്തരുടേയും അടുക്കൽ കടന്നുചെന്ന്, "**മരിച്ച്, സുബോധമില്ലാതെ**" കിടക്കുന്ന അവരോട്, "**അവർ സ്വർഗ്ഗീയ ഭവനത്തിലെ മക്കളായിരുന്നു എന്നും, അവരുടെ പിതാവ് അവരെ സ്വർഗ്ഗീയ ഭവനത്തിലേക്ക് തിരിച്ചുകൊണ്ടു പോകുവാൻ വന്നിരിക്കുന്നു**" എന്നുമുള്ള സദ്‌വാർത്ത (സുവിശേഷം) അവരെ അറിയിച്ച് (അപ്പോ. 2:47) അത് വിശ്വസിക്കുന്നവരെ സഭയോട് ചേർക്കുക എന്നുള്ളതാണ് "**മടക്കയാത്രക്ക്**" (അനുഗമിക്കുക) മുമ്പുള്ള പണി. ഇതിന് വേണ്ടിയാണ് "**പോവുക**" എന്ന വാക്ക് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. ചുരുക്കിപ്പറഞ്ഞാൽ 'പോവുക' (സുവിശേഷീകരണം) എന്നതിന്റെ ഉദ്ദേശ്യം, **ആദാമിൽ നിന്ന് ലോകത്തിൽ ചിതറിക്കിടക്കുന്ന സന്തതി പരമ്പരകളെ സഭയിലേക്ക് ഒന്നിപ്പിച്ച് അവരെ മടക്കയാത്രയ്ക്ക് വേണ്ടി ഒരുക്കിയെടുക്കുക എന്നതാണ്.**

***ആദാം ഏദെനിൽ നിന്ന് ഇറങ്ങിയതിന്റെ ഏതാനും ദിവസങ്ങൾക്കുള്ളിൽ പിതാവ് യേശുക്രിസ്തുവിനെ ഭൂമിയിലേക്കയച്ച് രക്ഷാകരപദ്ധതി ഒരുക്കിയിരുന്നെങ്കിൽ ആദാം ഹവ്വ എന്ന കൊച്ചു കുടുംബം (സഭ) മാത്രം യേശുവിനെ അനുഗമിച്ച് സ്വർഗ്ഗത്തിൽ എത്തിയാൽ മതിയായിരുന്നു.***

വീടുണ്ടാക്കുന്നതിന് മുമ്പുള്ള പണിയാണ് '**പ്ലാൻ ഉണ്ടാക്കുക**' എന്നതുപോലെ '**അനുഗമിക്കുന്നതിന്റെ**' മുമ്പുള്ള പണിയാണ് '**പോവുക**'. മറ്റൊരു രീതിയിൽ പറഞ്ഞാൽ '**അനുഗമിക്കുന്നതിന്**' വേണ്ടിയാണ് '**പോവുന്നത്**'.


## 'Go' precedes 'Follow'

'അനുഗമിക്കണമെങ്കിൽ' 'പോകണം'

ഒരു മനുഷ്യൻ കർത്താവിനെ അനുഗമിക്കണമെങ്കിൽ ആദ്യം നാം ആ മനുഷ്യന്റെ അടുക്കലേക്ക് പോകണം.

**നാം ക്രിസ്തുവിന്റെ ദാസന്മാരായി പോകുന്നത് ക്രിസ്തുവിനെ അനുഗമിക്കുന്നവരെ ഉണ്ടാക്കാൻ വേണ്ടിയാണ്.**

**ദൈവത്തിന്റെ യഥാർത്ഥ പദ്ധതിയിൽ നാം ക്രിസ്തുവിനെ അനുഗമിച്ച് സ്വർഗ്ഗീയ ഭവനത്തിൽ പുത്രന്മാരായിതീരുക എന്നുള്ളത് മാത്രമാണ്. പക്ഷേ നാം ക്രിസ്തുവിന്റെ ദാസന്മാരായി ലോകത്തിലേക്ക് പോയേ പറ്റൂ, കാരണം ആദാമിന്റെ മക്കളായ നാം ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് ചിതറിപ്പോയിരിക്കുന്നു, അവരെയെല്ലാം മടക്കയാത്രയ്ക്ക് കൂട്ടിച്ചേർക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമാണ്.**




ആദാമിന്റെ കുടുംബം വളർന്ന് ലോകം നിറഞ്ഞതുകൊണ്ട് ആ കുടുംബത്തിലെ ഓരോ വ്യക്തികളോടും സുവിശേഷം അറിയിക്കണമെന്നത് ആവശ്യമാണ്. അതുകൊണ്ട് നാം ലോകത്തിന്റെ അതിർത്തികൾ വരെ പോയി സുവിശേഷം അറിയിക്കേണ്ടതുണ്ട്.

**മടക്കയാത്ര ചെയ്യിപ്പിച്ച് ദൈവരാജ്യം അവകാശമാക്കുക.**
(ചിത്രം-17)

## അനുഗമിക്കുമ്പോഴും, പോകുമ്പോഴും നാം ദൈവകല്പന അനുസരിക്കുന്നു:-

ഒരിക്കൽ ഒരു ശാസ്ത്രി യേശുവിനോട് ചോദിച്ചു, ‘ന്യായപ്രമാണത്തിൽ ഏത് കല്പനയാണ് വലിയത്?’ യേശു കല്പനകളെ രണ്ടായി ചുരുക്കി ശാസ്ത്രിയോട് പറഞ്ഞു,

**“യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം: കൂട്ടു**

**കാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം."**
**(മത്താ. 22:37–39)**

**'അനുഗമിക്കുക','പോവുക' എന്നീ രണ്ട് ശുശ്രൂഷകൾ നമ്മിലും, ലോകത്തിലും ചെയ്യുമ്പോൾ നാം ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുന്നു എന്ന് തെളിയിക്കുകയാണ്.**

## എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.

പ്രിയരേ, നാം യേശുവിനെ അനുഗമിച്ച് പിതാവിന്റെ ഭവനത്തിലേക്ക് പോകുമ്പോൾ നാം ഒന്നാമത്തെ കല്പന അനുസരിക്കുന്നു എന്ന് നാം ദൈവത്തിന് മുമ്പാകെ തെളിയിക്കുകയാണ്. കാരണം യേശുവിനെ അനുഗമിക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്, ഇടുക്കുവഴിയാണത്, കുരിശെടുക്കണം, സ്വയം ത്യജിക്കണം. പക്ഷേ ഈ വഴികൾക്കെല്ലാം അപ്പുറം കാത്ത് നില്ക്കുന്ന നമ്മുടെ സ്നേഹനിധിയായ പിതാവിനെ കാണുമ്പോൾ, പിതാവിനോട് സ്നേഹമുള്ള മക്കൾക്ക്, പിതാവിനോടുള്ള സ്നേഹത്തിന്റെ മുമ്പിൽ ഈ പ്രയാസമേറിയ ഇടുക്കുവഴി പ്രയാസമില്ലാത്തതായി മാറുന്നു.

നാം മടക്കയാത്ര ചെയ്യാതെ ദൈവം തരുന്ന അനുഗ്രഹങ്ങൾ മാത്രം പ്രാപിച്ച്, ഈ ലോകത്തിൽ ജീവിക്കാൻ വേണ്ടി മാത്രം ദൈവത്തെ ആരാധിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന മനുഷ്യരെങ്കിൽ നാം മറ്റൊന്നാണ് തെളിയിക്കുന്നത്. "**നാം ദൈവത്തെക്കാൾ ഉപരി ലോകത്തെയാണ് സ്നേഹിക്കുന്നത്.**"

**"നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ."**
**(1 കൊരി. 15:19)**

## കൂട്ടുകാരനെ നിന്നെപ്പോലെത്തന്നെ സ്നേഹിക്കണം

പ്രിയരേ, നാം യേശുവിന്റെ കല്പന അനുസരിച്ച് ലോകത്തിലേക്ക് പോയി, മന:പൂർവ്വം നമ്മുടെ സഹോദരവർഗ്ഗത്തോട് സുവിശേഷമറിയിച്ച് അവരെ മടക്കയാത്രയ്ക്ക് ഒരുക്കുന്നു എങ്കിൽ നാം പോലും അറിയാതെ ദൈവത്തിന്റെ മുമ്പിൽ രണ്ടാമത്തെ കല്പന അനുസരിക്കുന്നു എന്ന് തെളിയിക്കുകയാണ്. സുവിശേഷമറിയിക്കാൻ നാം മടി കാണിക്കുന്നു എങ്കിൽ നാം തെളിയിക്കുന്നത്, നമ്മുടെ സഹോദരവർഗ്ഗത്തെ സ്നേഹിക്കുന്നില്ല എന്നാണ്.

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, യേശുവിനെ അനുഗമിച്ച് അങ്ങയുടെ അടുത്തേക്ക് വരുവാനുള്ള “അനുഗമിക്കുക” എന്ന ശുശ്രൂഷയെയും, ലോകത്തിലേക്ക് പോയി ഞങ്ങളുടെ സഹോദരവർഗ്ഗങ്ങളോട് ഈ സദ്വാർത്ത അറിയിക്കുന്ന “പോവുക” എന്ന ശുശ്രൂഷയെയും വിവേചിച്ച് തന്നതിനാൽ നന്ദി. അങ്ങ് ആഗ്രഹിക്കുന്ന പ്രാധാന്യം ഓരോ ശുശ്രൂഷയ്ക്കും കൊടുത്ത് ലോകത്തിനും സഭയ്ക്കും മാതൃകയായി ക്രിസ്തുവിനെ അനുഗമിച്ച്, അങ്ങയുടെ അടുക്കൽ എത്തിച്ചേരുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ***യേശു നമ്മോട് യേശുവിനെ അനുഗമിക്കുക എന്ന് മാത്രമല്ല പറഞ്ഞത്, മറ്റൊന്നു കൂടെ പറഞ്ഞു, ‘പോവുക’ (Go). പോവുക എന്ന് പറഞ്ഞാൽ അനുഗമിക്കുക എന്നതിന്റെ നേരെ വിപരീത ദിശയാണ്.***
2. ***അനുഗമിക്കുന്നത് സ്വർഗ്ഗത്തിലേക്കാണെങ്കിൽ പോകേണ്ടത് ലോകത്തിലേക്കാണ്.***
3. ***നായകൻ അനുഗമിക്കുന്നവരെ ഒരു സ്ഥലത്തേക്ക് അല്ലെങ്കിൽ ഒരു സ്ഥാനത്തേക്ക് നയിക്കുമ്പോൾ യജമാനൻ തന്റെ കൂടെ ഉള്ളവരെ ഒരു ജോലിക്കായ് ഒരുക്കുന്നു, അല്ലെങ്കിൽ അയക്കുന്നു.***
4. ***യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആത്യന്തികമായി എത്തിച്ചേരുന്നത് ദൈവപുത്രന്മാർ എന്ന സ്ഥാനത്തേക്കാണ്. ഇത് സംഭവിക്കുന്നത് യേശുവിനെ അനുഗമിക്കുമ്പോഴാണ്.***
5. ***“അനുഗമിക്കുക” എന്ന് യേശു പറഞ്ഞത് “പുത്രത്വയാത്ര” ആണെങ്കിൽ, “പോവുക” എന്ന് യേശു പറഞ്ഞത് “ദാസത്വയാത്ര” ആണ്.***
6. ***നാം ഒരേ സമയത്ത് ആത്മലോകത്തിലും ഭൗതികലോക***

ത്തിലും ഒരുമിച്ച് പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണ്.

7. ദാസത്വയാത്രയിൽ യേശുവിന് വേണ്ടി ലോകത്തിലേക്ക് പോകുന്നത് പുറത്തെ മനുഷ്യനും, പുത്രത്വയാത്രയിൽ യേശുവിനെ അനുഗമിച്ച് സ്വർഗ്ഗത്തിലേക്ക് പോകുന്നത് അകത്തെ മനുഷ്യനുമാണ്.

8. ദാസത്വയാത്ര ശരീരം കൊണ്ടും, പുത്രത്വയാത്ര ഹൃദയം കൊണ്ടുമാണ്.

9. ദാസത്വയാത്ര കണ്ണുകൊണ്ട് കാണുവാൻ പറ്റുന്നതാണ്. എന്നാൽ പുത്രത്വയാത്ര അദൃശ്യമാണ്. ദാസത്വയാത്ര ദൃശ്യ ലോകത്തിലേക്കാണെങ്കിൽ പുത്രത്വയാത്ര അദൃശ്യമായ സ്വർഗ്ഗരാജ്യത്തിലേക്കാണ്.

10. ദാസത്വയാത്രയിൽ ലോകത്തിലെ പലതും നേടുവാൻ ഒരു പക്ഷേ നമുക്ക് കഴിയും, എന്നാൽ പുത്രത്വയാത്രയിൽ ലോകത്തിലെ പലതും നഷ്ടപ്പെട്ടെന്ന് വന്നേക്കാം. പക്ഷേ സ്വർഗ്ഗത്തിലെ 'നിത്യമായ മഹത്വം' ലഭിക്കുവാൻ ഇടയാകും.

11. 'അനുഗമിക്കുക' മനുഷ്യന്റെ അകത്ത് ചെയ്യാനുള്ള ശുശ്രൂഷയാണ്. 'പോവുക' മനുഷ്യൻ പുറത്ത് ലോകത്തിൽ ചെയ്യുന്ന ശുശ്രൂഷയാണ്.

12. 'അനുഗമിക്കുക'', ''പോവുക'' എന്നീ രണ്ട് പദങ്ങളും യേശു ക്രിസ്തു പറഞ്ഞതാകയാൽ രണ്ടിനും പ്രാധാന്യം ഉണ്ട്.

13. തനിക്ക് നഷ്ടപ്പെട്ട ആദാമിനെ തിരിച്ച് സ്വർഗ്ഗീയ ഭവനത്തിൽ കൊണ്ടുവരിക മാത്രമാണ് ദൈവത്തിന്റെ പദ്ധതി;

14. വീടുണ്ടാക്കുന്നതിന് മുമ്പുള്ള പണിയാണ് 'പ്ലാൻ ഉണ്ടാക്കുക' എന്നതുപോലെ 'അനുഗമിക്കുന്നതിന്'' മുമ്പുള്ള പണിയാണ് 'പോവുക'. മറ്റൊരു രീതിയിൽ പറഞ്ഞാൽ 'അനുഗമിക്കുന്നതിന് വേണ്ടിയാണ് 'പോകുന്നത്'.

15. 'അനുഗമിക്കുക','പോവുക' എന്നീ രണ്ട് ശുശ്രൂഷകൾ നമ്മിലും, ലോകത്തിലും ചെയ്യുമ്പോൾ നാം ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുന്നു എന്ന് തെളിയിക്കുകയാണ്.



## അദ്ധ്യായം 11

# തെറ്റിദ്ധരിക്കപ്പെട്ട ആത്മീയവളർച്ച

"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു."(മത്താ. 23:24)

***യേശുക്രിസ്തു*** പരീശന്മാരെ (ദൈവദാസന്മാരെ) നോക്കി ശാസിച്ച് പറഞ്ഞ ഒരു വാക്യമാണ്, 'കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നവരെന്ന്.'

**"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു." (മത്താ. 23:24)**

ഇതിന്റെ അർത്ഥം ആ ദൈവദാസന്മാർ ദൈവീക വിഷയത്തിൽ മൂല്യം കൂടിയതിനെക്കുറിച്ച് മിണ്ടാതിരിക്കുകയും, മൂല്യം കുറഞ്ഞതിന് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ 'തുളസി, ചതകുപ്പ, ജീരകം', ഇവയിൽ പതാരം കൊടുക്കുകയും 'ന്യായം, കരുണ, വിശ്വസ്തത' ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളകയും ചെയ്യുന്നു." (മത്താ. 23:23)**

കർത്താവ് പറയുന്നതിന്റെ അർത്ഥം തിരുവചനം ഓരോ വിഷയത്തിനും എന്ത് പ്രാധാന്യം കല്പ്പിക്കുന്നുവോ, ആ പ്രാധാന്യം ഒട്ടും കുറയ്ക്കാതെയും കൂട്ടാതെയും നാം ജനങ്ങളിലേക്ക് കൈമാറുന്നവരായിരിക്കണമെന്നാണ്. അങ്ങനെ അല്ലാത്ത ദൈവവദാസന്മാരെ കർത്താവ്, കാപട്യരെന്നും, കുരുടന്മാരായ വഴികാട്ടികളെന്നുമാണ് വിളിക്കുന്നത്.

ദൈവദാസന്മാർ, തിരുവചനം ഓരോ വിഷയത്തിനും എന്ത് പ്രാധാന്യം കല്പ്പിക്കുന്നുവോ, ആ പ്രാധാന്യം ഒട്ടും കുറയ്ക്കാതെയും കൂട്ടാതെയും ജനങ്ങളിലേക്ക് കൈമാറുന്നവരായിരിക്കണം.

പഴയനിയമം യാത്രയും, പുതിയനിയമം മടക്കയാത്രയും എന്ന് നാം ധൂർത്തപുത്രന്റെ കഥയിൽ നിന്ന് മനസ്സിലാക്കിയല്ലോ. ***പുതിയനിയമത്തിന്റെ കാതൽ*** ***അല്ലെങ്കിൽ ഏറ്റവും പ്രധാന ഭാഗമെന്ന് പറയുന്നത് ഒരു വ്യക്തി പിതാവിന്റെ ഭവനത്തിലേക്ക് യേശുവിനെ അനുഗമിച്ച് മടങ്ങി വരികയെന്നുള്ളതാണ്.*** അതിനു വേണ്ടിയാണ് യേശു കാൽവറി ക്രൂശിൽ മരിച്ചത്. മറ്റെല്ലാ കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ടതും, ഇതിലേക്ക് വഴി ചൂണ്ടുന്നതുമായ ചൂണ്ടു പലകകൾ മാത്രമാണ്.

**എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും ഉദ്ദേശ്യം മടക്കയാത്രയിലൂടെ ഓരോ വ്യക്തികളും ദൈവരാജ്യം അവകാശമാക്കുക എന്നതാണ്.**

കുപ്പിയും കുനിയലും (ചോർപ്പ്) (Bottle & Funnel) എന്ന ചിത്രത്തിലൂടെ ഇതിനെ ഉപമിച്ചിരിക്കുന്നു. റേഷൻ കടയിൽ മണ്ണെണ്ണ മേടിക്കാൻ പോയിട്ടുള്ളവർക്ക് ഈ ഉപമ എളുപ്പത്തിൽ മനസ്സിലാകും. റേഷൻ


(ചിത്രം-18)

കടയിലെ വലിയ പാത്രത്തിലെ മണ്ണെണ്ണ നാം കൊണ്ടു ചെല്ലുന്ന കുപ്പിയിൽ നിറച്ചു തരുവാൻ റേഷൻ കടയിൽ ഉപയോഗിക്കുന്നത് വലിയൊരു കുനിയലാണ് (ചോർപ്പ്) (Funnel). ഈ കുനിയൽ (ചോർപ്പ്) (Funnel) വലുതാണെങ്കിലും, കുനിയൽ (ചോർപ്പ്) കുപ്പിയിൽ വേണ്ട രീതിയിൽ വച്ച്, കുനി യലിന്റെ (ചോർപ്പ്) അകത്ത് ഏത് ഭാഗത്ത് മണ്ണെണ്ണ ഒഴിച്ചാലും, ഒഴിക്കുന്ന മണ്ണെണ്ണ കുനിയലിന്റെ (ചോർപ്പ്) ഇടുങ്ങിയ വഴിയിലെത്തുകയും, ആ വഴിയിലൂടെ കുപ്പിയിൽ നിറയുകയും ചെയ്യും. ഇതുപോലെ ക്രിസ്തുവിന്റെ സഭയിലെ എല്ലാ പ്രവർത്തനങ്ങളുടെയും ഉദ്ദേശ്യം, ജനം യേശു കാണിച്ചുകൊടുത്ത ഇടുക്കുവഴിയിലൂടെ (മടക്കയാത്ര), വാതിലിലൂടെ ദൈവരാജ്യത്തിൽ എത്തിച്ചേരുക എന്നതാണ്.

**“ഇടുക്കുവാതിലിലൂടെ ദൈവരാജ്യത്തിൽ കടപ്പിൻ.”**
**(മത്താ. 7:13)**


ഇവിടെ കാണിച്ചിരിക്കുന്ന ചിത്രത്തെ മൂന്ന് ഭാഗമായി തിരിക്കാം.

1) പ്രവർത്തനം (A)

2) പ്രവർത്തനം (B)

3) പ്രവർത്തനം (C)

| പ്രവർത്തനം (A) | | പ്രവർത്തനം (B) | | പ്രവർത്തനം (C) |
|---|---|---|---|---|
| 1. പിതാവ് അയച്ചിട്ട് യേശു വന്ന് കാൽവരി ക്രൂശിൽ മരിച്ചതിന്റെ ഉദ്ദേശ്യം (A1). | → | 1. (B1) ആത്മാവിൽ മരിച്ചതിനെ വീണ്ടും ജീവിപ്പിച്ച്. | ↘ | 3. (C) മടക്കയാത്ര ചെയ്യിപ്പിച്ച് ദൈവരാജ്യം അവകാശമാക്കാൻ വേണ്ടിയാണ്. |
| 2. പിതാവ് അയച്ചിട്ട് പരിശുദ്ധാത്മാവ് വന്നതിന്റെ ഉദ്ദേശ്യം (A2). | → | 2. (B2) മനുഷ്യർക്ക് സുബോധം കൊടുത്ത് സകല സത്യത്തിലും വഴി നടത്തിക്കൊണ്ട്. | ↘ | |
| 3. 'പോകുക' എന്ന കല്പനപ്രകാരം ലോകം മുഴുവനും സുവിശേഷം അറിയിക്കുവാനായി പറഞ്ഞതിന്റെ ഉദ്ദേശ്യം (A3). | → | 3. (B3) ചിതറിപ്പോയ ആദാമിന്റെ മക്കളെ കൂട്ടിക്കൊണ്ടു വന്ന്. | ↗ | |
| 4. ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകവും കൃപാവരവും കൊടുത്തത് (A4). | → | 4. (B4) വിശ്വസിക്കാത്ത ആദാമിന്റെ മക്കളെ, അത്ഭുതത്താലും അടയാളത്താലും വിശ്വസിപ്പിച്ചു. | ↗ | കുറിപ്പ് :-പട്ടിക A,B,C ചേർത്ത് വായിക്കുക. |




**എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും ഉദ്ദേശ്യം മടക്കയാത്രയിലൂടെ ദൈവരാജ്യത്തിലേക്കാണ്.**

**ദൈവരാജ്യം അവകാശമാക്കുന്ന പ്രവർത്തനം കുനിയലും (ചോർപ്പും) (Funnel) കുപ്പിയുമായി ഉപമിച്ചിരിക്കുന്നു.** (ചിത്രം-19)

ഈ മടക്കയാത്രയാണ് പുത്രത്വയാത്ര. ഈ മടക്കയാത്രയിലാണ് ഒരു വ്യക്തി ദൈവത്തിന്റെ ഇഷ്ടമായ വിശുദ്ധീകരണം പ്രാപിക്കുകയും, പാപം ചെയ്യാൻ കഴിയാത്ത ദൈവപുത്രൻ, ആ വ്യക്തിയുടെ ഉള്ളിൽ നിന്ന് വെളിപ്പെടുകയും ചെയ്യുന്നത്. ഇങ്ങനെയുള്ള ഒരു മനുഷ്യനെ ഇന്നത്തെ ബഹുഭൂരിപക്ഷം ക്രിസ്തീയ സമൂഹങ്ങൾക്കും ഒരു അത്ഭുതമായിരുക്കും. കാരണം, ഈ ദൈവപുത്രന്മാർ വെളിപ്പെടുന്നത് യേശുവിനെ അനുഗമിക്കുന്നതിലൂടെ (മടക്കയാത്രയിൽ) മാത്രമാണ്.

ദൈവപുത്രന്മാർ വെളിപ്പെടുന്നത് യേശുവിനെ അനുഗമിക്കുന്നതിലൂടെ (മടക്കയാത്രയിൽ) മാത്രമാണ്.

**"ദൈവത്തിൽ നിന്നും ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്നും ജനിച്ചതിനാൽ അവന് പാപം ചെയ്യാൻ കഴിയുകയുമില്ല."**

**(1 യോഹ. 3:9)**

**ക്രിസ്തീയ യോഗങ്ങളുടെ അവസാനം സാധാരണ കേൾക്കാറുള്ള ചോദ്യങ്ങൾ ഇങ്ങനെയാണ്.**

1. യേശുവിനെ രക്ഷിതാവായി സ്വീകരിക്കാൻ താല്പര്യമുള്ളവർ ആരെല്ലാം?

2. സ്നാനപ്പെടാൻ താല്പര്യമുള്ളവർ ആരെല്ലാം?

3. നിങ്ങളുടെ വിഷയങ്ങൾക്ക് ഒരു വിടുതൽ ആഗ്രഹിക്കുന്നവർ ആരെല്ലാം?

4. പരിശുദ്ധാത്മാവിന്റെ അഭിഷേകവും, കൃപാവരങ്ങളും വേണ്ടവർ ആരെല്ലാം?

5. യേശുവിന് വേണ്ടി പോകുവാൻ, സുവിശേഷമറിയിക്കാൻ താല്പര്യമുള്ളവർ ആരെല്ലാം?

**ദൈവം ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേൾക്കാത്ത ചോദ്യം:-**

**"യേശുവിനെ അനുഗമിക്കുവാൻ താല്പര്യമുള്ളവർ ആരെല്ലാം".?**

അല്ലെങ്കിൽ

**"ഇടുക്കുവഴിയിലൂടെ, ഇടുക്കുവാതിലിലൂടെ സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ താല്പര്യമുള്ളവർ ആരെല്ലാം"?**

***യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതും, സ്നാനപ്പെടുന്നതും, പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നതും, കൃപാവരങ്ങൾ പ്രാപിക്കുന്നതും, കർത്താവിന് വേണ്ടി സുവിശേഷവുമായി ലോകത്തിൽ പോകുന്നതുമെല്ലാം നല്ലത് തന്നെ. നാം ഇത് നിശ്ചയമായി ചെയ്തിരിക്കണം, എന്നാൽ ഇതിന്റെയെല്ലാം ഉദ്ദേശ്യം "യേശുവിനെ അനുഗമിച്ച് ദൈവരാജ്യത്തിൽ എത്തുകയെന്നതാണ്." ഇതാണ് ദൈവത്തിന്റെ ഇഷ്ടം. ഈ ഏറ്റവും പ്രധാന ഭാഗം വിഴുങ്ങിക്കൊണ്ട് നാം മറ്റെന്ത് ചെയ്താലും അത് വ്യർത്ഥമായിത്തീരും. ഇന്നത് ഒരു പക്ഷേ പ്രിയ സഹോദരന്മാർക്ക് മനസ്സിലാവുകയില്ലായിരിക്കാം, എങ്കിൽ അത് മനസ്സിലാകണമെങ്കിൽ ന്യായവിധി ദിവസം വരെ കാത്തിരിക്കേണ്ടി വരും.***

മത്തായി 7-ാം അധ്യായത്തിൽ കർത്താവായ യേശു S.S.L.C മാതൃക (model) പരീക്ഷ എന്നതുപോലെ ഒരു മാതൃക (Sample) ന്യായവിധി പറഞ്ഞിട്ടുണ്ട്. ഈ ന്യായവിധി നമ്മുടെ ദൃഷ്ടാന്തത്തിനായി പറഞ്ഞിട്ടുള്ളതാണ്. ഈ ന്യായവിധിക്ക് മുമ്പ് കർത്താവ് പറഞ്ഞിട്ടുള്ളത് ഇടുക്കുവഴിയിലൂടെ അല്ലെങ്കിൽ ഇടുക്കുവാതിലിലൂടെ സ്വർഗ്ഗരാജ്യത്തിൽ കടക്കുവാനാണ്. തുടർന്ന് പറഞ്ഞിട്ടുള്ളത് കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവാനുമാണ്. ബൈബിളിന്റെ ഈ വചനങ്ങൾ എഴുതിയിരിക്കുന്ന ക്രമം ഇങ്ങനെയാണ്.

**ഇടുക്കുവാതിൽ:** ക്രിസ്തുവിന്റെ ന്യായവിധി

(2 കൊരി. 5:10, 1 പത്രൊ. 4:17-18).

**ഇടുക്കുവഴി:** ലോകത്തെ വെറുത്ത്, സ്വയത്തെ ത്യജിച്ച് ദൈവേഷ്ടം ചെയ്യുവാൻ തന്നെത്തന്നെയേൽപ്പിച്ച് കൊടുക്കുക, മറ്റൊരുരീതിയിൽ പറഞ്ഞാൽ യേശുവിനെ അനുഗമിക്കുന്നതിലൂടെ തന്റെ ജീവിതത്തിൽ ശുദ്ധീകരണം പ്രാപിച്ച് ദൈവപുത്രനായി വെളിപ്പെടുക (1 യോഹ. 2:15-16, യാക്കൊ. 4:4, ലൂക്കൊ. 9:23, റോമ. 8:13).

**വിശാലമായവഴി:** യേശുവിനെ രക്ഷകനായി സ്വീകരിച്ച ശേഷവും, ജനത്തെ ജനത്തിന്റെ ഇഷ്ടപ്രകാരം നടക്കുവാൻ അനുവദിക്കുന്നതാണ്.

## ദൈവരാജ്യം അവകാശമാക്കുവാനുള്ള ബൈബിൾ വ്യവസ്ഥകൾ

1. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുക (രക്ഷ)
(റോമ.10:9-10)

2. ഇടുക്കുവഴിയിലൂടെ നടക്കുക (യേശുവിനെ അനുഗമിക്കുക) (ലൂക്കൊ. 9:23, മത്താ. 7:14)

3. ഇടുക്കുവാതിലിലൂടെ (ക്രിസ്തുവിന്റെ ന്യായാസനം) ദൈവ രാജ്യം അവകാശമാക്കുക (2 കൊരി. 5:10, 1 പത്രൊ. 4:17-18, യാക്കൊ. 2:12, മത്താ. 7:13, 21-23)

**"വിശാലമായ വാതിൽ കാണിച്ച് തരുന്ന കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾക." (മത്താ. 7:15)**

**"ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ." (മത്താ. 7:13-14)**

**"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു." (മത്താ. 7:15)**

## ദൃഷ്ടാന്ത ന്യായവിധി

**"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോട് പറയും." (മത്താ. 7:21-22)**

### വഞ്ചിക്കപ്പെട്ട അഭിഷിക്തർ

മത്തായി 7:22-23 വാക്യത്തിൽ കർത്താവിന്റെ മുമ്പിൽ നില്ക്കുന്നവർ അഭിഷിക്തന്മാരായ ദൈവദാസന്മാരാണ്. മുൻപ് എപ്പോഴോ ചില ക്രിസ്തീയയോഗങ്ങളിൽ വച്ച് "യേശുവിനെ കർത്താവായി സ്വീകരിപ്പാൻ ആരുണ്ട് എന്ന് ചോദിച്ചപ്പോൾ" അവർ ഓടി മുമ്പോട്ടേക്ക് വന്നവർ ആയിരിക്കാം.

മറ്റൊരു യോഗത്തിൽ "പരിശുദ്ധാത്മാവിന്റെ അഭിഷേകവും, കൃപാവരങ്ങളും വേണ്ടവർ ആരെല്ലാം" എന്ന് ചോദിച്ചപ്പോൾ വളരെ താല്പര്യത്തോടെ ഓടി വന്നവർ ആയിരിക്കാം.


വീണ്ടും ഒരു യോഗത്തിൽ "യേശുവിന് വേണ്ടി പോകുവാൻ ആരുണ്ട് എന്ന് ചോദിച്ചപ്പോൾ" വളരെ താല്പര്യത്തോടെ ഓടി വന്നവർ ആയിരിക്കാം.

ലോകത്തിലേക്ക് പോയി ധാരാളം പേരെ അത്ഭുതങ്ങളോടും അടയാളങ്ങളോടും കൂടെ നേടിയവരുമായിരിക്കാം.

അവർ ചെയ്തതെല്ലാം നല്ലതാണ്. ഒന്നിലും തെറ്റില്ല. നമ്മുടെ ചിന്തയിൽ അനുകരിപ്പാൻ നല്ല വ്യക്തികളുമായിരിക്കാം. പക്ഷേ ഒന്നുണ്ട് ഏറ്റവും പ്രധാനപ്പെട്ടതിനെ അവർ കേട്ടില്ല, അവർ അറിഞ്ഞില്ല, അറിഞ്ഞിട്ടുണ്ടെങ്കിലും കാണുന്ന, 'ദാസന്റെ' 'ശുശ്രൂഷയെ' ശ്രദ്ധിച്ചും കാണാത്ത 'പുത്രത്വശുശ്രൂഷയെ' ശ്രദ്ധിക്കാതെയുമിരുന്നു. യേശുവിന്റെ ഭാഷയിൽ പറഞ്ഞാൽ "കൊതുകിനെ അരിച്ചെടുത്തു, ഒട്ടകത്തെ വിഴുങ്ങി." മറ്റൊരു രീതിയിൽ പറഞ്ഞാൽ അവർ ദാസന്റെ ജോലി ചെയ്തു, പുത്രന്റേത് ചെയ്തതുമില്ല. ദാസത്വയാത്രയ്ക്ക് പോയി, പുത്രത്വയാത്രയ്ക്ക് പോയില്ല. അവർ യേശുവിന്റെ മുമ്പിൽ പറയുന്നത് മുഴുവൻ ദാസത്വയാത്രയിൽ അവർ ചെയ്തകാര്യങ്ങൾ മാത്രമാണ്, പുത്രത്വയാത്രയിലുള്ള കാര്യങ്ങളല്ല.

### ദാസത്വയാത്രയുടെ റിപ്പോർട്ട് (Work Report)

1. ***കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിച്ചു.***
2. ***നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കി.***
3. ***നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ ചെയ്തു.***



(ചിത്രം-20)

ഈ കർതൃദാസന്മാരുടെ ചിന്തയിൽ ഇതാണ് ആത്മീകത, ഇവർ ചെയ്തതെല്ലാം നല്ലതാണ്. ഇപ്പോൾ തങ്ങളുടെ യജമാനനായ കർത്താവ് തങ്ങൾക്ക് വലിയ പ്രതിഫലം നല്കു മെന്ന ചിന്തയിലാണ് അവർ തങ്ങളുടെ ക്രിസ്തീയ പ്രവർത്തനങ്ങളുടെ **Report** അറിയിച്ചത്. ഹൃദയം നിറഞ്ഞ് കവിയു ന്നതാണ് അധരം സംസാരിക്കുന്നത്. യഥാർത്ഥത്തിൽ പിശാചിനാൽ മലിനമാക്കപ്പെട്ട ഇന്നത്തെ ക്രിസ്തീയ സമൂഹത്താൽ അവർ വഞ്ചിക്കപ്പെടുകയായിരുന്നു. എന്നാൽ അവരുടെ ഹൃദയം തകർത്തുകളയുന്ന മറുപടി ആയിരുന്നു അവരുടെ യജമാ നനായ യേശുവിൽ നിന്നും അവർക്ക് ലഭിക്കുവാനിടയായത്.

പുതിയനിയമത്തിൽ ദാസന്മാരെയല്ല പകരം ദാസന്മാരിലൂടെ ദൈവം പുത്രന്മാരെയാണ് ഉണ്ടാ ക്കുന്നത്.

**"അന്ന് ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറി ഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകു വിൻ എന്നു തീർത്തു പറയും." (മത്താ. 7:23)**

കർത്താവ് പറഞ്ഞ വാക്ക് ശ്രദ്ധിക്കുക, "നിങ്ങൾ അധർമ്മം പ്രവർത്തിക്കുന്നവരാണ്". ഞാൻ ഒരു നാളും നിങ്ങളെ [**പുത്രന്മാരായി** (എന്നെ അനുഗമിക്കുന്നവരായി)] അറിഞ്ഞിട്ടില്ല. കർത്താവിന്റെ ഭാഷ യിൽ ദാസത്വയാത്രയിൽ മാത്രം തുടരുന്ന വ്യക്തികൾ പാപത്തിന്റെ പിടിയിൽ തുടരുന്നവരാണ്. പക്ഷേ പുത്രത്വയാത്രയിൽ വ്യക്തികൾ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് പാപം ചെയ്യാൻ കഴിയാത്ത ദൈവപുത്രന്മാരെ വെളിപ്പെടുത്തുന്നു.

**"ദൈവത്തിൽ നിന്നും ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്നും ജനിച്ചതിനാൽ അവന് പാപം ചെയ്യാൻ കഴിയുകയുമില്ല."**
**(1 യോഹ. 3:9)**

യേശുവിനെ പിതാവ് അയച്ചത് ദാസന്മാരെ ഉണ്ടാക്കുവാനല്ല. പകരം പുത്രന്മാരെ ഉണ്ടാക്കുവാനാണ്. അപ്പോൾ ദാസന്മാരെ ഉണ്ടാ ക്കിയതോ? താല്കാലിക ജോലിക്ക് വേണ്ടി മാത്രമാണ്.

കർത്താവ് പറയുന്നത് ശ്രദ്ധിച്ചാൽ ദാസന്മാരും പുത്രന്മാരും തമ്മി ലുള്ള വ്യത്യാസം മനസ്സിലാകും.

**"ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു." (യോഹ. 8:35)**

**"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

ജയിക്കുന്നവനെ പിതാവ് അവസാനം ദാസനാക്കുവാനല്ല, പുത്രനാക്കുവാനാണ് പോകുന്നത്.

**"ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും; ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും." (വെളി. 21:7)**

പുത്രത്വയാത്രയാണ് 'കാതൽ' അതിനെ വിഴുങ്ങരുത്.

യാത്രയിൽ (പഴയനിയമത്തിൽ) ദാസന്മാർ ദാസന്മാരെയാണ് ഉണ്ടാക്കിയതെങ്കിൽ, പുതിയനിയമത്തിൽ പുത്രൻ ദാസന്മാരെയല്ല ആത്യന്തികമായി പുത്രന്മാരെയാണ് ഉണ്ടാക്കുന്നത്. ദാസന്മാരെ ഉണ്ടാക്കിയതിന് താല്ക്കാലികമായ ഒറ്റ ലക്ഷ്യമേയുള്ളൂ. ''ആദാമിന്റെ ചിതറിപ്പോയ മക്കളെ ലോകത്തിന്റെ അതിർത്തികൾ വരെ പോയി പുത്രന്റെ യാത്രയ്ക്ക് കൂട്ടിക്കൊണ്ടുവരിക." അപ്പോൾ ദാസന്മാരായി ലോകത്തിലേക്ക് ശരീരം കൊണ്ട് ദൃശ്യമായി പോകുന്നവർ തങ്ങളുടെ ഹൃദയം കൊണ്ട് ദൈവരാജ്യത്തിലേക്ക് കർത്താവിനെ പിന്തുടർന്ന്,




(ചിത്രം-21)

അദൃശ്യമായ പുത്രത്വയാത്ര ചെയ്തുകൊള്ളേണം. **പുത്രത്വയാത്ര യാണ് 'കാതൽ', അതിനെ വിഴുങ്ങരുത്.**

**ദാസന്മാരെ ഉണ്ടാക്കിയതിന് താല്ക്കാലികമായ ഒറ്റ ലക്ഷ്യ മേയുള്ളൂ. "ആദാമിന്റെ ചിതറിപ്പോയ മക്കളെ ലോകത്തിന്റെ അതിർത്തികൾ വരെ പോയി പുത്രന്റെ യാത്രയ്ക്ക് കൂട്ടിക്കൊണ്ടു വരിക."**

ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല. ദാസന്റെ യാത്ര ലോക ത്തിലേക്കാണ്, താല്ക്കാലികമാണ്. ദാസൻ ജോലി ചെയ്യുന്ന സമയ ത്തെല്ലാം യജമാനനുമായി ബന്ധപ്പെടാം, ജോലി കഴിഞ്ഞാൽ ദാസന് പോകാം. പക്ഷേ പുത്രൻ അങ്ങനെയല്ല, പുത്രൻ പിതാവിനെ തന്റെ ജോലിയിൽ സഹായിക്കുന്നവൻ ആയിരിക്കാം, ജോലി കഴിഞ്ഞാൽ പുത്രൻ ദാസൻ പോകുന്നത് പോലെ പോകേണ്ട ആവശ്യമില്ല. ജോലി കഴിഞ്ഞാൽ പുത്രൻ പിതാവിനോട് കൂടെ പിതാവിന്റെ വീട്ടിലേക്ക് പോകും.

അറിവില്ലാത്ത അഭിഷിക്തന്മാർ, തങ്ങളുടെ ദാസത്വ ജോലിയുടെ റിപ്പോർട്ട് കൊടുത്തു, പക്ഷേ അവർ വഞ്ചിക്കപ്പെടുകയാണെന്ന് അവർ പോലും അറിഞ്ഞില്ല. തിരുവചനം പല ആവർത്തി ചതിക്കപ്പെടരുത് എന്ന് പറഞ്ഞതും അവർ ശ്രദ്ധിച്ചില്ല.

**"വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു." (എഫേ. 5:6)**

**"എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോട് തുല്യനാകുന്നു." (മത്താ. 7:26)**

അവർ ജീവിതകാലം മുഴുവൻ ഓടിയതും, പണിതതും താഴെ വീണു.

## അഭിഷേകത്തെയും, കൃപാവരത്തെയും, ആത്മീകവളർച്ചയായി തെറ്റിദ്ധരിക്കരുതേ.....!

## അഭിഷിക്തന്മാരും, ആത്മീകരും

അഭിഷേകത്തെയും, കൃപാവരത്തെയും വലിയ ഒരു കൂട്ടർ ആത്മീ യവളർച്ചയായി തെറ്റിദ്ധരിച്ചിരിക്കുന്നു. പിശാചിനാൽ നിയന്ത്രിക്കപ്പെ ടുന്ന ലോകത്തിൽ ദാസത്വവേല ചെയ്യുമ്പോൾ ദൈവം തന്റെ ജോലി

> ആത്മാവാൽ നയിക്കപ്പെടുന്നവരാണ് ആത്മീകർ, കൃപാവരപ്രാപ്തരെയാണ് അഭിഷിക്തർ എന്ന് വിളിച്ച് വരുന്നത്. അഭിഷിക്തന്മാർ ആത്മീയരും ആയിരിക്കണം.

ചെയ്യുന്ന തന്റെ ദാസന്മാർക്ക് തന്റെ ആത്മാവിലൂടെ കൊടുക്കുന്ന സ്വർഗ്ഗീയശക്തിയാണ് അഭിഷേകം. അഭിഷേകം കൂടാതെ നാം ദൈവവേലക്കിറങ്ങരുത് എന്ന് ക്രിസ്തു നമുക്ക് താക്കീത് നല്കിയിരിക്കുന്നു.

**"എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു." (ലൂക്കൊ. 24:49)**

> ***പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചാൽ നമ്മിൽ കൃപാവരങ്ങൾ പ്രവർത്തിക്കുന്നു, നാം അഭിഷിക്തന്മാരായിത്തീരും. എന്നാൽ ആത്മാവിനെ അനുസരിച്ച് നാം യേശുവിനെ അനുഗമിച്ചാൽ ആത്മാവാകുന്ന ദൈവത്തോട് അടുക്കുന്നു, നാം ആത്മീകരായിത്തീരുന്നു.***

നിർബ്ബന്ധമായും നാം അഭിഷേകവും കൃപാവരങ്ങളും പ്രാപിക്കണം. പക്ഷേ ഈ കൃപാവരങ്ങൾ നമ്മുടെ ജീവിതത്തിൽ, ശുശ്രൂഷയിൽ പ്രവർത്തിക്കുന്നത് കാണുമ്പോൾ ഇത് ആത്മീകവളർച്ചയായി തെറ്റിദ്ധരിച്ച് പലരും അത് പ്രാപിക്കാൻ വേണ്ടി ഓടുമ്പോൾ, യഥാർത്ഥ ആത്മീകവളർച്ച അവർ മറന്ന് പോകുന്നു. **"യേശുവിനെ അനുഗമിച്ച് ആത്മാക്കളുടെ പിതാവായ നമ്മുടെ സ്വർഗ്ഗീയ പിതാവിലേക്ക് നാം അടുക്കുന്നതാണ് ആത്മീകവളർച്ച."** മറ്റൊരു രീതിയിൽ പറഞ്ഞാൽ **മടക്കയാത്രയിലാണ് നാം ആത്മീകവളർച്ച പ്രാപിക്കുന്നത്.**

> "യേശുവിനെ അനുഗമിച്ച് ആത്മാക്കളുടെ പിതാവായ നമ്മുടെ സ്വർഗ്ഗീയ പിതാവിലേക്ക് നാം അടുക്കുന്നതാണ് ആത്മീകവളർച്ച."

പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചാൽ നമ്മിൽ കൃപാവരങ്ങൾ പ്രവർത്തിക്കുന്നു, നാം അഭിഷിക്തന്മാരായിത്തീരും. എന്നാൽ യേശുവിനെ അനുഗമിച്ചാൽ ആത്മീകരായിത്തീരുന്നു.

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ. 8:14)**

***നാം അഭിഷിക്തരായി ദാസത്വവേല ചെയ്യുമ്പോൾ തന്നെ ഒരു കാര്യം മറക്കരുത്, 'ക്രിസ്തുവിനെ അനുഗമിച്ച് ആത്മീക പുത്രന്മാരായി വെളിപ്പെടുക', അല്ലെങ്കിൽ നാം പ്രാപിച്ചതും പ്രവർത്തിച്ചതുമെല്ലാം വെറുതെയാകും.***

## ചതിക്കപ്പെട്ട വിശ്വാസികൾ

മുകളിൽ പറഞ്ഞ വഞ്ചിക്കപ്പെട്ട ദൈവദാസന്മാരാൽ നേടപ്പെട്ട വിശ്വാസികളോടായിരിക്കാം കർത്താവ് തന്റെ 'ദൃഷ്ടാന്ത ന്യായവിധിയിൽ' ഉത്തരം കൊടുക്കുന്നത്. മത്തായി 7:21-ൽ കർത്താവ് ഒരു ചോദ്യത്തിന് മറുപടി കൊടുക്കുകയാണ്, തന്റെ സിംഹാസനത്തിന് മുമ്പിൽ വന്ന് നില്ക്കുന്ന വിശ്വാസികൾ പറയുന്നത്, "**അവർ യേശുവിനെ കർത്താവായി സ്വീകരിച്ചവർ ആണെന്നാണ്.**" തങ്ങൾ പങ്കെടുത്ത ക്രിസ്തീയ യോഗങ്ങളിൽ തങ്ങൾ കേട്ടത് അത് മാത്രമാണ്. "യേശുവിനെ സ്വീകരിക്കുവാൻ താല്പര്യമുള്ളവർ ആരെല്ലാം?" അവർ ഓടിച്ചെന്ന് സാക്ഷ്യവാചകം പറഞ്ഞു, കാർഡ് പൂരിപ്പിച്ച് കൊടുത്തു, ഇതിന്റെ അപ്പുറത്തേക്ക് ഒന്നും അവർ മനസ്സിലാക്കുവാൻ പോയില്ല. മനസ്സിലാക്കിയെങ്കിൽ തന്നെ, ചുറ്റുമുള്ള ക്രിസ്തീയസമൂഹങ്ങളെ നോക്കിയപ്പോൾ തിരുവചനത്തിൽ എഴുതിയിരിക്കുന്ന പ്രകാരം 'ക്രിസ്തുവിനെ അനുഗമിക്കുന്ന കാര്യം' അവർക്ക് ഗൗരവം ഉള്ളതായി തോന്നിയില്ല, കാരണം ആരെങ്കിലും ആ വചനങ്ങൾ പ്രകാരം പോകുന്നതായി അവർ കണ്ടില്ല!. ***ക്രിസ്തുവിനെ അനുഗമിക്കുന്ന പുത്രത്വയാത്രയാണ് ദൈവേഷ്ടമെന്നും, അതിന് വേണ്ടിയാണ് തങ്ങൾ യേശുവിനെ കർത്താവായി സ്വീകരിച്ച് ദൈവരാജ്യത്തിൽ വീണ്ടും ജനിച്ചതെന്നും ഈ വ്യക്തികൾ മനസ്സിലാക്കിയില്ല.*** കൂടുതൽ പേരും താല്ക്കാലികമായി വിടുതൽ പ്രാപിക്കാൻ വേണ്ടി മാത്രം യേശുവിന്റെ പുറകെപോയി വചനം പറയുന്നത് പോലെ അരിഷ്ടരായിത്തീർന്നിരിക്കുന്നു.

**"നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ."**
**(1 കൊരി. 15:19)**

ഇന്നത്തെ സുവിശേഷയോഗങ്ങളുടെ ഭൂരിഭാഗത്തിന്റെയും ലക്ഷ്യം, യേശുവിനെക്കുറിച്ച് പ്രസംഗിച്ച് ജനത്തെക്കൊണ്ട് യേശുവിനെ കർത്താവായി സ്വീകരിപ്പിക്കുക എന്നുള്ളത് മാത്രമായി കാണുന്നു.

"ഞങ്ങൾ നിന്നെ കർത്താവായി സ്വീകരിച്ചു എന്ന് പറഞ്ഞ വിശ്വാ

സികളോട് കർത്താവ് പറഞ്ഞ ഉത്തരം..." ഇപ്രകാരമാണ്.

**"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

കർത്താവിന്റെ ഈ ഉത്തരം കേട്ടിട്ടെങ്കിലും നമ്മുടെ ക്രിസ്തീയ യോഗങ്ങളുടെ ലക്ഷ്യം യേശുവിനെ കർത്താവായി സ്വീകരിക്കുന്നതിൽ മാത്രം ഒതുക്കാതെ, ക്രിസ്തുവിനെ അനുഗമിച്ച് സ്വർഗ്ഗരാജ്യത്തിലെത്തുവാൻ കൂടി പറയുവാൻ തക്കവണ്ണം നമുക്ക് ബുദ്ധി പ്രാപിക്കാം.

യേശുവിനെ കർത്താവായി ഏറ്റുപറഞ്ഞ ഈ വിശ്വാസികൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചോ? ഇല്ല. അവരും അവരുടെ ഗുരുക്കന്മാരെപ്പോലെ തള്ളപ്പെട്ടു. കർത്താവ് പറയുന്നത് ശ്രദ്ധിക്കാം, "കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും."

**"അവൻ ഈ ഉപമയും അവരോട് പറഞ്ഞു: കുരുടന് കുരുടനെ വഴികാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ?" (ലൂക്കൊ. 6:39)**

പഴയനിയമത്തിലെ ദൈവദാസന്മാരെ നോക്കിയും കർത്താവ് ഇത് തന്നെയാണ് പറഞ്ഞത്.

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്ന ശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു." (മത്താ. 23:14-15)**

മത്തായി 23:17-ൽ പരീശന്മാരെയും ശാസ്ത്രിമാരെയും യേശു വിളിക്കുന്നത് 'കുരുടന്മാരായ വഴികാട്ടികളേ' എന്നാകുന്നു.

മുകളിൽ എഴുതിയിരിക്കുന്ന വചനപ്രകാരം, യേശുവിന്റെ വാക്കുകളിൽ നിന്ന് നാം മനസ്സിലാക്കുന്നത് പ്രസംഗിച്ച ദൈവദാസനും പ്രസംഗം കേട്ട് മതത്തിൽ ചേർന്ന വ്യക്തിയും, രണ്ട് പേരും എത്തിച്ചേരുന്നത് നരകത്തിൽ തന്നെ, കാരണം എന്ത്?

***'തെറ്റിദ്ധരിക്കപ്പെട്ട ആത്മീകത'***

### മാനുഷിക ചിന്തയിലെ ആത്മീകത

യേശുവിനെ 10 പേർ കർത്താവായി സ്വീകരിച്ചാൽ നാം പറയുന്നു,

“മീറ്റിംഗ് അനുഗ്രഹമായിരുന്നു”. മത്തായി 7:21,22 പ്രകാരം, അവർ യേശുവിനെ കർത്താവായി സ്വീകരിച്ചു, ഒന്നോ രണ്ടോ ഭൂതങ്ങൾ പുറത്തു പോവുകയും ചെയ്തു, ചില രോഗികൾ സൗഖ്യമാവുകയും ചെയ്തു, ചില പ്രവചനങ്ങൾ കൂടി നടന്നാലോ? നമ്മൾ പറയും “വളരെ അനുഗ്രഹമായിരുന്നു, ഒരു Break through ആയിരുന്നു”. മത്തായി 7:22-ൽ ഇതെല്ലാം നടന്നു. പക്ഷേ അവരെയെല്ലാം യേശു തള്ളിക്കളഞ്ഞു, യേശു തള്ളിയാൽ ഒരേ ഒരു സ്ഥലമേ ഉള്ളൂ. “**നരകം**”

> **“എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.”**

ഒരു പക്ഷേ നിങ്ങൾ ചിന്തിക്കും, ഇത്രയൊക്കെ ചെയ്തിട്ട് യേശു എന്തിനാ ഇവരെ തള്ളിയത്? പ്രിയ സ്നേഹിതാ, യേശുക്രിസ്തുവിന്റെ ഈ ന്യായവിധിയുടെ മുമ്പിൽ നമ്മൾ തീർച്ചയായും നാളെ നില്ക്കേണ്ടി വരും, അതിന് മുമ്പ് നമുക്ക് ഇന്നൊന്ന് നിന്ന് നോക്കാം. നാം അതിലൂടെ സ്വർഗ്ഗരാജ്യത്തിലേക്ക് കടക്കുമോ ഇല്ലയോ എന്ന്. കടക്കുകയില്ലായെന്നാണ് നിങ്ങൾക്ക് ബോധ്യം വരുന്നതെങ്കിൽ ഭയപ്പെടേണ്ട, യേശു പറയുന്ന വാക്ക് ശ്രദ്ധിക്കൂ; **എന്തുകൊണ്ട് ഈ നല്ല പ്രവൃത്തികൾ ചെയ്തവർ കടന്നില്ല?**

**യേശു പറയുന്നു,**

**“എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.”**

***അവർ നല്ല പ്രവൃത്തികൾ ചെയ്യാത്തതു കൊണ്ടല്ല അവർ തള്ളപ്പെട്ടത് പകരം “പിതാവിന്റെ ഇഷ്ടം ചെയ്യുക” എന്ന ഒട്ടകത്തെ അവർ വിഴുങ്ങിയതുകൊണ്ടാണ് അവർ ന്യായവിധിയിൽ തള്ളപ്പെട്ട് പോയത്.***

**എന്താണ് ദൈവേഷ്ടം ?**

***“യേശുവിനെ അനുഗമിച്ച്, പുത്രത്വയാത്ര ചെയ്ത് പിതാവിന്റെ ഭവനത്തിലെത്തുക, ദൈവപുത്രനായി വെളിപ്പെടുക.”***

അതിന് വേണ്ടിയാണ് പിതാവ് കാത്തിരിക്കുന്നത്. പ്രിയരേ നരകത്തിലേക്ക് ധാരാളം വഴികൾ ഉണ്ട്. പക്ഷേ സ്വർഗ്ഗത്തിലേക്ക് യേശുവിനെ അനുഗമിച്ച് ചെല്ലുവാൻ യേശു കാണിച്ചു തന്ന ഒരേ ഒരു ഇടുക്കു

വഴിയേ ഉള്ളൂ.

**"ഇടുക്കുവാതിലൂടെ സ്വർഗ്ഗരാജ്യത്തിൽ കടക്കുവിൻ" എന്ന് യേശുക്രിസ്തു പറഞ്ഞതിന് വിപരീതമായി വളരെ എളുപ്പത്തിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ തക്കവണ്ണം വിശാലമായ വാതിൽ കാണിച്ച് കൊടുക്കുന്ന ചതിക്കുന്ന സന്ദേശങ്ങളുടെ നടുവിലാണ് നാം ഇന്ന് ജീവിക്കുന്നത്, ആയതിനാൽ ചതിക്കപ്പെടരുത്.**

അത് കണ്ടില്ലെന്ന് പറയല്ലേ, ആത്മീക തെറ്റിദ്ധാരണകളെ വിട്ടുകളഞ്ഞ് നമുക്കൊരുമിച്ച് യേശുവിനെ അനുഗമിച്ച് പുത്രത്വയാത്രയിൽ ചേരാം, എന്നേക്കും പിതാവിനോടൊപ്പം സ്വർഗ്ഗീയ വീട്ടിൽ വസിക്കാം....!

**പ്രിയരേ, നരകത്തിലേക്ക് ധാരാളം വഴികൾ ഉണ്ട്. പക്ഷേ സ്വർഗ്ഗത്തിലേക്ക് യേശുവിനെ അനുഗമിച്ച് ചെല്ലുവാൻ യേശു കാണിച്ചു തന്ന ഒരേ ഒരു ഇടുക്കു വഴിയേ ഉള്ളൂ.**

**പ്രാർത്ഥന**



സ്വർഗ്ഗീയ പിതാവേ, എന്റെ തെറ്റായ ആത്മീക ധാരണകളെ മാറ്റി, ദൈവേഷ്ടം ചെയ്ത് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ എന്നെ സഹായിക്കണമേ. തിരുവചനം രക്ഷക്കും, അഭിഷേകത്തിനും, കൃപാവരത്തിനും, ദൈവേഷ്ടമായ മടക്കയാത്രക്കും മറ്റ് ആത്മീക ക്രമീകരണങ്ങൾക്കും കൊടുത്തിരിക്കുന്ന മൂല്യം മനസ്സിലാക്കി ഒന്നും വിഴുങ്ങിക്കളയാതെ, അതേ മൂല്യം തന്നെ കൊടുക്കുവാൻ എന്നെ സഹായിക്കണമേ. അങ്ങയുടെ ആത്മാവാൽ എന്നെ നയിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ദൈവദാസന്മാർ, തിരുവചനം ഓരോ വിഷയത്തിനും എന്ത് പ്രാധാന്യം കല്പ്പിക്കുന്നുവോ, ആ പ്രാധാന്യം ഒട്ടും കുറയ്ക്കാതെയും കൂട്ടാതെയും ജനങ്ങളിലേക്ക് കൈമാറുന്നവരായിരിക്കണം.
2. ദൈവപുത്രന്മാർ വെളിപ്പെടുന്നത് യേശുവിനെ അനുഗമിക്കുന്നതിലൂടെ (മടക്കയാത്രയിൽ) മാത്രമാണ്.
3. ദാസന്മാരെ ഉണ്ടാക്കിയതിന് താല്ക്കാലികമായ ഒറ്റ ലക്ഷ്യമേയുള്ളൂ. "ആദാമിന്റെ ചിതറിപ്പോയ മക്കളെ ലോകത്തിന്റെ അതിർത്തികൾ വരെ പോയി പുത്രന്റെ യാത്രയ്ക്ക് കൂട്ടിക്കൊണ്ടുവരിക."
4. പുത്രത്വയാത്രയാണ് 'കാതൽ', അതിനെ വിഴുങ്ങരുത്.
5. "യേശുവിനെ അനുഗമിച്ച് ആത്മാക്കളുടെ പിതാവായ നമ്മുടെ സ്വർഗ്ഗീയ പിതാവിലേക്ക് നാം അടുക്കുന്നതാണ് ആത്മീകവളർച്ച."
6. പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചാൽ നമ്മിൽ കൃപാവരങ്ങൾ പ്രവർത്തിക്കുന്നു, നാം അഭിഷിക്തന്മാരായിത്തീരും. എന്നാൽ നാം യേശുവിനെ അനുഗമിച്ചാൽ ആത്മീയരായിത്തീരും.
7. നാം അഭിഷിക്തരായി ദാസത്വവേല ചെയ്യുമ്പോൾ തന്നെ ഒരു കാര്യം മറക്കരുത്,'ക്രിസ്തുവിനെ അനുഗമിച്ച് ആത്മീക പുത്രന്മാരായി വെളിപ്പെടുക', അല്ലെങ്കിൽ നാം പ്രാപിച്ചതും പ്രവർത്തിച്ചതുമെല്ലാം വെറുതെയാകും.
8. ക്രിസ്തുവിനെ അനുഗമിക്കുന്ന പുത്രത്വയാത്രയാണ് ദൈവേഷ്ടമെന്നും, അതിന് വേണ്ടിയാണ് താൻ യേശുവിനെ കർത്താവായി സ്വീകരിച്ച് ദൈവരാജ്യത്തിൽ വീണ്ടും ജനിച്ചതെന്നും നാം മനസ്സിലാക്കണം.
9. "ഇടുക്കുവാതിലൂടെ സ്വർഗ്ഗരാജ്യത്തിൽ കടക്കുവിൻ" എന്ന് യേശുക്രിസ്തു പറഞ്ഞതിന് വിപരീതമായി വളരെ എളുപ്പത്തിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ തക്കവണ്ണം വിശാലമായ വാതിൽ കാണിച്ച് കൊടുക്കുന്ന ചതിക്കുന്ന സന്ദേശങ്ങളുടെ നടുവിലാണ് നാം ഇന്ന് ജീവിക്കുന്നത്, ആയതിനാൽ ചതിക്കപ്പെടരുത്.
10. നരകത്തിലേക്ക് നയിക്കുന്ന വിശാലമായ വഴികൾ ഒരുപാടുണ്ട്. എന്നാൽ സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ ഒരേ ഒരു വഴിയേ ഉള്ളൂ. അത് ക്രിസ്തുവിനെ അനുഗമിക്കുക എന്ന ഇടുക്കുവഴി ആകുന്നു.

അദ്ധ്യായം 12

# ദൈവം മനുഷ്യരിൽ ആഗ്രഹിക്കുന്നത് എന്ത്?

"കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്ന് പറഞ്ഞു." (മർക്കൊ. 1:15)

"**സമയം** തികഞ്ഞിരിക്കുന്നു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു." അതുകൊണ്ട് മനുഷ്യൻ എന്ത് ചെയ്യണമെന്നാണ് ദൈവം പറയുന്നത്?

"മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക." ഇവിടെ മനുഷ്യർ ചെയ്യേണ്ട രണ്ട് കാര്യങ്ങളെക്കുറിച്ചാണ് ദൈവവചനം പറഞ്ഞിരിക്കുന്നത്. ആദ്യം ചെയ്യേണ്ടത്:-

മനുഷ്യർ ചെയ്യേണ്ട രണ്ട് കാര്യങ്ങളാണ്, (1)"**മാനസാന്തരം**" (2) "**സുവിശേഷത്തിൽ വിശ്വസിക്കുക.**"

"**മാനസാന്തരപ്പെടുക**"

മറ്റൊന്ന്,

"**സുവിശേഷത്തിൽ വിശ്വസിക്കുക.**"

എന്താണ് മാനസാന്തരം എന്ന് ആദ്യം നമുക്ക് മനസ്സിലാക്കാം, അതാണല്ലോ യേശുക്രിസ്തു പറഞ്ഞ സന്ദേശത്തിൽ ആദ്യം ചെയ്യേണ്ടത്.

## മാനസാന്തരം

മാനസാന്തരം എന്നുപറഞ്ഞാൽ കുറ്റബോധമാണെന്നും, കരച്ചിലാണെന്നും, പശ്ചാത്താപമാണെന്നുമെല്ലാം ചിന്തിക്കുന്നവരുണ്ട്. എന്നാൽ യഥാർത്ഥ മാനസാന്തരം എന്ന് പറഞ്ഞാൽ "**വ്യത്യസ്തമായി ചിന്തിക്കുക എന്നാണ്.**" ചിന്തയുടെ ദിശമാറ്റി ചിന്തിച്ച് മുന്നോട്ടേക്ക് പോവുക. അതായത് നമ്മുടെ ഹൃദയത്തെ (ചിന്തകളെ) 180 ഡിഗ്രിയിൽ തിരിക്കുക. മറ്റൊരുരീതിയിൽ പറഞ്ഞാൽ മനുഷ്യഇഷ്ടത്തിൽ നിന്ന് ദൈവേഷ്ടത്തിലേക്കുള്ള മാറ്റമാണ് മാനസാന്തരം.

മാനസാന്തരം [Metanoeo(Greek)] = To think differently.

## ചിന്തയുടെ ദിശ മാറ്റുന്നത് എങ്ങനെ?

ചിന്തയുടെ ദിശ മാറ്റുന്നത് എങ്ങനെ എന്ന് പറഞ്ഞാൽ, ആദ്യം ഇപ്പോഴുള്ള മാനുഷികചിന്തയെ അഥവാ ധാരണയെ (Concept) വിട്ടു

കളയുക, തുടർന്ന് താൻ കേട്ട ദൈവവചനത്തിലെ സന്ദേശത്തിനനുസരിച്ചുള്ള ചിന്തയെ ഹൃദയത്തിൽ ഉറപ്പിച്ച്, പുതിയ ചിന്തക്കനുസരിച്ച് മുന്നോട്ട് പോകുക. ക്രിസ്തുവിന്റെ പ്രസംഗത്തിലെ 'മാനസാന്തരം' ഒരു വ്യക്തി ഏറ്റെടുത്താൽ, ആ വ്യക്തി 180 ഡിഗ്രി തന്റെ ചിന്തയുടെ ദിശമാറ്റി ഇതുവരെ താൻ വന്ന ദിശക്കെതിരെയുള്ള യാത്ര, അതായത് ആരംഭിച്ചിടത്തേക്ക് തന്നെ മടക്കയാത്ര ചെയ്യും. ഉദാഹരണമായി തെക്കെ ഇന്ത്യയിലെ (South India) കേരളത്തിൽ നിന്നും വടക്കെ ഇന്ത്യയിലെ (North India) ഡൽഹിയിലേക്ക് പോകുന്ന ഒരു ബസ്സ് പകുതി വഴിയിലെത്തി ഏതോ കാരണത്താൽ നേരെ തിരിഞ്ഞ് (180 ഡിഗ്രി) തെക്കെ ഇന്ത്യയിലെ (South India) കേരളത്തിലേക്ക് തന്നെ അതായത് ബസ്സ് പുറപ്പെട്ട സ്ഥലത്തേക്ക് തന്നെ തിരിച്ച് പോകുന്നതു പോലെയാണിത്.

> യേശുവിന്റെ സുവിശേഷം കേൾക്കുന്ന വ്യക്തിയിൽ ആദ്യം ഉണ്ടാകേണ്ടതാണ് മാനസാന്തരം.

പിതാവിന്റെ പദ്ധതിയിൽ ഇത് മനസ്സിലാക്കാൻ നമുക്ക് ധൂർത്തപുത്രന്റെ കഥയിലേക്ക് മടങ്ങിപ്പോകാം. ധൂർത്തപുത്രൻ തന്റെ പിതാവിന്റെ ഭവനത്തിൽ നിന്ന് ലോകത്തിലേക്കുള്ള യാത്രയെ, 180 ഡിഗ്രി തിരിച്ച് (മാനസാന്തരം), ലോകം വിട്ട് പിതാവിന്റെ ഭവനത്തിലേക്ക് (ദൈവരാജ്യത്തിലേക്ക്) യാത്രയായി. താൻ കേട്ട ഈ സന്ദേശം തന്റെ ഉള്ളിൽ ആദ്യം ഉരുവാക്കിയത് ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്കുള്ള ഈ മനം തിരിവാണ്. ഇതിന് കാരണം എന്ത്?

> താൻ കേട്ട ഈ സന്ദേശം തന്റെ ഉള്ളിൽ ആദ്യം ഉരുവാക്കിയത് ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്കുള്ള ഈ മനം തിരിവാണ്. കാരണം താൻ കേട്ട സന്ദേശം യേശുവിന്റെ ദൈവരാജ്യത്തിന്റെ സുവിശേഷമാണ്!


കാരണം താൻ കേട്ട സന്ദേശം യേശുവിന്റെ ദൈവരാജ്യത്തിന്റെ സുവിശേഷമാണ്!

**"സമയം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു."** (ശിക്ഷയുടെ കാലാവധി കഴിഞ്ഞു, വീട്ടിലേക്ക് മടങ്ങിവരിക.)

"ലോകത്തിലേക്കുള്ള യാത്ര സമയത്തിലാണ്," യേശു "സമയം തികഞ്ഞു" എന്നു പറഞ്ഞത്, പാപം നിമിത്തം പിശാചിനാൽ ബന്ധനസ്ഥരായി, ലോകത്തിലൂടെ നിത്യശിക്ഷാവിധിക്കായി (രണ്ടാം മരണം) പൊയ്ക്കൊണ്ടിരിക്കുന്ന ജനത്തോട്, "പിതാവിന്റെ ഹൃദയത്തിലെ നിങ്ങളുടെ സമയത്തിലുള്ള ശിക്ഷയുടെ കാലാവധി തീർന്നു


ശിക്ഷാവിധിയുടെ യാത്ര
പിതാവിന്റെ വീട്
നിത്യത
സമയം
ലോകം
ശരീരം
തീപ്പൊയ്ക
പാതാളം
ദേഹി
രണ്ടാം മരണം
അല്ലെങ്കിൽ
നിത്യമരണം
ആദാമിന്റെ പാപം മൂലം ലോകത്തിൽ
കടന്ന മരണദൂതൻ
മനുഷ്യരെ മരണം എന്ന
ശിക്ഷാവിധി നടപ്പിലാക്കാൻ
കൊണ്ടുപോകുന്നു.
ഒന്നാം മരണത്തിന്റെ
അവസാനം

(ചിത്രം-22)


[1]
പിതാവിന്റെ വീട്
മരണം
സമയം
ലോകം
പാപം നിമിത്തം പിശാചിനാൽ ബന്ധിക്കപ്പെട്ട്
പിതാവിന്റെ വീട്ടിൽ നിന്ന് (ദൈവരാജ്യത്തിൽ
നിന്ന്) മനുഷ്യൻ ലോകത്തിലേക്ക് യാത്ര
ചെയ്യുന്നു.
[2]
പിതാവിന്റെ വീട്
സമയം
ലോകം
ക്രൂശിൽ വച്ച് മനുഷ്യവർഗ്ഗത്തിന്റെ
പാപത്തിന് പരിഹാരം ചെയ്ത് യേശു യാത്ര
അവസാനിപ്പിക്കാൻ പദ്ധതി ഒരുക്കി.
[3]
പിതാവിന്റെ വീട്
സമയം
ലോകം
മനുഷ്യൻ
മാനസാന്തരപ്പെടുകയും
ദൈവരാജ്യത്തിന്റെ
സുവിശേഷത്തിൽ
വിശ്വസിക്കുകയും
ചെയ്തതോടുകൂടി യാത്ര
മടക്കയാത്ര ആയിത്തീരുന്നു.
[4]
പിതാവിന്റെ
വീട്
നിത്യത
സമയം
ലോകം
മനുഷ്യൻ പരിശുദ്ധാത്മാവിനാൽ
നയിക്കപ്പെട്ട് നിത്യതയിലൂടെ പിതാവിന്റെ
ഭവനത്തിലേക്ക് ഹൃദയം കൊണ്ട്
മടക്കയാത്ര ചെയ്യുന്നു.

(ചിത്രം-23)

എന്നാണ്". അതുകൊണ്ട് തന്റെ മരണത്തിലൂടെ ആദാമിന്റെ തലമുറകളെ ശിക്ഷയിൽ നിന്ന് വീണ്ടെടുക്കാനാണ് പിതാവ് യേശുവിനെ അയച്ചത്.

തന്റെ ശിക്ഷാ കാലാവധി തീർന്നു എങ്കിൽ പിന്നെ ആർക്കാണ് തടവിൽ കിടക്കാൻ മനസ്സുള്ളത്. ഒരേ ഒരു കൂട്ടർക്ക് മാത്രം, ''സുബോധമില്ലാത്തവർക്ക്.

> തന്റെ ശിക്ഷാ കാലാവധി തീർന്നു എങ്കിൽ പിന്നെ ആർക്കാണ് തടവിൽ കിടക്കാൻ മനസ്സുള്ളത്. ഒരേ ഒരു കൂട്ടർക്ക് മാത്രം, ''സുബോധമില്ലാത്തവർക്ക്.

തന്റെ സ്വന്ത പിതാവിനോട് മറുത്ത്, തെറ്റ് ചെയ്ത് ജയിൽ ശിക്ഷ അനുഭവിച്ച ഒരു വ്യക്തി ജയിൽ ശിക്ഷ കഴിഞ്ഞ് ജയിലിൽ നിന്നും വെളിയിൽ ഇറങ്ങി ഇനി എങ്ങോട്ടാണ് പോകേണ്ടതെന്നറിയാതെ പകച്ച് നില്ക്കുമ്പോൾ ആ വ്യക്തിക്ക്, തന്റെ പിതാവിന്റെ വീട്ടിൽ നിന്ന് ഒരാൾ വന്ന് ഒരു ക്ഷണക്കത്ത് (Invitation Letter) കൊടുക്കുകയാണ്.

"മകനേ, നിന്റെ വീട്ടിലേക്ക് മടങ്ങി വരിക, പിതാവ് നിനക്കായി ഒരുക്കി കാത്തിരിക്കുന്നു." പിതാവിന്റെ ക്ഷണക്കത്ത് (Invitation Letter) കിട്ടിയ ആ വ്യക്തി വളരെ സന്തോഷത്തോടെ തന്റെ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിപ്പോകുന്നു. ഇതുപോലെയാണ് പിതാവ് അയച്ചിട്ട് വന്ന യേശുവിന്റെ അടുത്ത വാക്കുകൾ **"ദൈവരാജ്യം സമീപിച്ചിരിക്കുന്നു."**

> ഒരു വ്യക്തി ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് തിരിയുന്നതാണ് മാനസാന്തരം.

ഈ വാക്ക് കേട്ട് നാം തടവറയായ ലോകത്തിൽ നിന്നും ദൈവരാജ്യമായ നമ്മുടെ പിതാവിന്റെ വീട്ടിലേക്ക്

**"കാലം തികഞ്ഞു" = ശിക്ഷയുടെ കാലാവധി കഴിഞ്ഞു.**

**"ദൈവരാജ്യം സമീപിച്ചിരിക്കുന്നു" = പിതാവ് നിന്നെ നിന്റെ വീട്ടിലേക്ക് മടങ്ങി വരുവാൻ ക്ഷണിക്കുന്നു.**

ഹൃദയം കൊണ്ട് തിരിയുന്നതാണ് ക്രിസ്തീയ മാനസാന്തരം.

ഇതാണ് ദൈവം മനുഷ്യരിൽ ആഗ്രഹിക്കുന്ന ആദ്യത്തെ കാര്യം. രണ്ടാമത്തെ കാര്യമാണ്, "സുവിശേഷത്തിൽ വിശ്വസിപ്പിൻ".

## സുവിശേഷത്തിൽ വിശ്വസിപ്പിൻ

ഒരു വ്യക്തി ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് തിരിഞ്ഞാലും, ആ വ്യക്തി സുവിശേഷത്തിൽ വിശ്വസിച്ചില്ലെങ്കിൽ, പിതാവിന്റെ വീട്ടിലേക്ക് തന്നെ കൊണ്ടുപോകാൻ നിൽക്കുന്ന വണ്ടിയിൽ കയറാത്തവനെപ്പോലെയാണ്. പഴയനിയമ വിശുദ്ധന്മാർ പലരും മാനസാന്തരമുള്ളവരായിരുന്നു (ദിശ-Direction മാറിയവർ) പക്ഷേ അവർക്ക് സ്വർഗ്ഗരാജ്യത്തിലേക്ക് പോകാനുള്ള വഴിയായ (യോഹ.14:6) സുവിശേഷമുണ്ടായിരുന്നില്ല.

സുവിശേഷമെന്ന് പറയുന്നത് യേശുക്രിസ്തുവിലൂടെ പിതാവായ ദൈവം ഒരുക്കിയ രക്ഷാകരമായ പദ്ധതിയാണ്. ക്രിസ്തുവാണ് സുവിശേഷം, അതായത് ഒന്നാമത് ക്രിസ്തുവിന്റെ സന്ദേശമായ "ദൈവരാജ്യവും" രണ്ടാമത് ക്രൂശ് മരണത്തിലൂടെ താൻ മാനവരാശിക്ക് നേടിക്കൊടുത്ത പിശാചിൽ നിന്നുള്ള രക്ഷയും.

ഒരു വ്യക്തി ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് തിരിഞ്ഞാലും, ആ വ്യക്തി സുവിശേഷത്തിൽ വിശ്വസിച്ചില്ലെങ്കിൽ, പിതാവിന്റെ വീട്ടിലേക്ക് തന്നെ കൊണ്ടുപോകാൻ നിൽക്കുന്ന വണ്ടിയിൽ കയറാത്തവനെപ്പോലെയാണ്.

ഒരു വ്യക്തി യേശുക്രിസ്തുവിന്റെ കാൽവറി മരണത്തിൽ വിശ്വസിക്കുന്നില്ലായെങ്കിൽ ആ വ്യക്തി ശിക്ഷയിൽ തന്നെ തുടരും. ന്യായാധിപനായ ദൈവത്തിന്റെ ഹൃദയത്തിൽ, മാനവരാശിയുടെ ശിക്ഷായാത്രയുടെ സമയം കഴിഞ്ഞെങ്കിലും, ആ വ്യക്തി ശിക്ഷയിൽ തന്നെ തുടരും. അതിന്റെ കാരണം പിതാവിന്റെ ശിക്ഷാവിധിയിൽ പിതാവ് ശിക്ഷയുടെ കാലാവധി പറഞ്ഞില്ല, പകരം പറഞ്ഞത്–

**"എന്നാൽ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിൻ ഫലം നീ തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും." (ഉല്പ. 2:17)**

മനുഷ്യൻ ആത്മാവും, ദേഹിയും, ശരീരവും ചേർന്നതായതുകൊണ്ട്, നീ മരിക്കുമെന്ന് പറഞ്ഞാൽ മനുഷ്യന്റെ ആത്മാവും, ദേഹിയും, ശരീ

രവും മരിക്കും, അതുവരെയാണ് ശിക്ഷ. അതുകൊണ്ട് മരണത്തിന്റെ അധികാരിയായ പിശാചിൽ നിന്ന് മനുഷ്യവർഗ്ഗത്തിന് ഒരു രക്ഷ വേണമെങ്കിൽ മറ്റൊരാൾ ആ ശിക്ഷ ഏറ്റെടുത്തേ പറ്റൂ. ഇതാണ് കർത്താവായ യേശുവിന്റെ കാൽവറി മരണത്തിലൂടെ പിതാവായ ദൈവം ചെയ്തത്. സകലമനുഷ്യജാതിയുടെയും പാപം എടുത്ത് യേശുവിന്റെ മേൽ ചുമത്തി, മനുഷ്യരെ പിശാചിന്റെ പിടിയിൽ നിന്നും രക്ഷിച്ചു.

**"നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി." (യെശയ്യാ. 53:6)**

**മാനസാന്തരം = യാത്രയുടെ ദിശമാറുന്നതിനെ കാണിക്കുന്നു. (യാത്ര, മടക്കയാത്രയായിത്തീരുന്നു, അഥവാ ലോകത്തിലേക്കുള്ള യാത്ര ഹൃദയം കൊണ്ട് സ്വർഗ്ഗത്തിലേക്കായി തീരുന്നു, U-Turn ചെയ്യുന്നു.)**

**സുവിശേഷം = യേശുവിലൂടെ പിതാവ് സ്വർഗ്ഗത്തിലേക്ക് ഒരുക്കിയ വഴിയെ കാണിക്കുന്നു. (U-Turn ചെയ്ത വണ്ടിയുടെ മുമ്പിൽ, പുതിയവഴി തെളിയുന്നു.)**

**വിശ്വസിക്കുന്നത് = യേശു ഒരുക്കിയ വഴിയിലൂടെ സ്വർഗ്ഗത്തിലേക്കുള്ള മടക്കയാത്രയെ കാണിക്കുന്നു. (പുതിയ വഴി തെളിഞ്ഞതിലൂടെ വണ്ടി ലക്ഷ്യത്തിലേക്ക് മുന്നേറുന്നു.)**

അതുകൊണ്ട് മാനസാന്തരപ്പെട്ട വ്യക്തി, സുവിശേഷത്തിൽ (ക്രിസ്തുവിൽ) വിശ്വസിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യത്തിലേക്ക് മടക്കയാത്രചെയ്യാൻ പറ്റുകയുള്ളൂ.

ഇതുകൊണ്ടാണ് യേശു പറഞ്ഞത് ആദ്യം മാനസാന്തരപ്പെടുക, തുടർന്ന് സുവിശേഷത്തിൽ വിശ്വസിക്കുക.

മറ്റൊരു രീതിയിൽ പറഞ്ഞാൽ ആദ്യം പോകേണ്ട സ്ഥലം മനസ്സിലാക്കി വണ്ടി അങ്ങോട്ടേക്ക് തിരിച്ച് ഇടുക. തുടർന്ന് വണ്ടി ഓടിക്കുക.

ഒരു പക്ഷേ നിങ്ങൾക്കൊരു ചോദ്യമുണ്ടാകാം "പല ക്രിസ്തീയ യോഗങ്ങളിലും മാനസാന്തരത്തെക്കുറിച്ച് പറയുന്നില്ല, പക്ഷേ യേശുവിനെ കർത്താവായി സ്വീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ജനം യേശുവിനെ കർത്താവായി സ്വീകരിക്കുന്നുമുണ്ട്. മാനസാന്തരപ്പെടാതെ യേശുവിനെ കർത്താവായി സ്വീകരിച്ച ഇവർക്ക് എന്ത് സംഭവിക്കും?"

"അരവൈദ്യൻ ആളെ കൊല്ലുമെന്ന്" ഒരു പഴഞ്ചൊല്ലുണ്ട്. ഇങ്ങനെ യേശുവിനെ കർത്താവായി സ്വീകരിക്കുന്നവരിൽ പലരും, അവരുടെ ഭൂമിയിലെ തുടർന്നുള്ള ജീവിതത്തിൽ മാനസാന്തരപ്പെടുന്നില്ല എങ്കിൽ അവർ നശിച്ച് പോകാൻ ഇടയാകും. ഇതു പോലെ മാനസാന്തരപ്പെടാതെ യേശുവിനെ കർത്താവായി സ്വീകരിച്ച ഒരു കൂട്ടം ജനത്തെയാണ് തിരുവചനം അരിഷ്ടമനുഷ്യർ എന്ന് പറയുന്നത്. അവർ നശിച്ച് പോകാൻ ഇടയാകും.


> മാനസാന്തരപ്പെടാത്തർ സ്വർഗ്ഗത്തിലേക്കല്ല, ലോകത്തിലേക്ക് തന്നെ പോകുന്നവരാണ്. അവരുടെ 'യാത്ര' യേശുവിനെ സ്വീകരിച്ചതിന് ശേഷവും 'യാത്ര' തന്നെയാണ്, 'മടക്കയാത്ര' ആയിട്ടില്ല.

**"നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടരത്രേ."**
**(1 കൊരി. 15:19)**

**"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

***മാനസാന്തരപ്പെടാത്തവർ സ്വർഗ്ഗത്തിലേക്കല്ല, ലോകത്തിലേക്ക് പോകുന്നവരാണ്. അവരുടെ 'യാത്ര' യേശുവിനെ സ്വീകരിച്ചതിന് ശേഷവും 'യാത്ര' തന്നെയാണ്, 'മടക്കയാത്ര' ആയിട്ടില്ല.*** അവർ ജഡത്തെ അനുസരിച്ച് ജീവിക്കുന്നവരാകയാൽ, അവർ പിശാചിന്റെ കൈയ്യിൽ നിന്ന് യേശുവിനാൽ രക്ഷിക്കപ്പെട്ടവരെങ്കിലും, ദൈവവചനം പറയുന്നു, അവർ മരിക്കും.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**




(ചിത്രം-24)

## കാൽവരിക്രൂശിലെ കള്ളന്റെ മാനസാന്തരവും (ദിശമാറ്റം) സുവിശേഷത്തിൽ വിശ്വസിച്ച് കൊണ്ടുള്ള സ്വർഗ്ഗീയയാത്രയും.

യേശുക്രിസ്തുവിനോടു കൂടെ കാൽവറിയിൽ രണ്ട് കള്ളന്മാർ യേശുവിന്റെ അപ്പുറവും ഇപ്പുറവും ക്രൂശിക്കപ്പെട്ടു എന്നത് ബൈബിളിൽ നാം കാണുന്നു. അവർ ഇരുവരും ലോകത്തിലേക്ക് യാത്ര ചെയ്തവരാണ്. ക്രൂശിൽ കിടന്ന് ആദ്യം അവർ രണ്ടു പേരും, പരീശന്മാരും, ജനങ്ങളും യേശുവിനെ ദുഷിച്ചതുപോലെ ദുഷിച്ച് പറഞ്ഞു.

**“വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരെയും അവനോടു കൂടെ ക്രൂശിച്ചു. കടന്നുപോകുന്നവർ തല കുലുക്കി അവനെ ദുഷിച്ചു: മന്ദിരം പൊളിച്ച് മൂന്നുനാൾകൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക; ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ എന്നു പറഞ്ഞു. അങ്ങനെ തന്നെ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല; അവൻ യിസ്രായേലിന്റെ രാജാവ് ആകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങിവരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവന് ഇവനിൽ**

**പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ; ഞാൻ ദൈവപുത്രൻ എന്ന് അവൻ പറഞ്ഞുവല്ലോ എന്ന് പറഞ്ഞു. അങ്ങനെ തന്നേ അവനോട് കൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരും അവനെ നിന്ദിച്ചു." (മത്താ. 27:38-44)**

അവർ പറഞ്ഞത് "നീ ക്രിസ്തു എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വന്ന് ഞങ്ങളേയും രക്ഷിക്ക്, എങ്കിൽ ഞങ്ങൾ നിന്നിൽ വിശ്വസിക്കാം." ആ പ്രാർത്ഥനയിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും "അവർ ലോകത്തിലേക്ക് രക്ഷപ്പെടാനാണ് ആഗ്രഹിക്കുന്നത്", അതായത് അവർ യേശുവിനോട് അപേക്ഷിക്കുന്നവരെങ്കിലും ഇപ്പോഴും ലോകത്തിലേക്കുള്ള യാത്രയിലാണ്.

ക്രൂശിൽ കിടന്ന് താൻ അല്പ നേരം യേശുവിനെ നോക്കിയത് കള്ളന്റെ യാത്രയെ മടക്കയാത്ര യാക്കി മാറ്റി, അതായത് അത് കള്ളന്റെ ജീവിതത്തിൽ മാനസാന്തരമായി മാറി.

എന്നാൽ തങ്ങളുടെ ജീവിതത്തിൽ ലോകത്തിലേക്കുള്ള യാത്രയിൽ ആയിരിക്കുന്ന ഈ രണ്ട് കള്ളന്മാർ, മടക്കയാത്രയുടെ നായകനായിരിക്കുന്ന യേശുവിനോടു കൂടെ ക്രൂശിൽ കിടന്നപ്പോൾ ഒരു കള്ളൻ അല്പനേരം യേശുവിനെ നോക്കി- "തന്നെ നിന്ദിച്ചവരെയും, അടിച്ചവരെയും, താടിരോമം പറിച്ചെടുത്തവരെയും, നഗ്നരാക്കിയവരെയും യേശു സ്നേഹിക്കുന്നത് കണ്ടപ്പോൾ, അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ, "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കണമേ എന്ന് പറഞ്ഞപ്പോൾ." ക്രൂശിൽ കിടന്ന് താൻ അല്പനേരം യേശുവിനെ നോക്കിയത് ആ കള്ളന്റെ യാത്രയെ മടക്കയാത്രയാക്കി മാറ്റി, അതായത് അത് കള്ളന്റെ ജീവിതത്തിൽ മാനസാന്തരമായി മാറി.

എന്നാൽ രണ്ടാമത്തെ കള്ളൻ വീണ്ടും ലോകത്തിലേക്ക് തന്നെ നോക്കിക്കൊണ്ട് മറ്റുള്ളവർ യേശുവിനെ നിന്ദിക്കുന്നത് കണ്ട് വീണ്ടും പറഞ്ഞു, "നീ ക്രിസ്തു എങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക്." ഈ കള്ളന്റെ 'യാത്ര' വീണ്ടും 'യാത്രയായി' തന്നെ തുടർന്നു.

**"തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞു അവനെ ദുഷിച്ചു." (ലൂക്കൊ. 23:39)**

ഒന്നാമത്തെ കള്ളന് മാനസാന്തരം വന്നുവെന്ന് എങ്ങനെ അറിയാമെന്ന് ഒരു പക്ഷേ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകും. പ്രിയരേ, ആ കള്ളന്റെ യേശുവിനോടുള്ള അപേക്ഷയിൽ വലിയ വ്യത്യാസം വന്നത് നമുക്ക് കാണാം. "ആദ്യം കള്ളന്റെ പ്രാർത്ഥന ലോകത്തിൽ ജീവിക്കാൻ രക്ഷിക്കൂ എന്നായിരുന്നു എങ്കിൽ, ഇപ്പോൾ കള്ളന്റെ പ്രാർത്ഥന സ്വർഗ്ഗത്തിൽ ജീവിക്കാനുള്ളതാണ്."

**"പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നു പറഞ്ഞു." (ലൂക്കൊ. 23:42)**

ലോകത്തിന്റെ ദിശയിലേക്കായിരുന്ന തന്റെ ജീവിതം സ്വർഗ്ഗത്തിന്റെ ദിശയിലേക്കായി, യാത്രയിലായിരുന്ന തന്റെ ജീവിതം മടക്കയാത്രയിലായി. ക്രൂശിൽ അല്പനേരം വിശ്വാസനായകനായ യേശുവിനോട് കൂടെയായിരുന്നത് തന്റെ ജീവിതത്തിൽ മാനസാന്തരം ഉണ്ടാക്കി.

അദ്ദേഹത്തിന്റെ വാക്കുകളെ വീണ്ടും നാം ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും, 'അദ്ദേഹത്തിന്റെ ഏറ്റുപറച്ചിൽ.'

1. ഞാൻ പാപിയാണ്.

2. യേശു നീതിമാനാണ്.

**"നാമോ ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിന് യോഗ്യമായതല്ലോ കിട്ടുന്നത്; ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല എന്ന് പറഞ്ഞു." (ലൂക്കൊ. 23:41)**

3. ഇവിടെ താൻ യേശുവിൽ ആശ്രയിക്കുകയാണ്. യേശുവിനെ തന്റെ ജീവിതത്തിൽ കർത്താവായി സ്വീകരിക്കുകയാണ്.

**"പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നു പറഞ്ഞു." (ലൂക്കൊ. 23:42)**

**ഈ രണ്ട് കള്ളന്മാരിൽ ഒരുവൻ**

**"മാനസാന്തരപ്പെട്ടു"** (ഒന്നാമത് ചെയ്യേണ്ടത്)

**"സുവിശേഷത്തിൽ വിശ്വസിച്ചതുകൊണ്ട്"** (രണ്ടാമത് ചെയ്യേണ്ടത്)

യേശു ആ ഒരുവനെ പറുദീസായിൽ സ്വീകരിക്കുകയാണ്. യേശു ഇപ്രകാരം അവനോട് പറഞ്ഞു,

**"യേശു അവനോട്: ഇന്ന് നീ എന്നോട് കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു." (ലൂക്കൊ. 23:43)**

***പ്രിയരേ, യേശുവിന്റെ സുവിശേഷത്തിന്റെ ആദ്യ ഭാഗം ദൈവം ഇപ്പോഴത്തെ ആത്മീക ഭൗതിക സാഹചര്യങ്ങളെ എങ്ങനെ കാണുന്നു എന്നും, രണ്ടാമത്തെ ഭാഗം അതിനാൽ മനുഷ്യൻ ചെയ്യേണ്ടതുമാണ്.***

**"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്ന് പറഞ്ഞു." (മർക്കൊ. 1:15)**

**"സമയം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു"** ഇത് ദൈവം ഇപ്പോൾ കാണുന്ന ആത്മീക ഭൗതിക സാഹചര്യമാണ്.

**"മാനസാന്തരപ്പെട്ട്, സുവിശേഷത്തിൽ വിശ്വസിക്കുക."** ഇത് മനുഷ്യരായ നാം ചെയ്യേണ്ട രണ്ട് കാര്യങ്ങളാണ്. അതിനാൽ ഈ രണ്ട് കാര്യങ്ങളും ചെയ്തുകൊണ്ട്, തർക്കിക്കാതെ, ഐകൃതയോടെ, ക്രിസ്തുവിൽ തികഞ്ഞ സ്നേഹത്തിൽ പിതാവിന്റെ ഭവനത്തിലേക്ക് നമുക്ക് മടക്കയാത്ര തുടരാം.

***പ്രാർത്ഥന***



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അങ്ങ് മനുഷ്യരായ ഞങ്ങളിൽ നിന്നാഗ്രഹിക്കുന്നത് എന്താണെന്ന് വെളിപ്പെടുത്തിത്തന്നതിനായി നന്ദി. 'മാനസാന്തരപ്പെടുകയും, സുവിശേഷത്തിൽ വിശ്വസിക്കുകയും' ചെയ്തുകൊണ്ട് സ്വർഗ്ഗീയഭവനത്തിലെത്താൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. മനുഷ്യർ ചെയ്യേണ്ട രണ്ട് കാര്യങ്ങളാണ്, "മാനസാന്തരം", അതേ തുടർന്ന് ചെയ്യേണ്ടത് "സുവിശേഷത്തിൽ വിശ്വസിക്കുക."
2. ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്കുള്ള ദൈവരാജ്യത്തിന്റെ സുവിശേഷം കേൾക്കുമ്പോഴാണ് ഒരു വ്യക്തിക്ക് മാനസാന്തരമുണ്ടാകുന്നത്.
3. ഒരു വ്യക്തി ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് തിരിഞ്ഞാലും, ആ വ്യക്തി സുവിശേഷത്തിൽ വിശ്വസിച്ചില്ലെങ്കിൽ, പിതാവിന്റെ വീട്ടിലേക്ക് തന്നെ കൊണ്ടുപോകാൻ നിൽക്കുന്ന വണ്ടിയിൽ കയറാത്തവനെപ്പോലെയാണ്.
4. മാനസാന്തരപ്പെടാത്തവർ സ്വർഗ്ഗത്തിലേക്കല്ല, ലോകത്തിലേക്ക് പോകുന്നവരാണ്. അവർക്ക് 'യാത്ര' യേശുവിനെ സ്വീകരിച്ചതിന് ശേഷവും 'യാത്ര' തന്നെയാണ്, 'മടക്കയാത്ര' ആയിട്ടില്ല.
5. പ്രിയരേ, യേശുവിന്റെ സുവിശേഷത്തിന്റെ ആദ്യ ഭാഗം ദൈവം ഇപ്പോഴത്തെ ആത്മീക ഭൗതിക സാഹചര്യങ്ങളെ എങ്ങനെ കാണുന്നു എന്നും, രണ്ടാമത്തെ ഭാഗം അതിനാൽ മനുഷ്യൻ എന്ത് ചെയ്യേണമെന്നുള്ളതുമാണ്.



അദ്ധ്യായം 13

# സമ്പൂർണ്ണ ബൈബിൾ ഒന്നേകാൽ വാക്യത്തിൽ

"മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇത് തന്നേ. ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ....." (മത്താ. 7:12-13)

***പഴയനിയമവും*** പുതിയനിയമവും ചേർന്ന് 66 പുസ്തകങ്ങൾ ഉള്ള ബൈബിൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളവരാണ് ക്രിസ്ത്യാനികളിൽ പലരും. എന്നാൽ ഈ ലോകം കണ്ട ഏറ്റവും വലിയ ടീച്ചർ ഈ വലിയ ഗ്രന്ഥത്തിലെ സന്ദേശം ഒന്നേ കാൽ വാക്യം കൊണ്ട് മനുഷ്യഹൃദയങ്ങൾക്ക് മനസ്സിലാക്കുവാൻ തക്കവണ്ണം ക്രോഡീകരിക്കുകയുണ്ടായി. ഒരു പക്ഷേ ഇപ്പോൾ വായനക്കാരുടെ ഹൃദയം വെമ്പൽ കൊള്ളുകയായിരിക്കും 'ആരാണ്' ലോകം കണ്ട ഏറ്റവും വലിയ ടീച്ചർ? എങ്ങനെയാണ് അദ്ദേഹം ഒന്നേകാൽ വാക്യം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പഠിപ്പിക്കുന്നത്?

> ഈ ലോകം കണ്ട ഏറ്റവും വലിയ ടീച്ചർ ഈ വലിയ ഗ്രന്ഥത്തിലെ സന്ദേശം ഒന്നേകാൽ വാക്യംകൊണ്ട് മനുഷ്യഹൃദയങ്ങൾക്ക് മനസ്സിലാക്കുവാൻ തക്കവണ്ണം ക്രോഡീകരിക്കുകയുണ്ടായി.

മറ്റാരുമല്ല ലോകം കണ്ട ഏറ്റവും വലിയ ടീച്ചർ, "നമ്മുടെ അരുമനാഥനായ യേശുക്രിസ്തു തന്നെയാണ്".

## പഴയനിയമം ഒരു വാക്യത്തിൽ

മത്തായി എഴുതിയ സുവിശേഷം ഏഴാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിലാണ് കർത്താവായ യേശു ഒറ്റ വാക്യത്തിൽ പഴയനിയമത്തെ ക്രോഡീകരിച്ചത്.

**"മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇത് തന്നേ." (മത്താ. 7:12)**

അതാണ് പഴയനിയമത്തിൽ മനുഷ്യൻ ചെയ്യാൻ ദൈവം ഉദ്ദേശിക്കുന്നത്, മറ്റൊരുരീതിയിൽ പറഞ്ഞാൽ പഴയനിയമത്തിന്റെ സാരാംശം

"മനുഷ്യർ നിങ്ങൾക്ക് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ അവർക്കും ചെയ്യണമെന്നാണ്." കർത്താവായ യേശുവിന്റെ ഈ വാക്കുകൾ എനിക്ക് വെളിപ്പെടുന്നതിന് മുമ്പ് ഞാൻ ചിന്തിച്ചിരുന്നത്, ഈ വാക്ക് പുതിയനിയമത്തിലെ സന്ദേശമെന്നാണ്. പക്ഷേ ഇപ്പോൾ എനിക്ക് മനസ്സിലായിരിക്കുന്നു, കർത്താവ് പഴയനിയമത്തിലെ 39 പുസ്തകങ്ങളും കൂടി ഒരു സന്ദേശത്തിൽ കേന്ദ്രീകരിക്കുകയായിരുന്നു.


> പഴയനിയമത്തിന്റെ സാരാംശം "മനുഷ്യർ നിങ്ങൾക്ക് ചെയ്യേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ അവർക്കും ചെയ്യണമെന്നാണ്."

പഴയനിയമ പുസ്തകങ്ങൾ

1. ഉല്പത്തി
2. പുറപ്പാട്
3. ലേവ്യ
4. സംഖ്യ
5. ആവർത്തനം
6. യോശുവ

.
.
.
.
.
.
.
.

39. മലാഖി




മോശയുടെ അഞ്ച് പുസ്തകങ്ങളെയാണ് പൊതുവെ ന്യായപ്രമാണം എന്ന് പറയുന്നത്. തുടർന്ന് ചരിത്രമടക്കമുള്ള മുപ്പത്തിനാല് പുസ്തകങ്ങളെയാണ് പ്രവാചകന്മാർ എന്ന് പറയുന്നത്. ഈ പുസ്തകങ്ങളുടെ ആകെത്തുകയായ സന്ദേശമാണ് "*മനുഷ്യർ നിങ്ങൾക്ക് ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നത് നിങ്ങൾ അവർക്കും ചെയ്യുവിൻ.*" അതായത് ഒരുവൻ നമ്മെ സ്നേഹിക്കണമെന്ന് നാം ഇച്ഛിച്ചാൽ നാം അവനെ സ്നേഹിക്കുക. ഒരുവൻ നമുക്ക് നന്മ ചെയ്യണമെന്ന് നാം ഇച്ഛിച്ചാൽ നാം ആ വ്യക്തിക്ക് നന്മ ചെയ്യുക. തിന്മയുടെ കാര്യവും ഇതുപോലെ തന്നെ, 'കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല്.'

**"..............ജീവന് പകരം ജീവൻ കൊടുക്കണം. കണ്ണിന് പകരം കണ്ണ്; പല്ലിന് പകരം പല്ല്; കൈക്കു പകരം കൈ; കാലിന് പകരം കാൽ;" (പുറ. 21:23-24)**

ചുരുക്കിപ്പറഞ്ഞാൽ പഴയനിയമപുസ്തകങ്ങളുടെ സംക്ഷിപ്തരൂപമാണ് കർത്താവായ യേശു പറഞ്ഞത്, "മനുഷ്യർ നിങ്ങൾക്ക് ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നത് നിങ്ങൾ അവർക്കും ചെയ്യുവിൻ."

പഴയനിയമത്തിലെ സന്ദേശമാണ് "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യണമെന്ന് ഇച്ഛിക്കുന്നത് നിങ്ങൾ അവർക്കും ചെയ്യുവിൻ."

പ്രിയ വായനക്കാരേ, യേശുവിന്റെ ഈ സന്ദേശം ഏറ്റെടുത്ത് നമ്മുടെ ജീവിതത്തിലെ പ്രവൃത്തിതലത്തിൽ കൊണ്ടുവന്നാൽ പഴയനിയമത്തിലെ സന്ദേശത്തിൽ നാം ജീവിക്കുന്നു എന്ന് പറയാം. പക്ഷേ നാം ഇന്ന് ജീവിക്കുന്നത് പുതിയ നിയമത്തിലാണ്, യേശു പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനാണ്.

## പുതിയനിയമം (1/4) കാൽ വാക്യത്തിൽ

മത്തായി എഴുതിയ സുവിശേഷം 7-ാം അദ്ധ്യായം 12-ാം വാക്യത്തിൽ യേശു ഒരു വാക്യം കൊണ്ട് പഴയനിയമം അവസാനിപ്പിച്ചു. തുടർന്ന് വരുന്നത് പുതിയനിയമമാണ്. പുതിയനിയമം ക്രോഡീകരിക്കുവാൻ കർത്താവ് ഒരു വാക്യം പോലും എടുത്തില്ല. വെറും കാൽ വാക്യം മാത്രമേ എടുത്തുള്ളൂ. തുടർന്ന് എഴുതിയിരിക്കുന്ന മത്തായി ഏഴാം അദ്ധ്യായം പതിമൂന്നാം വാക്യത്തിന്റെ കാൽ ഭാഗം കൊണ്ട് കർത്താവ് പുതിയനിയമവും അവസാനിപ്പിച്ചു.

**"ഇടുക്കുവാതിലിലൂടെ അകത്ത് കടപ്പിൻ."** ദൈവരാജ്യത്തിന്റെ അകത്ത് കടക്കുന്നതിനെക്കുറിച്ചാണ് കർത്താവ് ഇവിടെ പറഞ്ഞിരിക്കുന്നത്. ***പുതിയനിയമത്തിലെ 27 പുസ്തകങ്ങളിലെയും സന്ദേശങ്ങളിലൂടെ മനുഷ്യർ പ്രാപിക്കേണ്ട ലക്ഷ്യമാണ് "ഇടുക്കുവാതിലിലൂടെ ദൈവരാജ്യത്തിൽ കടക്കുവിൻ"*** - എന്ന് ക്രോഡീകരിച്ച് പറഞ്ഞതിലൂടെ കർത്താവ് അർത്ഥമാക്കുന്നത്.

എന്റെ പ്രിയ സഹോദരങ്ങളേ, പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ഈ രണ്ട് സന്ദേശങ്ങൾ നാം മനസ്സിലാക്കിക്കഴിഞ്ഞാൽ ബൈബിളിലെ കാതലായ ഭാഗം നാം മനസ്സിലാക്കിക്കഴിഞ്ഞു. മറ്റൊരുരീതിയിൽ പറഞ്ഞാൽ സമ്പൂർണ്ണ ബൈബിളിന്റെ സംക്ഷിപ്തരൂപം നാം പ്രാപിച്ചു കഴിഞ്ഞു. തുടർന്ന് ബൈബിൾ വായിക്കുമ്പോൾ

ഈ സന്ദേശങ്ങളുടെ ലക്ഷ്യത്തിലേക്ക് നാം ആഴത്തിൽ ചെല്ലുവാൻ ഇടയാകും.

> പുതിയനിയമത്തിന്റെ സന്ദേശമാണ് **'മടക്കയാത്ര.'**

എത്ര നല്ല ഗുരുനാഥനാണ് നമ്മുടെ കർത്താവായ യേശു. ഇതുപോലെ ആഴമുള്ള കാര്യങ്ങൾ എളുപ്പത്തിൽ പഠിപ്പിക്കുന്ന ഗുരുനാഥൻ ഇന്ന് നമ്മോട് കൂടെയുണ്ട്. ഒരു പക്ഷേ വായനക്കാർ ചിന്തിക്കും "യേശു ഇന്ന് സ്വർഗ്ഗത്തിലല്ലേ ഉള്ളത്" ശരിയാണ്, പക്ഷേ എന്നേക്കും ഞാൻ നിങ്ങളോട് കൂടെയിരിക്കുമെന്ന് അരുളിച്ചെയ്ത യേശുനാഥൻ സ്വർഗ്ഗത്തിലാണെങ്കിലും തന്റെ ആത്മാവിനെ ഭൂമിയിലേക്ക് അയച്ച്, തന്റെ ആത്മാവിനാൽ ഇന്ന് നമ്മോട് കൂടെയുണ്ട്. യേശു ഇന്ന് തന്റെ ആത്മാവിലൂടെ, ആത്മാവിന്റെ അഭിഷേകത്താൽ നമ്മെ പഠിപ്പിക്കുന്നുണ്ട്. വചനം പറയുന്നു, 'പരിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മെ പഠിപ്പിക്കുന്നുവെന്ന്.'

**"അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു ആരും നിങ്ങളെ ഉപദേശിക്കാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നേ നിങ്ങൾക്ക് സകലവും ഉപദേശിച്ച് തരികയാലും അത് ഭോഷ്ക്കല്ല സത്യം തന്നേ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ."**

**(1 യോഹ. 2:27)**

പുതിയനിയമത്തിലെ പുസ്തകങ്ങൾ

1. മത്തായി
2. മർക്കോസ്
3.
4.
5.
6.
7.

27. വെളിപ്പാട്

} ഇടുക്കുവാതിലിലൂടെ ദൈവരാജ്യത്തിൽ കടപ്പിൻ. } **"മടക്കയാത്ര"**

ഇന്നും നമ്മെ അതിശയകരമായി പഠിപ്പിക്കുന്ന ക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തനത്തിനായി നമുക്കേൽപ്പിച്ച് കൊടുക്കാം....

എന്നേക്കും ഞാൻ നിങ്ങളോട് കൂടെയിരിക്കുമെന്ന് അരുളി ച്ചെയ്ത യേശുനാഥൻ സ്വർഗ്ഗത്തിലാണെങ്കിലും തന്റെ ആത്മാ വിനെ ഭൂമിയിലേക്ക് അയച്ച്, തന്റെ ആത്മാവിലൂടെ ഇന്ന് നമ്മോട് കൂടെയുണ്ട്.

**പുതിയനിയമത്തിന്റെ സന്ദേശമാണ് "മടക്കയാത്ര" അഥവാ യേശുവിനെ "അനുഗമിക്കുക" ഈ മടക്കയാത്ര വിഴുങ്ങി ക്കൊണ്ടുള്ള ക്രിസ്തീയ സമൂഹങ്ങളാണ് ഇന്ന് ലോകത്തില ധികവും കാണുന്നത്. എത്ര അപകടകരമായ അവസ്ഥ. "കൊതുകിനെ അരിച്ചെടുത്ത് ഒട്ടകത്തെ വിഴുങ്ങി എന്ന യേശുവിന്റെ വാക്ക്" നാം മറക്കരുതേ.**

**"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരി ച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു." (മത്താ. 23:24)**

**പ്രാർത്ഥന**



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, സമ്പൂർണ്ണ ബൈബിൾ ഒന്നേകാൽ വാക്യം കൊണ്ട് പഠിപ്പിച്ചതി നായി നന്ദി. ഇത് അത്ഭുതകരമായി പഠിപ്പിച്ച്, മടക്ക യാത്ര ചെയ്തു ദൈവരാജ്യം അവകാശമാക്കിത്തരു വാൻ അങ്ങയുടെ ആത്മാവ് ഞങ്ങളോട് കൂടെ ഉള്ളതി നായി നന്ദി. തുടർന്നും ഞങ്ങളെ പഠിപ്പിക്കണമേ, യേശുവിൻ നാമ ത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഈ ലോകം കണ്ട ഏറ്റവും വലിയ ടീച്ചറായ യേശു ബൈബിളിലെ സന്ദേശം ഒന്നേകാൽ വാക്യംകൊണ്ട് മനുഷ്യഹൃദയങ്ങൾക്ക് മനസ്സിലാക്കുവാൻ തക്കവണ്ണം ക്രോഡീകരിക്കുകയുണ്ടായി.
2. പഴയനിയമത്തിലെ 39 പുസ്തകങ്ങളിലൂടെ മനുഷ്യ വർഗ്ഗം പ്രാപിക്കേണ്ട സന്ദേശമാണ് "മനുഷ്യർ നമുക്ക് ചെയ്യുവാൻ നാം ഇച്ഛിക്കുന്നത് നാം മനുഷ്യർക്ക് ചെയ്യ ണമെന്നത്."
3. പുതിയനിയമത്തിലെ 27 പുസ്തകങ്ങളിലെയും സന്ദേശങ്ങളിലൂടെ മനുഷ്യർ പ്രാപിക്കേണ്ട ലക്ഷ്യമാണ് "ഇടുക്കുവാതിലൂടെ ദൈവരാജ്യത്തിൽ കടക്കുവിൻ എന്നുള്ളത്".
4. എന്നേക്കും ഞാൻ നിങ്ങളോട് കൂടെയിരിക്കുമെന്ന് അരുളിച്ചെയ്ത യേശുനാഥൻ സ്വർഗ്ഗത്തിലാണെങ്കിലും തന്റെ ആത്മാവിനെ ഭൂമിയിലേക്ക് അയച്ച്, ആ ആത്മാവിലൂടെ ഇന്നും നമ്മോട് കൂടെയുണ്ട്.



അദ്ധ്യായം 14

# കാലത്തെ വിവേചിക്കാത്തവർ കാപട്യർ

"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നു മുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു." (ലൂക്കൊ. 16:16)

***ഒരിക്കൽ*** കർത്താവായ യേശു യെഹൂദന്മാരെ നോക്കി ഇങ്ങനെ ശാസിച്ചു, **"കാലത്തെ വിവേചിക്കാൻ കഴിയാത്തവർ കാപട്യരാണെന്ന്."**

**"കപടഭക്തിക്കാരേ, ഭൂമിയുടേയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കു അറിയാം; എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തതു എങ്ങനെ? ന്യായമായത് എന്തെന്ന് നിങ്ങൾ സ്വയമായി വിധിക്കാത്തതും എന്ത്?"**

**(ലൂക്കൊ. 12:56–57)**

സമയത്തെ വിവേചിക്കാൻ (Discern the time) അറിയാത്തവർക്ക് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയാതെ പല ആത്മീക ദുരുപദേശങ്ങളിലേക്കും വീണ് പോകുന്നത് കൊണ്ടായിരിക്കാം അവരെ കാപട്യർ എന്ന് യേശു വിളിച്ചത്. കർത്താവ് അവരോട് ചോദിക്കുന്ന ചോദ്യമാണ് "എങ്ങനെ നിങ്ങൾക്ക് സമയത്തെ വിവേചിക്കാൻ കഴിയുന്നില്ല?" (how is it that ye do not discern this time? [KJV])

> യേശു 2000 വർഷങ്ങൾക്ക് മുമ്പ് വന്നപ്പോൾ സമയത്തിന് (കാലത്തിന്) ഒരു മാറ്റം ഉണ്ടായി, ആ മാറ്റത്തിന് അനുസരിച്ച് സകല ആത്മീക ശുശ്രൂഷകളും മാറണം.

## ഈ സമയത്തെ വിവേചിക്കുക (Discern this time)

ഒരു ദിവസത്തിൽ രാവിലെ, ഉച്ച, വൈകുന്നേരം, രാത്രി എന്നീ സമയങ്ങൾ ഉള്ളതുപോലെ ആത്മലോകത്തിലെ പിതാവിന്റെ പദ്ധതികളിലും സമയങ്ങൾ ഉണ്ട്. ആത്മീകരെന്ന് അഭിമാനിക്കുന്ന നാം ഈ സമയഭേദങ്ങളെ തിരിച്ചറിഞ്ഞില്ലായെങ്കിൽ പല അപകടങ്ങളിലും ചെന്ന് ചാടുവാൻ ഇടയാകും.

യേശു 2000 വർഷങ്ങൾക്ക് മുമ്പ് വന്നപ്പോൾ സമയത്തിന് (കാല

ത്തിന്) ഒരു മാറ്റം ഉണ്ടായി, ആ മാറ്റത്തിന് അനുസരിച്ച് സകല ആത്മീകശുശ്രൂഷകളും മാറണം. രാവിലത്തെ ചായയും പലഹാരവുമല്ല ഉച്ചക്ക് വിളമ്പുന്നത്, സമയം മാറുംതോറും കൊടുക്കുന്ന, കഴിക്കുന്ന ഭൗതിക ഭക്ഷണത്തിനും വ്യത്യാസമുള്ളത് പോലെ, ആത്മമണ്ഡലത്തിലും സമയമാറ്റത്തിനനുസരിച്ച് ശുശ്രൂഷകൾക്കും, ആത്മീക ഭക്ഷണത്തിനും വ്യത്യാസമുണ്ട്. ഇത് മനസ്സിലാക്കാതെ പ്രവർത്തിക്കുന്ന ജനത്തെയാണ് യേശു കാപട്യരെന്ന് വിളിക്കുന്നത്. ഏദെനിലെ ജീവിതത്തിൽ ആദാമിനോട് പറഞ്ഞതല്ല, വീണ് പോയതിന് ശേഷം ന്യായപ്രമാണത്തിൽ (പഴയനിയമത്തിൽ) ഉള്ളവരോട് പറഞ്ഞത്. പഴയനിയമത്തിൽ ഉള്ളവരോട് പറഞ്ഞതല്ല, പുതിയനിയമത്തിൽ ഉള്ളവരോട് പറയുന്നത്. ഈ സമയഭേദങ്ങളെ നാം വിവേചിക്കാതിരുന്നാൽ നാം നമ്മുടെ അജ്ഞതയിൽ പല ദുരുപദേശങ്ങളുടെയും കുരുക്കിൽ പെട്ട് തെറ്റിപ്പോകുവാൻ ഇടയാകും.

സമയഭേദങ്ങളെ നാം വിവേചിക്കാതിരുന്നാൽ നാം നമ്മുടെ അജ്ഞതയിൽ പല ദുരുപദേശങ്ങളുടെയും കുരുക്കിൽ പെട്ട് തെറ്റിപ്പോകുവാൻ ഇടയാകും.

*ഒരു ദിവസത്തിൽ രാവിലെ, ഉച്ച, വൈകുന്നേരം, രാത്രി എന്നീ സമയങ്ങൾ ഉള്ളതുപോലെ ആത്മലോകത്തിലെ പിതാവിന്റെ പദ്ധതികളിലും സമയങ്ങൾ ഉണ്ട്.*

## മൂന്ന് ആത്മീക പശ്ചാത്തലങ്ങൾ

**1. യേശുവിന് മുമ്പുള്ള സമയത്തെ ആത്മീയ പശ്ചാത്തലം (പഴയനിയമ കാലഘട്ടം)**

**2. യേശുവിന്റെ കാലത്തുള്ള ആത്മീയ പശ്ചാത്തലം (മാറ്റത്തിന്റെ കാലഘട്ടം)**

**3. യേശുവിന് ശേഷമുള്ള ആത്മീയ പശ്ചാത്തലം (പുതിയനിയമകാലഘട്ടം)**

### 1. യേശുവിന് മുമ്പുള്ള സമയത്തെ ആത്മീയ പശ്ചാത്തലം (പഴയനിയമ കാലഘട്ടം)

യേശു വന്നപ്പോൾ എന്ത് സമയമാറ്റമാണ് നടന്നതെന്ന് മനസ്സിലാക്കുവാൻ വീണ്ടും ധൂർത്തപുത്രന്റെ കഥയിലേക്ക് നമുക്ക് തിരിച്ച് പോകാം. ധൂർത്തപുത്രന്റെ കഥയിലെ രണ്ട് പ്രധാനഭാഗങ്ങൾ ആണ്, ഒന്ന് 'യാത്ര', മറ്റൊന്ന് 'മടക്കയാത്ര'. ധൂർത്തപുത്രന്റെ യാത്ര അവസാ

നിപ്പിച്ച് മടക്കയാത്ര തുടങ്ങുന്ന ഒരു സമയം ധൂർത്തപുത്രന്റെ ഉപമയിൽ നമുക്ക് കാണാം. ഈ സമയമാണ് യേശു 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ വന്ന സമയം. യാത്രയെ മടക്കയാത്രയാക്കി മാറ്റിയത് യേശുവാണ്. ധൂർത്തപുത്രൻ ആദാമാണ്, മറ്റൊരു രീതിയിൽ പറഞ്ഞാൽ ആദാമിനുള്ളിലുള്ള തലമുറകൾ മുഴുവനുമാണ്. യാത്ര പിതാവിന്റെ ഭവനത്തിൽ നിന്ന് ലോകത്തിലേക്കാണ്. ***അനുസരണക്കേടിലൂടെ ആദാമിനെ പിതാവിന്റെ ഭവനത്തിൽ നിന്ന് മരണത്തിന്റെ ചങ്ങലയിട്ട് ഇറക്കിക്കൊണ്ട് പോയ അദൃശ്യശക്തി പിശാചാണ്.*** യേശു 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ വരുമ്പോൾ ഈ ആദാമിനെ (മനുഷ്യവർഗ്ഗം) മരണത്തിന്റെ ചങ്ങലയിട്ട് പിശാച് ലോകത്തിലൂടെ തീപ്പൊയ്കയെന്ന രണ്ടാം മരണത്തിലേക്ക് കൊണ്ട് നയിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് പഴയനിയമത്തിലെ ആത്മീയ സാഹചര്യം. (ചിത്രം-24, അദ്ധ്യായം 12).

## 2. യേശുവിന്റെ സമയത്തെ ആത്മീയ പശ്ചാത്തലം (മാറ്റത്തിന്റെ കാലഘട്ടം)

രണ്ടാം മരണത്തിലേക്ക് കുതിക്കുന്ന തന്റെ മകനായ ആദാമിന് (മനുഷ്യവർഗ്ഗത്തിന്) ഒരു സ്റ്റോപ്പിട്ട് അവരെ പിശാചിന്റെ കയ്യിൽ നിന്നും വിടുവിച്ച് തിരികെ പിതാവിന്റെ ഭവനത്തിലെത്തിക്കാനുള്ള പദ്ധതിയാണ് 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ ചെയ്യേണ്ടിയിരുന്നത്, ഇതാണ് യേശു കാൽവരി ക്രൂശിൽ ചെയ്തത്, ഇതാണ് യേശുവിന്റെ സമയത്തെ ആത്മീയ പശ്ചാത്തലം.

> ***യേശു 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ വരുമ്പോൾ ഈ ആദാമിനെ (മനുഷ്യവർഗ്ഗം) മരണത്തിന്റെ ചങ്ങലയിട്ട് പിശാച് ലോകത്തിലൂടെ തീപ്പൊയ്കയെന്ന രണ്ടാം മരണത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് പഴയനിയമത്തിലെ ആത്മീകസാഹചര്യം.***

## 3. യേശുവിന് ശേഷമുള്ള (പുതിയനിയമത്തിലെ) ആത്മീയ പശ്ചാത്തലം

ആത്മീകമായി മരിച്ച്, സുബോധമില്ലാതെ, പിതാവിനെക്കുറിച്ചോ, പിതാവിന്റെ ഭവനമായ ദൈവരാജ്യത്തെക്കുറിച്ചോ, ചിന്തിക്കാൻ പോലും കഴിയാത്ത ആദാമിന്റെ തലമുറകളെ ദൈവരാജ്യത്തിലേക്ക് തിരിച്ച് വിളിക്കുവാനാണ് യേശു വന്നിരിക്കുന്നതെന്നും, പാപം

നിമിത്തം ജനങ്ങളെ മരണശിക്ഷ നടപ്പിലാക്കാൻ പിശാച് പിടിച്ചിരിക്കുകയാണെന്നും, ലോകത്തിലെ സമയത്തിൽ ഇപ്പോൾ ജനങ്ങളെ ബന്ധിച്ചിരിക്കുന്നത് പിശാചാണെന്നും, ജനങ്ങളുടെ പാപത്തിന് വേണ്ടി യേശു കാൽവറി ക്രൂശിൽ മരിച്ച് പ്രായശ്ചിത്തം ചെയ്തിട്ടുണ്ടെന്നും അറിയിച്ച് തുടർന്ന് ഈ സന്ദേശത്തിൽ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുന്നവരെ പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ പിതാവിന്റെ ഭവനത്തിലേക്ക് മടക്കയാത്ര ചെയ്യിക്കുകയുമാണ് പുതിയനിയമത്തിലെ ആത്മീയ പശ്ചാത്തലം. (ചിത്രം-15, അദ്ധ്യായം-10)

## യാത്രയിൽ (പഴയനിയമത്തിൽ) ദൈവം ജനങ്ങളോട് ഇടപെടുന്ന രീതി:

പഴയനിയമത്തിലെ ആത്മീയ പശ്ചാത്തലവും പുതിയനിയമത്തിലെ ആത്മീയ പശ്ചാത്തലവും രണ്ടായതുകൊണ്ട്, ഈ രണ്ട് സമയത്തിന്റെ തലങ്ങളിലുള്ള ജനങ്ങളോട് ദൈവം ഇടപെടുന്നത് വ്യത്യസ്തമായിട്ടാണ്.

'യാത്ര' പഴയനിയമവും, 'മടക്കയാത്ര' പുതിയനിയമവുമാണല്ലോ. യാത്രയിൽ ദൈവത്തിന്റെ മകനായ ആദാമിനെ (മനുഷ്യവർഗ്ഗത്തെ) പാപം നിമിത്തം പിശാച് മരണത്തിന്റെ ചങ്ങലയാൽ ബന്ധിച്ച് ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് കൊണ്ടുപോകുകയാണ്. ആത്മാവിന്റെ മരണം ഏദെൻ തോട്ടത്തിൽ വച്ച് നടന്നു. ശാരീരിക മരണം ഭൂമിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തുടർന്ന് ദേഹി പാതാളത്തിലേക്ക് തള്ളപ്പെടുകയും അവസാനം 'രണ്ടാം മരണം' വെള്ളസിംഹാസനന്യായവിധിയിൽ നടക്കുകയും ചെയ്യും. പാപം നിമിത്തം തങ്ങൾക്കുണ്ടായ ഈ ദാരുണമായ അവസ്ഥ മനസ്സിലാക്കാതെയാണ് ആദാമിന്റെ തലമുറ ഇന്ന് ലോകത്തിൽ ജീവിക്കുന്നത്. ഇവരെ തീപ്പൊയ്കയിൽ നിന്ന് രക്ഷിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നുണ്ട്, പക്ഷേ പഴയനിയമകാലത്ത് ശിക്ഷയുടെ കാലം തികഞ്ഞിട്ടില്ല. അതിനാൽ ***മരണത്തിന്റെ ചങ്ങലയാൽ പിശാചിന്റെ പിടിയിൽ കിടക്കുന്ന തന്റെ ജനത്തോടാണ് ദൈവം പഴയനിയമകാലത്ത് (യാത്രയിൽ) ഇടപെട്ടത്.*** ശത്രുവിന്റെ കീഴിൽ കിടക്കുന്ന തന്റെ നഷ്ടപ്പെട്ട മക്കളെ ലോകത്തിൽ താല്ക്കാലികമായി യഥാസ്ഥാനപ്പെടുത്തുകയായിരുന്നു അഥവാ അനുഗ്രഹിക്കുകയായിരുന്നു ദൈവം 'യാത്രയിൽ' ചെയ്തിരുന്നത്. ലോകത്തിൽ മാത്രം നിൽക്കുന്ന താല്ക്കാലിക അനുഗ്രഹങ്ങൾ മാത്രമേ തന്നെ അനുസരിക്കുന്നവർക്ക് ദൈവം വാഗ്ദത്തം

ചെയ്തിരുന്നുള്ളൂ. ആവർത്തന പുസ്തകം 28-ാം അദ്ധ്യായം വായിക്കുമ്പോൾ നമുക്കിത് മനസ്സിലാക്കാവുന്നതാണ്.

**"നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട്, ഞാൻ ഇന്ന് നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ച് നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സകല ജാതികൾക്കും മീതെ ഉന്നതമാക്കും. നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്ക് സിദ്ധിക്കും: പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും; വയലിൽ നീ അനുഗ്രഹിക്കപ്പെടും. നിന്റെ ഗർഭഫലവും കൃഷിഫലവും മൃഗങ്ങളുടെ ഫലവും നിന്റെ കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും. നിന്റെ കൊട്ടയും മാവ് കുഴക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും. അകത്ത് വരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. പുറത്ത് പോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോല്ക്കുമാറാക്കും; അവർ ഒരു വഴിയായി നിന്റെ നേരെ വരും; ഏഴുവഴിയായി നിന്റെ മുമ്പിൽ നിന്ന് ഓടിപ്പോകും. യഹോവ നിന്റെ കളപ്പുരകളിലും നീ തൊടുന്ന എല്ലാറ്റിലും നിനക്ക് അനുഗ്രഹം കല്പിക്കും; നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് അവൻ നിന്നെ അനുഗ്രഹിക്കും. നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ പ്രമാണിച്ചു അവന്റെ വഴികളിൽ നടന്നാൽ യഹോവ നിന്നോട് സത്യം ചെയ്തതുപോലെ നിന്നെ തനിക്ക് വിശുദ്ധജനമാക്കും. യഹോവയുടെ നാമം നിന്റെ മേൽ വിളിച്ചിരിക്കുന്നു എന്ന് ഭൂമിയിലുള്ള സകല ജാതികളും കണ്ട് നിന്നെ ഭയപ്പെടും. നിനക്ക് തരുമെന്ന് യഹോവ നിന്റെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്ത് യഹോവ നിന്റെ നന്മക്കായി ഗർഭഫലത്തിലും കന്നുകാലികളുടെ ഫലത്തിലും നിന്റെ നിലത്തിലെ ഫലത്തിലും നിനക്ക് സമൃദ്ധി നല്കും. തക്ക സമയത്ത് നിന്റെ ദേശത്തിന് മഴ തരുവാനും നിന്റെ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ നിനക്ക് തന്റെ നല്ല**

> ***പഴയനിയമത്തിലെ ആത്മീയ പശ്ചാത്തലവും പുതിയനിയമത്തിലെ ആത്മീയ പശ്ചാത്തലവും രണ്ടായതുകൊണ്ട്, ഈ രണ്ട് സമയത്തിന്റെ തലങ്ങളിലുള്ള ജനങ്ങളോട് ദൈവം ഇടപെടുന്നത് വ്യത്യസ്തമായിട്ടാണ്.***

**ഭണ്ഡാരമായ ആകാശം തുറക്കും; നീ അനേകം ജാതികൾക്ക് വായ്പ്പകൊടുക്കും; എന്നാൽ നീ വായ്പ്പ വാങ്ങുകയില്ല. ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന നിന്റെ ദൈവമായ യഹോവ യുടെ കല്പനകൾ കേട്ട് പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല, തല ആക്കും; നീ ഉയർച്ച തന്നേ പ്രാപിക്കും; താഴ്ച പ്രാപിക്കയില്ല.'' (ആവർത്ത. 28:1-13)**

മറ്റൊരു രീതിയിൽ പറഞ്ഞാൽ ***യാത്രയിൽ ദൈവം ജനത്തെ ലോകത്തിൽ താല്ക്കാലികമായി യഥാസ്ഥാനപ്പെടുത്തുകയായിരുന്നു. എന്നാൽ ക്രിസ്തുവിനെ തൊടുമ്പോൾ മാത്രമേ അനുഗ്രഹം നിത്യമായി തീരുകയുള്ളൂ.***

## മടക്കയാത്രയിൽ (പുതിയനിയമത്തിൽ) ദൈവം ജനങ്ങളോട് ഇടപെടുന്ന രീതി:

യാത്രയിൽ ദൈവം ജനങ്ങളോട് ഇടപെടുന്ന രീതിയിലല്ല മടക്കയാത്രയിൽ ദൈവം ജനങ്ങളോട് ഇടപെടുന്നത്; തികച്ചും വ്യത്യസ്തമാണ്. കാരണം മടക്കയാത്രയിൽ ശിക്ഷയുടെ കാലാവധി കഴിഞ്ഞ്, ജനത്തെ ക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ മരണത്തിലൂടെ വിടുവിച്ച് ശത്രുവിന്റെ കീഴിലുള്ള ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്ക് കൊണ്ടുവരികയാണ്. 'യാത്രയിൽ' ദൈവം തന്റെ ജനത്തെ ലോകത്തിൽ ജീവിക്കാൻ വേണ്ടിയാണ് ഒരുക്കിയതെങ്കിൽ 'മടക്കയാത്രയിൽ' ദൈവം തന്റെ ജനത്തെ ഒരുക്കുന്നത് സ്വർഗ്ഗത്തിൽ ജീവിക്കാൻ വേണ്ടിയാണ്.

> യാത്രയിൽ ദൈവം തന്റെ ജനത്തെ ലോകത്തിൽ ജീവിക്കാൻ വേണ്ടിയാണ് ഒരുക്കുന്നതെങ്കിൽ മടക്കയാത്രയിൽ ദൈവം തന്റെ ജനത്തെ ഒരുക്കുന്നത് സ്വർഗ്ഗത്തിൽ ജീവിക്കാൻ വേണ്ടിയാണ്.

> യാത്രയിൽ ദൈവം തന്റെ ജനത്തെ ഭൗതികലോകത്ത് താല്ക്കാലികമായി ജീവിക്കാൻ ഒരുക്കുമ്പോൾ മടക്കയാത്രയിൽ ദൈവം തന്റെ ജനത്തെ ദൈവരാജ്യത്തിൽ നിത്യമായി ജീവിക്കാൻ ഒരുക്കുന്നു.

യാത്രയിൽ ദൈവം ശത്രുവിന്റെ തടവിൽ കിടക്കുന്ന സുബോധമില്ലാത്ത തന്റെ ജനത്തോട് ഇടപെടുന്നു. മടക്കയാത്രയിൽ ദൈവം തന്റെ ജനത്തിന് സുബോധം കൊടുത്ത് ദൈവരാജ്യത്തിൽ ജീവിക്കുവാൻ ഒരുക്കുന്നു.

യാത്രയ്ക്കുള്ള ദിശയുടെ നേരെ വിപരീതമാണ് മടക്കയാത്രയുടെ

യാത്രയ്ക്കുള്ള ദിശയുടെ നേരെ വിപരീതമാണ് മടക്കയാത്രയുടെ ദിശ. അതുകൊണ്ടാണ് യാത്രയെയും മടക്കയാത്രയെയും തമ്മിൽ കൂട്ടിക്കലർത്താതെ വേർപിരിക്കുവാനായി കർത്താവ് പറഞ്ഞിട്ടുള്ളത്. കൂട്ടിക്കലർത്തുന്ന വ്യക്തികൾ 'സമയത്തെ വിവേചിക്കാൻ' അറിയാത്തവരാണ്.

ദിശ. അതുകൊണ്ടാണ് യാത്രയെയും മടക്കയാത്രയെയും തമ്മിൽ കൂട്ടിക്കലർത്താതെ വേർപിരിക്കുവാനായി കർത്താവ് പറഞ്ഞിട്ടുള്ളത്. കൂട്ടികലർത്തുന്ന വ്യക്തികൾക്ക് 'സമയത്തെ വിവേചിക്കാൻ' കഴിയുകയില്ല. അവർ യാത്രയെയും മടക്കയാത്രയെയും തമ്മിൽ കൂട്ടിക്കലർത്തുന്നത് കൊണ്ട്, മറ്റൊരു രീതിയിൽ പറഞ്ഞാൽ യാത്രയുടെ വചനത്തെയും മടക്കയാത്രയുടെ വചനത്തെയും കൂട്ടിക്കലർത്തുന്നതു കൊണ്ട് എങ്ങുമെങ്ങും എത്താതെയും, എന്താണ് നടക്കുന്നതെന്ന് അറിയാതെയും നിൽക്കുന്നവരായിരിക്കും. കാരണം യാത്രയുടെ വചനങ്ങൾ ദൈവം ജനത്തെ ലോകത്തിൽ ഒരുക്കുവാൻ വേണ്ടി ഉപയോഗിക്കുന്നതാണ്, എന്നാൽ മടക്കയാത്രയുടെ വചനങ്ങൾ ദൈവം ജനത്തെ സ്വർഗ്ഗരാജ്യത്തിൽ ഒരുക്കുവാൻ വേണ്ടി ഉപയോഗിക്കുകയാണ്. ഇത് കൊണ്ടാണ് കർത്താവ് പറഞ്ഞത്, ഇത് രണ്ടും തമ്മിൽ കൂട്ടിച്ചേർക്കരുത്. കാരണം രണ്ടിന്റെയും ദിശ വിപരീതമാണ്.

ദൈവരാജ്യത്തിന്റെ വചനം മാനസാന്തരപ്പെടാത്ത (പഴയ തുരുത്തി) മനസ്സുകളിലല്ല നിറക്കേണ്ടത് മാനസാന്തരപ്പെട്ട (പുതിയ തുരുത്തി) മനസ്സുകളിലാണ് നിറക്കേണ്ടത്.

**"ആരും പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്ന് വയ്ക്കുമാറില്ല; വെച്ചാൽ പുതുവീഞ്ഞ് തുരുത്തിയെ പൊളിക്കും; വീഞ്ഞ് ഒഴുകിപ്പോകും; തുരുത്തി നശിച്ചുപോകും; പുതിയ വീഞ്ഞ് പുതിയ തുരുത്തിയിലത്രേ പകർന്ന് വെക്കേണ്ടത്." (മർക്കൊ. 2:22)**

പഴയ തുരുത്തി = പഴയ നിയമത്തിന്റെ മനസ്സ് (ലോകത്തിലേക്കുള്ള മനസ്സ്)

പുതിയ തുരുത്തി = മാനസാന്തരപ്പെട്ട മനസ്സ് (സ്വർഗ്ഗത്തിലേക്കുള്ള മനസ്സ്)

പുതിയ വീഞ്ഞ് = ക്രിസ്തു തരുന്ന ദൈവരാജ്യത്തിന്റെ വചനം.

പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നാലുള്ള അപകടം, തുരുത്തി പൊളിഞ്ഞ് പോകും അഥവാ ആ വ്യക്തി നഷ്ടപ്പെട്ട്

പോകും, വീഞ്ഞും ഒഴുകിപ്പോകും, അതായത് കേട്ട വചനം പ്രയോജനമില്ലാത്തതായിത്തീരും. പുതിയ വീഞ്ഞ് പുതിയ തുരുത്തിയിലാണ് പകരേണ്ടത്. അതുകൊണ്ട് ദൈവരാജ്യത്തിന്റെ വചനം മാനസാന്തരപ്പെടാത്ത (പഴയ തുരുത്തി) മനസ്സുകളിലല്ല നിറക്കേണ്ടത്, മാനസാന്തരപ്പെട്ട (പുതിയ തുരുത്തി) മനസ്സുകളിലാണ് നിറക്കേണ്ടത്.

**"പഴയ വസ്ത്രത്തിൽ കോടിത്തുണിക്കണ്ടം ആരും ചേർത്ത് തുന്നുമാറില്ല; തുന്നിയാൽ ചേർത്ത പുതുക്കണ്ടം പഴയതിൽ നിന്ന് വലിഞ്ഞിട്ട് ചീന്തൽ ഏറ്റവും വല്ലാതെ ആകും."**
**(മർക്കൊ. 2:21)**

**പഴയ വസ്ത്രം:**

പഴയനിയമത്തിന്റെ മനസ്സ് (ലോകത്തിലേക്കുള്ള മനസ്സ്)

**കോടിത്തുണിക്കണ്ടം:**

ദൈവരാജ്യത്തിന്റെ വചനം ലോകത്തിലേക്കുള്ള മനസ്സിൽ കൊണ്ടു നിറച്ചിട്ട് കാര്യമില്ലെന്നാണ് യേശു പറയുന്നത്. ഉദാഹരണമായി, പഴയനിയമത്തിലെ (യാത്രയിലെ) വചനമനുസരിച്ച് ലോകത്തിൽ വലിയവനാകാൻ ആഗ്രഹിച്ച് നിൽക്കുന്ന ഒരുവനോട്, സ്വർഗ്ഗത്തിൽ വലിയവനാകാൻ ദൈവം ഒരുക്കിയിരിക്കുന്ന മടക്കയാത്രയുടെ വചനം പറഞ്ഞാൽ ആ വ്യക്തിക്ക് അത് ഉൾക്കൊള്ളുവാൻ കഴിയുകയില്ല. പഴയനിയമത്തിൽ പറയുന്നു:

**"വയലിൽ നീ അനുഗ്രഹിക്കപ്പെടും; നിന്റെ ഗർഭഫലവും കൃഷിഫലവും നിന്റെ മൃഗങ്ങളുടെ ഫലവും നിന്റെ കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും. നിന്റെ കൊട്ടയും മാവുകുഴെക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും. അകത്തുവരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. പുറത്തുപോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും." (ആവ. 28:3-6)**

**"നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക." (മത്താ. 5:40)**

പഴയനിയമ വാഗ്ദത്തമനുസരിച്ച് ഈ ലോകത്തിൽ അനുഗ്രഹിക്കപ്പെട്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ലോകമനുഷ്യന് യേശു പറഞ്ഞ ഈ വചനം ഉൾക്കൊള്ളുവാൻ കഴിയുകയില്ല.

കാരണം പഴയനിയമത്തിൽ ദൈവം 'ജനത്തെ' ലോകത്തിലാണ് ഒരുക്കുന്നത്, ആ മനസ്സുള്ള വ്യക്തി ഈ വചനത്തെ എങ്ങനെയാണ്

ഉൾക്കൊള്ളുക?

**പഴയനിയമം (യാത്ര)**

**"കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്ന് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." (മത്താ. 5:38)**

**"കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." (മത്താ. 5:43)**

**"വ്യഭിചാരം ചെയ്യരുതു എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." (മത്താ. 5:27)**

**പുതിയനിയമം (മടക്കയാത്ര)**

**"ഞാനോ നിങ്ങളോട് പറയുന്നത്: ദുഷ്ടനോട് എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന് മറ്റേതും തിരിച്ച് കാണിക്ക." (മത്താ. 5:39)**

ഇന്ന് നാം യാത്രയിലല്ല, മടക്കയാത്രയിലാണെന്നുള്ള ബോധ്യം ആദ്യം നമുക്കോരോരുത്തർക്കും ഉണ്ടാകണം.

**"ഞാനോ നിങ്ങളോട് പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി." (മത്താ. 5:28)**

മാനസാന്തരപ്പെടാത്തവർക്ക് സ്വർഗ്ഗരാജ്യത്തിന്റെ (മടക്കയാത്രയുടെ) വചനം ഉൾക്കൊള്ളാൻ കഴിയുകയില്ല. ആദ്യം ആ വ്യക്തിക്ക് ആവശ്യം മാനസാന്തരമാണ്. തുടർന്നാണ് ദൈവരാജ്യത്തിന്റെ വചനം ഹൃദയത്തിൽ നിറക്കേണ്ടത്. ആയതിനാൽ ദൈവീക പദ്ധതികൾ (Father's Business) മനസ്സിലാക്കി യാത്രയുടെ സമയത്തെയും, മടക്കയാത്രയുടെ സമയത്തെയും വിവേചിക്കേണ്ടത് ആവശ്യമാണ്.

ഇന്ന് നാം യാത്രയിലല്ല, മടക്കയാത്രയിലാണെന്നുള്ള ബോധ്യം ആദ്യം നമുക്കോരോരുത്തർക്കും ഉണ്ടാകണം. ദൈവം നമ്മെ ദൈവരാജ്യത്തിൽ നിത്യമായി വസിക്കുവാൻ ദൈവരാജ്യത്തിന്റെ വചനം കൊണ്ട് ഒരുക്കുകയാണ്. നമ്മുടെ സിലബസ്സ് പുതിയ നിയമമാണ് (മടക്കയാത്രയാണ്), പഴയനിയമമല്ല (യാത്രയല്ല). അതിനാൽ നമുക്കൊരുമിച്ച് പിതാവിന്റെ ഭവനമായ സ്വർഗ്ഗരാജ്യത്തിലേക്ക് പരിശുദ്ധാത്മാവിനോട് ചേർന്ന് മടക്കയാത്രയാകാം. പഴയനിയമത്തെ തള്ളിക്ക

ളയാതെ, യേശു ചെയ്തതുപോലെ പഴയനിയമം കൊണ്ട് നമുക്ക് പുതിയനിയമത്തെ ഉറപ്പിക്കാം (ലൂക്കൊ. 24:25-27). പക്ഷേ നമ്മുടെ സിലബസ്സ് പുതിയനിയമമാണ്, അഥവാ മടക്കയാത്രയാണ്. നിങ്ങൾ ഇപ്പോൾ സമയത്തെ വിവേചിക്കാൻ പഠിച്ചുവല്ലോ?

*പ്രാർത്ഥന*



സ്വർഗ്ഗീയപിതാവേ, സമയത്തെ വിവേചിക്കാൻ പഠിപ്പിച്ചതിനായി നന്ദി, ഇനിയും യാത്രയുടെ വചനവും, മടക്കയാത്രയുടെ വചനവും കൂട്ടിക്കലർത്താതെ മടക്കയാത്ര ചെയ്ത് സ്വർഗ്ഗീയഭവനത്തിലെത്താൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. **ഒരു ദിവസത്തിൽ രാവിലെ, ഉച്ച, വൈകുന്നേരം, രാത്രി എന്നീ സമയങ്ങൾ ഉള്ളതുപോലെ ആത്മലോകത്തിലെ പിതാവിന്റെ പദ്ധതികളിലും സമയങ്ങൾ ഉണ്ട്.**
2. **യേശു 2000 വർഷങ്ങൾക്ക് മുമ്പ് വന്നപ്പോൾ സമയത്തിന് (കാലത്തിന്) ഒരു മാറ്റം ഉണ്ടായി, ആ മാറ്റത്തിന് അനുസരിച്ച് സകല ആത്മീക ശുശ്രൂഷകളും മാറണം.**
3. **സമയഭേദങ്ങളെ നാം വിവേചിക്കാതിരുന്നാൽ നാം നമ്മുടെ അജ്ഞതയിൽ പല ദുരുപദേശങ്ങളുടെയും കുരുക്കിൽ പെട്ട് തെറ്റിപ്പോകുവാൻ ഇടയാകും.**
4. **അനുസരണക്കേടിലൂടെ ആദാമിനെ പിതാവിന്റെ ഭവനത്തിൽ നിന്ന് മരണത്തിന്റെ ചങ്ങലയിട്ട് ഇറക്കിക്കൊണ്ട് പോകുന്ന അദൃശ്യശക്തി പിശാചാണ്.**
5. **യേശു 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ വരുമ്പോൾ ആദാമിന്റെ തലമുറകളായ മനുഷ്യവർഗ്ഗത്തെ മരണത്തിന്റെ ചങ്ങലയിട്ട് പിശാച് ലോകത്തിലൂടെ തീപ്പൊയ്കയെന്ന രണ്ടാം മരണത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുകയാണ്. ഇതാണ് പഴയനിയമത്തിലെ ആത്മീയ സാഹചര്യം.**

6. പഴയനിയമത്തിലെ ആത്മീയ പശ്ചാത്തലവും പുതിയനിയമത്തിലെ ആത്മീയ പശ്ചാത്തലവും രണ്ടായതുകൊണ്ട്, ഈ രണ്ട് സമയത്തിന്റെ തലങ്ങളിലുള്ള ജനങ്ങളോട് ദൈവം ഇടപെടുന്നത് വ്യത്യസ്തമായിട്ടാണ്.

7. യാത്രയിൽ ദൈവം ജനത്തെ ലോകത്തിൽ താല്ക്കാലികമായി യഥാസ്ഥാനപ്പെടുത്തുകയായിരുന്നു. എന്നാൽ ക്രിസ്തുവിനെ തൊടുമ്പോൾ മാത്രമേ അനുഗ്രഹങ്ങൾ നിത്യമായി തീരുകയുള്ളൂ.

8. 'യാത്രയിൽ' ദൈവം തന്റെ ജനത്തെ ലോകത്തിൽ ജീവിക്കാൻ വേണ്ടിയാണ് ഒരുക്കിയതെങ്കിൽ, 'മടക്കയാത്രയിൽ' ദൈവം തന്റെ ജനത്തെ ഒരുക്കുന്നത് ദൈവരാജ്യത്തിൽ നിത്യമായി ജീവിക്കാൻ വേണ്ടിയാണ്.

9. യാത്രയ്ക്കുള്ള ദിശയുടെ നേരെ വിപരീതമാണ് മടക്കയാത്രയുടെ ദിശ. അതുകൊണ്ടാണ് 'യാത്രയെയും മടക്കയാത്രയെയും' തമ്മിൽ കൂട്ടിക്കലർത്താതെ വേർപിരിക്കുവാനായി കർത്താവ് പറഞ്ഞിട്ടുള്ളത്. കൂട്ടിക്കലർത്തുന്ന വ്യക്തികൾക്ക് 'സമയത്തെ വിവേചിക്കാൻ' കഴിയുകയില്ല.

10. ദൈവരാജ്യത്തിന്റെ വചനം മാനസാന്തരപ്പെടാത്ത (പഴയ തുരുത്തി) മനസ്സുകളിലല്ല നിറക്കേണ്ടത്, മാനസാന്തരപ്പെട്ട (പുതിയ തുരുത്തി) മനസ്സുകളിലാണ് നിറക്കേണ്ടത്.

11. ഇന്ന് നാം യാത്രയിലല്ല, മടക്കയാത്രയിലാണെന്നുള്ള ബോധ്യം നമുക്കോരോരുത്തർക്കും ആദ്യം ഉണ്ടാകണം.



## അദ്ധ്യായം 15

# ചിന്താക്കുഴപ്പങ്ങളെ മാറ്റുവാനുള്ള സഹായി..........!

"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നു മുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു." (ലൂക്കൊ. 16:16)

***ക്രിസ്തീയ*** സമൂഹങ്ങൾ മിക്കതും ചെറിയ ചെറിയ ഉപദേശ വ്യത്യാസങ്ങളിൽ പരസ്പരം ഭിന്നിച്ചിരിക്കുന്ന ഒരു കാഴ്ചയാണ് ലോകത്തിൽ കണ്ടുവരുന്നത്. ഇത് സഭയുടെ ഐക്യതയെയും, ശക്തിയെയും തകർക്കുവാനുള്ള പിശാചിന്റെ തന്ത്രമാണ്. പ്രിയരേ, നാമെല്ലാവരും ജഡത്തിന്റെയും, അറിവില്ലായ്മയുടെയും ബന്ധനത്തിലാണ്. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്,

**"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും." (യോഹ. 8:32)**

അറിവില്ലായ്മയുടെയും, തെറ്റായ ധാരണകളുടെയും ബന്ധനത്തിലാണ് നാമെങ്കിലും മിക്കവാറും എല്ലാ ക്രിസ്തീയ സമൂഹങ്ങളും വിശ്വസിക്കുന്നത് യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലാണ്. ഈ പൊതുവായ വിശ്വാസത്തിന്റെ (Common faith) അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ചെറിയ ചെറിയ തെറ്റിദ്ധാരണകളുടെയും ഉപദേശങ്ങളുടെയും ചിന്താക്കുഴപ്പങ്ങൾ മാറ്റിത്തരണമെന്ന് സർവ്വശക്തനായ, അല്ലെങ്കിൽ സർവ്വജ്ഞാനിയായ നമ്മുടെ പിതാവിനോട് പ്രാർത്ഥിച്ചുകൊണ്ട് നമുക്കൊന്നിക്കാം. അങ്ങനെ നാം 'യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ മരണവും, പുനരുത്ഥാനവും' എന്ന അടിസ്ഥാനത്തിൽ നിന്നുകൊണ്ട്, നമ്മുടെ കൂട്ടുസഹോദരങ്ങളെ നമ്മെക്കാൾ ശ്രേഷ്ഠരെന്നെണ്ണിയാൽ, പിശാചിന് ഇടം കൊടുക്കാതെ, ക്രിസ്തീയ സഭ ഐക്യത്തോടും, ശക്തിയോടും കൂടെ മുന്നോട്ടേക്ക് പോകുവാൻ ഇടയാകും.

ഒരിക്കൽ എന്റെ പിതാവ് പറഞ്ഞ ഒരു കഥ ഇവിടെ അവതരിപ്പിക്കട്ടെ, മരിക്കാറായി കിടക്കുന്ന ഒരു പിതാവ് പരസ്പരം അനൈക്യതയോടെ നില്ക്കുന്ന തന്റെ അഞ്ച് മക്കളെ തന്റെ മരണകിടക്കയുടെ അരികെ വിളിച്ചിട്ട് അവരോട് പറഞ്ഞു 'നിങ്ങൾ അഞ്ച് പേരും പോയി

പേരയുടെ അഞ്ച് വടികൾ വെട്ടിക്കൊണ്ടുവരിക.' അവർ തങ്ങളുടെ പിതാവിന്റെ വിചിത്രമായ അവസാനത്തെ ആഗ്രഹം സാധിപ്പിച്ച് കൊടുക്കാനായി ഓരോ പേരവടികൾ വെട്ടിക്കൊണ്ടു വന്നു. എന്നിട്ട് പിതാവ് അവരോട് ഇപ്രകാരം ആവശ്യപ്പെട്ടു 'ഇനി നിങ്ങൾ ഓരോരുത്തരും ആ വടികൾ ഒടിക്കൂ'. അവർ ആ വടിയൊടിച്ചു. വീണ്ടും പിതാവ് ഒരു പ്രാവശ്യം കൂടി ഓരോ വടികൾ വെട്ടിക്കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് അഞ്ച് മക്കളും ഓരോ വടികൾ കൂടെ വെട്ടിക്കൊണ്ടുവന്നു. പിതാവ് വീണ്ടും ആവശ്യപ്പെട്ടു, 'വെട്ടിക്കൊണ്ടുവന്ന അഞ്ച് വടിയും ഒരുമിച്ച് വയ്ക്കുക'. അവർ അങ്ങനെ ചെയ്തു, തുടർന്ന് ഓരോരുത്തരോടും പറഞ്ഞു, 'ഒരുമിച്ച് വച്ചിരിക്കുന്ന അഞ്ച് വടികളും ചേർത്ത് ഒടിക്കുവാൻ.' അഞ്ച് മക്കളും ശ്രമിച്ചു, പക്ഷേ അഞ്ച് വടികളും ചേർത്ത് വച്ചത് അവർക്ക് ഒടിക്കുവാൻ കഴിഞ്ഞില്ല. ഇതിൽ നിന്നും പിതാവ് അവർക്ക് നല്കിയ പാഠമാണ്, "മക്കളേ നിങ്ങൾ ജീവിതത്തിലെ ചെറിയ കാര്യങ്ങൾ പറഞ്ഞ് വിഭജിച്ച് നിന്നാൽ ശത്രു നിങ്ങളെ ഇതുപോലെ ഒടിച്ചുകളയും, പക്ഷേ നിങ്ങൾ ഐക്യതയോടു കൂടെ നിന്നാൽ നിങ്ങൾ അജയ്യരായിരിക്കും."

നമ്മുടെ സ്വർഗ്ഗീയപിതാവന് ഇന്ന് ക്രിസ്തീയസമൂഹങ്ങളോട് പറയുവാനുള്ളതും ഇതു തന്നെയാണ്. തെറ്റിദ്ധാരണകളുടെ മുകളിൽ വിഭജിച്ച് നില്ക്കാതെ ക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗം എന്ന അടിസ്ഥാനത്തിൽ ഒന്നിച്ചുകൊണ്ട് ദൈവേഷ്ടം തിരിച്ചറിയുക.

ഇപ്പോൾ സമയത്തെ വിവേചിക്കുക എന്നു പറഞ്ഞാൽ യാത്രയെയും മടക്കയാത്രയെയും രണ്ടു വ്യത്യസ്ത ദിശകളിലേക്കുള്ള മനുഷ്യവർഗ്ഗത്തെ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനുമുള്ള ദൈവത്തിന്റെ പ്രവർത്തനമായി വേണം കാണുവാൻ.

**"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ." (എഫേ. 5:15-17)**

സമയത്തെ വിവേചിക്കുക എന്നത് ചിന്താക്കുഴപ്പങ്ങളെ മാറ്റുന്ന നല്ല സഹായിയാണ്. എന്റെ ആത്മീക ജീവിതത്തിന്റെ തുടക്കത്തിൽ സമയത്തെ വിവേചിക്കാതെ ഞാൻ വചനം പഠിച്ചതുകൊണ്ട് ബൈബിളിലെ വാക്യങ്ങളിൽ നിന്നുതന്നെ പല അബദ്ധധാരണകളും എന്റെ

ജീവിതത്തിൽ കടന്നുവരുവാൻ ഇടയായി, പക്ഷേ എന്നു ഞാൻ സമയത്തെ വിവേചിക്കാൻ പഠിച്ചോ അപ്പോൾ മുതൽ എന്റെ അബദ്ധധാരണകൾ ഓരോന്നായി നീങ്ങുവാൻ തുടങ്ങി. ഇവ നിങ്ങൾക്കൊരു സഹായമായി തീരാൻ ഇടയാകട്ടെ.


യാത്രയെയും മടക്കയാത്രയെയും ദൈവത്തിന്റെ ഹൃദയത്തിലുള്ള രണ്ട് വ്യത്യസ്ത കാലയളവായി തന്നെ നാം മനസ്സിലാക്കണം. 'യാത്ര യിൽ' പിശാചിന്റെ അധീനതയിൽ കിടക്കുന്ന ലോകത്തിൽ നിന്നും 'ന്യായപ്രമാണവും പ്രവാചകന്മാരും' മുഖാന്തരം നമ്മെ ദൈവം സൂക്ഷി ച്ചു. എന്നാൽ 'മടക്കയാത്രയിൽ' ദൈവം വീണ്ടെടുപ്പുകാരനായ യേശു ക്രിസ്തുവിലൂടെ നിത്യജീവൻ തന്ന്, നമ്മെ ദൈവരാജ്യത്തിലേക്ക് പരി ശുദ്ധാത്മാവിന്റെ സഹായത്താൽ തിരികെ കൊണ്ടുവരുന്നു.

യാത്രയെയും മടക്കയാത്രയെയും രണ്ടു വ്യത്യസ്ത ദിശകളി ലേക്കുള്ള മനുഷ്യവർഗ്ഗത്തെ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനുമുള്ള ദൈവത്തിന്റെ പ്രവർത്തനമായി വേണം കാണുവാൻ. രണ്ടും കൂടി കൂട്ടിക്കുഴയ്ക്കരുത്. കൂട്ടിക്കുഴച്ചാൽ ചിന്താക്കുഴപ്പങ്ങൾ ഉണ്ടാകും. ഒരു കുട്ടി എറിയുന്ന പന്ത് ദൂരെ ചുവരിൽ തട്ടി മടങ്ങി വരുന്നതുപോലെ യാണിത്. യാത്രയെ പന്തിന്റെ മുന്നോട്ടുള്ള ചലനത്തോടും മടക്ക യാത്രയെ പന്തിന്റെ തിരിച്ചു വരവിനോടും നമുക്ക് താരതമ്യം ചെയ്യാം.

1. കുട്ടിയുടെ കൈയ്യിൽ നിന്നും ചുവരിലേക്ക് പോകുന്ന പന്ത്

2. മറ്റൊന്ന് ചുവരിൽ തട്ടി കുട്ടിയുടെ കൈയ്യിലേക്ക് മടങ്ങുന്ന പന്ത്.

ഈ രണ്ട് യാത്രകളിലും പന്തിന്റെ ദിശകളും, നിയമങ്ങളും വ്യത്യ സ്തമാണ്, അതുകൊണ്ട് കൂട്ടിക്കുഴയ്ക്കരുത്.




(ചിത്രം-25)

## വചനത്തിലെ രണ്ട് പ്രധാന പ്രസ്താവനകൾ

### ശിക്ഷയുടെ പ്രസ്താവനയും, രക്ഷയുടെ പ്രസ്താവനയും

ബൈബിളിൽ കാണുന്ന രണ്ടു പ്രധാന പ്രസ്താവനകളാണ്, പിതാവിന്റെ **ശിക്ഷയുടെ പ്രസ്താവനയും**, പുത്രന്റെ **രക്ഷയുടെ പ്രസ്താവനയും.**

**ശിക്ഷയുടെ പ്രസ്താവനയാണ്** ദൈവം ആദാമിനോട് പറഞ്ഞതാക്കീത്, **"നന്മ തിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നീ മരിക്കും."**

### ശിക്ഷയുടെ പ്രസ്താവന

**"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്നനാളിൽ നീ മരിക്കും."**

**(ഉൽപ്പ. 2.17)**

### രക്ഷയുടെ പ്രസ്താവന

പിതാവിന്റെ 'ശിക്ഷയുടെ പ്രസ്താവനയിൽ' പറഞ്ഞിരിക്കുന്ന പ്രവൃത്തി ചെയ്താൽ മരിക്കും എന്നാണെങ്കിൽ പുത്രന്റെ 'രക്ഷയുടെ പ്രസ്താവനയിൽ' വാഗ്ദത്തം ചെയ്യുന്നത്, മരിച്ചവർക്ക് ജീവനും യേശുവിനെ അനുസരിക്കുന്നവർക്ക് ദൈവരാജ്യത്തിൽ നിത്യമായ ജീവിതവും ആകുന്നു.


ഇതുപോലെ ദൈവത്തോടുള്ള അനുസരണക്കേടിനാൽ മരിച്ച മനുഷ്യരോട് യേശു പറഞ്ഞ നിത്യജീവന്റെ വാഗ്ദത്തമാണ് **"യേശുവിനെ കൈക്കൊള്ളുന്നവൻ യേശു മൂലം ജീവിക്കും".**

**"…….എന്നെ തിന്നുന്നവൻ എൻ മൂലം ജീവിക്കും."**

**(യോഹ. 6.57)**

ഉല്പത്തി 2:17 ൽ പറഞ്ഞിരിക്കുന്ന കല്പനകളോട് ആദാം കാണിച്ച അനുസരണക്കേടിന്റെ ഫലമായി, പിതാവിന്റെ ശിക്ഷ യുടെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തി ചെയ്താൽ മരിക്കും എന്നാണെങ്കിൽ പുത്രന്റെ 'രക്ഷയുടെ പ്രസ്താവനയിൽ' വാഗ്ദത്തം ചെയ്യുന്നത് മരിച്ചവർക്ക് ജീവനും യേശുവിനെ അനുസരിക്കുന്നവർക്ക് ദൈവരാജ്യത്തിൽ നിത്യമായ ജീവിതവും ആകുന്നു.

ഈ രണ്ട് പ്രസ്താവനകളാണ് യാത്രയ്ക്കും, മടക്കയാത്രയ്ക്കും കാരണമായി തീരുന്നത്.




(ചിത്രം-26)

ഇവിടെ 'യാത്രയെന്നത് 'മരണത്തിന്റെ യാത്രയാണെങ്കിൽ 'മടക്കയാത്രയെന്നത് ' ജീവന്റെ യാത്രയാണ്. **മരണത്തിന്റെ യാത്രയിൽ മരണം വ്യാപരിക്കുന്നത് ആദ്യം ആത്മാവിലും, പിന്നെ ദേഹിയിലും, അവസാനം ശരീരത്തിലും ആണെങ്കിൽ, ജീവന്റെ യാത്രയിൽ ജീവൻ വ്യാപരിക്കുന്നത് ആദ്യം ആത്മാവിലും തുടർന്ന് ദേഹിയിലും അവസാനം ശരീരത്തിലും ആണ്.** അതിനെ നാം നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം എന്നിങ്ങനെ വിളിക്കുന്നു.

യാത്ര കാണുന്നതാണ്, എന്നാൽ മടക്കയാത്ര കാണാത്തതാണ്.

**യാത്ര ഭൗതിക മണ്ഡലത്തിലാണ്, മടക്കയാത്ര ആത്മീക മണ്ഡലത്തിലാണ്.**

യാത്ര ശരീരം കൊണ്ടാണെങ്കിൽ, മടക്കയാത്ര ഹൃദയം കൊണ്ടാണ്. യാത്രയിൽ മനുഷ്യനെ കീഴടക്കിക്കൊണ്ടു പോകുന്നത് പിശാചിന്റെ ആത്മാവ് ആണ്, എന്നാൽ മടക്കയാത്രയിൽ മനുഷ്യനെ വഴി നടത്തുന്നത് ദൈവത്തിന്റെ ആത്മാവ് ആണ്.

**യാത്ര ലോകം ആകുന്ന വഴിയിലൂടെ തീപ്പൊയ്കയിലേക്കും, മടക്കയാത്ര യേശു ആകുന്ന വഴിയിലൂടെ സ്വർഗ്ഗരാജ്യത്തിലേയ്ക്കുമാണ്.**

യാത്ര ലോകത്തിന് അനുകൂലമായ ദിശയിലേക്കാണ്, എന്നാൽ മടക്കയാത്ര ലോകത്തിലെ പ്രതികൂലമായ, ഒഴുക്കിന് എതിരെയുള്ള നീന്തലാണ്.

**യാത്രയിൽ ആത്മാവിൽ മരിച്ച മനുഷ്യർ ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് യാത്രചെയ്യുന്നു, എന്നാൽ മടക്കയാത്രയിൽ ആത്മാവിൽ ജനിച്ച മനുഷ്യർ യേശുവിലൂടെ സ്വർഗ്ഗത്തിലേക്ക് യാത്രചെയ്യുന്നു.**

യാത്ര നിത്യതയിൽ നിന്നും ,സമയത്തിലേക്ക് ആയിരുന്നെങ്കിൽ മടക്കയാത്ര സമയത്തിൽ നിന്നും നിത്യതയിലേക്കാണ്.

**യാത്രയിൽ മനുഷ്യർ അശുദ്ധരായിക്കൊണ്ടിരിക്കുന്നു, മടക്കയാത്രയിൽ മനുഷ്യർ വിശുദ്ധരായിക്കൊണ്ടിരിക്കുന്നു.**

യാത്രയിൽ എന്തെങ്കിലും വർദ്ധിക്കുന്നത് മനുഷ്യനെ നിഗളിയാക്കുന്നു, മടക്കയാത്രയിലെ വർദ്ധനവ് മനുഷ്യനെ താഴ്മയുള്ളവനാക്കുന്നു.

**യാത്രയിൽ മനുഷ്യർ ദൈവത്തിൽ നിന്ന് അകന്നു കൊണ്ടേയിരിക്കുന്നു, എന്നാൽ മടക്കയാത്രയിൽ മനുഷ്യർ ദൈവത്തോട് അടുത്തു കൊണ്ടേയിരിക്കുന്നു.**

യാത്രയിൽ യേശുവിനെ സ്വീകരിക്കുന്ന ഒരുവൻ പിതാവിന്റെ ശിക്ഷാവിധിയിൽ നിന്ന് (പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്ന്) അതായത് പിശാചിന്റെ പിടിയിൽ നിന്നും രക്ഷിക്കപ്പെടുന്നു. മടക്കയാത്രയിൽ വിശ്വസ്തതയോടെ പരിശുദ്ധാത്മാവിനെ അനുസരിക്കുന്നവൻ ജയം പ്രാപിച്ച് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു.

**യാത്രയിൽ ജഡപ്രകാരം കാഴ്ചയാൽ ജീവിക്കുന്നു, മടക്കയാത്രയിൽ ആത്മാവിനെ അനുസരിച്ച് വിശ്വാസത്താൽ ജീവിക്കുന്നു.**

'യാത്രയിൽ' 'ന്യായപ്രമാണത്തിന്റെ 'കീഴിലാണ്, 'മടക്കയാത്രയിൽ' 'ആത്മാവിന്റെ പ്രമാണത്തിൻ' കീഴിലാണ്.

**യാത്ര ന്യായപ്രമാണത്തിലാണ്, മടക്കയാത്ര കൃപയിലും സത്യത്തിലും ആണ്.**

'യാത്ര' പിശാചിനോട് കൂടെയുള്ള യാത്രയാണ്, എന്നാൽ 'മടക്കയാത്ര' പരിശുദ്ധാത്മാവിനോട് കൂടെയുള്ള യാത്രയാണ്.

**യാത്രയിൽ പിശാച് മനുഷ്യരെ കൊണ്ടുപോകുന്നു, മടക്കയാത്രയിൽ പരിശുദ്ധാത്മാവ് മനുഷ്യരെ വഴി നടത്തുന്നു.**

'യാത്ര' ആരംഭിച്ചത് ആദാമിൽ നിന്നാണെങ്കിൽ 'മടക്കയാത്ര' ആരംഭിച്ചത് ക്രിസ്തുവിൽ നിന്നാണ്.

**'യാത്രയുടെ' പേര് അനുസരണക്കേടിന്റെ യാത്ര എന്നാണെങ്കിൽ 'മടക്കയാത്രയുടെ' പേര് അനുസരണത്തിന്റെ യാത്രയെന്നാണ്.**

'യാത്ര' ആരംഭിച്ചത് അനുസരണക്കേടിൽ നിന്നാണെങ്കിൽ, 'മടക്കയാത്ര' ആരംഭിച്ചത് അനുസരണത്തിൽ നിന്നാണ്.

**യാത്രയിൽ ലോകം നമ്മുടെ മിത്രം ആകുന്നു, മടക്കയാത്രയിൽ ലോകം നമ്മുടെ ശത്രു ആകുന്നു.**

യാത്രയിൽ നാം നമ്മുടെ രാജാവാകുന്നു, മടക്കയാത്രയിൽ ദൈവം നമ്മുടെ രാജാവാകുന്നു.

**യാത്രയിൽ മനുഷ്യനിലൂടെ പിശാച് ഭൂമിയെ ഭരിക്കുന്നു. മടക്കയാത്രയിൽ മനുഷ്യനിലൂടെ ദൈവം ഭൂമിയെ ഭരിക്കുന്നു.**

അതായത് യാത്രയിൽ മനുഷ്യനിലൂടെ പിശാച് ലോകത്തിന്റെ രാജാവ്, മടക്കയാത്രയിൽ മനുഷ്യനിലൂടെ ദൈവം ലോകത്തിന്റെ രാജാവ്.

**യാത്രയിൽ നാം മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നു, മടക്കയാത്രയിൽ നാം ദൈവത്തിന്റെ മുമ്പാകെ ജീവിക്കുന്നു.**

യാത്രയിൽ നാം പിശാചിന്റെ രാജ്യത്തിലാകുന്നു, മടക്കയാത്രയിൽ നാം ദൈവത്തിന്റെ രാജ്യത്തിലാകുന്നു.

**യാത്രയിൽ മനുഷ്യന്റെ ലക്ഷ്യം ലോകം നേടുകയാണ്, മടക്കയാത്രയിൽ മനുഷ്യന്റെ ലക്ഷ്യം സ്വർഗ്ഗം നേടുകയാണ്.**

യാത്ര ശിക്ഷാകരമായ യാത്രയാണ്, മടക്കയാത്ര രക്ഷാകരമായ യാത്രയാണ്.

**യാത്രയിൽ നാം ഇരുട്ടിൽ നടക്കുന്നു, മടക്കയാത്രയിൽ നാം വെളിച്ചത്തിൽ നടക്കുന്നു.**

ഒരു വ്യക്തിയുടെ ലോകത്തിലൂടെയുള്ള ശിക്ഷായാത്രയുടെ അവസാനമാണ് രക്ഷിക്കപ്പെട്ട് 'മടക്കയാത്രയിൽ' പ്രവേശിക്കുന്നതെങ്കിൽ, ആ വ്യക്തിയുടെ മടക്കയാത്രയുടെ അവസാനമാണ് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നത്.

**യാത്രയിൽ മനുഷ്യനെ പഠിപ്പിക്കുന്നത് അക്ഷരം ആണെങ്കിൽ, മടക്കയാത്രയിൽ മനുഷ്യനെ പഠിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്.**

യാത്രയിൽ അക്ഷരത്തിലൂടെ പഠിപ്പിക്കുന്നത് ധ്യാനിക്കുന്നു, മടക്കയാത്രയിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നത് സ്വീകരിക്കുന്നു.

**യാത്രയിൽ നാം നിത്യമായി മരിക്കുന്നു, മടക്കയാത്രയിൽ നിത്യമായി ജീവിക്കുന്നു.**

യാത്ര ബലഹീനതയുടെ യാത്രയാണ്, മടക്കയാത്ര ശക്തിയുടെ യാത്രയാണ്.

**യാത്ര ഭോഷത്വത്തിന്റെ യാത്രയാണെങ്കിൽ, മടക്കയാത്ര ജ്ഞാനത്തിന്റെ യാത്രയാണ്.**

യാത്രയിൽ മനുഷ്യർക്ക് മറ്റു മനുഷ്യരുമായാണ് പോരാട്ടമെങ്കിൽ, മടക്കയാത്രയിൽ മനുഷ്യരുമായിട്ടല്ല പിശാചുമായാണ് പോരാട്ടം.

**യാത്ര ജഡികതലത്തിലാണ്, മടക്കയാത്ര ആത്മീയ തലത്തിലാണ്.**

യാത്രയിൽ ഭൗതിക കനാൻ ദേശമാണ് വാഗ്ദത്തം, മടക്കയാത്രയിൽ നിത്യമായ സ്വർഗ്ഗരാജ്യമാണ് വാഗ്ദത്തം.

**യാത്രയിൽ നാം വ്യക്തികളെ അറിയുന്നത് 'ജഡപ്രകാരമാണ് ', മടക്കയാത്രയിൽ നാം വ്യക്തികളെ അറിയേണ്ടത് 'ആത്മാവിൻ പ്രകാരമാണ് '(2 കൊരി. 5:16).**

**യാത്രയിൽ ജഡപ്രകാരം ദൈവത്തെ ആരാധിക്കുന്നു, മടക്കയാത്രയിൽ ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിൻ പ്രകാരമാണ്.** *(യോഹ. 4:23-24)*

***യാത്രയിലെ ദൈവഭക്തി നമ്മെ ദൈവത്തിന്റെ ദാസന്മാരാക്കി തീർക്കുന്നു, മടക്കയാത്രയിലെ ദൈവഭക്തി നമ്മെ ദൈവപുത്രന്മാരാക്കി തീർക്കുന്നു.***

അത് നിങ്ങൾക്കും സഹായകരമായി തീരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

## രക്ഷയും, സ്വർഗ്ഗരാജ്യം അവകാശമാക്കലും ഒന്നാണോ, രണ്ടാണോ?

പിതാവിന്റെ ഒന്നാമത്തെ ശിക്ഷാവിധിയിൽ *"നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം കഴിച്ചാൽ മരിക്കും"* എന്ന് പറഞ്ഞ മരണം മൂന്ന് തലങ്ങളിൽ ആയിരിക്കുന്നതുപോലെ, യേശുവിന്റെ രക്ഷാവിധിയിൽ *"എന്നെ തിന്നുന്നവൻ ഞാൻ മൂലം ജീവിക്കും"* എന്നതിൽ അടങ്ങിയിരിക്കുന്ന രക്ഷയും മൂന്ന് തലങ്ങളിൽ ആണ്.

> ദൈവ പ്രസാദമാണ് നാം രക്ഷിക്കപ്പെടുവാൻ കാരണമായിത്തീർന്നതെങ്കിൽ, ദൈവത്തെ പ്രസാദിപ്പിക്കുന്നതാണ് നാം ദൈവരാജ്യം അവകാശമാക്കുവാൻ കാരണമാകുന്നത്.

***നീതീകരണം*** (ആത്മാവുമായി ബന്ധപ്പെട്ടത്) =

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നു.

***വിശുദ്ധീകരണം*** (മനസ്സുമായി ബന്ധപ്പെട്ടത്) =

ആത്മാവിനെ അനുസരിച്ച് മടക്കയാത്ര ചെയ്യുന്നു.

***തേജസ്കരണം*** (ശരീരവുമായി ബന്ധപ്പെട്ടത്) =

സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു.

നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം എന്നീ രക്ഷയുടെ മൂന്ന് തലങ്ങളെയും 'രക്ഷ' എന്ന വാക്കുകൊണ്ട് മാത്രം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കയാൽ ഈ മൂന്ന് തലങ്ങളെയും വിവേചിച്ചറിയുവാൻ നാം ദൈവത്തിൽ ശരണപ്പെടേണ്ടതാണ്.

മടക്കയാത്രയുമായുള്ള ബന്ധത്തിൽ നമുക്കിത് മനസ്സിലാക്കാം.


പിതാവിന്റെ ഒന്നാമത്തെ ശിക്ഷാവിധിയിൽ (ഉല്പ. 2:17) അകപ്പെട്ട ഒരു വ്യക്തിയെ പിശാച് മരണത്തിന്റെ ചങ്ങലയിട്ട് ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് കൂട്ടിക്കൊണ്ട് പോകുമ്പോഴാണ് ആ വ്യക്തി ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നത്. ***യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതോടുകൂടെ പിശാച് ആ വ്യക്തിയെ വിടുകയാണ്, അതായത് ആ വ്യക്തി പിശാചിൽ നിന്ന് വിടുതൽ പ്രാപിച്ച് നിത്യശിക്ഷാവിധിയായ തീപ്പൊയ്കയിലേക്കുള്ള യാത്ര അവസാനിപ്പിച്ച് മടക്കയാത്ര ആരംഭിക്കുന്നു, അങ്ങനെ ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെടുന്നു. ഇതിനെയാണ് നാം രക്ഷിക്കപ്പെടുക എന്നു പറയുന്നത്*** (നീതീകരണം). ഈ രക്ഷിക്കപ്പെട്ട വ്യക്തികൾ ക്രിസ്തുവിലൂടെ ഉൽപ്പത്തി 2:17 പ്രകാരമുള്ള ശിക്ഷാകരമായ യാത്ര അവസാനിപ്പിച്ചതുകൊണ്ട് അവർക്കിനി രണ്ടാം മരണമെന്ന ശിക്ഷാവിധിയിലേക്ക് പോകേണ്ട ആവശ്യമില്ല. ഇതുകൊണ്ടാണ് ദൈവത്തിന്റെ വചനം പറയുന്നത് പിശാചിന്റെ പിടിയിൽ നിന്ന് രക്ഷിക്കപ്പെട്ട ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.

> **"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല." (റോമ.8:1)**

കാരണം അവരുടെ ***ശിക്ഷാകരമായ യാത്രയെ യേശു രക്ഷാകരമായ യാത്രയാക്കി മാറ്റി. ഇനി മടക്കയാത്രയിൽ ഈ രക്ഷിക്കപ്പെട്ടവർ പോകേണ്ടത് ആത്മാവിനെ അനുസരിച്ച്*** (***വിശുദ്ധീകരണം***) ***സ്വർഗ്ഗരാജ്യത്തിലേക്കാണ്.*** ആ യാത്രയുടെ അവസാനമാണ് നാം സ്വർഗ്ഗരാജ്യം അവകാശമാക്കുന്നത്. നമ്മുടെ മർത്യശരീരം വീണ്ടെടുക്കുന്നതിനെയാണ് തേജസ്കരണം എന്ന് പറയുന്നത്. ഇതാണ് രക്ഷാപൂർത്തി. ഒരു വ്യക്തിയുടെ ലോകത്തിലൂടെയുള്ള ശിക്ഷായാത്രയുടെ അവസാനമാണ് രക്ഷിക്കപ്പെട്ട് 'മടക്കയാ

ത്രയിൽ' പ്രവേശിക്കുന്നതെങ്കിൽ ആ വ്യക്തിയുടെ മടക്കയാത്രയുടെ അവസാനമാണ് ദൈവരാജ്യം അവകാശമാക്കുക എന്നത്. അതുകൊണ്ട് രക്ഷിക്കപ്പെടുന്നത് വേറെ, ദൈവരാജ്യം അവകാശമാക്കുന്നത് വേറെ.

കുറിപ്പ്:- ഉല്പത്തി 2:17 ൽ ഏദെനിൽ സംഭവിച്ച "ശിക്ഷാവിധിയിൽ" നിന്ന്, വീണ്ടും ജനിച്ച വിശ്വാസികൾ സ്വതന്ത്രരാകുന്നു. എന്നാൽ ഇത് ബൈബിളിൽ 2 കൊരി. 5:10, 1 പത്രൊ. 4:17-18, മത്താ. 7:21-23, യാക്കൊ 2:12 ലും പ്രസ്താവിച്ച ക്രിസ്തുവിന്റെ, വരുവാനുള്ള ന്യായവിധിയിൽ നിന്ന് വിശ്വാസികളെ സ്വതന്ത്രമാക്കുകയല്ല ചെയ്യുന്നത്. അതുകൊണ്ട് മത്തായി 7:13 ൽ യേശു പറഞ്ഞത് പോലെ ഇടുക്കുവാതിലിലൂടെ (ക്രിസ്തുവിന്റെ ന്യായാസനം) അകത്ത് കടക്കുവാൻ പോരാടുവിൻ.




(ചിത്രം-27)

## നിങ്ങൾ ദൈവത്തെ രക്ഷിതാവായി സ്വീകരിക്കുന്നതിന് പിന്നിലുള്ള മനോഭാവം എന്തായിരുന്നു?

### ലോകം കിട്ടും എന്ന മനോഭാവത്തിലാണോ, അതോ സ്വർഗ്ഗരാജ്യം കിട്ടും എന്ന മനോഭാവത്തിലാണോ നാം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നത്?

പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണെന്ന് നാം മനസ്സിലാക്കിയല്ലോ. പഴയനിയമത്തിലെ പെസഹാകുഞ്ഞാട് അറുക്കപ്പെടു

ന്നതിന്റെ പൊരുളാണ് പുതിയനിയമത്തിലെ കർത്താവായ യേശുവിന്റെ കാൽവരി ക്രൂശിലെ യാഗം. അറുക്കപ്പെട്ട പെസഹാകുഞ്ഞാടിനെ യിസ്രായേൽ മക്കൾ തിന്നതിന്റെ പൊരുളാണ് പുതിയനിയമത്തിൽ മനുഷ്യർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നത്.

ഈജിപ്റ്റിന്റെ അടിമത്തത്തിൽ കിടക്കുന്ന യിസ്രായേൽ ജനം ഏത് മനോഭാവത്തോടെയാണ് പെസഹാകുഞ്ഞാടിനെ തിന്നണമെന്ന് ദൈവം അവരോട് പറഞ്ഞതെന്ന് മനസ്സിലാക്കിയാൽ, പുതിയ നിയമത്തിൽ ഒരു വ്യക്തി ഏത് മനോഭാവത്തോട് കൂടിയാണ് യേശുവിനെ സ്വീകരിക്കേണ്ടതെന്ന് നമുക്ക് മനസ്സിലാകും.

**യാത്രയുടെ മനോഭാവത്തോടെയാണ്**
**യിസ്രായേൽ ജനം പെസഹ കഴിച്ചത്.**

**"അര കെട്ടിയും കാലിനു ചെരുപ്പിട്ടും കയ്യിൽ വടി പിടിച്ചും കൊണ്ടു നിങ്ങൾ തിന്നേണം; തിടുക്കത്തോടെ നിങ്ങൾ തിന്നേണം; അതു യഹോവയുടെ പെസഹ ആകുന്നു."**
**(പുറ. 12:11)**

നാം ആരും ചെരുപ്പോ, ഷൂസോ  ഇട്ട് ഉറങ്ങാറില്ല. നാം അരയിൽ ബെൽറ്റ് കെട്ടിയോ, വടി കയ്യിൽ പിടിച്ചോ ഉറങ്ങാറില്ല. നാം കാലിൽ ഷൂസിട്ടാൽ, അരയിൽ ബെൽറ്റ് കെട്ടിയാൽ അതിന്റെ അർത്ഥം നാമൊരു യാത്ര പോകുകയാണെന്നാണ്. ഓഫീസിൽ പോകാൻ വൈകിയ ഒരു വ്യക്തി രാവിലെ പെട്ടെന്ന് ഭക്ഷണം കഴിക്കുന്നത് പോലെ മുകളിൽ പറഞ്ഞിരിക്കുന്ന വാക്യത്തിൽ, യിസ്രായേൽ മക്കൾ പെസഹാകുഞ്ഞാടിനെ കഴിക്കുന്നത് വളരെ തിടുക്കത്തിലാണ്. ഇതിന്റെ അർത്ഥം ഇനി ഒരു നിമിഷം പോലും താമസിക്കാതെ പെട്ടെന്ന് ഈജിപ്റ്റിൽ നിന്നും യാത്രയാകണമെന്നാണ്. അതായത് ഇനി ഒരിക്കലും, ഈജിപ്റ്റിന്റെ ഉള്ളിക്കും, ഉരുളക്കിഴങ്ങിനും, ഇറച്ചിക്കും വേണ്ടി കാത്തു നില്ക്കാതെ ദൈവം തങ്ങൾക്കായി ഒരുക്കിയ കനാൻ ദേശത്തിലേക്ക് തങ്ങൾ വളരെ പെട്ടെന്ന് പോകുന്നു എന്ന സന്ദേശമാണ് ഇതിൽ നിന്ന് നമുക്ക് ലഭിക്കുന്നത്.

പുതിയ നിയമത്തിൽ മനുഷ്യർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോഴുള്ള മനോഭാവം ഇതുപോലെ ആയിരിക്കണം. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതോടുകൂടി തങ്ങൾ ഈ ലോകത്തിൽ നിന്ന് ഹൃദയം കൊണ്ട് ദൈവരാജ്യത്തിലേക്ക് യാത്ര പുറപ്പെടുകയാണ് (മടക്കയാത്ര). ഇനി ഞങ്ങൾ ലോകക്കാരല്ല, ലോകം ഞങ്ങൾക്ക് ഒരു അന്യദേശമാണ്, ഞങ്ങളുടെ സ്വന്തദേശം ദൈവരാജ്യമാണ്. ഇനി

ഞങ്ങൾ ലോകത്തിന്റെ സമ്പത്തിലല്ല (Resource) ആശ്രയിക്കുന്നത്, പകരം ലോകത്തെ ഉണ്ടാക്കിയ ദൈവരാജ്യത്തിന്റെ സമ്പത്തിലാണ് Source) ഞങ്ങൾ ആശ്രയിക്കുന്നത്. ശരീരം കൊണ്ട് ഞങ്ങൾ ക്രിസ്തുവിന്റെ ദാസന്മാരായി ലോകത്തിലായിരിക്കണമെങ്കിലും, ഹൃദയം കൊണ്ട് ഞങ്ങൾ ദൈവരാജ്യത്തിന്റെ മാനസാന്തരപ്പെട്ട മക്കളായി സ്വർഗ്ഗത്തിലേക്ക് പോവുകയാണ്.

ഈ മനോഭാവമാണ് രക്ഷിക്കപ്പെടുന്ന ഓരോ വ്യക്തിക്കും ഉണ്ടാകേണ്ടത്. മറ്റൊരുരീതിയിൽ പറഞ്ഞാൽ ഈജിപ്റ്റ് നേടാനല്ല, പകരം ഈജിപ്റ്റിൽ നിന്ന് എത്രയും പെട്ടെന്ന് പോകാനുള്ള മനോഭാവം പോലെ, ലോകം നേടാനല്ല, പകരം എത്രയും പെട്ടെന്ന് ലോകത്തിന്റെ രീതികൾ വിട്ട് ദൈവരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യാനുള്ള ഒരു മനോഭാവമാണ്, ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന സമയത്തും, തുടർന്നും ഓരോ വ്യക്തിക്കും ഉണ്ടാകേണ്ടത്.

വചനത്തിലെ ഈ സത്യം മനസ്സിലാക്കിയ ഞാൻ എന്റെ ജീവിതത്തിൽ ഒരു തീരുമാനമെടുത്തു. ഇനി മുതൽ ജനത്തിന്റെ മുമ്പിൽ, എന്റെ പ്രസംഗത്തിലൂടെ ജനത്തിന് ഇഷ്ടപ്പെട്ട താല്ക്കാലിക ലോകമല്ല, പകരം ജനം എത്തിച്ചേരേണ്ട നിത്യമായ ദൈവരാജ്യമായിരിക്കും അവതരിപ്പിക്കുന്നത്.

### നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ട ആവശ്യമില്ല. കാരണം ദൈവപ്രസാദം ഉള്ളതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടത്! ശരിയോ, തെറ്റോ?

ശരിയുമുണ്ട്, തെറ്റുമുണ്ട്.

ശരിയായ ഭാഗം; ദൈവപ്രസാദം ഉള്ളതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടത്, കാരണം സ്വർഗ്ഗത്തിലെ ദൈവം ക്രിസ്തുവിലൂടെ ലോകത്തിൽ അന്വേഷിച്ചുവന്നത് തന്റെ നഷ്ടപ്പെട്ട മകനെയാണ് (കാണാതെ പോയ ആടുകളെയാണ്). ആദാമിന്റെ ഉള്ളിലുണ്ടായിരുന്ന ദൈവത്തിന്റെ നഷ്ടപ്പെട്ട മക്കൾക്കെല്ലാം ദൈവപ്രസാദമുണ്ട്. അതുകൊണ്ടാണ് ദൂതൻമാർ ക്രിസ്തുവിന്റെ ജനനസമയത്ത് പാടിയത്, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം.

**ലോകം നേടാനല്ല, പകരം എത്രയും പെട്ടെന്ന് ലോകത്തിന്റെ രീതികൾ വിട്ട് ദൈവരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യാനുള്ള ഒരു മനോഭാവമാണ് ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന സമയത്തും തുടർന്നും ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടത്.**

**"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്നു പറഞ്ഞു."**
**(ലൂക്കോ. 2:14)**

ഈ ദൈവപ്രസാദം നമ്മുടെ മേൽ ഉണ്ടായിരുന്നതുകൊണ്ടാണ് നാം ദൈവത്താൽ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്തത്.

**"ഇതു ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോട്; പിതാവ് കൃപ നൽകിയിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല എന്നു പറഞ്ഞത് എന്നും അവൻ പറഞ്ഞു."**
**(യോഹ. 6:65)**

***രക്ഷിക്കപ്പെടാൻ നമ്മുടെ പുണ്യപ്രവർത്തിയോ മറ്റു പ്രവർത്തനങ്ങളോ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കേണ്ടതായ യാതൊരു കാര്യവുമില്ല, പിന്നെയോ ദൈവത്തിന് നമ്മിൽ പ്രസാദമുള്ളതുകൊണ്ടാണ് രക്ഷിക്കപ്പെടാനുള്ള അവസരം നമ്മെ തേടിയെത്തിയത്.*** പക്ഷേ നാം പിശാചിന്റെ പിടിയിൽ നിന്നുള്ള യാത്രയിൽ നിന്നും രക്ഷിക്കപ്പെട്ട ശേഷം മടക്കയാത്രയിൽ നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ടതാകുന്നു. ഇല്ലെങ്കിൽ പിശാചല്ല, യേശു തന്നെ നമ്മെ ശിക്ഷാവിധിയിലേക്ക് തള്ളിക്കളയും.

**"ഒടുവിൽ സഹോദരന്മാരേ, ദൈവപ്രസാദം ലഭിപ്പാന്തക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്നു ഞങ്ങളോട് ഗ്രഹിച്ചതു പോലെ നിങ്ങൾ നടക്കുന്നത് പോലെ തന്നെ ഇനിയും അധികം വർദ്ധിച്ച് വരേണ്ടതിന് ഞങ്ങൾ കർത്താവായ യേശുവിന്റെ നാമത്തിൽ നിങ്ങളോട് അപേക്ഷിച്ച് പ്രബോധിപ്പിക്കുന്നു."**
**(1 തെസ്സ. 4:1)**

**"ഞങ്ങളെ സുവിശേഷം ഭരമേൽപ്പിക്കേണ്ടതിന് ഞങ്ങൾ ദൈവത്തിന് കൊള്ളാകുന്നവരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത്."**
**(1 തെസ്സ. 2:4)**

കൊരിന്ത്യ സഭയിൽ ദൈവപ്രസാദം ലഭിച്ച് രക്ഷിക്കപ്പെട്ടവരോട് ദൈവവചനം പറയുകയാണ്, നിങ്ങൾ രക്ഷിക്കപ്പെട്ടവർ എങ്കിലും, ജഡത്തെ അനുസരിച്ച് ജീവിച്ചാൽ മരിക്കും.

ഇത് വ്യക്തമായി കാണിക്കുന്നത് രക്ഷിക്കപ്പെടേണ്ടതിന് നാം

ദൈവത്തെ പ്രസാദിപ്പിക്കേണ്ട ആവശ്യം ഇല്ല. പക്ഷേ രക്ഷിക്കപ്പെട്ടതിന് ശേഷം ജഡത്തെയല്ല, ആത്മാവിനെ അനുസരിച്ച് നടക്കുന്നതിലൂടെ നമ്മൾ ദൈവത്തെ പ്രസാദിപ്പിക്കേണ്ടതാകുന്നു.

**രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ**

**"ദൈവേഷ്ടത്താൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായി വിളിക്കപ്പെട്ട പൗലോസും സഹോദരനായ സോസ്തെനോസും കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്ക് തന്നെ എഴുതുന്നത്." (1 കൊരി. 1:1-2)**

രക്ഷ എന്നത് ദൈവത്തിന്റെ ദാനമാകുന്നു. ഇത് ദൈവത്തെ പ്രസാദിപ്പിച്ച് നേടാൻ കഴിയുന്നതല്ല. യേശുക്രിസ്തുവിലൂടെ വാഗ്ദത്തമായി ലഭിച്ച ഈ ദാനത്തെ നാം സ്വീകരിക്കേണ്ട ആവശ്യം മാത്രമേ ഉള്ളൂ. എന്നിരുന്നാലും ഒരിക്കൽ നാം രക്ഷിക്കപ്പെട്ടതിന് ശേഷം ദൈവത്തെ പ്രസാദിപ്പിക്കേണ്ട ആവശ്യം ഉണ്ട്.

**ജഡത്തെ അനുസരിച്ച് ജീവിച്ചാൽ<br>ദൈവരാജ്യം അവകാശമാക്കുകയില്ല.**

എന്താണ് ജഡത്തെ അനുസരിച്ച് ജീവിക്കുക എന്നു വച്ചാൽ?

ആത്മാവിനെ അനുസരിച്ച് മടക്കയാത്ര ചെയ്യുന്നതിനു പകരം പഴയരീതിയിൽ ലോകത്തിലേക്കുള്ള യാത്രയിൽ തന്നെ തുടരുന്നതാണ് ജഡത്തെ അനുസരിച്ചുള്ള ജീവിതം.

**"ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല." (റോമ. 8:7-8)**

**"അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. "(1 കൊരി. 6:9-10)**

ഗലാതൃസഭയോടു പറയുന്നത് ശ്രദ്ധിക്കുക

**"ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു; ആ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പെ പറഞ്ഞതു പോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു." (ഗലാ. 5:19-21)**

ദൈവപ്രസാദം ലഭിച്ച് രക്ഷിക്കപ്പെട്ട ലവൊദിക്ക്യാ സഭയോട് കർത്താവ് പറയുന്നത് ശ്രദ്ധിക്കുക.

**"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണു കളയും." (വെളി. 3:15-16)**

ദൈവപ്രസാദം വരുവാൻ തക്കവണ്ണം ആയിരിക്കണം രക്ഷിക്കപ്പെട്ടവർ ദൈവത്തെ സേവിക്കേണ്ടത് എന്ന് പരിശുദ്ധാത്മാവ് എബ്രായ ലേഖനത്തിലൂടെ പറയുന്നു.

**"ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക." (എബ്രാ. 12:28)**

**"ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം." (റോമ. 8:33)**

**ദൈവം തിരഞ്ഞെടുത്ത് നീതീകരിച്ചവരെ ശിക്ഷ വിധിക്കുവാൻ മനുഷ്യർക്കോ പിശാചിനോ കഴിയുകയില്ല, പിന്നെ ആരാണ് കുറ്റം വിധിക്കുന്നത്? രക്ഷിച്ചവനായ ക്രിസ്തു തന്നെ.** ***രക്ഷിക്കപ്പെടാൻ നമുക്ക് ദൈവപ്രസാദം വേണ്ട, ദൈവപ്രസാദം ഉള്ളതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടത്. പക്ഷേ രക്ഷിക്കപ്പെട്ടതിനു ശേഷം നാം ദൈവത്തെ പ്രസാദിപ്പിക്കണം.***

പിശാചിന്റെ പിടിയിൽ നിന്നും നിതൃശിക്ഷാവിധിയിൽ നിന്നും യേശു രക്ഷിച്ചിട്ടും സ്വർഗ്ഗരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യാതെ വീണ്ടും ലോകത്തിലേക്ക് യാത്ര ചെയ്യുന്നവരെ ശിക്ഷാവിധിയിലേക്ക് വീണ്ടും തള്ളിക്കളയുന്നത് പിശാചല്ല, യേശു തന്നെയാണ്.

നമ്മുടെ ജീവിതത്തിൽ മത്തായി 7:21-23 ൽ പറയുന്നത് പോലുള്ള വിശ്വാസികളും അഭിഷിക്തദാസന്മാരുമായി നാം തീരുവാൻ ഇടയാകരുത്.

**വിശ്വാസികൾ:-**

**"എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ.7:21)**

**ദൈവത്തിന്റെ അഭിഷിക്തദാസന്മാർ:-**

**"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽവളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ട് പോകുവിൻ എന്ന് തീർത്ത് പറയും." (മത്താ.7:21)**

## ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെടും ശരിയോ, തെറ്റോ?

എന്റെ ഈ ചിന്താക്കുഴപ്പത്തിനു കാരണം എനിക്ക് സമയം വിവേചിക്കുവാനുള്ള അറിവില്ലാത്തതുകൊണ്ടായിരുന്നു. എന്റെ ചിന്തയിൽ രക്ഷയും ദൈവരാജ്യം അവകാശമാക്കുകയുമെല്ലാം ഒന്നായിരുന്നു. സമയം വിവേചിക്കാൻ പരിശുദ്ധാത്മാവ് പഠിപ്പിച്ചതോടുകൂടി എന്റെ ചിന്താക്കുഴപ്പം മാറി. കാരണം നമ്മൾ പറയുന്ന രക്ഷയെന്താണെന്ന് ഞാൻ മനസ്സിലാക്കി. ദൈവരാജ്യം അവകാശമാക്കുക എന്താണെന്നും ഞാൻ മനസ്സിലാക്കി. ഇതെനിക്ക് മനസ്സിലാക്കുവാനുള്ള പ്രധാന കാരണം യാത്ര എന്ത്, മടക്കയാത്ര എന്ത് എന്ന് ഞാൻ മനസ്സിലാക്കിയതാണ്.

സമയത്തെ വിവേചിക്കാൻ പഠിച്ചുകഴിഞ്ഞപ്പോൾ ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെട്ടു എന്ന വാക്കിൽ തന്നെ ഞാൻ ഒരു അർത്ഥശൂന്യത കണ്ടു. പകരം ഞാൻ അതിനെ ഇങ്ങനെ തിരുത്തുവാൻ ദൈവം എന്നെ സഹായിച്ചു. **"രക്ഷിക്കപ്പെട്ട ഞാൻ ദൈവരാജ്യം അവകാശമാക്കണം."**

**രക്ഷ :-** പിതാവിന്റെ ഉൽപ്പത്തി 2:17 ലെ വിധി പ്രകാരം ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് മനുഷ്യവർഗ്ഗത്തെ പിശാച് മരണത്തിന്റെ ചങ്ങലയിട്ട് കൊണ്ടുപോകുന്ന ശിക്ഷാകരമായ യാത്രയിൽ, യേശുവിനെ രക്ഷകനായി സ്വീകരിച്ചു, പിശാചിന്റെ പിടിയിൽ നിന്നും, നിത്യശിക്ഷാവിധിയിൽ നിന്നും രക്ഷിക്കപ്പെട്ടു, സ്വർഗ്ഗത്തിലേക്കുള്ള മടക്കയാത്രയിൽ പ്രവേശിക്കുന്നു.

**ദൈവരാജ്യം അവകാശമാക്കുക :-** തുടർന്ന് പരിശുദ്ധാത്മാവിനോടുകൂടെയുള്ള മടക്കയാത്രയിൽ ദൈവാത്മാവിനെ അനുസരിച്ച് ജയം പ്രാപിച്ചാണ് നാം ദൈവരാജ്യം അവകാശമാക്കുന്നത്. അതുകൊണ്ട് രക്ഷിക്കപ്പെട്ട നാം ദൈവരാജ്യം അവകാശമാക്കണം.

## നിത്യജീവൻ സൗജന്യമാണോ, അല്ലയോ? യേശു വില ചോദിക്കുന്നു....!

**"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും.?" (മത്താ. 16:26)**

തിരുവചനത്തിൽ ഒരു ഭാഗത്ത് നിത്യജീവൻ ദൈവത്തിന്റെ ദാനമാണെന്നും, മറുഭാഗത്ത് നാം ആത്മാവിൽ വിതക്കുന്നതിന്റെ ഫലമാണെന്നും പറയുന്നു.

**"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ." (റോമ. 6:23)**

**"ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്യും; ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും." (ഗലാ. 6:8)**

ഇതിൽ ഏതാണ് ശരി! നിത്യജീവൻ ദാനമാണോ അതോ നാം ആത്മാവിൽ വിതച്ചതിനെ കൊയ്തെടുക്കുന്നതാണോ?

രണ്ടും ശരിയാണ്. ഒന്ന് നിത്യജീവൻ ദൈവം നമുക്ക് ദാനമായ് തരാതെ നമുക്ക് പ്രാപിക്കാൻ കഴിയുകയില്ല. മറ്റൊന്ന് നാം ആത്മാവിനെ അനുസരിച്ച് ജീവിക്കുന്നതിന്റെ ഫലമാണ് നിത്യജീവൻ. രണ്ടും ദൈവവചനം പറയുന്നത് തന്നെയാണ്.

## പിതാവിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പദ്ധതികൾ

ദൈവം മനുഷ്യരെ സൃഷ്ടിച്ചതിന്റെ പദ്ധതിയറിഞ്ഞെങ്കിൽ മാത്രമേ നമുക്കിതിന്റെ അർത്ഥം വ്യക്തമായി മനസ്സിലാവുകയുള്ളൂ.

### ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതി

ഈ ലോകം മനുഷ്യനെ പരീക്ഷിച്ചറിയുന്ന ദൈവത്തിന്റെ പരീക്ഷാഹാളാണ്. ദൈവം പരീക്ഷിക്കുന്നത് 'മനുഷ്യൻ ദൈവത്തിന് കീഴ്പ്പെട്ട് ദൈവത്തെ അനുസരിക്കുമോ ഇല്ലയോ എന്നതാണ്'. അതുകൊണ്ടാണ് ദൈവം ഏദെനിൽ ആദാമിന്റെ മുമ്പിൽ ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും വച്ചത്. അതായത് ജീവനിലേക്കും, മരണത്തിലേക്കുമുള്ള രണ്ട് വാതിലുകൾ രണ്ട് വൃക്ഷങ്ങളുടെ രൂപത്തിൽ ദൈവം ആദാമിന്റെ മുമ്പിൽ വച്ചു. ***മനുഷ്യനെ പരിശോധിച്ചറിയണമെന്നതാണ്, ആദാം വീഴുന്നതിന് മുമ്പുള്ള, യേശുവിനെ വാഗ്ദാനം ചെയ്യുന്നതിന് മുമ്പുള്ള, യേശുവിന്റെ സുവിശേഷത്തിന്റെ ആവശ്യകതയില്ലാത്ത സമയത്തുള്ള ദൈവത്തിന്റെ പദ്ധതി. ഇതാണ് പിതാവിന്റെ ഒന്നാമത്തെ പദ്ധതി. ദൈവത്തിന്റെ ഈ പദ്ധതിക്ക് ഒരിക്കലും ഒരു മാറ്റവും ഇല്ലായെന്നാണ് നാം ആദ്യം തന്നെ മനസ്സിലാക്കേണ്ടത്.***

> ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. "മനുഷ്യരെ പരിശോധിച്ച്, അവർ ദൈവത്തെ അനുസരിക്കുമോ ഇല്ലയോ എന്ന് അറിയുന്നത്."

**"യഹോവയായ ഞാൻ മാറാത്തവൻ" (മലാ. 3:6)**

'നിത്യജീവൻ' നേടാൻ രണ്ട് പടികൾ ഉണ്ട്, "രക്ഷയും", "ക്രിസ്തുവിനെ അനുഗമക്കുന്നതിലൂടെയുള്ള ദൈവരാജ്യം അവകാശമാക്കലും". അദ്ധ്യായം 15 ചിത്രം 23-ൽ ഇത് ചിത്രീകരിച്ചിരിക്കുന്നു.

ആദാമിന് നിത്യജീവൻ നല്കി എന്നെന്നേക്കുമായി ദൈവത്തിന്റെ സ്വന്ത കുടുംബത്തിലേക്ക് കൊണ്ടു വരിക എന്നുള്ളതാണ് ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതി. എന്നാൽ നിത്യജീവൻ നേടേണ്ടതിന് ആദാം ജീവവൃക്ഷത്തിന്റെ ഫലം തിന്നണം. പക്ഷേ ജയിക്കുന്നവന് മാത്രമേ ജീവവൃക്ഷത്തിന്റെ ഫലം ലഭിക്കുകയുള്ളൂ (വെളിപ്പാട്. 2:7). ഒന്നാമത്തെ പദ്ധതിയിൽ രണ്ട് വൃക്ഷങ്ങളുടെ രൂപത്തിൽ ജീവനും മരണവും ദൈവം ആദാമിന്റെ മുൻപിൽ വച്ചു. അതിന് ശേഷം നന്മതി

ന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് തിന്നരുത് എന്ന് ദൈവം ആദാമിന് താക്കീത് നല്കി, "ഇത് തിന്നുന്ന നാളിൽ നീ മരിക്കും."


**'രക്ഷ' നാം നേടിയെടുക്കേണ്ടതല്ല, അത് ദൈവത്തിന്റെ ദാനമാകുന്നു. 'ദൈവരാജ്യം' അവകാശമാക്കുക എന്നത് നാം പരിശുദ്ധാത്മാവിനെ അനുസരിക്കുന്നതിന്റെ ഫലം ആകുന്നു. നമ്മുടെ രക്ഷയ്ക്ക് വേണ്ടിയുള്ള വില യേശു ക്രൂശിൽ കൊടുത്തു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ അത് നമുക്ക് സൗജന്യമായി ലഭിച്ചു. പക്ഷേ ദൈവരാജ്യം അവകാശമാക്കണമെങ്കിൽ പരിശുദ്ധാത്മാവിനോടുള്ള അനുസരണമെന്ന വില നാം കൊടുക്കേണ്ടതുണ്ട്.**

**"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പ.2:17)**

ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. "മനുഷ്യരെ പരിശോധിച്ച്, അവർ ദൈവത്തെ അനുസരിക്കുമോ, ഇല്ലയോ എന്ന് അറിയുന്നത്." എന്നാൽ ദൈവത്തിന്റെ രണ്ടാമത്തെ പദ്ധതിയാണ് പാപം നിമിത്തം ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതിയിൽ നിന്ന് ശിക്ഷാവിധിയിലേക്ക് വീണുപോയ മനുഷ്യരെ, യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ രക്ഷിച്ച്, വീണ്ടും ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതിയായ മനുഷ്യരെ പരിശോധിച്ചറിയുക എന്നതിലേക്ക് മടക്കിക്കൊണ്ടു വരിക എന്നത്.

ഈ ലോകം മനുഷ്യനെ പരീക്ഷിച്ചറിയുന്ന ദൈവത്തിന്റെ പരീക്ഷാഹാളാണ്

ദൈവത്തിന്റെ രണ്ടാമത്തെ പദ്ധതിയാണ് പാപം നിമിത്തം ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതിയിൽ നിന്ന് ശിക്ഷാവിധിയിലേക്ക് വീണുപോയ മനുഷ്യരെ, യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ രക്ഷിച്ച്, വീണ്ടും ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതിയായ മനുഷ്യരെ പരിശോധിച്ചറിയുക എന്നതിലേക്ക് മടക്കിക്കൊണ്ടു വരിക എന്നത്.




(ചിത്രം-28)

പക്ഷേ ആദാം പരീക്ഷയിൽ പരാജയപ്പെട്ടു. കാരണം അവൻ ദൈത്തോടുള്ള അനുസരണക്കേടിലൂടെ **'മരണത്തെ'** തിരഞ്ഞെടുത്തു.

ഇത് കാരണമാണ് 'മനുഷ്യരെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും ക്രിസ്തു മുഖേന രക്ഷിക്കുവാനുള്ള' ദൈവത്തിന്റെ **'രണ്ടാമത്തെ പദ്ധതി'** ആരംഭിച്ചത്. ഇതിലൂടെ ആദാമിന്റെ തലമുറയെ ദൈവം, 'മനുഷ്യരെ പരിശോധിച്ച് അറിയുക' എന്ന തന്റെ **'ഒന്നാമത്തെ പദ്ധതി'**യിലേക്ക് തിരികെക്കൊണ്ടുവരികയും ചെയ്യുന്നു. ഈ പദ്ധതിയിൽ ആര് ജയിക്കുന്നുവോ അവർക്ക് പ്രവേശനം നല്കും. അതായത് ദൈവരാജ്യമെന്ന സ്വർഗ്ഗീയകുടുംബത്തിൽ അവകാശിയാകും.

## ദൈവത്തിന്റെ രണ്ടാമത്തെ പദ്ധതി

പിതാവിന്റെ ഈ ഒന്നാമത്തെ പദ്ധതി നിലനിൽക്കുമ്പോഴാണ് ആദാം പാപം ചെയ്ത് ദൈവതേജസ്സിൽ നിന്നും വീഴുകയും ആത്മാവിൽ മരിക്കുകയും ചെയ്തത്. ആദാം ആത്മാവിൽ മരിക്കാൻ കാരണം ആദാമിന്റെ അനുസരണക്കേട് കൊണ്ടാണ്. അല്ലാതെ ആദാമിന്റെ തലമുറകളായ മക്കളുടെ അനുസരണക്കേട് കൊണ്ടല്ല. ആദത്തിന്റെ തലമുറകൾ ഒരു കാരണവുമില്ലാതെയാണ് ആദാമിന്മേലുള്ള ശിക്ഷയ്ക്ക് ഇരയായിത്തീർന്നത്. ഇതുകൊണ്ടാണ് ദൈവം വിശ്വസിക്കുന്നവർക്ക്

രക്ഷ സൗജന്യമായി നല്കി ആദാമിന്റെ തലമുറയെ ഉല്പത്തി 2:17 ൽ പറഞ്ഞിട്ടുള്ള ശിക്ഷാവിധിയിൽ നിന്നും രക്ഷിക്കുന്നത്. ഇത് മനസ്സിലാക്കണമെങ്കിൽ നമുക്ക് ദൈവത്തിന്റെ ഹൃദയം അറിയേണ്ടതുണ്ട്. ഒരു നീതിമാനും തന്റെ പൂർവ്വികന്റെ പാപത്താൽ, തുടർന്നുള്ള യാതന ചുമക്കണമെന്ന് ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. വളരെ വ്യക്തമായി ദൈവത്തിന്റെ ഹൃദയം ചുവടെ കൊടുത്ത വേദഭാഗത്ത് നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും.

> ഈ ലോകം മനുഷ്യനെ പരീക്ഷിച്ചറിയുന്ന പരീക്ഷാഹാളാണ്. ദൈവം പരീക്ഷിക്കുന്നത് 'മനുഷ്യൻ ദൈവത്തിന് കീഴ്പ്പെട്ട് ദൈവത്തെ അനുസരിക്കുമോ, ഇല്ലയോ എന്നതാണ്'.

**"മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും." (യെഹെ. 18:20)**

ഇതുകൊണ്ടാണ് ദൈവം, രക്ഷിക്കുവാൻ രക്ഷകനായ യേശുവിനെ വാഗദത്തം ചെയ്യുകയും, പുതിയനിയമത്തിൽ ആദാമിന്റെ തലമുറകളെ സൗജന്യമായി രക്ഷിക്കുകയും ചെയ്യുന്നത്.

ദൈവത്തിന്റെ രണ്ടാമത്തെ പദ്ധതിയാണ്, ശിക്ഷാവിധിയിലേക്ക് വീണുപോയ മനുഷ്യരെ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെ രക്ഷിച്ചെടുക്കുക എന്നുള്ളത്. അതുകൊണ്ട് ദൈവം സൗജന്യമായി നല്കുന്ന ഈ രക്ഷ മനുഷ്യനെ രക്ഷിക്കുന്നത് ദൈവത്തിന്റെ ഒന്നാമത്തെ പദ്ധതിയായ 'മനുഷ്യനെ പരിശോധിച്ച് അറിയുക, തുടർന്ന് ജയിക്കുന്നവന് ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കുക' എന്നതിൽ നിന്നല്ല. മറിച്ച് ആദാം വീണ ശിക്ഷാ വിധിയിൽ നിന്നും രക്ഷിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ വചനം വെളിപ്പാട് പുസ്തകം 2:7 ൽ പറയുന്നു, ജയിക്കുന്നവന് ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും.

**"...ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്നുവാൻ കൊടുക്കും." (വെളി. 2:7)**

ഇവിടെ യേശുക്രിസ്തുവിലൂടെയുള്ള, ദൈവത്തിന്റെ 2–ാം പദ്ധതിയിലൂടെ സൗജന്യമായി രക്ഷിക്കപ്പെടുന്നവരെ ദൈവം ക്രിസ്തുവിന്റെ സഭയിലാക്കുകയും, തന്റെ ഒന്നാമത്തെ പദ്ധതി പുനരാരംഭിക്കുകയും ചെയ്യുന്നു.

**"കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട്**

**ചേർത്ത് കൊണ്ടിരുന്നു." (അപ്പൊ. 2:47)**

തുടർന്ന് ഈ സഭയിലുള്ളവരെ തന്റെ ഒന്നാമത്തെ പദ്ധതിയായ "മനുഷ്യനെ പരിശോധിച്ചറിയുക" എന്നതിലേക്ക് കൊണ്ട് വരുന്നു. ഇവിടെയാണ് മനുഷ്യൻ ആത്മാവിൽ വിതച്ച്, ദൈവത്തെ അനുസരിക്കേണ്ടി വരുന്നത്. അതിന്റെ ഫലമാണ് നിത്യജീവൻ.

***ക്രിസ്തുവിന്റെ പ്രവൃത്തിയാൽ സൗജന്യമായി രക്ഷിക്കപ്പെട്ട നാം ആത്മാവിൽ വിതച്ചു (മടക്കയാത്ര) കൊണ്ട്, ദൈവത്തിന് കീഴ്പ്പെട്ട്, ദൈവത്തെ അനുസരിച്ച് ജയം പ്രാപിച്ചാൽ ആദാമിന് കിട്ടാത്ത ജീവവൃക്ഷത്തിന്റെ ഫലം ദൈവം നമുക്ക് തിന്മാൻ തരികയും നാം ജീവനിൽ, കടക്കുകയും ചെയ്യും.***


**"ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്യും; ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും." (ഗലാ. 6:8)**

അങ്ങനെ ക്രിസ്തുവിന്റെ പ്രവൃത്തിയാൽ സൗജന്യമായി ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ട നാം ആത്മാവിൽ വിതച്ചു (മടക്കയാത്ര) കൊണ്ട്, ദൈവത്തിന് കീഴ്പ്പെട്ട്, ദൈവത്തെ അനുസരിച്ച് ജയം പ്രാപിച്ചാൽ ആദാമിന് കിട്ടാത്ത ജീവവൃക്ഷത്തിന്റെ ഫലം ദൈവം നമുക്ക് തിന്മാൻ തരികയും നാം ജീവനിൽ കടക്കുകയും ചെയ്യും. സൗജന്യമായി രക്ഷിക്കപ്പെട്ട എഫെസോസിലെ സഭയോട് പറയുന്നത് ശ്രദ്ധിക്കുക.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." (വെളി. 2:7)**

മറ്റൊരു രീതിയിൽ പറഞ്ഞാൽ ***നമ്മുടേതല്ലാത്ത കുറ്റം കൊണ്ട് നാം ആദാം ചെയ്ത പാപത്തിന്റെ പങ്കാളികളായി. കരുണാനിധിയായ ദൈവം സൗജന്യമായി നമ്മെ അതിൽ നിന്ന് യേശുക്രിസ്തുവിലൂടെ രക്ഷിച്ച്, വീണ്ടും തന്റെ ഒന്നാമത്തെ പദ്ധതിയിലാക്കി.*** ഒന്നാമത്തെ പദ്ധതിയിലായിരുന്ന ആദാമിന്റെ മുമ്പിൽ 'ജീവനും''മരണവും' രണ്ട് വൃക്ഷങ്ങളുടെ രൂപത്തിൽ വച്ചു എങ്കിൽ, രക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ ദൈവം 'ജീവനും''മരണവും' 'ആത്മാ

വിന്റെയും', 'ജഡത്തിന്റെയും' രൂപത്തിൽ വച്ചു.




(ചിത്രം-29)

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

**"ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്യും; ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും."**
**(ഗലാ. 6:8)**


ചുരുക്കിപ്പറഞ്ഞാൽ രക്ഷ ദാനമാണ്, ദൈവരാജ്യം 'അനുസരണം' എന്ന വില കൊടുത്ത് നാം അവകാശമാക്കുന്നതാണ്.

ഇതിലൂടെ ഒരു വ്യക്തി ജീവനിലേക്ക് കടക്കുന്നതിന് രണ്ട് ഭാഗങ്ങൾ ഉണ്ട് എന്ന് നമുക്ക് മനസ്സിലാക്കാം.

## മനുഷ്യർ ദൈവരാജ്യം അവകാശമാക്കുന്നതിന് മുമ്പുള്ള രണ്ടു ഭാഗങ്ങൾ

**1. രക്ഷിക്കപ്പെടുക 2. മടക്കയാത്ര ചെയ്യുക,**

**1. രക്ഷിക്കപ്പെടുക:-** ആദം പാപം നിമിത്തം വീണ ശിക്ഷാവിധിയിൽ നിന്ന് (ആത്മമരണം) യേശുക്രിസ്തുവിലൂടെ രക്ഷിക്കപ്പെടുക,




**ദൈവത്തിന്റെ ഒന്നാം പദ്ധതിയായ "മനുഷ്യരെ പരിശോധിച്ചറിയുക" ആദാമിന്റെ മുമ്പിലും, പുതിയ നിയമസഭയിലെ വിശ്വാസികളുടെ മുമ്പിലും.** (ചിത്രം-30)

**1. രക്ഷിക്കപ്പെടുക:-** ആദാം പാപം നിമിത്തം വീണ ശിക്ഷാവിധയിൽ നിന്ന് (ആത്മമരണം) യേശുക്രിസ്തുവിലൂടെ രക്ഷിക്കപ്പെടുക, അഥവാ ആത്മാവിൽ വീണ്ടും ജനിക്കുക, ഇതാണ് ജീവനിൽ കടക്കുന്നതിന്റെ ആദ്യ ഭാഗം. ഈ ഭാഗത്ത് യേശുക്രിസ്തു വില കൊടുത്തതിനാൽ ഈ ഭാഗം മനുഷ്യർക്ക് സൗജന്യമാണ്. അതുകൊണ്ടാണ് റോമാ ലേഖനത്തിൽ പൗലോസിലൂടെ ദൈവത്തിന്റെ ആത്മാവ് പറയുന്നത്, 'നിത്യജീവൻ ദാനമാണെന്ന്'.

ഒരു വ്യക്തി ജീവനിലേക്ക് കടക്കുന്നതിന് രണ്ട് ഭാഗങ്ങൾ ഉണ്ട്, **1. രക്ഷിക്കപ്പെടുക 2. മടക്കയാത്ര ചെയ്യുക,**

**"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ." (റോമ. 6:23)**

ആദാം നമുക്ക് മരണം നല്കി, യേശുക്രിസ്തു നമുക്ക് ജീവൻ നല്കി.

**2. മടക്കയാത്ര ചെയ്യുക:-** എന്നാൽ ജീവനിൽ കടക്കുന്നത്

രണ്ടാം ഭാഗത്തിലാണ്, നാം ദൈവത്തെ അനുസരിച്ച് (ആത്മാവിൽ വിതക്കുക), ക്രിസ്തുവിലൂടെ ദൈവത്തെ വിശ്വസിച്ചത് സത്യമാണെന്ന് ദൈവത്തിന്റെ മുമ്പിൽ തെളിയിക്കേണ്ടത്. ഇത് സംഭവിക്കുന്നത് മടക്കയാത്രയിലാണ്. ഇവിടെയാണ് 'ദൈവത്തോട്' അനുസരണം എന്ന

**ജീവനെ കണ്ടെത്തുവാനുള്ള യോഗ്യത ജീവനെ ക്രിസ്തുവിനായി കളയുകയാണ്. അതായത് 'ജീവന് പകരം ജീവൻ'. നാം നമ്മുടെ ജീവിതം, നമ്മുടെ സ്വപ്നങ്ങൾ നിർവ്വഹിക്കാൻ ഉപയോഗിക്കാതെ യേശുവിന്റെ ഇഷ്ടങ്ങൾ നിവർത്തിക്കുവാൻ വേണ്ടി ഏല്പിച്ചുകൊടുക്കുന്നതിലൂടെ മാത്രമേ, "ജീവന്റെ മറുവിലയായി ജീവനെ" നമുക്ക് കൊടുക്കുവാൻ കഴിയൂ.**

വില കൊടുക്കേണ്ടത്. ഇവിടെയാണ് വിശ്വാസത്തിന്റെ പരിശോധന വരുന്നത്. ഇവിടെയാണ് നാം യേശുവിനെ അനുഗമിക്കേണ്ടത്.

ഇന്ന് ബഹുഭൂരിപക്ഷം ക്രിസ്തീയ സമൂഹത്തിനും സൗജന്യമായി ദൈവം തരുന്ന നിത്യജീവന്റെ ഒന്നാമത്തെ ഭാഗമറിയാം. എന്നാൽ വില കൊടുക്കേണ്ട രണ്ടാമത്തെ ഭാഗം അറിയാവുന്നവർ വളരെ വിരളമാണ്. ഇതുകൊണ്ടാണ് നിത്യജീവൻ സൗജന്യമാണെന്ന് മാത്രം നാം ലോകത്തിൽ കേട്ടുവരുന്നത്. എന്നാൽ യേശുവിന്റെ രണ്ടായിരം വർഷം മുമ്പുള്ള പ്രസംഗം കേട്ടാൽ ഒന്ന് മനസ്സിലാകും, നാം ജീവനിൽ കടക്കുന്നതിന് യേശു വില ചോദിക്കുന്നുണ്ടെന്ന്.

> **"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടു കൊൾവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും?" (മത്താ. 16:26)**

## യേശു ജീവന് വില ചോദിക്കുന്നു....!

യേശു മാനവരാശിയോട് ചോദിക്കുകയാണ്, "തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്ത് വില കൊടുക്കും?"

യേശു മാനവരാശിയെ വീണ്ടെടുക്കുവാൻ കാൽവറി ക്രൂശിൽ മരി

ച്ചു, നമ്മെ വീണ്ടെടുത്തു. പക്ഷേ അതേ യേശു നമ്മോട് വ്യക്തിപരമായി ചോദിക്കുന്നു, **'യേശുവാകുന്ന ഞാൻ കാൽവറി ക്രൂശിൽ, നിന്റെ ജീവന് മറുവിലയായി തീർന്ന്, നിന്റെ ജീവനെ നേടും, ആ ജീവൻ ഞാൻ നിനക്ക് തരുന്നതിന് പകരമായി നീ എനിക്ക് എന്ത് തരും?'**

പത്രൊാസിനോടും കൂട്ടുകാരോടുമാണ് യേശു ഈ ചോദ്യം ചോദിച്ചത്. അവർ മിണ്ടാതിരുന്നു യേശു തന്നെ 'ജീവന്റെ' മറുവില പറഞ്ഞു.

**'ജീവന്റെ' മറുവില 'ജീവൻ'.** അതായത്, 'മനുഷ്യാ, ഞാൻ നിനക്ക് വേണ്ടി എന്റെ ജീവനെ കൊടുത്തു. നീ എനിക്ക് വേണ്ടി നിന്റെ ജീവനെ തരിക', മറ്റൊരു രീതിയിൽ പറഞ്ഞാൽ 'നീ ഇനി നിന്റേതല്ല, ദൈവത്തിന്റേതായി തീരണം, ശേഷിക്കുന്ന നിന്റെ ഭൂമിയിലെ ജീവിതകാലം നിനക്കുള്ളതല്ല, പകരം നിന്നിലൂടെ നിന്റെ ദൈവത്തിനുള്ളതാണ്, നിന്റെ ദൈവം വേണം നിന്നിലൂടെ വെളിപ്പെടുവാൻ'.

> **"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." (മത്താ. 16:25)**

അതിനുള്ള മാർഗ്ഗമാണ് തൊട്ട് മുമ്പിലുള്ള വാക്യത്തിൽ യേശു ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞ 'തന്നെ പിന്തുടരുക' അല്ലെങ്കിൽ 'മടക്കയാത്ര'.

> **"പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞത്: ഒരുത്തൻ എന്റെ**

***ജീവനിൽ കടക്കുവാനുള്ള രണ്ട് പടികളാണ് ഒന്ന്, രക്ഷിക്കപ്പെടുക, ഇത് സൗജന്യമാണ്. കാരണം യേശു വില മുടക്കി. രണ്ട്, നാം രക്ഷിക്കപ്പെട്ടപ്പോൾ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞത് സത്യമാണെന്ന് നാം ക്രിസ്തുവിനെ അനുഗമിക്കുന്നതിലൂടെ തെളിയിക്കുക.***

**പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ." (മത്താ. 16:24)**

എങ്കിൽ ആദാമിന് കിട്ടാതെപോയ ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കിട്ടും, നാം ദൈവരാജ്യം അവകാശമാക്കും.

## ദൈവം പാപങ്ങളെ ഓർക്കുന്നില്ല!

കർത്താവ് തന്റെ പുതിയ നിയമപ്രകാരം പാപങ്ങളെ ഓർക്കുന്നില്ലെന്നുള്ള ചിന്ത തിരുവചനത്തിൽ നിന്നും എനിക്ക് ലഭിക്കുവാൻ ഇടയായി.

**"ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്." (എബ്രാ.8:12)**

വേറെ ചില ഭാഗങ്ങൾ വായിച്ചപ്പോൾ പാപത്തിന് ബാലശിക്ഷ കൊടുക്കുന്ന പിതാവായി ദൈവത്തെ കാണുവാൻ ഇടയായി.

**"പാപത്തോട് പോരാടുന്നതിൽ നിങ്ങൾ ഇത് വരെ പ്രാണത്യാഗത്തോളം എതിർത്ത് നിന്നിട്ടില്ല. "മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്, കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏത് മകനേയും തല്ലുന്നു" എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്ന് കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്ന പോലെ നിങ്ങളോട് പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൌലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന് ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ?" (എബ്രാ.12:4-9)**

പക്ഷേ വേറെ ചില ഭാഗങ്ങൾ വായിച്ചപ്പോൾ ക്ഷമിച്ച പാപങ്ങളെ വീണ്ടും ജനത്തിന്റെ മേൽ കണക്കിടുന്നതായി കാണുവാൻ ഇടയായി.

**"സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്ക് തീർക്കാൻ ഭാവിക്കുന്ന ഒരു രാജാവിനോട് സദൃശ്യം. അവൻ കണക്ക് നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവന് വീട്ടു**

**വാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പ്പിച്ചു. അതുകൊണ്ട് ആ ദാസൻ വീണു അവനെ നമസ്കരിച്ചു: യജമാനനേ എന്നോട് ക്ഷമ തോന്നേണമേ ഞാൻ സകലവും തന്ന് തീർക്കാം എന്ന് പറഞ്ഞു. അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളെച്ചുകൊടുത്തു. ആ ദാസൻ പോകുമ്പോൾ തനിക്ക് നൂറ് വെള്ളിക്കാശ് കടമ്പെട്ട ഒരു കൂട്ടു ദാസനെ കണ്ട് തൊണ്ടെക്കു പിടിച്ച് ഞെക്കി: നിന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടുദാസൻ: എന്നോട് ക്ഷമ തോന്നേണമേ; ഞാൻ തന്ന് തീർക്കാം എന്ന് അവനോട് അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്ന് കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ സംഭവിച്ചത് അവന്റെ കൂട്ടു ദാസന്മാർ കണ്ടിട്ട് വളരെ ദു:ഖിച്ചു, ചെന്ന് സംഭവിച്ചതൊക്കെയും യജമാനനെ ബോധിപ്പിച്ചു. യജമാനൻ അവനെ വിളിച്ചു: ദുഷ്ടദാസനേ, നീ എന്നോട് അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളെച്ചു തന്നുവല്ലോ. എനിക്ക് നിന്നോട് കരുണ തോന്നിയത് പോലെ നിനക്കും കൂട്ട് ദാസനോട് കരുണ തോന്നേണ്ടതല്ലയോ എന്ന് പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു, അവൻ കടം ഒക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കൈയ്യിൽ ഏല്പിച്ചു." (മത്താ. 18:23-34)**

> **കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏത് മകനേയും തല്ലുന്നു.**

> ചുരുക്കിപ്പറഞ്ഞാൽ രക്ഷ ദാനമാണ്, ദൈവരാജ്യം 'അനുസരണം' എന്ന വില കൊടുത്ത് നാം അവകാശക്കുന്നതാണ്.

ഞാനാകെ ചിന്താക്കുഴപ്പത്തിലായി, 'പാപങ്ങളെ' ഓർക്കുന്നില്ല എന്നു പറഞ്ഞ ദൈവം 'പാപങ്ങൾക്ക്' പിതാവിനെപ്പോലെ ബാല ശിക്ഷകൾ കൊടുക്കുന്നു, മറ്റൊരു ഭാഗത്ത് ഒരു യജമാനനെപ്പോലെ, ക്ഷമിച്ചുകൊടുത്ത പാപങ്ങളെ വീണ്ടും കണക്കിട്ട് ശിക്ഷിക്കുന്നു. സമയത്തെ വിവേചിച്ചതോടുകൂടി ഈ ചിന്താക്കുഴപ്പത്തിൽ നിന്നും കരകയറുവാൻ ഇടയായി.

## പാപങ്ങളെ ശിക്ഷിക്കാതെ വിടുന്ന ദൈവം

**"ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ചു കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു**

**കർത്താവിന്റെ അരുളപ്പാടു." (എബ്രാ. 8:12)**

എബ്രാ. 8:12 പ്രകാരം ദൈവം ഒരു ഉപാധിയും കൂടാതെ പാപങ്ങൾ എത്ര വലിയതായാലും ക്ഷമിച്ചു തരുന്നത് യാത്രയിൽ നാം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോഴാണ്. ശിക്ഷയില്ലാതെ ക്ഷമിച്ചുകിട്ടുന്നതായ ഈ പാപങ്ങൾ നമ്മുടെ മടക്കയാത്രയിലെ പാപങ്ങളല്ല, പകരം നമ്മുടെ കഴിഞ്ഞകാല ജീവിതയാത്രയിൽ, അതായത് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനുമുമ്പ് നാം ചെയ്ത പാപങ്ങളാണ്. അതുകൊണ്ടാണ് തിരുവചനം പറയുന്നത്; ദൈവം തന്റെ സ്നേഹത്തിൽ നമ്മുടെ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിട്ടു എന്നത്.

**"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ," (റോമ. 3:25)**

## ബാലശിക്ഷ നൽകുന്ന പിതാവ്

എന്നാൽ മുൻകഴിഞ്ഞ പാപങ്ങളുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യർ മടക്കയാത്രയിൽ പാപം ചെയ്യരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനാലാണ് വ്യഭിചാരകുറ്റത്തിന് പിടിക്കപ്പെട്ട്, ന്യായപ്രമാണപ്രകാരം ന്യായവിധി നടപ്പാക്കുവാൻ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന സ്ത്രീയോടു യേശു പറഞ്ഞത് "പോക, ഇനി പാപം ചെയ്യരുത്" എന്ന്.

**"ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിച്ചിരുന്ന ഒരു സ്ത്രീയെ കൊണ്ടുവന്ന് നടുവിൽ നിർത്തി അവനോട്: ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നെ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു; നീ ഇവളെക്കുറിച്ച് എന്ത് പറയുന്നു എന്ന് ചോദിച്ചു. ഇത് അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന് അവനെ പരീക്ഷിച്ച് ചോദിച്ചതായിരുന്നു. യേശുവോ കുനിഞ്ഞ് വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു. അവർ**

മുൻകഴിഞ്ഞ പാപങ്ങളുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യർ മടക്കയാത്രയിൽ പാപം ചെയ്യരുതെന്ന് ദൈവം ആഗ്രഹിക്കുന്നു.

**അവനോട് ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിവിർന്നു: നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന് അവരോട് പറഞ്ഞു. പിന്നെയും കുനിഞ്ഞ് വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു. അവർ അത് കേട്ടിട്ട് മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടു പോയി; യേശു മാത്രവും നടുവിൽ നില്ക്കുന്ന സ്ത്രീയും ശേഷിച്ചു. യേശു നിവിർന്ന് അവളോട്: സ്ത്രീയേ, അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ എന്ന് ചോദിച്ചതിന്: ഇല്ല കർത്താവേ, എന്ന് അവൾ പറഞ്ഞു. ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല: പോക, ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു." (യോഹ. 8:3-11)**

'ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല' എന്ന് പറഞ്ഞ ഭാഗത്ത് യേശുക്രിസ്തു പാപിനിയായ ആ സ്ത്രീയുടെ മുൻകഴിഞ്ഞ പാപങ്ങളെ സൗജന്യമായി ക്ഷമിച്ചുകൊടുക്കുകയായിരുന്നു.

**"ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല: പോക, ഇനി പാപം ചെയ്യരുത്." (യോഹ. 8:11)**

ഇതിന്റെ അർത്ഥം ***ശിക്ഷായാത്രയിൽ നിന്നും സൗജന്യമായി വിടുതൽ പ്രാപിച്ച് മടക്കയാത്രയിൽ പ്രവേശിക്കുന്ന നാം ഇനി പാപം ചെയ്യുവാൻ യേശു ആഗ്രഹിക്കുന്നില്ലെന്നാണ്. പക്ഷേ, പാപം ചെയ്താലോ പിതാവിൽ നിന്ന് ബാലശിക്ഷ നാം പ്രാപിക്കേണ്ടി വരും.*** ഇതാണ് എബ്രായ ലേഖനത്തിൽ (എബ്രാ. 12:4-9) നാം കണ്ട ബാലശിക്ഷ നൽകുന്ന പിതാവ്.

**"പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല. മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു, കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു എന്നിങ്ങനെ മക്കളോടു എന്ന പോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൌലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നു**

**വല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴ ടങ്ങി ജീവിക്കേണ്ടതല്ലയോ?" (എബ്രാ. 12:4-9)**

ദൈവം നമുക്ക് ബാലശിക്ഷ നല്കിയാൽ ദൈവം നമ്മോട് മക്ക ളോട് എന്നപോലെ പെരുമാറുന്നു എന്നാണ് വചനം പറയുന്നത്.

## ക്ഷമിച്ച കടങ്ങളെ വീണ്ടും കണക്കിടുന്ന രാജാവ്!

എന്നാൽ ക്ഷമിച്ച പാപങ്ങളെ വീണ്ടും കണക്കിട്ട് ശിക്ഷിക്കുന്ന രാജാവായി ദൈവത്തെ കണ്ടതെന്ത്?

ഇതിന്റെ കാരണമോ; ***ശിക്ഷായാത്രയിൽ നിന്നും ദൈവം രക്ഷ പ്പെടുത്തിയ ഒരു വ്യക്തി, മടക്കയാത്രയിൽ ദൈവത്തിന് അനുരൂപമാകണമെന്ന് ദൈവത്തിന് നിർബന്ധമാണ്. അതാ യത് നമ്മോട് കരുണ കാണിച്ച ദൈവത്തെപ്പോലെ നാം കരു ണയുള്ളവരായിരിക്കണം, മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവത്തിന്റെ ഹൃദയം പോലെ നമ്മുടെ ഹൃദയവും ആക ണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.*** ഇവിടെ രാജാവ് (ദൈവം) ഈ വ്യക്തിയുടെ വലിയ കടം (പാപക്കടം) ക്ഷമിച്ചു കൊടുത്തു. അതാ യത് തന്റെ യാത്രയിലെ സകല പാപങ്ങളും ക്ഷമിച്ച് കൊടുത്തു, അദ്ദേ ഹത്തെ മടക്കയാത്രയ്ക്ക് അയച്ചു. പക്ഷേ മടക്കയാത്ര ചെയ്യേണ്ടതിന് പകരം അദ്ദേഹം വീണ്ടും യാത്ര തന്നെ പോയി, (ജഡത്തെ അനുസ രിച്ച് ജീവിച്ചു - റോമ. 8:7) അതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ സ്വഭാവം. തന്നോട് ക്ഷമിച്ച രാജാവിന്റെ (പിതാവിന്റെ) സ്വഭാവമാ കാതെ, തനിക്ക് അല്പമായി കടപ്പെട്ടിരിക്കുന്ന വ്യക്തിയെ തടവിൽ ആക്കി വച്ചത്.

> മറ്റുള്ളവരോട് നാം എങ്ങനെയാണോ പെരു മാറുന്നത് അതുപോലെ യാണ് ദൈവം നമ്മോടും പെരുമാറുന്നത്.

ഇതിൽ നിന്നും നമുക്ക് കിട്ടുന്ന സന്ദേശം എന്ന് പറയുന്നത്, ***രക്ഷിക്ക പ്പെട്ട് സ്വർഗ്ഗത്തിലേക്ക് മടക്കയാത്ര ചെയ്യേണ്ട നാം മടക്കയാത്ര ചെയ്യാതെ ജഡപ്രകാരം, ലോകത്തിനനുരൂപ മായ യാത്രയിൽ തന്നെ തുടരുന്നു എങ്കിൽ നമ്മുടെ സ്വഭാവത്തിന് മാറ്റ മില്ലാതെ നമ്മെ രക്ഷിച്ച ദൈവത്താൽ തന്നെ നാം ശിക്ഷാ വിധിയിൽ അകപ്പെടുവാൻ ഇടയാകും.*** നമ്മുടെ പ്രാർത്ഥനയിലും ഇങ്ങനെ പ്രാർത്ഥിക്കുവാനാണ് കർത്താവ് നമ്മോട് പറഞ്ഞത്, "ഞങ്ങ ളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളോടും ക്ഷമിക്കണമേ."

**"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കണമേ;"**
**(മത്താ. 6:12)**

നിങ്ങൾക്കും താല്പര്യമുണ്ടെങ്കിൽ യേശുവിനെ അനുസരിച്ച് സ്വർഗ്ഗത്തിലേക്ക് പോകുന്ന ഈ മടക്കയാത്രയിൽ ചേരാം.

മറ്റുള്ളവരോട് നാം എങ്ങനെയാണോ പെരുമാറുന്നത് അതുപോലെയാണ് ദൈവം നമ്മോടും പെരുമാറുന്നത്.

## വിശ്വാസവും അനുസരണവും തമ്മിലുള്ള ബന്ധം

ഞാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം വഴിയുള്ള രക്ഷയെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്നപ്പോൾ ബൈബിളിലെ വാക്കുകൾ തമ്മിൽ പരസ്പരം പെരുത്തപ്പെടാത്തതായി തോന്നി; എന്നാൽ വിശ്വാസവും അനുസരണവും തമ്മിലുള്ള ബന്ധം ദൈവമെനിക്ക് വെളിപ്പെടുത്തിത്തന്നതാണ് ഈ ചിന്താക്കുഴപ്പങ്ങളെ മാറ്റുവാൻ ഇടയാക്കിയത്.

ഭാഗം - A

## വിശ്വാസം വഴിയുള്ള രക്ഷയുടെ വാക്കുകൾ വിശ്വസിക്കുന്നവർക്ക് രക്ഷ

**"ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യ ജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു." (യോഹ. 5:24)**

**"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്." (യോഹ. 6:47)**

**"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."**
**(യോഹ. 3:16)**

**"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു."**
**(യോഹ. 3:18)**

**"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല." (റോമ. 8:1)**

**"ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം." (റോമ. 8:33)**

## യേശുക്രിസ്തു നമ്മെ പൂർണ്ണമായി രക്ഷിക്കുമെന്ന് പറയുന്നു.

**"അതുകൊണ്ട് അവൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു." (എബ്രാ. 7:25)**

**"നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്ന് ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു." (ഫിലി. 1:4)**

## ദൈവത്തിന് വാക്ക് മാറുവാനും ഭോഷ്ക് പറയുവാനും കഴിയുകയില്ല

**"അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്ക് തന്റെ ആലോചന മാറാത്തത് എന്ന് അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പു കൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചു കൊൾവാൻ ശരണത്തിനായി ഓടി വന്ന നാം മാറിപ്പോകാത്തതും ദൈവത്തിന് ഭോഷ്ക്കു പറവാൻ കഴിയാത്തതുമായ രണ്ട് കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു." (എബ്രാ. 6:17-18)**

ഈ വാക്യങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നത് യേശുക്രിസ്തുവിൽ വിശ്വസിച്ചവർ ഒരു നാളും നശിച്ച് പോവുകയില്ല എന്നുള്ള ദൈവത്തിന്റെ ഉറപ്പാണ്. മാത്രമല്ല ദൈവം ഭോഷ്ക് പറയുകയും ഇല്ല, വാക്ക് മാറുകയും ഇല്ല.

ഭാഗം - B

മുകളിലത്തെ വചനങ്ങളോട് യോജിക്കാത്തത് എന്ന് തോന്നുന്ന വാക്യങ്ങൾ:-

**യേശുവിനെ കർത്താവായി ഏറ്റ് പറഞ്ഞവർ തള്ളപ്പെടുന്നു.**

**"എന്നോട് കർത്താവേ, കർത്താവേ, എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

**യേശുവിന്റെ ദാസന്മാർ തള്ളപ്പെടുന്നു.**

**"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും." (മത്താ. 7:22-23)**

രക്ഷിക്കപ്പെട്ട സഭയിലുള്ള ജയം പ്രാപിക്കാത്ത വിശ്വാസികൾക്ക് ജീവവൃക്ഷത്തിന്റെ ഫലം കൊടുക്കും എന്ന് കർത്താവ് പറയുന്നില്ല.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." (വെളി. 2:7)**

സഭയിലുള്ള ജയിക്കുന്നവർക്ക് മാത്രമേ രണ്ടാം മരണത്താൽ ദോഷം വരാതിരിക്കുകയുള്ളൂ.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല." (വെളി. 2:11)**

യേശുവിനെ വിശ്വസിച്ച് സഭയിലുള്ള രക്ഷിക്കപ്പെട്ടവരിൽ ജയിക്കുന്നവരുടെ പേര് മാത്രമേ ജീവപുസ്തകത്തിൽ നിന്ന് മായിച്ചു കളയാതിരിക്കുകയുള്ളൂവെന്ന് ദൈവവചനം പറയുന്നു.

**"അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോട് കൂടെ നടക്കും. ജയിക്കുന്നവൻ വെള്ള ഉടുപ്പ് ധരിക്കും; അവന്റെ പേര് ഞാൻ ജീവപുസ്തകത്തിൽ നിന്ന് മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും." (വെളി. 3:5)**

യേശുക്രിസ്തുവിനെ വിശ്വസിച്ച് സഭയിൽ വന്ന വ്യക്തികൾ ലോകത്തിനനുരൂപരാകുന്നതിനാൽ യേശു അവരെ തള്ളിക്കളയുമെന്ന് താക്കീത് കൊടുക്കുന്നു.

**"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും." (വെളി. 3:15-16)**

ഇടുക്കുവാതിലിലൂടെ വേണം സ്വർഗ്ഗത്തിൽ കടക്കുവാൻ എന്ന് പറയുന്നു.

**"ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ." (മത്താ. 7:13-14)**

ഇടുക്കുവാതിലിലൂടെ കടപ്പാൻ ശ്രമിക്കുന്നവർ പരാജയപ്പെടുമെന്നും, കടക്കണമെങ്കിൽ പോരാടണമെന്നും പറയുന്നു.

**"അപ്പോൾ ഒരുത്തൻ അവനോട്: കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്ന് ചോദിച്ചതിന് അവനോട് പറഞ്ഞത്: ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴിയുകയില്ല താനും എന്ന് ഞാൻ നിങ്ങളോട് പറയുന്നു." (ലൂക്കൊ. 13:23-24)**

യേശുവിൽ വിശ്വസിച്ച വ്യക്തികൾ പിൻമാറി പോയാൽ വീണ്ടും മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാൻ കഴിയുകയില്ല എന്ന് പറയുന്നു.

**"ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്ക് തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന് ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല." (എബ്രാ. 6:4-6)**

ഇനിയും ധാരാളം വാക്യങ്ങൾ ഉണ്ട്. യേശുവിൽ ഒരുവൻ വിശ്വസി

ച്ചാൽ ആ വ്യക്തി ഒരിക്കലും നയിച്ചുപോവുകയില്ലെന്ന് ഭാഗം - A ൽ പറയുന്നതും യേശുവിൽ വിശ്വസിച്ചവർ ന്യായം വിധിക്കപ്പെടുമെന്നും, ജയം പ്രാപിച്ചില്ലെങ്കിൽ അവർക്ക് സ്വർഗ്ഗം നഷ്ടമാകുമെന്നും, പിന്മാറിയാൽ അവരെ തിരിച്ച് മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാൻ സാധിക്കില്ലെന്നും ഭാഗം - B ൽ പറയുന്നതും തമ്മിൽ പൊരുത്തപ്പെടുന്നതായി ഞാൻ കണ്ടില്ല. ഞാൻ ദൈവത്തോട് ചോദിച്ചു, *"ദൈവമേ അങ്ങേക്ക് വാക്ക് മാറുവാനും പറ്റില്ല, ഭോഷ്ക് പറയുവാനും പറ്റില്ല, പക്ഷേ ഈ പൊരുത്തമില്ലാത്ത വാക്കുകളിലൂടെ അങ്ങ് വാക്കുമാറുന്നതായും, ഭോഷ്ക് പറയുന്നതായും ജനങ്ങൾ തെറ്റിദ്ധരിക്കും. അങ്ങയുടെ ദാസനായ ഞാൻ എന്താണ് മനസ്സിലാക്കേണ്ടത്?"*

## വിശ്വാസത്തിന്റെ ഫലം

ദൈവം തിരുവചനത്തിലെ ഒരു ഭാഗം എനിക്ക് കാണിച്ച് തന്നു, അതിൽ ദൈവം ആഗ്രഹിക്കുന്ന വിശ്വാസം എന്താണെന്ന് എനിക്ക് വ്യക്തമാക്കിത്തന്നു. അതോട് കൂടെ ഇത് സംബന്ധിച്ച എന്റെ എല്ലാ തെറ്റിദ്ധാരണകളും മാറുവാൻ ഇടയായി. അത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാം.

"ദൈവം ആഗ്രഹിക്കുന്ന വിശ്വാസത്തിൽ ദൈവം കാണുന്നത്, ദൈവത്തോടുള്ള പൂർണ്ണ അനുസരണമാണ്." മറ്റൊരുരീതിയിൽ പറഞ്ഞാൽ,

യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിൽ 16, 18 വാക്യങ്ങളിലെല്ലാം, യേശുവിൽ വിശ്വസിക്കുന്നവർ ഒരു നാളും നശിക്കുകയില്ല, വിശ്വസിക്കുന്നവർക്ക് ന്യായവിധിയില്ല എന്നെല്ലാം പറയുമ്പോൾ നമ്മളിൽ അധികം പേരും അവിടം വരെ വായിച്ച് നിർത്തിയിട്ടുണ്ടാകും, എന്നാൽ ദൈവം ആഗ്രഹിക്കുന്ന വിശ്വാസം എന്താണെന്ന് അതേ അദ്ധ്യായത്തിന്റെ അവസാനവാക്യത്തിൽ എഴുതിയിരിക്കുന്നത് ദൈവമെനിക്ക് കാണിച്ച് തന്നു.

***ദൈവത്തെ സംബന്ധിച്ച് നാം ദൈവത്തെ വിശ്വസിക്കുന്നു എന്ന് പറഞ്ഞാൽ, ദൈവത്തെ അനുസരിക്കണമെന്നുള്ളതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അനുസരണത്തിലൂടെയാണ് വിശ്വാസം തെളിയിക്കപ്പെടുന്നത്.***

**"പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ." (യോഹ. 3:36)**

ഈ വാകൃത്തിന്റെ ആദ്യ ഭാഗം വിശ്വസിക്കുന്നവന് എന്ത് കിട്ടുമെന്നുള്ളതും, രണ്ടാം ഭാഗം അതിന് ദൈവം ആഗ്രഹിക്കുന്ന വിശ്വാസം ഏതുതരത്തിലുള്ളതാണെന്നുമാണ്.

1. വിശ്വസിക്കുന്നവന് കിട്ടുന്നത് – നിത്യജീവൻ
2. ഏത് തരത്തിലുള്ള വിശ്വാസം – ക്രിസ്തുവിനെ അനുസരിക്കുന്ന വിശ്വാസം.

വിശ്വാസം എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ദൈവത്തെ അനുസരിക്കുന്നതാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ,

## സത്യമായ വിശ്വാസത്തിന്റെ ഫലമാണ് "അനുസരണം".

**സത്യമായവിശ്വാസം = അനുസരണം**

ഇനി നാം നേരത്തെ വായിച്ച "ഭാഗം – A" യിൽ വിശ്വാസം എന്ന സ്ഥാനത്തെല്ലാം "**അനുസരണം**" എന്ന് കൂട്ടിയെഴുതി വായിച്ചാൽ നമുക്ക് ഒരിക്കലും ചിന്താക്കുഴപ്പങ്ങൾ ഉണ്ടാകുകയില്ല. മാത്രമല്ല ദൈവം സത്യവാനാണെന്നും, വാക്ക് മാറുകയില്ലെന്നും നമുക്ക് ഉറപ്പിക്കുകയും ചെയ്യാം.

**"തന്റെ ഏകജാതനായ പുത്രനെ അനുസരിക്കുന്ന (വിശ്വസിക്കുന്ന) ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ. 3:16)**

**"അവനെ അനുസരിക്കുന്നവർക്ക് (വിശ്വസിക്കുന്നവർക്ക്) ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു." (യോഹ. 3:18)**

**"പുത്രനെ അനുസരിക്കുന്നവന് (വിശ്വസിക്കുന്നവന്) നിത്യ**

**ജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണു കയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ."**
**(യോഹ. 3:36)**

**"ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ അനുസരിക്കുന്നവന് (വിശ്വസിക്കു ന്നവന്) നിത്യ ജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്ക് കടന്നിരിക്കുന്നു."**
**(യോഹ. 5:24)**

**"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: അനുസരി ക്കുന്നവന് (വിശ്വസിക്കുന്നവന്) നിത്യജീവൻ ഉണ്ട്."**
**(യോഹ. 6:47)**

എന്റെ പ്രിയ സഹോദരങ്ങളേ, ഞാൻ വിശ്വസിക്കുന്നു, എന്റെ ചിന്താക്കുഴപ്പം മാറിയത് പോലെ നിങ്ങളുടെ ചിന്താക്കുഴപ്പവും മാറി യെന്ന്.

പ്രിയരേ, സമയം വിവേചിക്കാൻ പഠിച്ചതിലൂടെ പല അബദ്ധധാര ണകളും എന്റെ ജീവിതത്തിൽ നിന്ന് മാറുവാനിടയായി. എന്നെ രക്ഷിച്ച എന്റെ പിതാവിന്റെ സ്വഭാവം എന്നിൽ വെളിപ്പെടുവാൻ ലോകത്തിൽ നിന്നും കേൾക്കുന്ന ചിന്തകളല്ല, പകരം 'മടക്കയാത്രയാണ്' പരിഹാ രമെന്ന് എനിക്ക് മനസ്സിലായി. ഈ 'മടക്കയാത്രയിൽ' എന്റെ സ്വഭാ വത്തെ ദൈവം മാറ്റുവാൻ തുടങ്ങി. ഇന്നും അത് തുടരുന്നു. പ്രിയരേ, നിങ്ങൾക്കും താല്പര്യമുണ്ടെങ്കിൽ യേശുവിനെ അനുസരിച്ച് സ്വർഗ്ഗ ത്തിലേക്ക് പോകുന്ന ഈ മടക്കയാത്രയിൽ ചേരാം.

**പ്രാർത്ഥന**



ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, തെറ്റിദ്ധാരണക ളുടെയും, അജ്ഞതകളുടെയും ഇരുളിൽ കിടന്നിരുന്ന ഞങ്ങളുടെ ചിന്തക്ക് സ്വർഗ്ഗീയപ്രകാശനം തന്നു കൊണ്ടിരിക്കുകയാൽ നന്ദി. തുടർന്ന് ഇനിയും ഞങ്ങളെ പഠിപ്പിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.



## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. 'സമയത്തെ വിവേചിക്കുക' എന്നു പറഞ്ഞാൽ യാത്രയെയും മടക്കയാത്രയെയും രണ്ടു വ്യത്യസ്ത ദിശകളിലേക്കുള്ള മനുഷ്യവർഗ്ഗത്തെ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനുമുള്ള ദൈവത്തിന്റെ പ്രവർത്തനമായി വേണം കാണുവാൻ.
2. യാത്ര മരണത്തിന്റെ യാത്രയാണെങ്കിൽ മടക്കയാത്ര ജീവന്റെ യാത്രയാണ്.
3. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതോടുകൂടെ മനുഷ്യർ പിശാചിൽ നിന്ന് വിടുതൽ പ്രാപിച്ച് നിത്യശിക്ഷാവിധിയായ തീപ്പൊയ്കയിലേക്കുള്ള യാത്ര അവസാനിപ്പിച്ച് മടക്കയാത്രയിലായി, ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെടുന്നു. ഇതിനെയാണ് നാം രക്ഷിക്കപ്പെടുക എന്നു പറയുന്നത്.
4. ശിക്ഷാകരമായ യാത്രയെ യേശു രക്ഷാകരമായ യാത്രയാക്കി മാറ്റി. ഇനി മടക്കയാത്രയിൽ ഈ രക്ഷിക്കപ്പെട്ടവർ പോകേണ്ടത് ആത്മാവിനെ അനുസരിച്ച് സ്വർഗ്ഗരാജ്യത്തിലേക്കാണ്.
5. രക്ഷിക്കപ്പെടാൻ നമ്മുടെ പുണ്യപ്രവൃത്തിയോ മറ്റു പ്രവർത്തനങ്ങളോ കൊണ്ട് നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ടതായ യാതൊരു ആവശ്യവുമില്ല, രക്ഷിക്കപ്പെടുവാനുള്ള അവസരം ദൈവത്തിന് നമ്മിൽ പ്രസാദമുള്ളതുകൊണ്ടാണ് നമ്മെ തേടിയെത്തിയത്.
6. പിതാവിന്റെ 'ശിക്ഷയുടെ പ്രസ്താവനയിൽ' പറഞ്ഞിരിക്കുന്ന പ്രവൃത്തി ചെയ്താൽ മരിക്കും എന്നാണെങ്കിൽ പുത്രന്റെ 'രക്ഷയുടെ പ്രസ്താവനയിൽ' വാഗ്ദത്തം ചെയ്യുന്നത്, മരിച്ചവർക്ക് ജീവനും യേശുവിനെ അനുസരിക്കുന്നവർക്ക് ദൈവരാജ്യത്തിൽ നിത്യമായ ജീവിതവും ആകുന്നു.

7. പിശാചിന്റെ പിടിയിൽ നിന്നും നിത്യശിക്ഷാവിധിയിൽ നിന്നും യേശു രക്ഷിച്ചിട്ടും, സ്വർഗ്ഗരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യാതെ, വീണ്ടും ലോകത്തിലേക്ക് യാത്ര ചെയ്യുന്നവരെ ശിക്ഷാവിധിയിലേക്ക് വീണ്ടും തള്ളിക്കളയുന്നത് പിശാചല്ല, യേശു തന്നെയാണ്.

8. ഈ ലോകം മനുഷ്യരെ പരീക്ഷിച്ചറിയുന്ന ദൈവത്തിന്റെ പരീക്ഷാഹാളാണ്. ദൈവം പരിശോധിക്കുന്നത് 'മനുഷ്യൻ ദൈവത്തിന് കീഴ്പ്പെട്ട് ദൈവത്തെ അനുസരിക്കുമോ ഇല്ലയോ എന്നതാണ്'.

9. മനുഷ്യനെ പരിശോധിച്ചറിയണമെന്നതാണ്, ആദാം വീഴുന്നതിന് മുമ്പുള്ള, യേശുവിനെ വാഗ്ദാനം ചെയ്യുന്നതിന് മുമ്പുള്ള, യേശുവിന്റെ സുവിശേഷത്തിന്റെ ആവശ്യകതയില്ലാത്ത സമയത്തുള്ള ദൈവത്തിന്റെ പദ്ധതി. ദൈവത്തിന്റെ ഈ പദ്ധതിക്ക് മാറ്റമൊന്നും ഇല്ലെന്നാണ് നാം ആദ്യം തന്നെ മനസ്സിലാക്കേണ്ടത്.

10. ക്രിസ്തുവിന്റെ പ്രവൃത്തിയാൽ സൗജന്യമായി രക്ഷിക്കപ്പെട്ട നാം ആത്മാവിൽ വിതച്ച് [മടക്കയാത്ര ചെയ്തു,] അതായത് ദൈവത്തിന് കീഴ്പ്പെട്ട്, ദൈവത്തെ അനുസരിച്ച് ജയം പ്രാപിച്ചാൽ ആദാമിന് കിട്ടാത്ത ജീവവൃക്ഷത്തിന്റെ ഫലം ദൈവം നമുക്ക് തിന്മാൻ തരികയും നാം ജീവനിൽ കടക്കുകയും ചെയ്യും.

11. നമ്മുടേതല്ലാത്ത കുറ്റം കൊണ്ട് നാം ആദാമിന്റെ പാപത്തിന്റെ പങ്കാളിയായി. കരുണാനിധിയായ ദൈവം സൗജന്യമായി നമ്മെ അതിൽ നിന്ന് യേശുക്രിസ്തുവിലൂടെ രക്ഷിച്ചു.

12. ഒരു വ്യക്തി ജീവനിലേക്ക് കടക്കുന്നതിന് രണ്ട് ഭാഗങ്ങൾ ഉണ്ട്, 1. രക്ഷിക്കപ്പെടുക 2. മടക്കയാത്ര ചെയ്യുക.

13. 'വിശ്വാസം' എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ദൈവത്തെ അനുസരിക്കുക എന്നതാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ അനുസരണത്തിലൂടെയാണ് വിശ്വാസം തെളിയിക്കപ്പെടുന്നത്.

14. സത്യമായ വിശ്വാസത്തിന്റെ ഫലമാണ് "അനുസരണം".

15. രക്ഷിക്കപ്പെടാൻ നമുക്ക് ദൈവപ്രസാദം വേണ്ട, ദൈവപ്ര

സാദം ഉള്ളതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടത്. പക്ഷേ രക്ഷിക്കപ്പെട്ടതിനുശേഷം നാം ദൈവത്തെ പ്രസാദിപ്പിക്കണം.

16.ജീവനെ കണ്ടെത്തുവാനുള്ള യോഗ്യത, ജീവനെ ക്രിസ്തുവിനായി കളയുകയാണ്. അതായത് 'ജീവന് പകരം ജീവൻ'. നാം നമ്മുടെ ജീവിതം, നമ്മുടെ സ്വപ്നങ്ങൾ നിർവ്വഹിക്കാൻ ഉപയോഗിക്കാതെ യേശുവിന്റെ ഇഷ്ടങ്ങൾ നിവർത്തിക്കുവാൻ വേണ്ടി ഏല്പിച്ചുകൊടുക്കുന്നതിലൂടെ മാത്രമേ, "ജീവന്റെ മറുവിലയായി ജീവനെ" നമുക്ക് കൊടുക്കുവാൻ കഴിയുകയുള്ളൂ.

17.മുൻകഴിഞ്ഞ പാപങ്ങളുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യർ മടക്കയാത്രയിൽ പാപം ചെയ്യരുതെന്ന് ദൈവം ആഗ്രഹിക്കുന്നു.

18.മറ്റുള്ളവരോട് നാം എങ്ങനെയാണോ പെരുമാറുന്നത് അതുപോലെയാണ് ദൈവം നമ്മോടും പെരുമാറുന്നത്.

19.ദൈവത്തെ രക്ഷിതാവായി സ്വീകരിച്ച എല്ലാ വ്യക്തികൾക്കും എത്രയും പെട്ടെന്ന് തന്നെ ഈ ലോക സമ്പ്രദായം ഉപേക്ഷിക്കാനുള്ള മനോഭാവം ഉണ്ടായിരിക്കണം. അതോടൊപ്പം തന്നെ ദൈവരാജ്യത്തിലേക്കുള്ള 'മടക്കയാത്രയും' ഉണ്ടായിരിക്കണം.

20.ഉല്പത്തി 2:17 ൽ ഏദെനിൽ സംഭവിച്ച "ശിക്ഷാവിധിയിൽ" നിന്ന്, വീണ്ടും ജനിച്ച വിശ്വാസികൾ സ്വതന്ത്രരാകുന്നു. എന്നാൽ ഇത് ബൈബിളിൽ 2 കൊരി.5:10, 1 പത്രൊ. 4:17-18, മത്താ.7:21-23, യാക്കൊ.2:12 ലും പ്രസ്താവിച്ച ക്രിസ്തുവിന്റെ, വരുവാനുള്ള ന്യായവിധിയിൽ നിന്ന് വിശ്വാസികളെ സ്വതന്ത്രമാക്കുകയല്ല ചെയ്യുന്നത്. അതുകൊണ്ട് മത്തായി 7:13 ൽ യേശു പറഞ്ഞത് പോലെ ഇടുക്കുവാതിലിലൂടെ അകത്ത് കടക്കുവാൻ പോരാടുവിൻ.



## അദ്ധ്യായം 16

# ദൈവഭക്തരായ നാം യാത്രയിലോ, മടക്കയാത്രയിലോ?

"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു." (ലൂക്കൊ. 16:16)

***നാം*** യാത്രയിലോ, മടക്കയാത്രയിലോ എന്ന് നാം നമ്മെത്തന്നെ ഒന്ന് പരീക്ഷിക്കേണ്ടത് ആവശ്യമാണ്. കാരണം 'യാത്ര' പഴയ നിയമത്തിലുള്ളതും 'മടക്കയാത്ര' പുതിയ നിയമത്തിലുള്ളതും ആകുന്നു. ഈ ഒരു സത്യം നാം തിരിച്ചറിയാതെ പോയാൽ നമുക്ക് തന്നെയാണ് നഷ്ടം. 'സിലബസ് പുതുക്കിയതറിയാതെ പഴയ സിലബസ് തന്നെ പഠിച്ചുകൊണ്ടിരുന്ന ഒരു കുട്ടിയുമായി ഇതിനെ താരതമ്യം ചെയ്യാം. രണ്ട് കുട്ടികൾ പരീക്ഷ എഴുതുന്നത് എങ്ങനെയെന്ന് നമുക്ക് നോക്കാം. ഒരുവൻ പഴയ സിലബസ് പ്രകാരം പഠിക്കുന്നു. മറ്റൊരുവൻ പുതിയ സിലബസ് അനുസരിച്ച് പഠിക്കുന്നു. പക്ഷേ പരീക്ഷാഫലം വരുമ്പോൾ പഴയ സിലബസ് എഴുതിയ കുട്ടി തോറ്റ് പോകും, പുതിയ സിലബസ് എഴുതിയ കുട്ടി ജയിക്കും.'

> യാത്രയിലെല്ലാം മനുഷ്യനിൽ നിന്നാരംഭിക്കുന്നു. എന്നാൽ മടക്കയാത്രയിൽ ദൈവത്തിൽ നിന്നാരംഭിക്കുന്നു.

കർത്താവ് തന്റെ ഗിരിപ്രഭാഷണങ്ങൾ (മത്തായി 5,6,7) കഴിഞ്ഞിട്ട് ഇങ്ങനെ പറഞ്ഞു: ഈ മടക്കയാത്രയുടെ (ദൈവരാജ്യത്തിന്റെ) വചനങ്ങൾ കേട്ട് ചെയ്യുന്നവനും, കേട്ട് ചെയ്യാത്തവനും രണ്ടുപേരും വീട് പണിയുകയാണ്. ന്യായവിധി എന്ന വന്മഴയിൽ ഒരുവന്റെ പണി നിലനിൽക്കും, അപരന്റെ പണി തകർന്ന് പോകും.

**"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലച്ചു; അത് പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീട് പണിത മനുഷ്യനോട്**

**തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അത് വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു." (മത്താ. 7:24–27)**

## ഒന്നാമത്തെ പരിശോധന (Check point - 1)
## മാനസാന്തരം (ദിശ മാറ്റുക)

### നാം യാത്രയിലോ, മടക്കയാത്രയിലോ? നമ്മെത്തന്നെ ശോധന ചെയ്യാം.

മാനസാന്തരം എന്ന് പറഞ്ഞാൽ 'വ്യത്യസ്തമായി ചിന്തിക്കുക', ദിശ മാറ്റുക അല്ലെങ്കിൽ മുന്നോട്ട് പോകുന്ന ഒരു വണ്ടി ദിശ മാറ്റി പുറകിലേക്ക് U-turn എടുക്കുക എന്നൊക്കെയാണ് അർത്ഥമെന്ന് നാം മുൻ അദ്ധ്യായങ്ങളിൽ പഠിച്ചുവല്ലോ.

നാം യാത്രയിലാണോ മടക്കയാത്രയിലാണോ എന്നുള്ളതിന്റെ ആദ്യത്തെ ചെക്ക് പോയിന്റ് നാം മാനസാന്തരപ്പെട്ടോ, ഇല്ലയോ എന്നുള്ളതാണ്.

യാത്രയിലായിരിക്കുന്ന ഒരു വ്യക്തിക്ക് മാനസാന്തരപ്പെടാതെ (ഹൃദയത്തിൽ ദിശതിരിയാതെ) ഒരിക്കലും മടക്കയാത്രയിലേക്ക് വരുവാൻ കഴിയുകയില്ല.

യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലേക്കും മടക്കയാത്ര അതിന് വിപരീതമായി ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്കുമാണ്. യാത്രയിലായിരിക്കുന്ന ഒരു വ്യക്തിക്ക് മാനസാന്തരപ്പെടാതെ (ഹൃദയത്തിൽ ദിശതിരിയാതെ) ഒരിക്കലും മടക്കയാത്രയിലേക്ക് വരുവാൻ കഴിയുകയില്ല. യാത്രയിൽ (പഴയനിയമത്തിൽ) ദൈവം മനുഷ്യരെ ലോകത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു. മടക്കയാത്രയിൽ (പുതിയനിയമത്തിൽ) ദൈവം മനുഷ്യരെ ദൈവരാജ്യത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു. ഇന്ന് നാം ക്രിസ്തുവിനെ സേവിക്കുമ്പോൾ എന്തിനാണ് പ്രാധാന്യം കൊടുക്കുന്നത് താല്ക്കാലിക ലോകത്തിൽ യഥാസ്ഥാനപ്പെടുവാനാണോ, അതോ നിത്യസ്വർഗ്ഗത്തിൽ യഥാസ്ഥാനപ്പെടുവാനാണോ? നമ്മോട് തന്നെ

യാത്രയിൽ (പഴയനിയമത്തിൽ) ദൈവം മനുഷ്യരെ ലോകത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു. മടക്കയാത്രയിൽ (പുതിയനിയമത്തിൽ) ദൈവം മനുഷ്യരെ ദൈവരാജ്യത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു.

ചോദിക്കുക? നാമും ദൈവവും മാത്രമറിയുന്ന നമ്മുടെ ഹൃദയത്തിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കുക. നിത്യസ്വർഗ്ഗത്തിലേക്ക് പോകുന്നു എന്ന ഉത്തരമാണ് ലഭിക്കുന്നതെങ്കിൽ നാം നമ്മുടെ ഹൃദയം കൊണ്ട് സ്വർഗ്ഗയാത്രയ്ക്ക് (മടക്കയാത്രയ്ക്ക്) തിരിഞ്ഞിട്ടുണ്ട്, അല്ലെങ്കിൽ നാം ഇന്നും യാത്രയിലാണ് കർത്താവിനെ സേവിക്കുന്നത്.

## രണ്ടാമത്തെ പരിശോധന (Check point - 2)

**നാം നമ്മിൽ നിന്നോ, ദൈവത്തിൽ നിന്നോ ആരംഭിക്കുന്നത്?**

മുൻ അദ്ധ്യായത്തിൽ സമ്പൂർണ്ണ ബൈബിൾ ഒന്നേകാൽ വാക്യത്തിലൂടെ കർത്താവ് പഴയനിയമത്തിലും പുതിയനിയമത്തിലും മനുഷ്യൻ എന്ത് ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് വെളിപ്പെടുത്തിയല്ലോ.

പഴയനിയമം ലോകത്തിലേക്കുള്ള യാത്രയാണ്, പുതിയനിയമം ദൈവരാജ്യത്തിലേക്കുള്ള യാത്രയാണ്.

പഴയനിയമം ലോകത്തിലേക്കുള്ള യാത്രയാണെന്നും പുതിയനിയമം ദൈവരാജ്യത്തിലേക്കുള്ള മടക്കയാത്രയാണെന്നും നാം പഠിച്ചു. യാത്രയിൽ നാം ലോകത്തിൽ മറ്റുള്ളവരോടുള്ള പ്രവർത്തനം ആരംഭിക്കുന്നത് നമ്മിൽ നിന്ന് തന്നെയാണ്. അതായത് നമ്മുടെ ഇച്ഛയിൽ നിന്നാണ്, കാരണം നാം യാത്ര ചെയ്യുന്നത് ദൈവരാജ്യത്തിലേക്കല്ല, മനുഷ്യരാജ്യത്തിലേക്കാണ്.

ദൈവരാജ്യത്തിൽ എല്ലാം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്, മനുഷ്യനിൽ നിന്നല്ല.

**"മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇത് തന്നേ. ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ." (മത്താ. 7:12)**

എന്നാൽ മടക്കയാത്രയിൽ (പുതിയനിയമത്തിൽ) നാം കടക്കുവാൻ പോകുന്നത് ദൈവരാജ്യത്തിലേക്കാണ്. മത്തായി 7:13 ൽ ഇടുക്കുവാ

*യാത്രയിൽ നാം നമ്മുടെ ഇഷ്ടത്തിൽ നിന്നാണ് ആരംഭിക്കുന്നത്. പക്ഷേ മടക്കയാത്രയിൽ ആയിരിക്കുന്ന ഒരു വ്യക്തി ദൈവേഷ്ടത്തിൽ നിന്ന് ആരംഭിച്ചേ പറ്റൂ.*

തിലിലൂടെ (ദൈവരാജ്യത്തിൽ) കടപ്പിൻ. ദൈവരാജ്യത്തിൽ എല്ലാം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്, മനുഷ്യനിൽ നിന്നല്ല.

'തന്നെത്താൻ നിഷേധിക്കുക' എന്നു പറഞ്ഞാൽ, തന്റെ ഇഷ്ടത്തെ മരിപ്പിക്കുക.

ഇതിന്റെ അർത്ഥം യാത്രയിൽ നാം നമ്മുടെ ഇഷ്ടത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്, മടക്കയാത്രയിൽ ദൈവേഷ്ടത്തിനും.

യാത്രയിൽ മനുഷ്യന്റെ ഇഷ്ടവും, മടക്കയാത്രയിൽ ദൈവത്തിന്റെ ഇഷ്ടവുമാണ്.

***നാം യാത്രയിൽ ആണെങ്കിൽ നമ്മുടെ ഇഷ്ടത്തിനായിരിക്കും പ്രാധാന്യം കൊടുക്കുക,*** ദൈവേഷ്ടത്തിനായിരിക്കയില്ല. അങ്ങനെയാണെങ്കിൽ നാം മടക്കയാത്രയിലല്ല. കർത്താവിനെ അനുഗമിക്കുന്നതാണ് മടക്കയാത്ര. കർത്താവ് പറയുന്നത് ശ്രദ്ധിക്കുക...

മനുഷ്യരുടെ രാജ്യത്തിൽ എല്ലാം മനുഷ്യരിൽ നിന്ന് ആരംഭിക്കുന്നു. ദൈവരാജ്യത്തിൽ എല്ലാം ദൈവത്തിൽ നിന്ന് ആരംഭിക്കുന്നു.

**"പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കൊ. 9:23)**

'തന്നെത്താൻ നിഷേധിക്കുക' എന്നു പറഞ്ഞാൽ, തന്റെ ഇഷ്ടത്തെ മരിപ്പിച്ച് ദൈവേഷ്ടത്തിനായി ജീവിക്കുക. അപ്പോഴാണ് നാം ദൈവരാജ്യത്തിലേക്കാവുക, കാരണം നാം അപ്പോൾ ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. മനുഷ്യരുടെ രാജ്യത്തിൽ എല്ലാം മനുഷ്യരിൽ നിന്ന് ആരംഭിക്കുന്നു. ദൈവരാജ്യത്തിൽ എല്ലാം ദൈവത്തിൽ നിന്ന് ആരംഭിക്കുന്നു.

നമ്മുടെ ജീവിതം നാം നമ്മിൽ നിന്നല്ല, ദൈവത്തിൽ നിന്നാണ് ആരംഭിക്കുന്നതെങ്കിൽ നാം മടക്കയാത്രയിലാണ്.

നമ്മുടെ ജീവിതം നാം നമ്മിൽ നിന്നല്ല, ദൈവത്തിൽ നിന്നാണ് ആരംഭിക്കുന്നതെങ്കിൽ നാം മടക്കയാത്രയിലാണ്.

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ. 8:14)**

**പരിശുദ്ധാത്മാവിനെ അനുസരിച്ചുള്ള ജീവിതമാണ് ദൈവത്തിൽ നിന്ന് ആരംഭി ക്കുന്ന ജീവിതം. ഈ ജീവിതം അന്നന്നുള്ള ആഹാരത്തിൽ നിന്നാരംഭിക്കുന്ന (ആത്മാവ് വെളിപ്പെടുത്തുന്ന വചനത്തിൽ നിന്ന്) ജീവിതമാണ്.**

പരിശുദ്ധാത്മാവിനെ അനുസരിച്ചുള്ള ജീവിതമാണ് ദൈവത്തിൽ നിന്ന് ആരംഭിക്കുന്ന ജീവിതം. ഈ ജീവിതം അന്നന്നുള്ള ആഹാരത്തിൽ നിന്നാരംഭിക്കുന്ന (ആത്മാവ് വെളിപ്പെടുത്തുന്ന വചനത്തിൽ നിന്ന്) ജീവിതമാണ്.

## മൂന്നാമത്തെ പരിശോധന (Check point - 3)


### മടക്കയാത്ര ചെയ്താൽ പ്രതികൂലങ്ങൾ ഉറപ്പ്

**"ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രേ എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഇനിമേൽ ഒരു വീട്ടിൽ ഇരുവരോട് മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചു പേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ മകളോടും മകൾ അമ്മയോടും അമ്മാവിയമ്മ മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രിച്ചിരിക്കും." (ലൂക്കൊ. 12:51-53)**

ലോകത്തിന്റെ ഒഴുക്കിനെ തിരെയുള്ള ഒഴുക്കാണ് മടക്കയാത്ര.

യേശുക്രിസ്തു പറഞ്ഞ ഈ വാക്ക് *"ഞാൻ ഭൂമിയിൽ **സമാധാനമല്ല ഛിദ്രം** വരുത്തുവാൻ അത്രേ വന്നത്."* എന്നത് പലർക്കും അതിശയോക്തി ഉണ്ടാക്കുന്നതാണ്. കാരണം സമാധാനപ്രഭുവായ യേശു എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത്!

ഒരു ചിത്രത്തിന്റെ സഹായത്തോടെ ഇത് വിവരിക്കാം.(ചിത്രം-31)




(ചിത്രം-31)

**ലോകത്തിന്റെ ഒഴുക്കിനെതിരെയുള്ള ഒഴുക്കാണ് മടക്കയാത്ര.**

യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലേക്കാണ്. കുറച്ചുകൂടി വിശദമായി പറഞ്ഞാൽ, യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലൂടെ തീപ്പൊയ്കയിലേക്കാണ്. ഒരു വീട്ടിൽ അപ്പൻ, അമ്മ, മകൻ, മകൾ എന്നീ നാലുപേരുണ്ടെന്നിരിക്കട്ടെ. രക്ഷിക്കപ്പെടാത്ത ഇവർ എല്ലാവരും യാത്രയിലാണ്. അതായത് ലോകത്തിന് അനുരൂപമായി, ലോകത്തിലേക്ക് തന്നെ ഒഴുകികൊണ്ടിരിക്കുകയാണ്. ഈ സമയത്ത് ഇവരുടെയെല്ലാവരുടെയും ഒഴുക്ക് ലോകത്തിലേക്ക് ആകയാൽ ഇവർ തമ്മിൽ ഐക്യത ഉണ്ടാകും.

യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലേക്കാണ്. കുറച്ചുകൂടി വിശദമായി പറഞ്ഞാൽ, യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകത്തിലൂടെ തീപ്പൊയ്കയിലേക്കാണ്.

എന്നാൽ ഭർത്താവായ നിങ്ങൾ ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ട് മാനസാന്തരപ്പെടുകയും മടക്കയാത്ര ചെയ്യാനും തുടങ്ങിയാൽ ഉടനെ നിങ്ങൾ;

**നിങ്ങളുടെ വീട്ടിലെ മറ്റുള്ളവർ ആയിരിക്കുന്ന ദുഷ്ടന്റെ അധീനതയിൽ നിന്നു ദൈവരാജ്യത്തിലേക്ക് വീണ്ടും ജനിക്കുകയും, ലോകത്തിന്റെ ഒഴുക്കിനെതിരെ മടക്കയാത്ര ചെയ്യുകയും ചെയ്യും. ഭൗതികമായി നിങ്ങൾ കുടുംബമായി ഒരു വീട്ടിൽ താമസിക്കുന്നു എങ്കിലും, ആത്മീയമായി നിങ്ങൾ ആയിരിക്കുന്നത് രണ്ട് വ്യത്യസ്ത രാജ്യങ്ങളിലാണ്. പിശാചിന്റെ രാജ്യത്തിലാണ് നിങ്ങളുടെ കുടുംബാംഗങ്ങൾ ആയിരിക്കുന്നത്, നിങ്ങൾ ദൈവരാജ്യത്തിലും. മാത്രമല്ല നിങ്ങൾ സ്വർഗ്ഗത്തിലേക്ക് മടക്കയാത്ര ചെയ്യുമ്പോൾ, അതിന് വിപരീതമായി നിങ്ങളുടെ കുടുംബാംഗങ്ങൾ ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് യാത്ര ചെയ്യുകയാണ്. ഇങ്ങനെ പരസ്പരം എതിർദിശകളിൽ യാത്ര ചെയ്യുമ്പോഴാണ് വീട്ടിലുള്ളവർ തമ്മിൽ പരസ്പരം സമാധാനമില്ലായ്മ ഉണ്ടാകുന്നത്.**

ഇതുകൊണ്ടാണ് യേശു പറഞ്ഞത്, 'ഞാൻ ഭൂമിയിൽ സമാധനമല്ല വാളത്രേ വരുത്തുവാൻ വന്നത്'

**"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്ന് നിരൂപിക്കരുത്; സമാധാനം അല്ല വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്." (മത്താ. 10:34)**

യേശുവിന്റെ ഹൃദയത്തിൽ മടക്കയാത്രയുടെ പ്രാധാന്യം എത്രത്തോളം ഉണ്ടെന്ന് എന്റെ പ്രിയ സഹോദരങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. ക്രിസ്തുയേശുവിനെ 'പിന്തുടരുവാൻ' ആഗ്രഹിച്ചാൽ നിങ്ങൾക്കും നിശ്ചയമായും ഉപദ്രവം ഉണ്ടാകും.

**"എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും." (2 തിമൊ. 3:12)**

ഈ ഉപദ്രവം നാം യേശുവിനെ പിന്തുടർന്ന് മടക്കയാത്ര ചെയ്യുന്നുണ്ടോ എന്നുള്ളതിന്റെ തെളിവാണ്. മനുഷ്യരെ പ്രസാദിപ്പിക്കാൻ ലോകാനുരൂപമായി പോകുന്നവർക്ക് ഉപദ്രവം ഉണ്ടാകണമെന്നില്ല, പക്ഷേ അവർ ഇപ്പോഴും യാത്രയിലാണ്, മടക്കയാത്രയിലല്ല.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച ഒരു വ്യക്തിയുടെ ഹൃദയത്തിൽ ക്രിസ്തു കൊടുത്ത സാമാധാനം ഉണ്ടെങ്കിലും, വിശ്വസ്തതയോടെ ദൈവരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യുന്ന ആ വ്യക്തിക്ക് ലോകത്തിൽ ഉപദ്രവങ്ങൾ ഉണ്ടാകും. കാരണം പിശാച് ആവിഷ്കരിച്ചിരിക്കുന്ന ലോകരീതിക്കെതിരെയാണ് ഇപ്പോൾ ആ വ്യക്തി നീങ്ങുന്നത്.

## നാലാമത്തെ പരിശോധന (Check point - 4)

**മടക്കയാത്രയിലായിരിക്കുന്ന വ്യക്തിക്ക് ലോകത്തിൽ ജീവിക്കുന്നതിനേക്കാൾ താല്പര്യം ലോകം വിട്ട് ദൈവരാജ്യത്തിൽ ജീവിക്കുന്നതാണ്!**

മടക്കയാത്രയിലായിരിക്കുന്ന ഒരു വ്യക്തി ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്കുള്ള യാത്രയിലായതിനാൽ, ആ വ്യക്തിയുടെ ഹൃദയം ലോകത്തോട് അകലുകയും ദൈവരാജ്യത്തിലേക്ക് അടുക്കുകയും ചെയ്യും. പിശാച് ഭരിക്കുന്ന ചതിക്കപ്പെട്ട ലോകത്തിന്റെ അസ്ഥിരതയും, തന്റെ പിതാവായ ദൈവം രാജാവായിരിക്കുന്ന ദൈവരാജ്യത്തിന്റെ സ്ഥിരതയും താൻ മനസ്സിലാക്കുന്നതോടുകൂടെ സുബോധം വന്ന ആ വ്യക്തി പിന്നെ ഒരു നിമിഷം പിശാച് ഭരിക്കുന്ന ലോകത്തിൽ നില്ക്കുവാൻ താല്പര്യപ്പെടാതെ ധൂർത്തപുത്രനുണ്ടായ താൽപര്യംപോലെ പിതാവിന്റെ അടുക്കലേക്ക് പോകുവാൻ താല്പര്യപ്പെടുന്നു. അങ്ങനെയുള്ളവർ ലോകത്തെ വെറുക്കുന്നു, ഇത് മനുഷ്യരുടെ ഹൃദയത്തിൽ മനുഷ്യരും ദൈവവും മാത്രമറിയുന്ന കാര്യമാണ്. പൗലോസ് മടക്കയാത്ര ചെയ്ത ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ പൗലോസിന് ഈ ലോകം വിട്ട് കർത്താവിന്റെ അടുക്കൽ പോകുന്നതായിരുന്നു താല്പര്യമെന്ന് നമുക്ക് മനസ്സിലാകും.

പൗലോസ് ഈ ലോകത്തിൽ ജീവിക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ ജീവിച്ചതിന്റെ കാരണം ദൈവേഷ്ടം ചെയ്യുവാനും, അത് വഴി തന്റെ സഹോദരങ്ങളുടെ വിശ്വാസാഭിവൃദ്ധിക്കും വേണ്ടിയായിരുന്നു.

**"ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ." (ഫിലി. 1:23)**

**"ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും കർത്താവിനോട് അകന്ന് പരദേശികൾ ആയിരിക്കുന്നു എന്ന് അറിയുന്നു. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട് ശരീരം വിട്ട് കർത്താവിനോട് കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു." (2 കൊരി. 5:6,8)**

**"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു." (ഫിലി. 1:21)**

പൗലോസ് ഈ ലോകത്തിൽ ജീവിക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ ജീവിച്ചതിന്റെ കാരണം ദൈവേഷ്ടം ചെയ്യുവാനും, അത് വഴി തന്റെ സഹോദരങ്ങളുടെ വിശ്വാസാഭിവൃദ്ധിക്കും വേണ്ടിയായിരുന്നു.

പൗലോസിനെപ്പോലെ ലോകം വിട്ട് കർത്താവിനോട് കൂടെയിരിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ നാം മടക്കയാത്രയിലാണ്, ഇല്ലെങ്കിൽ നാം യാത്രയിലാണ്.

**"എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ഇങ്ങനെ ഉറച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായി തന്നേ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോട് എല്ലാവരോടും കൂടെ ഇരിക്കും എന്നും അറിയുന്നു." (ഫിലി. 1:24-25)**

മടക്കയാത്ര ചെയ്യുന്ന ഒരു വ്യക്തിക്ക് ലോകം യോഗ്യമല്ല.

**"മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേൽപ്പു ലഭിക്കേണ്ടതിനു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു. വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവു ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറു ഏറ്റു, ഈർച്ച വാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല. (എബ്രാ. 11:35-38)**

ലോകം അവർക്ക് യോഗ്യമായിരുന്നില്ല. പിന്നെ എന്താണ് യോഗ്യം?

തങ്ങളുടെ പിതാവിന്റെ ഭവനമായ സ്വർഗ്ഗമാണ് മടക്കയാത്ര ചെയ്യുന്നവർക്ക് യോഗ്യം.

പ്രിയ സഹോദരങ്ങളേ, ഈ വചനങ്ങൾ പ്രകാരം നാം നമ്മിലേക്ക് തിരിഞ്ഞാൽ അറിയുവാൻ സാധിക്കും, പൗലോസിനെപ്പോലെ ലോകത്തിൽ നിന്ന് പിതാവിന്റെ അടുക്കലേക്ക് കടന്നുപോകുവാൻ തിരക്ക് കൂട്ടുന്ന ഒരു മനസ്സാണോ നമ്മുടേത്, അതോ നമ്മുടെ ഇഷ്ടത്തെ നിവർത്തിച്ച്, ഈ ലോകത്തെ സ്വാധീനിക്കുവാനുള്ള മനസ്സാണോ എന്ന്.

പൗലോസിനെപ്പോലെ ലോകം വിട്ട് കർത്താവിനോട് കൂടെയിരിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ നാം മടക്കയാത്രയിലാണ്, അല്ലെങ്കിൽ നാം യാത്രയിലാണ്.

## “ലോകം വിശുദ്ധന് ചേർന്നതല്ല.”

യാത്രയിൽ നാം ദാസന്മാർ മാത്രമാണ്, മടക്കയാത്രയിൽ നാം ദൈവമക്കളായി വെളിപ്പെടുന്നു.

***പ്രാർത്ഥന***



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഞങ്ങളെ തന്നെ ഒന്ന് പരിശോധിക്കുവാൻ തന്ന ഈ നല്ല വചനചിന്തകൾക്കായി നന്ദി. സ്വയത്തെ ത്യജിച്ച്, ലോകത്തെ വെറുത്ത് പിതാവിന്റെ ഭവനത്തിലേക്ക് യാത്ര ചെയ്യുന്നവരായിത്തീരുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. പഴയനിയമം ലോകത്തിലേക്കുള്ള യാത്രയാണ്, പുതിയ നിയമം ദൈവരാജ്യത്തിലേക്കുള്ള മടക്കയാത്രയാണ്.
2. ദൈവരാജ്യത്തിൽ എല്ലാം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്, മനുഷ്യനിൽ നിന്നല്ല.
3. നാം യാത്രയിൽ ആണെങ്കിൽ നമ്മുടെ ഇഷ്ടത്തിനായിരിക്കും പ്രാധാന്യം കൊടുക്കുക.
4. 'തന്നെത്താൻ നിഷേധിക്കുക' എന്നു പറഞ്ഞാൽ, തന്റെ ഇഷ്ടത്തെ ദൈവേഷ്ടം കൊണ്ട് മരിപ്പിക്കുക.
5. മനുഷ്യരുടെ രാജ്യത്തിൽ എല്ലാം മനുഷ്യരിൽ നിന്ന് ആരംഭിക്കുന്നു. ദൈവരാജ്യത്തിൽ എല്ലാം ദൈവത്തിൽ നിന്ന് ആരംഭിക്കുന്നു.
6. "ഞാൻ ഭൂമിയിൽ സമാധാനമല്ല ഛിദ്രം വരുത്തുവാൻ അത്രേ വന്നത്." എന്ന് സമാധാനപ്രഭുവായ യേശുക്രിസ്തു പറഞ്ഞത് സമയത്തെ വിവേചിക്കാൻ അറിയാത്ത പലർക്കും അതിശയോക്തി ഉണ്ടാക്കുന്നതാണ്.
7. പൗലോസ് ഈ ലോകത്തിൽ ജീവിക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ ജീവിച്ചതിന്റെ കാരണം ദൈവേഷ്ടം ചെയ്യുവാനും, അത് വഴി തന്റെ സഹോദരങ്ങളുടെ വിശ്വാസാഭിവൃദ്ധിക്കും വേണ്ടിയായിരുന്നു.
8. ലോകത്തിന്റെ ഒഴുക്കിനെതിരെയുള്ള ഒഴുക്കാണ് മടക്കയാത്ര.
9. വിശദമായി പറഞ്ഞാൽ, യാത്ര ദൈവരാജ്യത്തിൽ നിന്ന് ലോകമാകുന്ന വഴിയിലൂടെ തീപ്പൊയ്കയിലേക്കാണ്. എന്നാൽ മടക്കയാത്ര യേശുവാകുന്ന വഴിയിലൂടെ ദൈവരാജ്യത്തിലേക്കാണ്.



## ഒന്നാം ഭാഗത്തിലെ ഓർത്തിരിക്കേണ്ട പ്രധാന കാര്യങ്ങൾ:-

1. രക്ഷിക്കപ്പെടുന്നത് ഒരു നിമിഷം കൊണ്ടാണെങ്കിലും, യേശുവിനെ അനുഗമിക്കുന്നത് ഒരായുസ്സ് കൊണ്ടാണ്.
2. രക്ഷിക്കപ്പെടുന്നത് പിശാചിന്റെ പിടിയിൽ നിന്നാണെങ്കിൽ, യേശുവിനെ അനുഗമിക്കുന്നത് അഥവാ മടക്കയാത്ര ചെയ്യുന്നത് പിതാവിന്റെ ഭവനമായ ദൈവരാജ്യത്തിലേക്കാണ്.
3. ഇന്ന് ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്ന മനുഷ്യരിൽ ഭൂരിഭാഗവും മടക്കയാത്ര ചെയ്തു കാണുന്നില്ല. ഇതിന്റെ കാരണം ധൂർത്തപുത്രനുണ്ടായതു പോലെ 'സുബോധം' ഇന്നത്തെ ബഹുഭൂരിപക്ഷം സുവിശേഷവേദികളിലും ഉണ്ടാകാത്തതുകൊണ്ടാണ്.
4. "സുബോധം" വന്നവൻ വീട്ടിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ തെരുവിൽ അലഞ്ഞു തിരിഞ്ഞ് നടക്കും എന്നതുപോലെ, ആത്മീയ സുബോധം വന്നവൻ ദൈവരാജ്യത്തിലേക്ക് മടങ്ങിപ്പോകും, അല്ലാത്തവൻ ലോകം നേടാൻ പോകും.
5. ഇന്നത്തെ സുവിശേഷപ്രസംഗങ്ങളിൽ ബഹുഭൂരിഭാഗവും കാണുന്നത് ദൈവരാജ്യം പ്രസംഗിച്ചു വന്ന യേശുവിനെ പരിചയപ്പെടുത്തുക മാത്രമാണ്, യേശു പ്രസംഗിച്ച ദൈവരാജ്യം പ്രസംഗിക്കുന്നില്ല, അതിനാൽ ജനത്തിന് "സുബോധം" ലഭിക്കുന്നതുമില്ല, അവർ പിതാവിന്റെ ഭവനത്തിലേക്ക് മടക്കയാത്ര പോകുന്നതുമില്ല. പ്രസംഗിച്ച ദൈവദാസനോ, കേട്ട ജനമോ ഈ മടക്കയാത്രയെക്കുറിച്ച് ചിന്തിക്കുന്നതുപോലുമില്ല.

# Notes

ഭാഗം - 2

# ആത്മാവിന്റെ നിയമം

## Law of the Spirit

## അദ്ധ്യായം 17

# ആത്മാവിന്റെ നിയമം

"ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു."
(റോമർ 8:14)

**ഇന്ന്** ക്രിസ്തുവിന്റെ സഭയെക്കുറിച്ചോർക്കുമ്പോൾ എന്നെ വളരെ അത്ഭുതപ്പെടുത്തിയ ഒരു കാര്യമാണ്, ആത്മാവിന്റെ നിയമത്തെക്കുറിച്ചുള്ള (Law of the Spirit) വെളിപ്പാട്. ഈ വെളിപ്പാട് അത്ഭുതത്തോടൊപ്പം എന്നെ വളരെയധികം ദു:ഖിപ്പിക്കുകയും ചെയ്തു. ഒരു പക്ഷേ പ്രിയ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകും എന്താണ് 'ആത്മാവിന്റെ നിയമം'? എന്തിനാണ് ആ വെളിപ്പാട് കിട്ടിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടത്? എന്തിനാണ് അത്ഭുതത്തോടൊപ്പം ദു:ഖിക്കുവാനും ഇടയായത്.

## എന്താണ് ആത്മാവിന്റെ നിയമം?

ദൈവരാജ്യത്തിലെ നിയമമാണ് 'ആത്മാവിന്റെ നിയമം'. എന്നാൽ എന്താണ് ആത്മാവിന്റെ നിയമം എന്ന് മനസ്സിലാക്കുന്നതിനു മുമ്പ്, എന്താണ് ന്യായപ്രമാണമെന്ന് മനസ്സിലാക്കിയാൽ ആത്മാവിന്റെ നിയമം മനസ്സിലാക്കുവാൻ എളുപ്പമായിരിക്കും.

> ദൈവാത്മാവിന്റെ ചിന്തകളാണ് 'ആത്മാവിന്റെ നിയമം'.

ന്യായപ്രമാണം ദൈവം മോശെക്ക് കൊടുത്ത പത്ത് കല്പനകളും, ഏകദേശം 630 -ൽ പരം ഉപനിയമങ്ങളും കൂടിച്ചേർന്നതാണ്. ദൈവം ഇത് കൊടുത്തത് യിസ്രായേൽ ജനതയ്ക്കാണ്. ന്യായപ്രമാണം ഭൗതികകണ്ണുകൊണ്ട് വായിക്കാവുന്നതും, ഒരാൾ വായിച്ചാൽ ഭൗതികചെവികൊണ്ട് കേൾക്കാവുന്നതുമായി അക്ഷരത്തിലെഴുതിയ നിയമവുമാണ്. ഒരു വ്യക്തി ഈ നിയമങ്ങൾ അനുസരിച്ച് ജീവിച്ചാൽ ആ വ്യക്തി ന്യായപ്രമാണം അനുസരിച്ച് ജീവിക്കുന്നു എന്ന് പറയാം.

എന്നാൽ ആത്മാവിന്റെ പ്രമാണം അക്ഷരത്തിലെഴുതിയതല്ല. പകരം ഒരു വ്യക്തി ക്രിസ്തുവിൽ പുതിയതായി ജനിച്ചപ്പോൾ, മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തുവുമായി ഏകാത്മാവായി തീർന്നപ്പോൾ

ആ മനുഷ്യന്റെ അകത്ത് വന്ന ക്രിസ്തുവിന്റെ 'ആത്മാവിന്റെ ചിന്തകളാണ്' ആത്മാവിന്റെ നിയമം.

**"കർത്താവിനോട് പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു." (1 കൊരി. 6:17)**

മറ്റൊരു രീതിയിൽ പറഞ്ഞാൽ,

'ദൈവത്തിലുള്ളത് ദൈവാത്മാവ് മാത്രം അറിയുന്നു. ദൈവാത്മാവിന്റെ ഈ ചിന്തകളാണ് ആത്മാവിന്റെ നിയമം'.

**"മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആര് അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്."**
**(1 കൊരി. 2:11–12)**

## മനുഷ്യനെ സംബന്ധിച്ച്
## ആത്മാവിന്റെ നിയമത്തിന്റെ ആരംഭം

***'ആത്മാവിന്റെ നിയമം' ആരംഭിച്ചത് പുതിയ നിയമത്തിലോ? അല്ല, മനുഷ്യനെ സംബന്ധിച്ച് ആത്മാവിന്റെ നിയമം ആരംഭിച്ചത് പുതിയ നിയമത്തിലല്ല. ഏദെനിൽ ആദാമിനെ സൃഷ്ടിച്ചപ്പോൾ മുതലാണ്. ആത്മാവിന്റെ നിയമത്തിൽ എല്ലാം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. അതായത് 'ആത്മാവാകുന്ന ദൈവത്തിന്റെ സ്വരം മനുഷ്യൻ അകത്തെ ചെവി കൊണ്ട് കേട്ട്, തന്റെ ശരീരം ഉപയോഗിച്ച് കേട്ടത് ലോകത്തിൽ ചെയ്യണം.' എന്നാൽ ആദാം പാപം ചെയ്ത് ആത്മാവിൽ മരിച്ചതോടുകൂടി 'ആത്മാവിന്റെ നിയമത്തിൽ' നിന്ന് മനുഷ്യൻ മാറ്റപ്പെട്ടു. തുടർന്ന് യേശു ക്രിസ്തുവിലൂടെ പുതിയ നിയമത്തിൽ 'ആത്മാവിന്റെ നിയമം' വീണ്ടും പുതുജനനം പ്രാപിച്ചവരിൽ ആരംഭിച്ചു.***

ന്യായപ്രമാണം വായിച്ച് അല്ലെങ്കിൽ കേട്ട് അനുസരിക്കുന്നതാണ് ന്യായപ്രമാണപ്രകാരമുള്ള ജീവിതമെങ്കിൽ, വീണ്ടും ജനിച്ച വ്യക്തിയുടെ അകത്ത് വന്ന ദൈവാത്മാവിന്റെ സ്വരം ആത്മീക ചെവികളിലൂടെ കേട്ട് അനുസരിച്ച് ജീവിക്കുന്നതാണ് ആത്മാവിനെ അനുസരിച്ചുള്ള ജീവിതം.

ചിന്തകളാണ് വാക്കുകളായി രൂപപ്പെടുന്നത്. വീണ്ടും ജനിച്ച മനുഷ്യന്റെ അകത്ത് കടന്നു വന്ന ദൈവത്തിന്റെ ചിന്തകൾ, ദൈവാത്മാവ് ആ മനുഷ്യനോട് സംസാരിക്കുന്നതാണ് 'ആത്മാവിന്റെ സ്വരം'. ഈ ആത്മാവിന്റെ സ്വരത്തെ ഭൗതിക ചെവികളിലൂടെയല്ല പകരം ആത്മാവിന്റെ ചെവികളിലൂടെ കേട്ട് അനുസരിച്ച് ജീവിക്കുന്നതാണ് ആത്മാവിനെ അനുസരിച്ചുള്ള ജീവിതം. ചുരുക്കിപ്പറഞ്ഞാൽ ന്യായപ്രമാണം വായിച്ച് അല്ലെങ്കിൽ വായിച്ചത് കേട്ട് അനുസരിക്കുന്നതാണ് ന്യായപ്രമാണപ്രകാരമുള്ള ജീവിതമെങ്കിൽ, വീണ്ടും ജനിച്ച വ്യക്തിയുടെ അകത്ത് വന്ന ദൈവാത്മാവിന്റെ സ്വരം ആത്മീക ചെവികളിലൂടെ കേട്ട് അനുസരിച്ച് ജീവിക്കുന്നതാണ് ആത്മാവിനെ അനുസരിച്ചുള്ള ജീവിതം. ക്രിസ്തുവിന്റെ സഭ ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്. അതുകൊണ്ട് സഭയോട് സംസാരിക്കുന്നത് ദൈവാത്മാവാണ്.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." (വെളി. 2:7)**

## ആത്മാവിന്റെ നിയമം എന്തുകൊണ്ട് എന്നെ അത്ഭുതപ്പെടുത്തി?

ഇന്ന് ലോകത്തിലെ ബഹുഭൂരിപക്ഷം ക്രിസ്തുവിന്റെ സഭകളും ന്യായപ്രമാണത്തിൽ നിന്ന് ക്രിസ്തു ഞങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തി, ഞങ്ങൾ സ്വതന്ത്രരാണെന്ന് പറയുമ്പോൾ അവരിൽ പലരും അറിയാതിരിക്കുന്ന ഒരു കാര്യമുണ്ട് – **'ആത്മാവിന്റെ നിയമം'**. 'ആത്മാവിന്റെ നിയമമാണ്' തങ്ങളെ **'ന്യായപ്രമാണത്തിൽ'** നിന്ന് സ്വതന്ത്രമാക്കിയത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ 'പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ' നിന്ന് സ്വതന്ത്രമാക്കിയത് എന്ന്.

> വീണ്ടും ജനിച്ചവർ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലാണെന്ന സത്യം ഇന്നത്തെ ഭൂരിഭാഗം ക്രൈസ്തവ സഭകളും അറിയാതെ തങ്ങൾ സ്വതന്ത്രരാണെന്നുള്ള തെറ്റിദ്ധാരണയിലായിരിക്കുന്നു.

**"ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു." (റോമ. 8:2)**

അതായത്, ക്രിസ്തുവിന്റെ കർതൃത്വത്തിലേക്ക് ഒരു അടിമയെ പ്പോലെ ഏല്പിച്ച് കൊടുത്തപ്പോഴാണ് വീണ്ടും ജനിച്ചവർ ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരായത്. തുടർന്ന് **വീണ്ടും ജനിച്ചവർ ന്യായപ്രമാണം എന്ന നിയമത്തിൻ കീഴിലല്ല. പക്ഷേ അവരെ സ്വതന്ത്രമാക്കിയ ക്രിസ്തുവിന്റെ ആത്മാവിൻ കീഴിലാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്.** കാരണം ഒരു അടിമയെ വില കൊടുത്ത് വാങ്ങുന്നത് പോലെയാണ് ക്രിസ്തു തന്റെ രക്തം കൊടുത്ത് മനുഷ്യനെ ദൈവരാജ്യത്തിലേക്ക് വിലയ്ക്കുവാങ്ങിയത്. ദൈവരാജ്യത്തിലുള്ളവർ എല്ലാം 'ആത്മാവിന്റെ നിയമത്തിൻ' കീഴിലാണ്.

**വീണ്ടും ജനിച്ചവർ തിന്നരുത്, പിടിക്കരുത് എന്നിങ്ങനെ തുടങ്ങുന്ന ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരെങ്കിലും, ഇന്ന് ഭൂരിഭാഗം വിശ്വാസികളും ചിന്തിക്കുന്നത് പോലെ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാൻ തക്കവണ്ണം സ്വതന്ത്രരല്ല, പകരം അവരെ സ്വതന്ത്രരാക്കിയ ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്.**

**"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" (1 കൊരി. 6:19)**

അതുകൊണ്ട് വീണ്ടും ജനിച്ചവർ തിന്നരുത്, പിടിക്കരുത് എന്നിങ്ങനെ തുടങ്ങുന്ന ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരെങ്കിലും, ഇന്ന് ഭൂരിഭാഗം വിശ്വാസികളും ചിന്തിക്കുന്നത് പോലെ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാൻ തക്കവണ്ണം സ്വതന്ത്രരല്ല, പകരം അവരെ സ്വതന്ത്രരാക്കിയ 'ആത്മാവിന്റെ നിയമത്തിൻ' കീഴിലാണ്.

വീണ്ടും ജനിച്ചവർ ഇന്ന് 'ആത്മാവിന്റെ നിയമത്തിൻ' കീഴിലാണെന്ന സത്യം ഇന്നത്തെ ഒട്ടുമിക്ക ക്രൈസ്തവ സഭകളും അറിയാതെ തങ്ങൾ സ്വതന്ത്രരാണെന്നുള്ള കാഴ്ചപ്പാടിൽ പോകുന്നത് കണ്ടാണ് ഞാൻ അത്ഭുതപ്പെട്ടത്. ചുരുക്കിപ്പറഞ്ഞാൽ തങ്ങൾ കീഴിലായിരിക്കേണ്ട ആത്മാവിന്റെ നിയമത്തെക്കുറിച്ച് (Law of the Spirit) വിശ്വാസികൾക്കോ, ബഹുഭൂരിപക്ഷം ദൈവദാസന്മാർക്കോ അറിയുകയില്ലല്ലോ, ബൈബിൾ കോളേജുകളുടെ സിലബസുകളിൽ പോലും അതില്ലല്ലോ എന്നോർത്താണ് അതിശയിച്ചത്.

## 'ആത്മാവിന്റെ നിയമം' എന്തുകൊണ്ട് എന്നെ ദു:ഖത്തിലാഴ്ത്തി?

ആത്മാവിന്റെ നിയമത്തെക്കുറിച്ചുള്ള സഭയുടെ അജ്ഞത എന്നെ അത്ഭുതപ്പെടുത്തിയെങ്കിലും, വിശ്വാസികളുടെ ജീവിതത്തിൽ ആത്മാവിന്റെ നിയമത്തിനുള്ള പ്രാധാന്യവും, ആത്മാവിന്റെ സ്വരം കേൾക്കുവാൻ വിശ്വാസികൾക്ക് കഴിഞ്ഞില്ലായെങ്കിൽ പതിയിരിക്കുന്ന അപകടവും മനസ്സിലാക്കിയപ്പോഴാണ് ഞാൻ ദു:ഖിതനായത്.

> ദൈവാത്മാവ് പറയുന്നത് കേൾക്കാതെ മനുഷ്യർ എങ്ങനെ ദൈവാത്മാവിനെ അനുസരിച്ച് നടക്കും.

സഭ ആത്മാവിന്റെ നിയമത്തിൻ കീഴിലായത് കൊണ്ട് സഭയോട് സംസാരിക്കുന്നത് പരിശുദ്ധാത്മാവാണ്. പക്ഷേ പരിശുദ്ധാത്മാവ് സംസാരിക്കുന്നത് കേൾക്കുവാനോ, അത് തിരിച്ചറിയുവാനോ ബഹുഭൂരിപക്ഷം വിശ്വാസികൾക്കും അറിയുകയില്ല. അതിന് വേണ്ടി അവരുടെ ആത്മീയ ചെവികൾ രൂപപ്പെട്ടിട്ടില്ല. പിന്നെയെങ്ങനെ അവർ ദൈവാത്മാവ് പറയുന്നത് കേൾക്കും, കേൾക്കാതെ അവർ എങ്ങനെ ദൈവാത്മാവിനെ അനുസരിച്ച് നടക്കും. വചനം പറയുന്നു ദൈവാത്മാവിനെ അനുസരിച്ച് നടക്കുന്നവരാണ് ദൈവത്തിന്റെ മക്കൾ.

> സഭ ആത്മാവിന്റെ നിയമത്തിൻ കീഴിലായത് കൊണ്ട് സഭയോട് സംസാരിക്കുന്നത് പരിശുദ്ധാത്മാവാണ്. പക്ഷേ പരിശുദ്ധാത്മാവ് സംസാരിക്കുന്നത് കേൾക്കുവാനോ, അത് തിരിച്ചറിയുവാനോ ബഹുഭൂരിപക്ഷം വിശ്വാസികൾക്കും അറിയുകയില്ല.

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ. 8:14)**

**'പരിശുദ്ധാത്മാവിന്റെ സ്വരം' എങ്ങനെ എനിക്ക് ശ്രവിക്കാം?**

1. ഒരു അവിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ കഴിയുകയില്ല. കാരണം അവനിൽ ആത്മാവ് വീണ്ടും ജനിച്ചിട്ടില്ല.

2. ഒരു വ്യക്തി വീണ്ടും ജനിച്ചു എന്നിരുന്നാലും അവന് പരിശുദ്ധാത്മാവിന്റെ സ്വരം തിരിച്ചറിയാൻ കഴിയില്ല, ഇതിന് കാരണം പിശാചിന്റെ കീഴിൽ കിടക്കുന്ന 'ലോകസംവിധാനം' മനുഷ്യന്റെ

ദർശനം ലോകത്തിലേക്കാക്കുന്നു. (മത്താ. 13:44,38, യോഹ. 14:17)

3. വീണ്ടും ജനിച്ച ഒരു വ്യക്തി മാനസാന്തരപ്പെട്ട് (ലോകത്തിൽ നിന്നുള്ള ദർശനം മാറ്റി, ദൈവരാജ്യത്തിലേക്ക് തിരിയുക) മടക്ക യാത്ര ചെയ്യുന്നു എങ്കിൽ അവൻ "പരിശുദ്ധാത്മാവിന്റെ സ്വരം" ശ്രവിക്കുവാൻ തുടങ്ങുന്നു. ഈ സ്വരം താൻ പരിശുദ്ധാത്മാവിനോട് കൂടെ മടക്കയാത്ര ചെയ്ത് മുന്നോട്ട് പോകുമ്പോൾ തനിക്ക് കൂടുതൽ കൂടുതൽ വ്യക്തമായിത്തീരുന്നു.

## സഭകളോട് ഇന്ന് സംസാരിക്കുന്നത് ക്രിസ്തുവിന്റെ ആത്മാവാണ്.

സഭ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലാണെന്ന് ബഹുഭൂരിപക്ഷം സഭകൾക്കും അറിയാത്തതിന്റെ കാരണം, ദൈവത്തിന് മനുഷ്യരിലുള്ള സ്വപ്നത്തെക്കുറിച്ച് അവർക്ക് വെളിപ്പെട്ടിട്ടില്ലാത്തതുകൊണ്ടും, അക്ഷരത്തിലൂടെ മനുഷ്യരെ നടത്താൻ ശ്രമിക്കുന്ന പഴയനിയമപുസ്തകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കൊണ്ടുമാണ്. പഴയനിയമശുശ്രൂഷ അക്ഷരത്തിന്റെ ശുശ്രൂഷയാണ്, ആത്മാവിന്റെ ശുശ്രൂഷയല്ല.

സഭ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലാണെന്ന് ബഹുഭൂരിപക്ഷം സഭകൾക്കും അറിവില്ലാത്തതിന്റെ കാരണം, ദൈവത്തിന് മനുഷ്യരിലുള്ള സ്വപ്നത്തെക്കുറിച്ച് അവർക്ക് വെളിപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ്.

## മൂന്നര വർഷം ക്രിസ്തുവിന്റെ കീഴിലും തുടർന്ന് ദൈവാത്മാവിന്റെ കീഴിലും.

ദൈവാത്മാവിന്റെ കീഴിലാണ് സഭയെന്ന് ബഹുഭൂരിപക്ഷം സഭകൾക്കും മനസ്സിലാകാത്തതിന്റെ മറ്റൊരു കാരണം, നാല് സുവിശേഷങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് ക്രിസ്തു പറഞ്ഞതിനെ മാത്രം കാര്യമായി എടുക്കുന്നത് കൊണ്ടാണ്. എന്നാൽ പ്രിയ സഹോദരങ്ങളെ നാം ഒന്ന് മനസ്സിലാക്കണം, ക്രിസ്തു ശരീരത്തിലായിരുന്നപ്പോൾ ലോകത്തോട് സംസാരിച്ചിരുന്നതിലും അധികമായി ഇന്ന് തന്റെ സഭകളോട് സംസാരിക്കുന്നുണ്ട്. അതിന് വേണ്ടിയാണ് 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയിരിക്കുമെന്ന്' പറഞ്ഞ് പോയിട്ട് തന്റെ ആത്മാവിനെ എന്നേക്കും

നമ്മോട് കൂടെയിരിക്കാൻ അയച്ചത്. തുടർന്ന് ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുന്ന തന്റെ ആത്മാവ് വഴിയാണ് നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്. യേശു ശരീരത്തിൽ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ശിഷ്യന്മാർ യേശുവിന്റെ സ്വരം കേട്ടിട്ട് എങ്ങനെ ക്രിസ്തുവിന് കീഴ്പ്പെട്ടിരുന്നുവോ അതുപോലെ തന്നെയാണ് ഇന്ന് നമ്മുടെ അകത്ത് വസിക്കുന്ന ക്രിസ്തുവിന്റെ ആത്മാവിനെ കേട്ട് നാം കീഴ്പ്പെട്ടിരിക്കേണ്ടത്. ഒരു വ്യത്യാസമേയുള്ളൂ ക്രിസ്തു ശരീരത്തിൽ ഈ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് തന്റെ ശിഷ്യന്മാരുടെ ശരീരത്തിന് വെളിയിൽ ലോകത്തിൽ നിന്ന് ശിഷ്യന്മാരോട് സംസാരിച്ചു. ഇന്ന് ലോകത്തിൽ നിന്നല്ല പകരം ഇന്നത്തെ ശിഷ്യന്മാരുടെ ശരീരത്തിനകത്ത് അവരുടെ ആത്മാവിൽ നിന്ന് സംസാരിക്കുന്നു. ഇങ്ങനെ ***ക്രിസ്തുവിന്റെ ആത്മാവ് സംസാരിക്കുന്നതാണ് 'ആത്മാവിന്റെ നിയമം'.***

യേശു ശരീരത്തിൽ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ശിഷ്യന്മാർ യേശുവിന്റെ സ്വരം കേട്ടിട്ട് എങ്ങനെ ക്രിസ്തുവിന് കീഴ്പ്പെട്ടിരുന്നുവോ അതുപോലെ തന്നെയാണ് ഇന്ന് നമ്മുടെ അകത്ത് വസിക്കുന്ന ക്രിസ്തുവിന്റെ ആത്മാവിനെ കേട്ട് നാം കീഴ്പ്പെട്ടിരിക്കേണ്ടത്.

## സഭയെ സംബന്ധിച്ച് 'ആത്മാവിന്റെ നിയമവും' യേശുക്രിസ്തുവും തമ്മിലുള്ള ബന്ധം എങ്ങനെ?

ക്രിസ്തു ശരീരത്തിലായിരുന്നപ്പോൾ ലോകത്തോട് സംസാരിച്ചിരുന്നതിലും അധികമായി ഇന്ന് തന്റെ സഭകളോട് സംസാരിക്കുന്നുണ്ട്. അതിന് വേണ്ടിയാണ് 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയിരിക്കുമെന്ന്' പറഞ്ഞ് പോയിട്ട് തന്റെ ആത്മാവിനെ എന്നേക്കും നമ്മോട് കൂടെയിരിക്കാൻ ലോകത്തിലേക്ക് അയച്ചത്.

ക്രിസ്തു ശരീരത്തിൽ ഈ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് തന്റെ ശിഷ്യന്മാരുടെ **ശരീരത്തിന് വെളിയിൽ ലോകത്തിൽ നിന്ന്** ശിഷ്യന്മാരോട് സംസാരിച്ചു. ഇന്ന് ലോകത്തിൽ നിന്നല്ല പകരം ഇന്നത്തെ ശിഷ്യന്മാരുടെ **ശരീരത്തിനകത്ത് അവരുടെ ആത്മാവിൽ നിന്ന്** സംസാരിക്കുന്നു.

യേശുക്രിസ്തു മരിച്ച്, ഉയിർത്തെഴുന്നേറ്റ് തനിക്ക് പകരമായി തന്റെ ആത്മാവിനെ ലോകത്തിലേക്ക് അയച്ചപ്പോഴാണ് സഭ 'ക്രിസ്തുവിന്റെ ആത്മാവിൻ' കീഴിലായത്. തുടർന്ന് സഭകളോട്, വ്യക്തികളോട് ക്രിസ്തു തന്റെ ആത്മാവിലൂടെയാണ് സംസാരിക്കുന്നത്.

യേശു ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത്, സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയ സംഭവങ്ങൾ നടന്ന കാലങ്ങളിലല്ല ശിഷ്യന്മാരിലേക്ക് 'ആത്മാവിന്റെ നിയമം' വ്യാപരിച്ചത്. ആ സമയം അവർ ആത്മാവിന്റെ കീഴിലല്ല, യേശുക്രിസ്തുവിന്റെ കീഴിലാണ്. തുടർന്ന് യേശുക്രിസ്തു മരിച്ച്, ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തതിന് ശേഷം തനിക്ക് പകരമായി തന്റെ പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയച്ചപ്പോഴാണ് 'ക്രിസ്തുവിന്റെ ആത്മാവിൻ' കീഴിലായത്. പരിശുദ്ധാത്മാവിനെ അയച്ചതിന്റെ ഉദ്ദേശ്യം 'പിതാവിന്റെ ബിസിനസ്സ്' തുടരുവാനാണ്. അതായത്, യേശു തന്റെ ശിഷ്യന്മാരോട് ആഹ്വാനം ചെയ്ത പ്രവൃത്തികൾ.

**"എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും; നിങ്ങളോ ഉയരത്തിൽ നിന്നുള്ള ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ എന്ന് അവരോട് പറഞ്ഞു." (ലൂക്കൊ. 24:49)**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് താൻ ആഹ്വാനം ചെയ്തത് പോലെ തന്നെ യേശു ഇന്നും സഭകളോട് സംസാരിച്ച് കൊണ്ടിരിക്കുന്നു. ഒരേയൊരു വ്യത്യാസം ഉള്ളത് 2000 വർഷങ്ങൾക്ക് മുമ്പ് യേശു തന്റെ ശിഷ്യന്മാരോട് തന്റെ ജഡശരീരത്തിലൂടെ നേരിട്ട് സംസാരിച്ചു, എന്നാൽ ഇന്ന് പരിശുദ്ധാത്മാവിലൂടെ സംസാരിക്കുന്നു. തുടർന്ന് സഭകളോട്, വ്യക്തികളോട് ക്രിസ്തു തന്റെ ആത്മാവിലൂടെയാണ് സംസാരിക്കുന്നത്. തന്റെ രക്തത്താൽ താൻ സഭയെ സമ്പാദിച്ചതിന് ശേഷം (അപ്പോ. 20:28) ആ സഭയോട് വെളിപ്പാട് പുസ്തകത്തിൽ പിതാവ് തനിക്ക് തന്ന ദൂത് യേശു സംസാരിക്കുന്നത് തന്റെ ആത്മാവ് വഴിയാണ്. വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ കാണുന്ന ഏഴ് സഭകളോടും സംസാരിക്കുന്നത് തന്റെ ആത്മാവിലൂടെയാണ്. ഇവിടെയെല്ലാം യേശുവാണ് സംസാരം തുടങ്ങുന്നത്. പക്ഷേ സഭ കേൾക്കുന്നത് യേശുവിൽ നിന്നല്ല, പകരം പരിശുദ്ധാത്മാവിൽ നിന്നാണ്. ഇതാണ് സഭയെ സംബന്ധിച്ച് ആത്മാവിന്റെ നിയമവും യേശുക്രിസ്തുവും തമ്മിലുള്ള

ബന്ധം. യേശു സംസാരം തുടങ്ങുന്നു. ഇതിന്റെ അർത്ഥം യേശു സംഭാഷണം ആരംഭിച്ചു, പക്ഷേ ഇത് അവസാനിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ 7 പ്രാവശ്യം ദൈവം ഇത് പോലെ ഇടപെടുന്നത് നമുക്ക് കാണാൻ കഴിയും.

**ആത്മാവിന്റെ നിയമത്തിലൂടെ യേശു ഇന്നും വിശ്വാസികളോട് കൂടെയുണ്ട്.**

*യേശു സംസാരിക്കുന്നു:*

**❶ എഫെസോസിലെ സഭയോട് :**

**"എഫെസൊസിലെ സഭയുടെ ദൂതന് എഴുതുക: ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചും കൊണ്ടു ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നതു:" (വെളി. 2:1)**

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." (വെളി. 2:7)**

*യേശു സംസാരിക്കുന്നു:*

**❷ സ്മൂർന്നയിലെ സഭയോട് :**

**"സ്മൂർന്നയിലെ സഭയുടെ ദൂതന് എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നതു:" (വെളി. 2:8)**

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് രണ്ടാം മരണത്താൽ ദോഷം വരികയില്ല." (വെളി. 2:11)**

*യേശു സംസാരിക്കുന്നു:*

**❸ *പെർഗ്ഗമൊസിലെ സഭയോട് :***

"പെർഗ്ഗമൊസിലെ സഭയുടെ ദൂതന്നു എഴുതുക: മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നതു:" (വെളി. 2:12)

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന് വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും." (വെളി. 2:17)

*യേശു സംസാരിക്കുന്നു:*

**❹ *തുയഥൈരയിലെ സഭയോട് :***

"തുയഥൈരയിലെ സഭയുടെ ദൂതന് എഴുതുക: അഗ്നിജ്വാലയ്ക്ക് ഒത്ത കണ്ണും വെള്ളോട്ടിനു സദൃശ്യമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നതു:" (വെളി. 2:18)

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 2:29)

*യേശു സംസാരിക്കുന്നു:*

**❺ *സർദ്ദീസിലെ സഭയോട് :***

"സർദ്ദീസിലെ സഭയുടെ ദൂതന് എഴുതുക. ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളിച്ചെയ്യുന്നതു:" (വെളി. 3:1)

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 3:6)

*യേശു സംസാരിക്കുന്നു:*

**❻ *ഫിലദെൽഫ്യയിലെ സഭയോട് :***

"ഫിലദെൽഫ്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശു

ദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നതു:" (വെളി. 3:7)

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 3:13)**

*യേശു സംസാരിക്കുന്നു:*

**7 ലവൊദിക്ക്യയിലെ സഭയോട് :**

**"ലവൊദിക്ക്യയിലെ സഭയുടെ ദൂതന് എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു:" (വെളി. 3:14)**

*പരിശുദ്ധാത്മാവിലൂടെ സഭ കേൾക്കുന്നു:*

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 3:22)**

> ക്രിസ്തുവിന്റെ സഭകൾ ഇന്ന് ലോകത്തിന്റെ ഏതു കോണിലാണെങ്കിലും, ആ സഭകൾ ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്. ആത്മാവിന്റെ സ്വരം കേട്ട്, അത് തിരിച്ചറിഞ്ഞ് ഓരോരുത്തരും ഒരുക്കപ്പെടണം.

ഇത് കാണിക്കുന്നത് ആത്മാവിന്റെ നിയമത്തിലൂടെ യേശു ഇന്നും സഭയിലുണ്ടെന്നാണ്. ക്രിസ്തുവിന്റെ സഭകൾ ഇന്ന് ലോകത്തിന്റെ ഏതു കോണിലാണെങ്കിലും, ആ സഭകൾ ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്. ആത്മാവിന്റെ സ്വരം കേട്ട്, അത് തിരിച്ചറിഞ്ഞ് ഓരോരുത്തരും ഒരുക്കപ്പെടണം. അങ്ങനെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ദൈവമക്കളായിത്തീർന്ന സഭയിലുള്ളവർ, ആത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ട്, വിശ്വാസത്തിന്റെ നല്ല പോർ പൊരുതി ജയിക്കുകയും, അതുകൊണ്ട് ജയം പ്രാപിച്ച ഇവരെ ദൈവം തന്റെ മക്കളായി അംഗീകരിക്കുകയും, അവർ ദൈവരാജ്യം അവകാശമാക്കുകയും ദൈവത്തോടൊപ്പം നിത്യം വസിക്കുകയും ചെയ്യും.

പ്രിയരേ, ഈ ആത്മാവിന്റെ ശുശ്രൂഷ നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ നടക്കുവാൻ നമുക്കേല്പിച്ച് കൊടുക്കാം.

**"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

ഇന്ന് സഭകളോട് സംസാരിക്കുന്നത് യേശുവാണ്. സഭകൾ കേൾക്കുന്നത് യേശുവിൽ നിന്നല്ല, പകരം പരിശുദ്ധാത്മാവിൽ നിന്നാണ്. ഇതാണ് സഭകളെ സംബന്ധിച്ച് ആത്മാവിന്റെ നിയമവും, യേശുക്രിസ്തുവും തമ്മിലുള്ള ബന്ധം.

യേശുവിൽ വിശ്വസിക്കുന്നവർക്ക് ദൈവപുത്രന്മാരായി വെളിപ്പെടാൻ ദൈവം കൊടുത്തിരിക്കുന്ന അധികാരം നമുക്ക് ഉപയോഗിച്ച് ദൈവപുത്രന്മാരായി വെളിപ്പെടാം.

ആത്മാവിനാൽ നയിക്കപ്പെടുകയെന്നാൽ ക്രിസ്തുവിനാൽ നയിക്കപ്പെടുക എന്നാണ്.

**"ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (ഗലാ. 3:26)**

**"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു." (2 തിമൊ. 4:7)**

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ. 8:14)**

**"ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും; ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും." (വെളി. 21:7)**

യേശുവിൽ വിശ്വസിക്കുന്നവർക്ക് ദൈവപുത്രന്മാരായി വെളിപ്പെടാൻ ദൈവം കൊടുത്തിരിക്കുന്ന അധികാരം നമുക്ക് ഉപയോഗിച്ച് ദൈവപുത്രന്മാരായി വെളിപ്പെടാം.

**പ്രാർത്ഥന**



എന്റെ സ്വർഗ്ഗീയപിതാവേ, എന്റെ അകത്തുള്ള അങ്ങയുടെ ആത്മാവിന്റെ സ്വരം തിരിച്ചറിഞ്ഞ്, അതനുസരിച്ച് ജയം പ്രാപിക്കുവാനും ദൈവപുത്രൻ എന്നുള്ള പദവി അവകാശമാക്കുവാനും എന്നെ സഹായിക്കണമേ, യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ടകാര്യങ്ങളും

1. *'ആത്മാവിന്റെ നിയമം' ദൈവരാജ്യത്തിന്റെ നിയമമാണ്. മനുഷ്യനെ സംബന്ധിച്ച് ഇത് തുടങ്ങിയത് ഏദെൻ മുതലാണ്.*
2. *'ന്യായപ്രമാണം' വായിച്ച് അല്ലെങ്കിൽ വായിച്ചത് കേട്ട് അനുസരിക്കുന്നതാണ് ന്യായപ്രമാണപ്രകാരമുള്ള ജീവിതമെങ്കിൽ, വീണ്ടും ജനിച്ച വ്യക്തിയുടെ അകത്ത് വന്ന ദൈവാത്മാവിന്റെ സ്വരം ആത്മീക ചെവികളിലൂടെ കേട്ട് അനുസരിച്ച് ജീവിക്കുന്നതാണ് ആത്മാവിനെ അനുസരിച്ചുള്ള ജീവിതം.*
3. *വീണ്ടും ജനിച്ചവർ തിന്നരുത്, പിടിക്കരുത് എന്നിങ്ങനെ തുടങ്ങുന്ന ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരെങ്കിലും, ഇന്ന് ഭൂരിഭാഗം വിശ്വാസികളും ചിന്തിക്കുന്നത് പോലെ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാൻ തക്കവണ്ണം സ്വതന്ത്രരല്ല. പകരം അവരെ സ്വതന്ത്രരാക്കിയ 'ആത്മാവിന്റെ നിയമത്തിൻ' കീഴിലാണ്.*
4. *വീണ്ടും ജനിച്ചവർ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലാണെന്നുള്ള സത്യം ഇന്നത്തെ ഒട്ടുമിക്ക ക്രിസ്തുവിന്റെ സഭകളും അറിയാതെ തങ്ങൾ സ്വതന്ത്രരാണെന്നുള്ള തെറ്റിദ്ധാരണയിലാണ്.*
5. *സഭ ആത്മാവിന്റെ നിയമത്തിൻ കീഴിലായത് കൊണ്ട് സഭയോട് സംസാരിക്കുന്നത് പരിശുദ്ധാത്മാവാണ്. പക്ഷേ പരിശുദ്ധാത്മാവ് സംസാരിക്കുന്നത് കേൾക്കുവാനോ, അത് തിരിച്ചറിയാനോ ബഹുഭൂരിപക്ഷം വിശ്വാസികൾക്കും കഴിയുന്നില്ല.*

6. സഭ ഇന്ന് ആത്മാവിന്റെ നിയമത്തിൻ കീഴിലാണെന്ന് ബഹു ഭൂരിപക്ഷം സഭകൾക്കും അറിയാത്തതിന്റെ ഒരു കാരണം, അവർക്ക് ദൈവത്തിന് മനുഷ്യരിലുള്ള സ്വപ്നത്തെക്കുറിച്ച് അവർക്ക് വെളിപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ്.

7. ക്രിസ്തു ശരീരത്തിലായിരുന്നപ്പോൾ, ലോകത്തോട് സംസാരിച്ചിരുന്നതിലും അധികമായി ഇന്ന് ക്രിസ്തു തന്റെ സഭയോട് സംസാരിക്കുന്നുണ്ട്. അതിന് വേണ്ടിയാണ് 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയിരിക്കുമെന്ന് പറഞ്ഞ് പോയിട്ട്,' തന്റെ ആത്മാവിനെ എന്നേക്കും നമ്മോട് കൂടെയിരിക്കാൻ അയച്ചത്. ഇന്ന് യേശു സഭയോട് സംസാരിക്കുന്നത് തന്റെ ആത്മാവിലൂടെയാണ്.

8. യേശു ശരീരത്തിൽ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ശിഷ്യന്മാർ യേശുവിന്റെ സ്വരം കേട്ടിട്ട് എങ്ങനെ ക്രിസ്തുവിന് കീഴ്പ്പെട്ടിരുന്നുവോ അതുപോലെ തന്നെയാണ് ഇന്ന് നമ്മുടെ അകത്ത് വസിക്കുന്ന ക്രിസ്തുവിന്റെ ആത്മാവിന്റെ സ്വരം കേട്ട് നാം ആത്മാവിന് കീഴ്പ്പെട്ടിരിക്കേണ്ടത്.

9. ക്രിസ്തുവിന്റെ ആത്മാവ് സംസാരിക്കുന്നതാണ് 'ആത്മാവിന്റെ നിയമം'.

10. യേശുക്രിസ്തു മരിച്ച്, ഉയിർത്തെഴുന്നേറ്റ് തനിക്ക് പകരമായി പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയച്ചതോടെയാണ് സഭ 'ക്രിസ്തുവിന്റെ ആത്മാവിൻ' കീഴിലായത്. തുടർന്ന് സഭകളോടും വ്യക്തികളോടും ക്രിസ്തു തന്റെ ആത്മാവിലൂടെയാണ് സംസാരിക്കുന്നത്.

11. ആത്മാവിന്റെ നിയമത്തിലൂടെ യേശു ഇന്നും വിശ്വാസികളോട് കൂടെയുണ്ട്.

12. ഇന്ന് സഭകളോട് സംസാരിക്കുന്നത് യേശുവാണ്. സഭകൾ കേൾക്കുന്നത് യേശുവിൽ നിന്നല്ല, പകരം പരിശുദ്ധാത്മാവിൽ നിന്നാണ്. ഇതാണ് സഭകളെ സംബന്ധിച്ച് ആത്മാവിന്റെ നിയമവും, യേശുക്രിസ്തുവും തമ്മിലുള്ള ബന്ധം.

13. ആത്മാവിനാൽ നയിക്കപ്പെടുക എന്നാൽ ക്രിസ്തുവിനാൽ നയിക്കപ്പെടുക എന്നാണ്.

അദ്ധ്യായം 18

# ദൈവരാജ്യ വീക്ഷണത്തിൽ ന്യായപ്രമാണവും ആത്മാവിന്റെ നിയമവും

"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു." (ലൂക്കൊ. 16:16)

**ന്യായപ്രമാണം** 'യാത്രയിലും' **ദൈവരാജ്യം** 'മടക്കയാത്രയിലും' നിലകൊള്ളുന്നു. കർത്താവ് ഒരിക്കൽ യെഹൂദന്മാരോട് പഴയനിയമത്തെയും പുതിയനിയമത്തെയും വിവേചിച്ച് പറയുകയുണ്ടായി.

> പഴയനിയമത്തിന്റെ സന്ദേശമാണ് 'ന്യായപ്രമാണത്തിലൂടെയും പ്രവാചകന്മാരിലൂടെയും' ലഭിച്ചത്. പുതിയനിയമത്തിന്റെ സന്ദേശമാണ് 'ദൈവരാജ്യം'.

**"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു."**

**(ലൂക്കൊ. 16:16)**

പഴയനിയമത്തിന്റെ സന്ദേശം ലഭിച്ചിരിക്കുന്നത് 'ന്യായപ്രമാണത്തിലൂടെയും പ്രവാചകന്മാരുടെ' പുസ്തകങ്ങളിലൂടെയുമാണ്. പുതിയനിയമത്തിന്റെ സന്ദേശമാണ് 'ദൈവരാജ്യം'. 'സമ്പൂർണ്ണ ബൈബിൾ ഒന്നേകാൽ വാക്യത്തിൽ' (മത്താ. 7:12 –13) എന്ന അദ്ധ്യായത്തിൽ നിന്ന് ഇത് വ്യക്തമാണ്.

> യാത്ര ശിക്ഷാവിധിയുടെ യാത്രയാണ്, മടക്കയാത്ര രക്ഷാകരമാണ്. യാത്ര ലോകത്തിലൂടെ തീപ്പൊയ്കയിലേക്കും, മടക്കയാത്ര സ്വർഗ്ഗത്തിലേക്കുമാണ്.

ലൂക്കൊസ് 16:16 ൽ പറഞ്ഞിരിക്കുന്നത്, പഴയനിയമത്തിന്റെ, അതായത് 'യാത്രയുടെ' കാലം സ്നാപക യോഹന്നാൻ വരെ ആയിരുന്നു എന്നാണ്. മാത്രമല്ല, അപ്പോൾ മുതൽ

പുതിയനിയമത്തിന്റെ, അതായത് 'മടക്കയാത്രയുടെ' കാലമാണ്.

യാത്ര ശിക്ഷാവിധിയുടെ യാത്രയാണ്, മടക്കയാത്ര രക്ഷാകരമാണ്. യാത്ര ലോകത്തിലൂടെ തീപ്പൊയ്കയിലേക്കും, മടക്കയാത്ര ക്രിസ്തുവിലൂടെ ദൈവരാജ്യത്തിലേക്കും ആണെന്ന് നാം ധൂർത്തപുത്രന്റെ കഥയിലൂടെ മനസ്സിലാക്കിയല്ലോ. യാത്രയും മടക്കയാത്രയും പരസ്പരം വിപരീതമായ ദിശകളിലേക്കാണ്. യാത്രയിലാണ് ദൈവം മനുഷ്യർക്ക് ന്യായപ്രമാണം കൊടുത്തത്.

## എന്തിനാണ് ദൈവം യാത്രയിൽ ന്യായപ്രമാണം കൊടുത്തത്?

ദൈവത്തിന്റെ വചനം വളരെ വ്യക്തമായി നമുക്ക് കാണിച്ച് തരുന്നു, യാത്രയിലുള്ള ജനങ്ങളുടെ പാപങ്ങളെ അഥവാ പാപസ്വഭാവത്തെ തടയുവാനാണ് ന്യായപ്രമാണം കൊടുത്തത്.

> യാത്രയിലുള്ള ജനങ്ങളുടെ പാപങ്ങളെ അഥവാ പാപസ്വഭാവത്തെ തടയുവാനാണ് ന്യായപ്രമാണം കൊടുത്തത്.

**"എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ." (ഗലാ. 3:19)**

ധൂർത്തപുത്രന്റെ യാത്രയിൽ, ധൂർത്തപുത്രൻ തിന്മയായ കൂട്ടുകെട്ടുകളിലൂടെ പിതാവിന്റെ സമ്പത്ത് നശിപ്പിച്ചു എന്ന് നാം കാണുന്നു. ദൈവം നിഷ്കളങ്കനായാണ് മനുഷ്യനെ സൃഷ്ടിച്ചത്, പക്ഷേ യാത്രയിൽ മനുഷ്യന്റെ നിഷ്കളങ്ക സ്വഭാവമെല്ലാം നഷ്ടപ്പെട്ട് മനുഷ്യൻ സൂത്രശാലിയായി ത്തീർന്നു. ഈ പാപ സ്വഭാവത്തെ തടയുവാനാണ്, ദൈവം യാത്രയിലുള്ള ജനത്തിന് ന്യായപ്രമാണം കൊടുത്തത്.

> യാത്രയിൽ മനുഷ്യന്റെ നിഷ്കളങ്ക സ്വഭാവമെല്ലാം നഷ്ടപ്പെട്ട് മനുഷ്യൻ സൂത്രശാലിയായിത്തീർന്നു.

**"ഒരു കാര്യം മാത്രം ഞാൻ കണ്ടിരിക്കുന്നു: ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ച് വരുന്നു." (സഭാ. 7:29)**

## എപ്പോൾ വരെയാണ് ന്യായപ്രമാണത്തിന്റെ സന്ദേശം

സ്നാപകയോഹന്നാന്റെ കാലം വരെയായിരുന്നു ന്യായപ്രമാണ

മെന്ന് ലൂക്കൊ 16:16 ൽ നാം മനസ്സിലാക്കി.

**“ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യ ത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു.”**
**(ലൂക്കൊ. 16:16)**

മടക്കയാത്രയിൽ ‘ന്യായ പ്രമാണമല്ല’, ‘ആത്മാവിന്റെ നിയമമാണ്’.

സ്നാപകയോഹന്നാന്റെ കാലത്ത് എന്താണ് സംഭവിച്ചത്? സ്നാപകയോ ഹന്നാന്റെ കാലത്താണ് വാഗ്ദത്ത സന്തതിയായ യേശുക്രിസ്തു വന്ന് മനുഷ്യരുടെ ലോകത്തിലേക്കുള്ള യാത്രയെ സ്വർഗ്ഗത്തിലേക്കുള്ള മട ക്കയാത്രയാക്കിതീർത്തത്. ഇതിന് വേണ്ടിയാണ് യേശു മനുഷ്യവർഗ്ഗ ത്തിന്റെ പാപത്തിന് പരിഹാരമായി കാൽവറിക്രൂശിൽ മരിച്ചത്.

**“എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂത ന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ.”**
**(ഗലാ. 3:19)**

## ന്യായപ്രമാണവും ആത്മാവിന്റെ നിയമവും

മടക്കയാത്രയിലുള്ള വർക്ക് ഉയർന്ന ‘ആത്മാ വിന്റെ നിയമം’ ഉള്ളതു കൊണ്ടാണ് അവർ ‘ന്യായ പ്രമാണത്തിന്റെ കീഴിൽ അല്ലാത്തത്’.

എന്തുകൊണ്ടാണ് വാഗ്ദത്ത സന്ത തിയായ യേശുവിന്റെ വരവോളം മാത്രം ന്യായപ്രമാണം. യേശുവിന് ശേഷവും ജനത്തിന്റെ പാപങ്ങളെ തടയേണ്ട ആവ ശ്യമില്ലേ. ?

രണ്ടാമത്തെ ചോദ്യത്തിന് ആദ്യം ഉത്തരം കൊടുത്തുകൊണ്ട് നമുക്ക് ഒന്നാമത്തെ ചോദ്യത്തിലേക്ക് കടക്കാം.

യേശുവിന് ശേഷവും ജനത്തിന്റെ പാപങ്ങളെ തടയേണ്ട ആവശ്യ മില്ലേ എന്ന് ചോദിച്ച ചോദ്യത്തിന്റെ ഉത്തരം: ‘യാത്രയിലുള്ള വർക്കാണ്’ ന്യായപ്രമാണം, എന്നാൽ യേശു വന്ന് തന്നിൽ വിശ്വസി

**‘ന്യായപ്രമാണം’** മനുഷ്യന്റെ പാപസ്വഭാവം ലോകത്തിലേക്ക് വെളിപ്പെടുത്താതെ തടയാൻ ശ്രമിക്കുമ്പോൾ **‘ആത്മാവിന്റെ നിയമം’** മനുഷ്യന്റെ പാപസ്വഭാവത്തെ വേരോടെ പറിച്ച് കളയുന്നു.


ക്കുന്ന യാത്രയിലുള്ളവരെ മടക്കയാത്രക്കാരാക്കുകയാണ്. മടക്കയാത്രയിൽ 'ന്യായപ്രമാണമല്ല', 'ആത്മാവിന്റെ നിയമമാണ്'. **'ന്യായപ്രമാണം'** മനുഷ്യന്റെ പാപസ്വഭാവം ലോകത്തിലേക്ക് വെളിപ്പെടുത്താതെ തടയാൻ ശ്രമിക്കുമ്പോൾ **'ആത്മാവിന്റെ നിയമം'** മനുഷ്യന്റെ പാപസ്വഭാവത്തെ വേരോടെ പറിച്ച് കളയുന്നു. എന്നാൽ യേശുക്രിസ്തു വന്ന് യാത്രയെ മടക്കയാത്രയാക്കിയപ്പോൾ മാത്രമാണ് ഇത് സാധ്യമായത്.

മടക്കയാത്രയിലുള്ളവർക്ക് ഉയർന്ന 'ആത്മാവിന്റെ നിയമം' ഉള്ളതുകൊണ്ടാണ് അവർ 'ന്യായപ്രമാണത്തിന്റെ കീഴിൽ അല്ലാത്തത്'. ഇനി രണ്ടാമത്തെ ചോദ്യത്തിലേക്ക് കടക്കട്ടെ, എന്തുകൊണ്ടാണ് വാഗ്ദത്ത സന്തതിയായ യേശുക്രിസ്തു വരുവോളം മാത്രം ന്യായപ്രമാണം?


## ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം:<br>ലംഘനങ്ങളെ തടയുക.

ഒരു ഉപമയിലൂടെ ഇത് വ്യക്തമാക്കാം. തിരക്കേറിയ ഒരു നാലും കൂടിയ കവലയിൽ വളരെയധികം അപകടങ്ങൾ നടക്കുന്നത് കൊണ്ട്, ഗവൺമെന്റ് ആ കവലയ്ക്ക് മുകളിലൂടെ മേൽപാലം (Fly over) നിർമ്മിച്ച് അപകടം നടക്കുന്ന ആ 'നാലും കൂടിയ കവല' ഒഴിവാക്കാൻ തീരുമാനിച്ചു. പക്ഷേ ഇപ്പോൾ മേൽപാലം പണിയാൻ ധനം ഇല്ലാത്തതുകൊണ്ട് പാലം പണിയാൻ ധനം ഉണ്ടാകുന്നത് വരെ, തല്ക്കാലം അപകടങ്ങൾ തടയുവാൻ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചു, അത് സ്ഥാപിച്ചു. തുടർന്ന് ചീറിപ്പാഞ്ഞ് വരുന്ന ശക്തമായ ലോറിയും ബസ്സുമെല്ലാം ദൂരെ നിന്നേ ചുവന്ന ലൈറ്റ് കണ്ടപ്പോൾ, ബ്രേക്കിട്ട് വണ്ടി നിർത്തുവാൻ തുടങ്ങി.


> ***'ന്യായപ്രമാണം' തല്ക്കാലം ലംഘനങ്ങളെ തടുക്കുവാൻ ആണ്, എന്നാൽ ആത്മാവിന്റെ നിയമം ലംഘനങ്ങൾ തടയുവാൻ മാത്രമല്ല ലംഘനങ്ങൾ ഉണ്ടാക്കുന്ന 'ചതിമോഹങ്ങളാൽ വഷളായിപ്പോയ മനുഷ്യനെ' നീക്കിക്കളയുവാൻ കൂടിയാണ്.***




**ലോകത്തിൽ, പാപത്താലുള്ള ജനങ്ങളുടെ ലംഘനങ്ങളെ വാഹനാപകടങ്ങൾ നടക്കുന്ന ഒരു നാലും കൂടിയ കവലയുമായി ഉപമിച്ചിരിക്കുന്നു.** (ചിത്രം-32 )




**ജനങ്ങളുടെ ലംഘനങ്ങൾ തടയുവാൻ ദൈവം കൊടുത്ത 'ന്യായപ്രമാണത്തെ', വാഹന അപകടങ്ങൾ ഒഴിവാക്കാനായി ഗവൺമെന്റ് സ്ഥാപിച്ചിരിക്കുന്ന 'ട്രാഫിക് സിഗ്നലുകളുമായി' ഉപമിച്ചിരിക്കുന്നു.** (ചിത്രം-33)




**ക്രിസ്തുവിന്റെ സഭ ഇന്ന് കീഴ്പ്പെട്ടിരിക്കേണ്ട 'ആത്മാവിന്റെ നിയമത്തെ', വാഹന അപകടങ്ങൾ ഒഴിവാക്കുവാനും, ട്രാഫിക് സിഗ്നലിൽ കാത്തു കിടക്കാതെ വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കാനും നിർമ്മിച്ചിരിക്കുന്ന പാലവുമായി (Fly over) ഉപമിച്ചിരിക്കുന്നു.** (ചിത്രം-34)

ഈ 'പാലവും' 'ട്രാഫിക് ലൈറ്റും' പോലെയാണ് ആത്മാവിന്റെ നിയമവും ന്യായപ്രമാണവും. ട്രാഫിക് ലൈറ്റ് തല്ക്കാലം അപകടങ്ങൾ ഒരു പരിധി വരെ തടുക്കുവാനാണ്.

> യേശുക്രിസ്തുവിൽ വിശ്വസിച്ച് ആത്മാവിന്റെ നിയമത്തിലൂടെ പോകുന്നവർ ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവരായി.

എന്നാൽ പാലം നാലും കൂടിയ കവലയിലെ ട്രാഫിക് സിഗ്നലുകളെ (ന്യായപ്രമാണം) ഒഴിഞ്ഞ് തടസ്സം കൂടാതെ വാഹനങ്ങൾ സുഗമമായി പോകാനാണ്. 'ന്യായപ്രമാണം' തല്ക്കാലം ലംഘനങ്ങളെ തടുക്കുവാൻ ആണ്, എന്നാൽ ആത്മാവിന്റെ നിയമം ലംഘനങ്ങൾ തടയുവാൻ മാത്രമല്ല. ലംഘനങ്ങൾ ഉണ്ടാക്കുന്ന 'ചതിമോഹങ്ങളാൽ വഷളായിപ്പോയ മനുഷ്യനെ' നീക്കിക്കളയാനും കൂടിയാണ്.

ട്രാഫിക് ലൈറ്റ് = ന്യായപ്രമാണം

ആത്മാവിന്റെ പ്രമാണം = മേൽപാലം (Fly over)

ബഡ്ജറ്റ് ഇല്ലാത്തതിനാലാണ്, സിഗ്നലുകൾ സ്ഥാപിച്ച് അപകടങ്ങളെ ഒഴിവാക്കാൻ ശ്രമിച്ചത്. ഇതുപോലെ യേശുക്രിസ്തു ലോകത്തിലേക്ക് വരുവാൻ 'ആത്മാവിന്റെ നിയമത്തെ' പുന:സ്ഥാപിക്കാനുള്ള കാലം തികയാത്തതിനാലാണ്, സ്വർഗ്ഗീയ ഗവൺമെന്റ് മദ്ധ്യസ്ഥനായ മോശയുടെ കയ്യിൽ ന്യായപ്രമാണം കൊടുത്തു വിട്ടത്.

**"എന്നാൽ ന്യായപ്രമാണം എന്തിന്നു? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങളാൽ കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ." (ഗലാ. 3:19)**

**"ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു......" (യോഹ. 1:17)**

> യാത്രയിലായിരിക്കുന്ന, ലോകരാജ്യത്തിലെ ജനങ്ങൾക്കാണ് 'ന്യായപ്രമാണം'. മടക്കയാത്രയിലായിരിക്കുന്ന ദൈവരാജ്യത്തിലെ ജനത്തിനാണ് 'ആത്മാവിന്റെ നിയമം'.

തുടർന്ന് ബഡ്ജറ്റ് ഉണ്ടായപ്പോൾ നാലും കൂടിയ കവലക്ക് മുകളിലൂടെ മേൽപാലം പണിയുകയും, പാലത്തിന്റെ മുകളിലൂടെ പോകുന്നവർക്ക് സിഗ്നലുകൾ ആവശ്യമില്ലാതാകുകയും ചെയ്തു. ഇതുപോലെ കാലം തികഞ്ഞപ്പോൾ യേശുക്രിസ്തു ഭൂമിയിൽ വന്നു, കാൽവറിയിൽ യാഗമായി, **'ആത്മാവിന്റെ നിയമം'** പുന:സ്ഥാപിക്കുകയും, യേശുക്രിസ്തുവിൽ വിശ്വസിച്ച്, ആത്മാവിന്റെ നിയമത്തിലൂടെ പോകുന്നവർ ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവരാകുകയും ചെയ്തു.

**"ആത്മാവിനെ അനുസരിച്ച് നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല." (ഗലാ. 5:18)**

**"ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു." (ഗലാ. 5:16)**

എത്ര നല്ല നിയമമാണ് സ്വർഗ്ഗത്തിലെ ദൈവം നമുക്ക് നൽകിയ 'ആത്മാവിന്റെ നിയമം'. എന്നാൽ വളരെ സങ്കടത്തോടെ പറയട്ടെ, ബഹുഭൂരിപക്ഷം ജനങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ച്, ന്യായപ്രമാണം അനുസരിക്കാൻ ശ്രമിക്കുന്നവരും, ജഡത്തിന്റെ ബലഹീനത നിമിത്തം അനുസരിക്കാൻ കഴിയാതെ പരാജയപ്പെടുന്നവരുമാണ്. അതിന്റെ പരിണിതഫലം ഭയാനകമാണ്.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

**പ്രാർത്ഥന**



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ലോകത്തിലേക്കുള്ള യാത്രയുടെ നിയമമായ 'ന്യായപ്രമാണത്തെയും', സ്വർഗ്ഗരാജ്യത്തിലേക്കുള്ള മടക്കയാത്രയുടെ നിയമമായ 'ആത്മാവിന്റെ നിയമത്തെയും' കുറിച്ച് വെളിപ്പെടുത്തിയതിനായി നന്ദി. ആത്മാവിന്റെ നിയമം എന്തെന്ന് മനസ്സിലാക്കുവാനും പാപത്തിന്മേൽ ജയമെടുക്കുവാനും, ദൈവരാജ്യം അവകാശമാക്കുവാനും ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ***പഴയനിയമത്തിന്റെ സന്ദേശമാണ് ന്യായപ്രമാണവും പ്രവാചകന്മാരും, പുതിയനിയമത്തിന്റേത് ദൈവരാജ്യവും.***
2. ***യാത്ര ശിക്ഷാവിധിയുടെ യാത്രയാണ്, മടക്കയാത്ര രക്ഷാകരമാണ്. യാത്ര ലോകത്തിലൂടെ തീപ്പൊയ്കയിലേക്കും, മടക്കയാത്ര സ്വർഗ്ഗത്തിലേക്കും ആണ്.***
3. ***യാത്രയിലുള്ള ജനങ്ങളുടെ പാപങ്ങളെ അഥവാ പാപസ്വഭാവത്തെ തടയുവാനാണ് ന്യായപ്രമാണം കൊടുത്തത്.***
4. ***യാത്രയിൽ മനുഷ്യരുടെ നിഷ്കളങ്ക സ്വഭാവമെല്ലാം നഷ്ടപ്പെട്ട് മനുഷ്യൻ സൂത്രശാലിയായിത്തീർന്നു.***
5. ***മടക്കയാത്രയിൽ 'ന്യായപ്രമാണമല്ല', 'ആത്മാവിന്റെ നിയമമാണ്'.***
6. ***'ന്യായപ്രമാണം' മനുഷ്യന്റെ പാപസ്വഭാവത്തെ ലോകത്തിലേക്ക് വെളിപ്പെടുത്താതെ തടയാൻ ശ്രമിക്കുമ്പോൾ 'ആത്മാവിന്റെ നിയമം' മനുഷ്യന്റെ പാപസ്വഭാവത്തെ വേരോടെ പറിച്ച് കളയുന്നു.***

7. മടക്കയാത്രയിലുള്ളവർക്ക് ഉയർന്ന 'ആത്മാവിന്റെ നിയമം' ഉള്ളതുകൊണ്ടാണ് അവർ 'ന്യായപ്രമാണത്തിന്റെ' കീഴിൽ അല്ലാത്തത്.

8. 'ന്യായപ്രമാണം' തല്ക്കാലം ലംഘനങ്ങളെ തടുക്കുവാൻ ആണ്, എന്നാൽ ആത്മാവിന്റെ നിയമം ലംഘനങ്ങൾ ഉണ്ടാക്കുന്ന 'ചതിമോഹങ്ങളാൽ വഷളായിപ്പോയ മനുഷ്യനെ' എടുത്ത് കളയുവാനാണ്.

9. യേശുക്രിസ്തുവിൽ വിശ്വസിച്ച് ആത്മാവിന്റെ നിയമത്തിലൂടെ പോകുന്നവർ ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവരായി.

10. യാത്രയിലായിരിക്കുന്ന, ലോകരാജ്യത്തിലെ ജനങ്ങൾക്കാണ് 'ന്യായപ്രമാണം'. മടക്കയാത്രയിലായിരിക്കുന്ന ദൈവരാജ്യത്തിലെ ജനത്തിനാണ് 'ആത്മാവിന്റെ നിയമം'.



### അദ്ധ്യായം 19

# ആത്മാവിന്റെ നിയമത്തിന്റെ പ്രവർത്തനം എങ്ങനെ?

"ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു." (റോമ. 8:2)

## ആത്മാവിന്റെ നിയമത്തിന്റെ ഉദ്ദേശ്യം

**ആത്മാവിന്റെ** നിയമത്തിന്റെ ഉദ്ദേശ്യമാണ് അതിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിന് മുമ്പേ നാം അറിയേണ്ടത്.

പിശാചിനാൽ മലിനമാക്കപ്പെട്ട ജനത്തിന്, ജഡത്താലുള്ള ബലഹീനത നിമിത്തം പാപത്തിന്റെമേൽ ജയം കൊടുക്കുവാൻ ന്യായപ്രമാണത്തിന് കഴിഞ്ഞില്ല, അതിനാൽ ന്യായപ്രമാണത്തിന്റെ നീതി പ്രാപിക്കുവാനും ദൈവരാജ്യം അവകാശമാക്കുവാനും അവർക്ക് കഴിഞ്ഞില്ല. എന്നാൽ ജഡത്താലുള്ള ബലഹീനതകളെ തകർത്ത്, പാപത്തിന്റെമേൽ മനുഷ്യർക്ക് ജയം കൊടുത്ത്, ആത്മാവിനെ അനുസരിച്ച് നടക്കുന്ന അവർക്ക് ന്യായപ്രമാണത്തിന്റെ നീതി നിവർത്തിച്ച് കൊടുക്കുവാനും, അവർ ദൈവരാജ്യം അവകാശമാക്കുവാനും, അഥവാ ജീവനിൽ കടക്കുവാനും വേണ്ടിയുള്ളതാണ് 'ആത്മാവിന്റെ നിയമം'.

> ആത്മാവിന്റെ നിയമം മനുഷ്യരെ ബന്ധിച്ചിരിക്കുന്ന പാപത്തിന്റെയും, മരണത്തിന്റെയും നിയമത്തിൽ നിന്ന് സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.

**"ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന് തന്നേ." (റോമ. 8:3-4)**

**"ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു," (റോമ. 8:2)**

മടക്കയാത്രയിൽ പാപത്തെ ജയിച്ച്, ദൈവപുത്രനെ വെളിപ്പെടുത്തുവാനും, ദൈവരാജ്യം അവകാശമാക്കുവാനും ആത്മാവിന്റെ നിയമം സഹായിക്കുന്നു.

## ആത്മാവിന്റെ നിയമത്തിലെ രണ്ട് പ്രധാന പ്രവർത്തനങ്ങൾ

1. **പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് മനുഷ്യർക്ക് സ്വാതന്ത്ര്യം വരുത്തുന്നു.**
2. **പാപാസക്തിയുള്ള ജഡമനുഷ്യനെ തകർത്ത് കൊണ്ട് പാപം ചെയ്യാൻ കഴിയാത്ത ദൈവപുത്രനെ വെളിപ്പെടുത്തുന്നു.**

## ആത്മാവിന്റെ നിയമത്തിന്റെ രണ്ട് കാലുകൾ

ആത്മാവിന്റെ നിയമമാണ് ഇന്ന് ക്രിസ്തീയസഭയുടെ നിയമം. "ആത്മാവ് സഭകളോട്, അതായത് വീണ്ടും ജനിച്ചവരോട്" പറയുന്നത് കേട്ടാണ് സഭകൾ മുന്നോട്ട് പോകേണ്ടത്. ഒരു മനുഷ്യന് നല്ല രീതിയിൽ നടക്കുവാൻ രണ്ട് കാലുകൾ ദൈവം കൊടുത്തിട്ടുള്ളത് പോലെ ആത്മാവിന്റെ നിയമത്തിലെ രണ്ട് കാലുകളാണ് കൃപയും, സത്യവും. ഈ രണ്ട് കാലുകൾ നാം ഉപയോഗിച്ചെങ്കിൽ മാത്രമേ ക്രിസ്തീയ ജീവിതം വിജയകരമായി മുന്നോട്ട് കൊണ്ടുപോകുവാനും ദൈവരാജ്യം അവകാശമാക്കുവാനും, കഴിയുകയുള്ളൂ.

ആത്മാവിന്റെ നിയമമാണ് ഇന്ന് ക്രിസ്തീയസഭയുടെ നിയമം "ആത്മാവ് സഭകളോട്, അതായത് വീണ്ടും ജനിച്ചവരോട്" പറയുന്നത് കേട്ടാണ് സഭകൾ മുന്നോട്ടേക്ക് പോകേണ്ടത്.

**"ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു." (യോഹ. 1:17)**

**UAE - ൽ ആയിരിക്കുന്ന ഞാൻ കേരളത്തിലായിരിക്കുന്ന എന്റെ മകൻ തെറ്റിൽ വീഴാതിരിക്കുവാൻ ഒരു ദാസന്റെ കയ്യിൽ കൊടുത്ത നിബന്ധനകൾ പോലെയാണ് മോശെ കൊണ്ടുവന്ന, അതായത് ദൈവം എഴുതിക്കൊടുത്ത 'ന്യായപ്രമാണം'. എന്നാൽ UAE - ൽ ആയിരിക്കുന്ന ഞാൻ, നേരിട്ട്**

**കേരളത്തിലെ എന്റെ മകന്റെ അടുത്ത് ചെന്ന്, അവനോട് സംസാരിക്കുന്നത് പോലെയാണ് ദൈവം മനുഷ്യനായി ഭൂമിയിലേക്ക് കൊണ്ടുവന്ന 'ആത്മാവിന്റെ നിയമത്തിലെ' രണ്ട് കാലുകളായ കൃപയും, സത്യവും.**

'കൃപ' നാം നന്ദിയോടെ സ്വീകരിച്ച് ഉപയോഗിക്കേണ്ടതാണ്. എന്നാൽ സത്യത്തെ സ്നേഹിച്ച് സ്വീകരിക്കേണ്ടതും അനുസരിക്കേണ്ടതുമാണ്.

**"അവൻ എന്നോട്: എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും." (2 കൊരി. 12:9)**

**"അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും."**

**(2 തെസ്സ. 2:10)**

## ആത്മാവിന്റെ നിയമത്തിന്റെ രണ്ട് കാലുകൾ




**കൃപ മനുഷ്യരുടെ ബലഹീനതയിൽ മനുഷ്യരെ ശക്തിപ്പെടുത്തുന്നു, സത്യം മനുഷ്യരെ ജഡത്തിന്റെയും, അജ്ഞതകളുടെയും തടവറയിൽ നിന്നും സ്വതന്ത്രമാക്കുന്നു.**

(ചിത്രം-35)

കൃപയെ നാം സ്വീകരിച്ച് ഉപയോഗിച്ചാൽ, ഉൽപത്തി 2:17 ലുള്ള ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കപ്പെടാനും, ജഡത്തിന്റെ ബലഹീനതകളെ തരണം ചെയ്തുകൊണ്ട് ലോകത്തിൽ ജയം പ്രാപിപ്പാനും ഇടയാകും. എന്നാൽ സത്യത്തെ നാം സ്നേഹിച്ച്, അനുസരിച്ചാൽ നമ്മെ ബലഹീനമാക്കിയ ജഡമനുഷ്യൻ ദൈവാത്മാവിനാൽ തകർക്കപ്പെടുകയും, പുതിയ സൃഷ്ടിയായ ദൈവപുത്രൻ നമ്മിൽ നിന്ന് വെളിപ്പെടുകയും ചെയ്യും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, സത്യത്തെ സ്നേഹിച്ച് അനുസരിച്ചാൽ കൃപയുടെ സഹായത്തോടെ നാം മടക്കയാത്ര ചെയ്യുന്നവരായിരിക്കും.

മനുഷ്യരാൽ അസാദ്ധ്യമായത് ദൈവം സാദ്ധ്യമാക്കിത്തരുന്നതാണ് 'കൃപ' എങ്കിൽ, നാം അനുദിനം കേൾക്കുന്ന വചനമായി ഹൃദയത്തിൽ വെളിപ്പെടുന്ന സ്വർഗ്ഗീയ പിതാവിന്റെ ചിന്തയാണ് 'സത്യം', അതിന്റെ വെളിപ്പെടലാണ് വചനം.

കൃപ : മനുഷ്യരാൽ അസാദ്ധ്യം ദൈവം സാദ്ധ്യമാക്കി കൊടുക്കുന്നു.

**"അത് കേട്ട് ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു: എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്ക് കഴിയും എന്ന് പറഞ്ഞു. യേശു അവരെ നോക്കി: അത് മനുഷ്യർക്ക് അസാദ്ധ്യം എങ്കിലും ദൈവത്തിന് സകലവും സാദ്ധ്യം എന്ന് പറഞ്ഞു." (മത്താ. 19:25-26)**

പിതാവിന്റെ ചിന്തയാണ് സത്യം, അതിന്റെ വെളിപ്പെടലാണ് വചനം.

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു." (എഫെ. 2:8)**

മുകളിലെ വചനപ്രകാരം കൃപയ്ക്ക് യേശുക്രിസ്തു കൊടുക്കുന്ന

നിർവചനം "മനുഷ്യരാൽ അസാദ്ധ്യം ദൈവം സാദ്ധ്യമാക്കിക്കൊടുക്കുന്നു എന്നുള്ളതാണ്."

പൗലോസിന് പിതാവിൽ നിന്ന് വചനം വെളിപ്പെട്ട് കിട്ടിയതുപോലെ നമുക്ക് പിതാവിൽ നിന്ന് ദൈവാത്മാവ് വഴി വെളിപ്പെട്ട് കിട്ടുന്ന പിതാവിന്റെ ചിന്തയാണ് 'സത്യം', അതിന്റെ വെളിപ്പെടലാണ് വചനം.

**"സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ; നിന്റെ വചനം സത്യം ആകുന്നു." (യോഹ. 17:17)**

**"യേശു അവനോട്: ബർയോനാശീമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്." (മത്താ. 16:17)**

## ശിക്ഷായാത്രയുടെയും, രക്ഷായാത്രയുടെയും ആന്തരികതലങ്ങൾ

ഉല്പത്തി 2:17 പ്രകാരമുള്ള ശിക്ഷായാത്രയിൽ മനുഷ്യൻ ദൈവവുമായി അന്യപ്പെട്ട്, അഥവാ ആത്മമണ്ഡലത്തിൽ മരിച്ച് ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് യാത്രയായി. പൂർണ്ണമായും പിശാചിന്റെ രാജ്യത്തിലെ അടിമയായി മാറി. 'ആത്മാവ്, ദേഹി, ശരീരം' എന്നീ മൂന്ന് ഭാഗങ്ങൾ ആണ് മനുഷ്യന് ഉള്ളതെന്ന് നാം മനസ്സിലാക്കിയല്ലോ.

**"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ." (1 തെസ്സ. 5:23)**

## പാപം ചെയ്യാൻ കഴിയാത്ത മനുഷ്യൻ വെളിപ്പെടുന്നത് എങ്ങനെ?

**"ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്തു അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴിയുകയില്ല." (1 യോഹ. 3:9)**

യേശുവിനെ ഒരു വ്യക്തി രക്ഷിതാവായി സ്വീകരിക്കുമ്പോൾ ആ വ്യക്തിയുടെ ആത്മാവ് ദൈവരാജ്യത്തിൽ വീണ്ടും ജനിക്കുന്നു. ദേഹിയും ശരീരവും പഴയ അവസ്ഥയിൽ തന്നെ തുടരുന്നു. എന്നാൽ മാനസാന്തരപ്പെട്ട് ദേഹിയിലെ പഴയ മനുഷ്യനെ സ്വയം മരിക്കാൻ ഏല്പി

ച്ചുകൊടുക്കുന്നതിലൂടെ, ദേഹി ആത്മാവ് പോയ ദൈവരാജ്യത്തിലേക്ക് അദൃശ്യയാത്ര തുടങ്ങുന്നു, അഥവാ ഹൃദയം കൊണ്ട് ദൈവരാജ്യത്തോട് അടുക്കുന്നു. “ദിവസേനയുള്ള ആഹാരം, ദിവസേനയുള്ള ക്രൂശ്, ദിവസേനയുള്ള മരണം” (11-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.) എന്ന ദൈവരാജ്യത്തിലെ ‘ആത്മാവിന്റെ നിയമത്തിനു’ ഏല്പിച്ച് കൊടുത്തിട്ടുള്ള ഈ മടക്കയാത്രയിൽ, ദേഹിയിലെ ചതി മോഹങ്ങളാൽ വഷളായിപ്പോയ പഴയ മനുഷ്യൻ മരിക്കുകയും, ആത്മാവിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രൻ, ദേഹിയിൽ ചതി മോഹങ്ങളാൽ വഷളായിപ്പോയ പഴയ മനുഷ്യൻ മരിച്ച ഭാഗത്തേക്ക് വെളിപ്പെടുകയും ചെയ്യും. ‘ആത്മാവിൻ നിയമത്തിൽ’ കീഴിൽ മടക്കയാത്ര പുരോഗമിക്കുന്തോറും, ആത്മാവിൽ സൃഷ്ടിക്കപ്പെട്ട, ദൈവാനുരൂപനായ, പാപം ചെയ്യാൻ കഴിയാത്ത (1 യോഹ. 3:9) ദൈവപുത്രൻ പഴയ മനുഷ്യൻ തകർക്കപ്പെട്ട ഭാഗത്തേക്ക് പൂർണ്ണമായി നിറയുകയും, തുടർന്ന് ദൈവപുത്രൻ ശരീരത്തിലൂടെ ലോകത്തിലേക്ക് വെളിപ്പെടുകയും ചെയ്യും. അതായത് പഴയ മനുഷ്യന്റെ സ്വഭാവം മാറി ആത്മമനുഷ്യന്റെ (ദൈവപുത്രന്റെ) സ്വഭാവം ഈ മടക്കയാത്രയിലൂടെ കടന്നുപോകുന്ന മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുവാനിടയാകും.

അങ്ങനെ പാപങ്ങളെ ഓരോന്നായി പിടിക്കുന്നതിന് പകരം, ദൈവം ആത്മാവിന്റെ ശുശ്രൂഷയിൽ പാപം ചെയ്യുന്ന പഴയ മനുഷ്യനെ തന്നെ തകർത്ത് കളയുകയും, പാപം ചെയ്യാൻ കഴിയാത്ത പുതിയ മനുഷ്യനെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

പിശാച് മറച്ചുവച്ചിരിക്കുന്ന ഈ ശുശ്രൂഷയെ ദൈവത്തിന്റെ ആത്മാവ് ഈ നാളുകളിൽ പുറത്തുകൊണ്ടു വരികയാണ്. ദൈവദാസന്മാർ ആത്മാവിന്റെ സ്വരം കേട്ട് ഇത് സഭയെ അറിയിക്കേണ്ടത് ആവശ്യമാണ്.

മോശെ ഒരു ഈജിപ്റ്റുകാരനെ കൈ കൊണ്ട് കൊന്നു. എന്നാൽ ദൈവം ഫറവോനെയും സൈന്യത്തെയും ഒറ്റയടിക്ക് ചെങ്കടലിൽ കൊന്നു. ഇതുപോലെയാണ് നാം നമ്മുടെ ‘അസൂയയെയും, പകയെയും’ മറ്റുള്ള ജഡപ്രവൃത്തികളെയും ഓരോന്നായി ഒറ്റയ്ക്ക് എടുത്ത് കളയാൻ ശ്രമിക്കുന്നത്. ദൈവാത്മാവിന്റെ നിയമത്താൽ, സത്യത്തെ

നാം സ്നേഹിച്ചനുസരിക്കുമ്പോൾ ഫറവോനെയും സൈന്യത്തെയും ദൈവം സമുദ്രത്തിൽ ഒറ്റയടിക്ക് കൊന്നതുപോലെയാണ് ചതി മോഹങ്ങളാൽ വഷളായിപ്പോയ നമ്മുടെ ജഡമനുഷ്യനെ മടക്കയാത്രയിൽ പരിശുദ്ധാത്മാവ് തകർത്ത് കളയുന്നത്. ആത്മാവിന്റെ നിയമത്തിന്റെ ഈ രണ്ട് കാലുകൾ ഉപയോഗിക്കാത്തവർ പുതിയനിയമത്തിൽ നടക്കാത്തവരാണ്. ഒന്ന് മാത്രം ഉപയോഗിക്കുന്നവർ മുടന്തി നടക്കുന്നവരാണ്. രണ്ടും ഉപയോഗിക്കുന്നവർ നന്നായി നടന്ന് ജയം പ്രാപിക്കുന്നവരാണ്.

## പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് സ്വാതന്ത്ര്യം വരുത്തുന്നു. (രക്ഷിക്കപ്പെടുന്നു)

യാത്രയുടെയും മടക്കയാത്രയുടെയും ആത്മീക ഘടന മനസ്സിലാക്കിയാൽ തുടർന്നുള്ള കാര്യങ്ങൾ മനസ്സിലാക്കുവാൻ എളുപ്പമായിരിക്കും.




**യാത്രയിൽ ശിക്ഷാവിധി നടപ്പിലാക്കാൻ പിശാച് മനുഷ്യനെ മരണത്തിനായി കൊണ്ടുപോകുന്നു. പക്ഷേ മനുഷ്യർ ഇത് അറിയുന്നില്ല.** (ചിത്രം-36)

എന്താണ് പാപത്തിന്റെയും മരണത്തിന്റെയും നിയമം? പാപത്തിന്റെ

യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം.

ശമ്പളം മരണം എന്നുള്ളതാണ് പാപത്തിന്റെയും മരണത്തിന്റെയും നിയമം.

**"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ." (റോമ. 6:23)**

പാപത്തിന്റെ ശമ്പളം മരണമാണ്. ഇതാണ് പാപത്തിന്റെയും മരണത്തിന്റെയും നിയമം.

ഉൽപ്പത്തി 2:17-ൽ പറഞ്ഞ കല്പന പ്രകാരം,

**"എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും."(ഉൽപ. 2:17)**

ദൈവത്തോട് പാപം ചെയ്ത ആദാമിനെയും ആദാമിൽ നിന്ന് ജനിക്കാനിരിക്കുന്ന സകല മാനവരാശിയെയും ന്യായവിധിക്കായി മരണദൂതൻ പിടിക്കുകയും, മരണം ആദാമിന്റെ ആത്മാവിൽ ആരംഭിച്ച്, ആദാമിലൂടെ മരണം ലോകത്തിൽ കടക്കുകയും ചെയ്തു.

ആത്മാവിൽ മരിച്ച് ലോകത്തിലേക്ക് പുറന്തള്ളപ്പെട്ട ആദാമിൽ നിന്ന് ജനിച്ചവരെല്ലാം ആത്മാവിൽ മരിച്ചവരായിരുന്നു.

**"അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു."**

**(റോമ. 5:12)**

ആത്മാവിൽ മരിച്ച് ലോകത്തിലേക്ക് പുറന്തള്ളപ്പെട്ട ആദാമിൽ നിന്ന് ജനിച്ചവരെല്ലാം ആത്മാവിൽ മരിച്ചവരായിരുന്നു. ലോകത്തിലേക്ക് തള്ളപ്പെട്ട ***ആദാമിന്റെ മേലും, ആദാമിന്റെ തലമുറകളുടെ മേലും മരണദൂതൻ തന്റെ ശിക്ഷാവിധി നടത്തിക്കൊണ്ടേയിരുന്നു.*** എല്ലാ മനുഷ്യരുടെ ശരീരവും ഓരോ നിമിഷവും ദ്രവിച്ചുകൊണ്ടേയിരിക്കുന്നു. അവസാനം ശരീരം പൂർണ്ണമായി മരിച്ച്, ദേഹി പാതാളത്തിൽ യാതനയിൽ പ്രവേശിക്കുന്നു. തുടർന്ന് അന്ത്യന്യായവിധിയിൽ ഈ മനു

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷം ദൈവരാജ്യത്തിലെ 'ആത്മാവിന്റെ നിയമം' ആദ്യം മനുഷ്യരെ വിടുവിക്കുന്നത് 'പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ' നിന്നാണ്.

ഷ്യനെ തീപ്പൊയ്കയിലേക്ക് തള്ളുന്നു. അതാണ് രണ്ടാം മരണം. ഇതെല്ലാം മനുഷ്യന് സംഭവിച്ചത് ഉൽപത്തി 2:17 - ൽ ദൈവകല്പന ലംഘിച്ച് പാപം ചെയ്ത് "പാപത്തിന്റെയും മരണത്തിന്റെയും" നിയമത്തിൽ പിടിക്കപ്പെട്ടതു കൊണ്ടാണ്. എന്നാൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷം ദൈവ രാജ്യത്തിലെ 'ആത്മാവിന്റെ നിയമം' ആദ്യം മനുഷ്യരെ വിടുവിക്കുന്നത് 'പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ' നിന്നാണ്.

> ഒന്നാം ജനനത്തിൽ ജനിച്ചതെല്ലാം ഒന്നാം മരണത്തിൽ അവസാനിക്കുന്നു.

**"ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു." (റോമ. 8:2)**

ഇതേ തുടർന്ന് ആദാമിന്റെ പാപം മൂലം മനുഷ്യർ അകപ്പെട്ട് പോയ ശിക്ഷാവിധിയിൽ നിന്ന് വീണ്ടും ജനനത്തിലൂടെ (രണ്ടാം ജനനം) മനുഷ്യർ സ്വാതന്ത്ര്യം പ്രാപിക്കുകയാണ്.

**"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല." (റോമ. 8:1)**

## ഒന്നാം മരണം കഴിഞ്ഞാൽ രണ്ടാം ജനനം

മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള ഒന്നാം മരണവും രണ്ടാം മരണവും നാം മനസ്സിലാക്കിയല്ലോ. വീണ്ടും ജനനം (രണ്ടാം ജനനം) സംഭവിക്കുന്നതെല്ലാം യേശുവിലും ഒന്നാം മരണം സംഭവിക്കുന്നതെല്ലാം ആദാമിലുമാണ്. ഉല്പത്തിയിൽ ഏദെനിൽ ആദാമിന്റെ ആത്മാവും തുടർന്ന് ഭൂമിയിൽ വച്ച് ആദാമിന്റെ ശരീരവും മരിച്ചു. അതോടെ ആദാമിന്റെ ദേഹി പാതാളത്തിൽ യാതനാസ്ഥലത്തേക്ക് തള്ളപ്പെട്ടു, ദേഹിയും മരിച്ചു. അങ്ങനെ ഒരു മനുഷ്യന്റെ മൂന്ന് ഭാഗങ്ങളായ ആത്മാവും, ദേഹിയും, ശരീരവും മരിക്കുന്നതാണ് ഒന്നാം മരണം.

> ഒന്നാം മരണം കഴിഞ്ഞവരെ അന്ത്യന്യായവിധിയിൽ നിത്യമായ തീപ്പൊയ്കയിലേക്ക് തള്ളുന്നതാണ് രണ്ടാം മരണം.

ഇന്ന് ഭൂമിയിൽ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിന് മുമ്പ് ഓരോ വ്യക്തിയുടെയും അവസ്ഥ, ആ വ്യക്തി ആദാമിൽ ആത്മാവിൽ മരിച്ചതാണ്, പക്ഷേ ശരീരത്തിലും, ദേഹിയിലും ഒന്നാം മരണം നടന്നിട്ടില്ല. അതുകൊണ്ട് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന

> ഒന്നാം ജനനത്തിലുള്ള മനുഷ്യന്റെ ആത്മാവ്, ദേഹി, ദേഹം എന്നീ മൂന്ന് ഭാഗങ്ങൾ മരിക്കുന്നതാണ് ഒന്നാം മരണം.

നിമിഷം ഒന്നാം മരണം സംഭവിച്ചവരുടെ ആത്മാവ് മാത്രമേ ദൈവരാജ്യത്തിൽ വീണ്ടും (രണ്ടാമത്) ജനിക്കുന്നുള്ളൂ.

എന്തുകൊണ്ട് യേശുവിൽ വിശ്വസിച്ച ഒരു വ്യക്തിയിൽ ആത്മാവ് മാത്രം വീണ്ടും ജനിച്ചു (രണ്ടാമത് ജനിച്ചു) ?, ദേഹിയും, ശരീരവും എന്തുകൊണ്ട് രണ്ടാമത് ജനിച്ചില്ല ?

**ജനിക്കാതെ മരിക്കാൻ കഴിയാത്തതുപോലെ മരിക്കാതെ, വീണ്ടും ജനിക്കാനും കഴിയുകയില്ല.**

| | | |
|---|---|---|
| **യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിന് മുമ്പുള്ള ഒരു മനുഷ്യന്റെ അവസ്ഥ.** | **യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ ഒരു മനുഷ്യന്റെ അവസ്ഥ.** | **യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് മടക്കയാത്ര പോകുന്ന ഒരു വ്യക്തിയുടെ അവസ്ഥ.** |
| ആത്മാവ് (ഒന്നാം മരണം കഴിഞ്ഞു.)<br>ദേഹി (ഒന്നാം മരണം കഴിഞ്ഞിട്ടില്ല.)<br>ദേഹം (ഒന്നാം മരണം കഴിഞ്ഞിട്ടില്ല.) | ആത്മാവ് (വീണ്ടും ജനിക്കുന്നു.)<br>ദേഹി (വീണ്ടും ജനിച്ചിട്ടില്ല.)<br>ദേഹം (വീണ്ടും ജനിച്ചിട്ടില്ല.) | ആത്മാവ് (വീണ്ടും ജനിച്ചു.)<br>ദേഹി (വീണ്ടും ജനിച്ചുകൊണ്ടേയിരിക്കുന്നു.)<br>ദേഹം (വീണ്ടും ജനിച്ചിട്ടില്ല.) |

> ***ആദാമിൽ ആയിരുന്ന ഒരു വ്യക്തി യേശുവിൽ ആകുമ്പോൾ ആദാമിൽ ആയിരുന്ന ആ വ്യക്തിയുടെ മേൽ ഒരു പുതുക്കിപ്പണി (റിപ്പയറിംഗ്) നടത്തുകയല്ല, പകരം ആ വ്യക്തി പുതിയ സൃഷ്ടിയാവുകയാണ്.***

അതായത് പഴയ മനുഷ്യൻ മരിക്കുന്നു, പുതിയ സൃഷ്ടി ജനിക്കുന്നു.

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞു പോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു." (2 കൊരി. 5:17)**

**"ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." (ഗലാ. 2:20)**

ജനിക്കാതെ മരിക്കാൻ കഴിയാത്തതുപോലെ, മരിക്കാതെ വീണ്ടും (രണ്ടാമത്) ജനിക്കുവാൻ കഴിയുകയില്ല.

ജനിക്കാതെ മരിക്കാൻ കഴിയാത്തതുപോലെ, മരിക്കാതെ വീണ്ടും (രണ്ടാമത്) ജനിക്കുവാൻ കഴിയുകയില്ല. ഇതുകൊണ്ടാണ് യേശുവിനെ സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ മരിച്ച ആത്മാവ് മാത്രം വീണ്ടും ജനിക്കുന്നത്. ദേഹിയും, ദേഹവും മരിച്ചിട്ടില്ലല്ലോ.

## എന്തിന് പഴയ മനുഷ്യൻ മരിക്കണം?


ഏദെനിലെ ആദാമിന്റെ പാപഫലമായുള്ള ശിക്ഷാവിധിയിൽ നിന്ന് (ഉൽപ. 2:17) മനുഷ്യന് മോചനം വേണമെങ്കിൽ, മനുഷ്യൻ മരിച്ചേ മതിയാകൂ. കാരണം പാപത്തിന്റെ ശമ്പളം മരണമാണ്.

**"അങ്ങനെ പാപത്തിൽ മരിച്ചവൻ പാപത്തിൽ നിന്ന് മോചനം പ്രാപിച്ചിരിക്കുന്നു." (റോമ. 6:7)**

## ആരാണീ പുതിയ സൃഷ്ടി ?

യേശുവിനെ ഒരു വ്യക്തി രക്ഷിതാവായി സ്വീകരിക്കുമ്പോൾ ആ വ്യക്തിയുടെ ആത്മാവിൽ ഒരു പുതിയ സൃഷ്ടികർമ്മം നടക്കുകയാണ്. അങ്ങനെ പുതിയ സൃഷ്ടിയായി ജനിക്കുന്ന ദൈവാനുരൂപനായ ആത്മമനുഷ്യനാണ് പുതിയ സൃഷ്ടി. ആ വ്യക്തി ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ ആ വ്യക്തിയുടെ പേരാണ് 'ദൈവപുത്രൻ'. പക്ഷേ ഈ ദൈവപുത്രൻ ഒന്നാം മരണം കഴിയാത്ത ദേഹിയുടെ ഉള്ളിൽ മറഞ്ഞ് കിടക്കുകയാണ്.

യേശുക്രിസ്തുവിനാൽ പുതിയതായി മനുഷ്യന്റെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ട ദൈവപുത്രൻ ഒന്നാം മരണം കഴിയാത്ത ദേഹിയുടെ ഉള്ളിൽ മറഞ്ഞു കിടക്കുകയാണ്.




**ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട (വീണ്ടെടുക്കപ്പെട്ട) ആത്മമനുഷ്യനും ഇതുവരെ വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ദേഹിയും ദേഹവും.** (ചിത്രം-37)

യേശുക്രിസ്തുവിനാൽ ആത്മാവിൽ സൃഷ്ടിക്കപ്പെട്ട ഈ പുതിയ സൃഷ്ടി, അഥവാ ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടണമെന്ന താണ് ദൈവത്തിന്റെ ആഗ്രഹം. ഇതാണ് ആത്മാവിന്റെ നിയമത്തിലെ രണ്ടാമത്തെ പ്രധാന ശുശ്രൂഷ. ഈ പ്രധാന ശുശ്രൂഷയെക്കുറിച്ച് അടുത്ത അധ്യായത്തിൽ മനസ്സിലാക്കാം.

### പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്ന് ഞങ്ങളെ കരകയറ്റി, ന്യായപ്രമാണത്തിൽ നിന്ന് വിടുവിച്ച് 'ആത്മാവിന്റെ നിയമത്തിൻ' കീഴിലാക്കിയതിനാൽ നന്ദി. ആത്മാവിനെ അനുസരിച്ച് ജീവനിൽ കടക്കുവാൻ ഞങ്ങളെ സഹായിക്കണമേ, യേശുവിൻ നാമത്തിൽ തന്നെ... ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ആത്മാവിന്റെ നിയമം മനുഷ്യരെ ബന്ധിച്ചിരിക്കുന്ന പാപത്തിന്റെയും, മരണത്തിന്റെയും നിയമത്തിൽ നിന്ന് സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.
2. മടക്കയാത്രയിൽ പാപത്തെ ജയിച്ച്, ദൈവപുത്രനെ വെളിപ്പെടുത്തുവാനും ദൈവരാജ്യം അവകാശമാക്കുവാനും ആത്മാവിന്റെ നിയമം സഹായിക്കുന്നു.
3. 'ആത്മാവിന്റെ നിയമമാണ്' ഇന്ന് 'ക്രിസ്തീയസഭയുടെ' നിയമം. "ആത്മാവ് സഭകളോട്, വീണ്ടും ജനിച്ചവരോട്" പറയുന്നതു കേട്ടാണ് സഭകൾ ഇന്ന് മുന്നോട്ട് പോകേണ്ടത്.
4. മനുഷ്യരാൽ അസാദ്ധ്യമായത് ദൈവം സാദ്ധ്യമാക്കി തരുന്നതാണ് 'കൃപ' എങ്കിൽ, നാം അനുദിനം കേൾക്കുന്ന വചനമായി ഹൃദയത്തിൽ വെളിപ്പെടുന്ന സ്വർഗ്ഗീയ പിതാവിന്റെ ചിന്തയാണ് 'സത്യം'.
5. യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം.
6. 'പാപത്തിന്റെ ശമ്പളം' മരണമാണ്. ഇതാണ് പാപത്തിന്റെയും മരണത്തിന്റെയും നിയമം.
7. ആത്മാവിൽ മരിച്ച് ലോകത്തിലേക്ക് പുറന്തള്ളപ്പെട്ട ആദാമിൽ നിന്ന് ജനിച്ചവരെല്ലാം ആത്മാവിൽ മരിച്ചവരായിരുന്നു.
8. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷം ദൈവരാജ്യത്തിലെ 'ആത്മാവിന്റെ നിയമം' ആദ്യം മനുഷ്യരെ വിടുവിക്കുന്നത് 'പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്നാണ്'.
9. ഒന്നാം ജനനത്തിൽ ജനിച്ചതെല്ലാം ഒന്നാം മരണത്തിൽ അവസാനിക്കുന്നു.
10. ഒന്നാം മരണം കഴിഞ്ഞവരെ അന്ത്യന്യായവിധിയിൽ നിത്യമായ തീപ്പൊയ്കയിലേക്ക് തള്ളുന്നതാണ് രണ്ടാം മരണം.

11.ഒന്നാം ജനനത്തിലുള്ള ആത്മാവ്, ദേഹി, ദേഹം എന്നീ മൂന്ന് ഭാഗങ്ങൾ മരിക്കുന്നതാണ് ഒന്നാം മരണം.

12.ജനിക്കാതെ മരിക്കാൻ കഴിയാത്തതുപോലെ, മരിക്കാതെ വീണ്ടും (രണ്ടാമത്) ജനിക്കുവാൻ കഴിയുകയില്ല.

13.യേശുക്രിസ്തുവിനാൽ പുതിയതായി മനുഷ്യന്റെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ട ദൈവപുത്രൻ ഒന്നാം മരണം കഴിയാത്ത ദേഹിയുടെ ഉള്ളിൽ മറഞ്ഞു കിടക്കുകയാണ്.

14. 'കൃപ' മനുഷ്യരുടെ ബലഹീനതയിൽ മനുഷ്യരെ ശക്തിപ്പെടുത്തുന്നു, 'സത്യം' മനുഷ്യരെ ജഡത്തിന്റെയും, അജ്ഞതയുടെയും തടവറയിൽ നിന്ന് സ്വതന്ത്രമാക്കുന്നു.

15. 'സത്യം' നമ്മെ നിഴലായ ഈ ലോകത്തിൽ നിന്ന് യഥാർത്ഥ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ സഹായിക്കും.

16. ക്രിസ്തുയേശുവിനെ പിന്തുടർന്ന് 'മടക്കയാത്ര' ചെയ്യുന്നതിലൂടെ നമ്മിലെ ജഡസ്വഭാവത്തെ പൂർണ്ണമായി തകർക്കുക എന്നതാണ് ദൈവത്തിന്റെ രീതിയെന്ന് നാം എപ്പോഴും ഓർക്കണം.



## അദ്ധ്യായം 20

# ഒട്ടകത്തെ വിഴുങ്ങരുതേ.....അപകടം!

"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു." (മത്താ. 23:24)

## 'ആത്മാവിന്റെ നിയമത്തിന്റെ' രണ്ടാമത്തെ പ്രധാനശുശ്രൂഷ

### യേശുവിനെ അഭിഷേകം ചെയ്യുന്നവർ!

***കഴിഞ്ഞ*** അദ്ധ്യായത്തിൽ നാം പുതിയ സൃഷ്ടിയായ ദൈവപുത്രനെ കുറിച്ച് പഠിച്ചല്ലോ? പുതിയ സൃഷ്ടിയായ ഈ ദൈവപുത്രൻ ഒന്നാം മരണം കഴിയാത്ത, ചതിമോഹങ്ങളാൽ വഷളായിപ്പോയ ദേഹിയുടെ ഉള്ളിൽ മറഞ്ഞുകിടക്കുകയാണ്. ഈ ദേഹിയാണ് ജഡചിന്തകളാൽ മലിനമായ 'സ്വയം'.

> പുതിയ സൃഷ്ടിയായ ഈ ദൈവപുത്രൻ ഒന്നാം മരണം കഴിയാത്ത, ചതി മോഹങ്ങളാൽ വഷളായിപ്പോയ ദേഹിയുടെ ഉള്ളിൽ മറഞ്ഞുകിടക്കുകയാണ്. ഈ ദൈവപുത്രൻ വെളിപ്പെടുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ.

ഇവിടെ വീണ്ടും ജനിച്ചവർക്ക് ഒരു സന്തോഷവാർത്തയുണ്ട്. നമ്മുടെ ആത്മാവിൽ ദൈവപുത്രൻ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ആ ദൈവപുത്രൻ നമ്മളാൽ അതായത് നമ്മുടെ സ്വയത്താൽ മറയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നമ്മുടെ സ്വയത്തെ തകർത്താൽ ആ ദൈവപുത്രൻ നമ്മുടെ ആത്മാവിൽ നിന്ന് ദേഹിയിലേക്ക് വ്യാപരിക്കുകയും, ലോകത്തിലേക്ക് വെളിപ്പെടുകയും ചെയ്യും.

> തൈലക്കുപ്പി പൊട്ടിയാൽ സുഗന്ധം വെളിയിൽ വരുന്നത് പോലെ നമ്മുടെ പഴയ സ്വയം തകർന്നാൽ നമ്മുടെ ആത്മാവിൽ നിന്ന് പുതിയ സൃഷ്ടിയായ ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടും.

ഇത് ഒരു സുഗന്ധതൈലക്കുപ്പിയുടെ ഉള്ളിലെ സുഗന്ധതൈലം പോലെയില്ലേ? തൈലക്കുപ്പി പൊട്ടിയാൽ സുഗന്ധം വെളിയിൽ വരും. **ഈ**

**സുഗന്ധമാണ് ആത്മാവിൽ സൃഷ്ടിക്കപ്പെട്ട ദൈവപുത്രൻ. തൈലക്കുപ്പിയാണ് ജഡത്താൽ മലിനമായ നമ്മുടെ പഴയ സ്വയം.** അതായത് തൈലക്കുപ്പി പൊട്ടിയാൽ സുഗന്ധം വെളിയിൽ വരുന്നത് പോലെ നമ്മുടെ പഴയ സ്വയം തകർന്നാൽ നമ്മുടെ ആത്മാവിൽ നിന്ന് പുതിയ സൃഷ്ടിയായ ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടും.

> ദൈവപുത്രൻ വെളിപ്പെടുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ.

ഈ ദൈവപുത്രൻ വെളിപ്പെടുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ. യേശുവിന്റെ ഭാഷയിൽ പറഞ്ഞാൽ, തന്റെ സുവിശേഷത്തിലെ 'ഒട്ടകം'. 'ഒട്ടകം' എന്ന് പറഞ്ഞാൽ യേശുവിന്റെ ഭാഷയിൽ ഏറ്റവും പ്രധാനപ്പെട്ടത്.


(ചിത്രം-38)

**കുപ്പി:**

ചതിമോഹങ്ങളാൽ വഷളായിപ്പോയ സ്വയം. (പഴയ മനുഷ്യൻ)

**കുപ്പിയ്ക്ക് ഉള്ളിലെ പെർഫ്യൂം:**

പുതിയതായ സൃഷ്ടിക്കപ്പെട്ട ദൈവപുത്രൻ. (പുതിയ മനുഷ്യൻ)



ന്യായപ്രമാണത്തിന്റെ പ്രധാന ഭാഗമായ ന്യായവും, കരുണയുമെല്ലാം ഉപേക്ഷിച്ച് മൂല്യം കുറഞ്ഞ ഭാഗങ്ങൾക്ക് വലിയ പ്രാധാന്യം നല്കി വചനപ്രസംഗവും മതത്തിൽ ചേർക്കുന്ന മറ്റു പരിപാടികളും നടത്തിക്കൊണ്ടിരുന്ന യെഹൂദമതനേതാക്കളെ തുറന്ന് ശാസിക്കുന്ന ഭാഗത്തിലാണ് യേശു ഒട്ടകത്തെയും, കൊതുകിനെയും വെളിപ്പെടുത്തുന്നത്.

> യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗവും പുനരുത്ഥാനവും ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും, ദൈവപുത്രന്മാരെ വെളിപ്പെടുത്തുന്ന 'മടക്കയാത്ര' ക്രിസ്തീയ ജീവിതത്തിന്റെ കാതലുമാണ്.

**"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും**

ചെയ്യുന്നു." (മത്താ. 23:24)

## സുവിശേഷത്തിന്റെ കാതൽ (ഒട്ടകം)

യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗവും, പുനരുത്ഥാനവും ക്രിസ്തീയ ജീവിതത്തിന്റെ **അടിസ്ഥാനവും**, ദൈവപുത്രന്മാരെ വെളിപ്പെടുത്തുന്ന 'മടക്കയാത്ര' ക്രിസ്തീയ ജീവിതത്തിന്റെ **കാതലുമാണ്**.

യേശു ഒരു വിഷയം സത്യം ചെയ്ത് പറയുമ്പോൾ, ആ വിഷയം വളരെ പ്രാധാന്യമുള്ളതാണ്.

ലോകത്തിൽ എവിടെയെല്ലാം യേശുവിന്റെ സുവിശേഷം പ്രസംഗിച്ചാലും അവിടെയെല്ലാം നിർബന്ധമായും പ്രസംഗിക്കപ്പെടേണ്ട ഒരു വിഷയത്തെക്കുറിച്ച് യേശു സത്യം ചെയ്ത് പറയുന്നുണ്ട്. യേശു ആ വിഷയം സത്യം ചെയ്തു പറയുമ്പോൾ, അത് വളരെ പ്രാധാന്യമുള്ളതാണെന്ന് നമുക്ക് ഊഹിക്കാമല്ലോ.

ഈ സ്ത്രീ ചെയ്ത പ്രവൃത്തിയിൽ ഒരു സന്ദേശമുണ്ട്. ആ സന്ദേശമാണ് യേശുവിന്റെ സുവിശേഷത്തിന്റെ കാതൽ.

യേശു തന്റെ ക്രൂശുമരണത്തിനു തൊട്ട് മുമ്പ് ബേഥാന്യയിലെ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ പന്തിയിലിരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ ഒരു വെൺകൽ ഭരണിയുമായി (സുഗന്ധ തൈലക്കുപ്പി) വന്ന്, ഭരണി പൊട്ടിച്ച് തൈലം യേശുവിന്റെ തലയിൽ ഒഴിച്ചു. മറ്റൊരുരീതിയിൽ പറഞ്ഞാൽ വിലയേറിയ തൈലം കൊണ്ട് അവൾ യേശുവിനെ അഭിഷേകം ചെയ്തു.

**"അവൻ ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ ഒരു വെൺകൽ ഭരണി വിലയേറിയ സ്വച്ഛജടാമാംസി തൈലവുമായി വന്ന് ഭരണി പൊട്ടിച്ചു അവന്റെ തലയിൽ ഒഴിച്ചു." (മർക്കൊ. 14:3)**

ഈ സംഭവത്തെ തുടർന്ന് യേശു പറയുകയാണ് ഇവൾ ചെയ്ത ഈ പ്രവൃത്തി, ലോകത്തിൽ എവിടെയെല്ലാം സുവിശേഷം അറിയിക്കുന്നുവോ, അവിടെയെല്ലാം ഓർക്കുകയും, ചർച്ച ചെയ്യപ്പെടുകയും ചെയ്യും.

**"സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി**

**പ്രസ്താവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു." (മർക്കൊ. 14:9)**

**""I tell you the truth, wherever the Good News is preached throughout the world, this woman's deed will be remembered and discussed.'' (Mark. 14:9 [New Living Translation])**

**(ഞാൻ നിങ്ങളോട് സത്യമായി പറയുന്നു, ലോകത്തിലെ വിടെയെല്ലാം സുവിശേഷം പ്രസംഗിക്കുന്നുവോ, അവിടെ യെല്ലാം ഈ സ്ത്രീ ചെയ്ത പ്രവൃത്തി ഓർക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യും.) [മർക്കൊ. 14:9 NLT തർജ്ജമ]**

എന്തുകൊണ്ടാണ് ഈ സ്ത്രീ ചെയ്ത പ്രവൃത്തി, സുവിശേഷം പ്രസംഗിക്കുന്ന എല്ലായിടത്തും ഓർക്കുകയും, ചർച്ചചെയ്യപ്പെടുകയും ചെയ്യുമെന്ന് **യേശു സത്യം ചെയ്ത് പറയുന്നത്.** 'കാരണം' ഈ സ്ത്രീ ചെയ്ത പ്രവൃത്തിയിൽ ഒരു സന്ദേശമുണ്ട്. ആ സന്ദേശമാണ് യേശുവിന്റെ സുവിശേഷത്തിന്റെ കാതൽ. ആ സന്ദേശമാണ് "***ജഡമോഹങ്ങളാൽ മലിനമായ നമ്മുടെ സ്വയത്തെ തകർത്ത്, വീണ്ടും ജനിച്ച നാം ഓരോരുത്തരും നമ്മുടെ ഉള്ളിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രനെ ലോകത്തിലേക്ക് വെളിപ്പെടുത്തണമെന്നുള്ളത്.''***

നാം ഓരോരുത്തരും ദൈവപുത്രന്മാരായി വെളിപ്പെടുവാനാണ് പിതാവായ ദൈവം നമുക്ക് യേശുവിനെ തന്നത്.

> നാം ഓരോരുത്തരും ദൈവപുത്രന്മാരായി വെളിപ്പെടുവാനാണ് പിതാവായ ദൈവം നമുക്ക് യേശുവിനെ തന്നത്.

**"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

വിലയേറിയ **സ്വച്ഛജടാമാംസി തൈലം** = ദൈവസന്നിധിയിൽ വിലയേറിയ പുതിയ സൃഷ്ടിയായ ദൈവപുത്രൻ. (ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ; 1 പത്രൊ. 3:4)

**തൈലക്കുപ്പി** = ചതിമോഹങ്ങളാൽ വഷളായിപ്പോയ നമ്മുടെ പഴയ മനുഷ്യൻ (പഴയ സ്വയം)

ആ സ്ത്രീ **തൈലക്കുപ്പി** പൊട്ടിച്ച് യേശുവിന്റെ തലയിൽ ഒഴിച്ചപ്പോൾ ചെയ്തതിന്റെ സന്ദേശം, "ചതിമോഹങ്ങളാൽ വഷളായിപ്പോയ,

പഴയ മനുഷ്യനെ തകർത്ത്, അതിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന, ദൈവ സന്നിധിയിൽ വിലയേറിയതും പുതിയ സൃഷ്ടിയുമായ ദൈവപുത്രനെ വെളിപ്പെടുത്തി, യേശുവിന് സമ്മാനിക്കുകയെന്നാണ്." ഇതുപോലെ വീണ്ടും ജനിച്ച നാം ഓരോരുത്തരും നമ്മുടെ ഉള്ളിലും പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രന്മാരെ വെളിപ്പെടുത്തിക്കൊണ്ട്, ആ സ്ത്രീ ചെയ്തതുപോലെ യേശുവിനെ അഭിഷേകം ചെയ്യുന്നവരായി തീരണം. അതിന് നമ്മുടെ ഒന്നാം മരണം സംഭവിച്ചിട്ടില്ലാത്ത പഴയ സ്വയത്തെ നാം മരിപ്പിക്കണം.

ദൈവപുത്രന്മാരുടെ ഈ വെളിപ്പാടിന് വേണ്ടിയാണ് സർവ്വസൃഷ്ടികളും ഈറ്റുനോവോടെ കാത്തിരിക്കുന്നത്.

**"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

ഈ ദൈവപുത്രൻ, നമ്മുടെ ദേഹിയിലേക്കും, തുടർന്ന് ലോകത്തിലേക്കും വെളിപ്പെടാൻ വേണ്ടി ശരീരത്തിന്റെ ഒന്നാം മരണം വരെ കാത്തിരിക്കണമെന്നില്ല. ഇപ്പോഴേ നാം നമ്മുടെ സ്വയത്തിൽ മരിച്ചാൽ ദൈവപുത്രനായ പുതിയ സൃഷ്ടി, നമ്മിലൂടെ ലോകത്തിലേക്ക് വെളിപ്പെട്ടുകൊണ്ടേയിരിക്കും. ഇതത്രേ മടക്കയാത്രയിൽ പരിശുദ്ധാത്മാവ് നമ്മിലൂടെ ചെയ്യുന്ന വളരെ പ്രധാനപ്പെട്ട ശുശ്രൂഷ. ഈ ശുശ്രൂഷ ഇന്ന് ബഹുഭൂരിപക്ഷം സഭകൾക്കും വെളിപ്പെട്ടിട്ടില്ല. തന്റെ സുവിശേഷത്തിന്റെ 'കാതൽ' യേശു സത്യം ചെയ്തു പറഞ്ഞെങ്കിലും, ഈ സ്ത്രീ ചെയ്ത പ്രവൃത്തിയുടെ സന്ദേശം, ഓർക്കുകയും, ചർച്ച ചെയ്യുകയും, പഠിപ്പിക്കുകയും ചെയ്യുന്നവർ എത്ര പേരുണ്ട്? വളരെ വിരളം...!

ന്യായപ്രമാണത്തിലെ ഏറ്റവും പ്രധാനഭാഗമായ ന്യായം, കരുണ, വിശ്വസ്തത എന്നിവയെ ത്യജിച്ച്, മറ്റുള്ളവരെ യെഹൂദമതത്തിൽ ചേർക്കുകയും, ന്യായപ്രമാണം പഠിപ്പിക്കുകയും, യെഹൂദമതത്തിന്റെ മറ്റ് ആചാരങ്ങൾ ചെയ്തുകൊണ്ടിരുന്നതുമായ ദൈവദാസന്മാരെ നോക്കി യേശു പറഞ്ഞു, "നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്ന കപടഭക്തരാണ്, നിങ്ങളുടെ ഈ എല്ലാ വേലകൾക്കും അപ്പുറം നിങ്ങൾക്കും, നിങ്ങൾ ലോകമെല്ലാം ചുറ്റിക്കറങ്ങി മതത്തിലേക്ക് നേടിയവർക്കും ഒരുക്കി വച്ചിരിക്കുന്നത് നരകമാണ്."

ഇതിന്റെയെല്ലാം കാരണം ന്യായപ്രമാണത്തിലെ കാതലായ ഭാഗത്തെ ആ ദൈവദാസന്മാർ വിഴുങ്ങിയതുകൊണ്ടാണ്.

**"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു."(മത്താ. 23:24)**

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ച് കളകയുകയും ചെയ്യുന്നു." (മത്താ. 23:23)**

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്ന ശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു." (മത്താ. 23:14-15)**

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. (മത്താ. 23:13)**

യേശു ഇത്രയും കോപത്തോടെ ഈ ദൈവദാസന്മാരോട് സംസാരിക്കാനുള്ള കാരണം, ഈ ദൈവദാസന്മാരുടെ കരയും കടലും കടന്നുള്ള മതപരിവർത്തനവും, പ്രവർത്തനങ്ങളും എല്ലാം നടത്തിയതിന് ശേഷം ഇവർക്കും, ഇവരാൽ നേടിയവർക്കും, അകമേ ഒരു മാറ്റവും ഉണ്ടായില്ല. മാറ്റങ്ങൾ ഉണ്ടായത് പുറത്ത് മാത്രമായിരുന്നു.

**"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിന് മുമ്പെ അവയുടെ അകം വെടിപ്പാക്കുക. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ ഒത്തിരിക്കുന്നു; അവ**

ഇന്ന് പുതിയ നിയമ സഭയിലെ ജനങ്ങളിൽ മടക്കയാത്രയ്ക്ക് പോകുന്നവർ വിരളം.

**പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു." (മത്താ. 23:25-27)**

മടക്കയാത്രയില്ലാത്ത സുവിശേഷം കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്ന സുവിശേഷമാണ്.

ഇവർ മതം മാറ്റിയവരെല്ലാം ഇരട്ടിച്ച നരക സന്തതികൾ ആയിത്തീർന്നു.

## ഈ വെറും ചെലവ് എന്തിന്?

ഇന്ന് പുതിയ നിയമസഭയിൽ, അനേകരും 'ഒട്ടകത്തെ' വിഴുങ്ങിയിരിക്കുന്നു, അതായത് ജനങ്ങൾ മടക്കയാത്രയ്ക്ക് പോകുന്നത് വിരളം. കാരണം ആ സ്ത്രീ വിലയേറിയ തൈലം യേശുവിന്റെ തലയിൽ ഒഴിച്ചപ്പോൾ ദ്രവ്യാഗ്രഹിയായ ചിലർ പറഞ്ഞു. "ഈ വെറും ചിലവ് എന്തിനാണ്."?

മടക്കയാത്രയിലൂടെ ഒരു വ്യക്തി പോകുമ്പോൾ പാപം ചെയ്യാൻ കഴിയാത്ത 'ദൈവപുത്രൻ' തന്റെ അകത്ത് നിന്ന് വെളിപ്പെട്ട് വരും.

**"അവിടെ ചിലർ: തൈലത്തിന്റെ ഈ വെറും ചെലവ് എന്തിന്? ഇത് മുന്നൂറ്റിൽ അധികം വെള്ളിക്കാശിന് വിറ്റ് ദരിദ്രർക്ക് കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ എന്നിങ്ങനെ ഉള്ളിൽ നീരസപ്പെട്ടു അവളെ ഭർത്സിച്ചു. എന്നാൽ യേശു: ഇവളെ വിടുവിൻ; അവളെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു." (മർക്കൊ. 14:4-6)**

യേശുവിന്, താൻ ആഗ്രഹിച്ച ഏറ്റവും നല്ല പ്രവൃത്തിയായിരുന്നു ഇത്. പക്ഷേ യേശുവിനോട് കൂടെ ഉണ്ടായിരുന്ന പലർക്കും ഇത് വെറും ഒരു പാഴ്ചെലവായിരുന്നു. ഈ തൈലം പൊട്ടിച്ച് യേശുവിന്റെ തലയിൽ ഒഴിക്കുന്നതാണ് നാം യേശുവിനെ അനുഗമിച്ചുള്ള മടക്കയാത്രയിൽ ചെയ്യുന്നത്. മടക്കയാത്രയില്ലാത്ത സുവിശേഷം കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്ന സുവിശേഷമാണ്. ഇങ്ങനെയുള്ള സുവിശേഷങ്ങളിലൂടെ പാപം ചെയ്യാൻ കഴിയാത്ത ദൈവപുത്രന്മാർ വെളിപ്പെടുകയില്ല.

പുറത്തല്ല, അകത്താണ് നമുക്ക് മാറ്റം വേണ്ടത്. അകത്ത് മാറ്റം വന്നാൽ പുറത്തേക്ക് അത് വ്യാപരിച്ചുകൊള്ളും.

**"ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴിയുകയില്ല." (1 യോഹ. 3:9)**

മടക്കയാത്രയിലൂടെ ഒരു വ്യക്തി പോകുമ്പോൾ പാപം ചെയ്യാൻ കഴിയാത്ത 'ദൈവപുത്രൻ' അവന്റെ അകത്ത് നിന്ന് വെളിപ്പെട്ട് വരും. അല്ലാതെ പരീശന്മാരുടേതുപോലുള്ള വെറും മതം മാറ്റൽ സുവിശേഷങ്ങളും, പുത്രത്വയാത്രയ്ക്ക് പോകാതെ, ദാസത്വയാത്രയ്ക്ക് മാത്രം പോകുന്നതും ബുദ്ധിശൂന്യമായ പ്രവർത്തനങ്ങൾ ആണ്; അതിൽ നിന്ന് ഉൽഭവിക്കുന്നത് ചതിക്കുന്ന അപകടകരമായ ആത്മീക ജീവിതരീതികളാണ്. പ്രിയരേ, നമുക്ക് ഇന്നു മുതൽ മടക്കയാത്രയിൽ കടന്നു പോയി, നമ്മുടെ ഉള്ളിൽ നിന്നും ദൈവപുത്രനെ വെളിപ്പെടുത്തിക്കൊണ്ട്, ആ സ്ത്രീ ചെയ്തതുപോലെ 'യേശുവിനെ' അഭിഷേകം ചെയ്യാം. അല്ലെങ്കിൽ പരീശന്മാരുടെ സകല സുവിശേഷവേലകൾക്കും ശേഷം നരകം ഒരുക്കിയിരിക്കുന്നു എന്ന് യേശു പറഞ്ഞതുപോലെ, ദൈവപുത്രനെ വെളിപ്പെടാത്ത നമ്മുടെ സകല സുവിശേഷവേലകൾക്കും ശേഷം ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിന്ന് നാം തള്ളപ്പെടാൻ ഇടയാകും. പുറത്തല്ല, അകത്താണ് നമുക്ക് ഒരു മാറ്റം വേണ്ടത്. അകത്ത് മാറ്റം വന്നാൽ പുറത്തേക്ക് അത് വ്യാപരിച്ചുകൊള്ളും.

> യേശു പറഞ്ഞ 'അങ്ങനെ തന്നെയിരിക്കും' എന്ന വാഗ്ദത്തമാണ് വിശ്വസികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാഗ്ദത്തം.

**"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ (ദൈവപുത്രരായി) അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്ന് തീർത്തു പറയും." (മത്താ. 7:22–23)**

**"എന്നോട് കർത്താവേ, കർത്താവേ, എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ (വിശുദ്ധീകരണത്തിലൂടെ ദൈവപുത്രന്മാർ വെളിപ്പെ**

ടുക) അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.” (മത്താ. 7:21)

എന്താണ് പിതാവിന്റെ ഇഷ്ടം?

ദൈവപുത്രന്മാർ വെളിപ്പെടുക.

“ജയിക്കുന്നവന്നു ഇത് അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും” (വെളി. 21:7)

ജഡസ്വഭാവത്തിൽ നിൽക്കുന്ന ഒരു സമൂഹമാണ് ഇന്നത്തെ ബഹുഭൂരിപക്ഷം സഭകളിലും ഉള്ളത്. അതുകൊണ്ടാണ് സഭകളിലെ കലഹങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നത്.

## ഏറ്റവും കൂടുതൽ ഉപയോഗപ്പെട്ടിട്ടുള്ള വാഗ്ദത്തം...!

ക്രിസ്തീയ സഭകളിൽ ഏറ്റവും കൂടുതൽ ഉപയോഗപ്പെട്ടിട്ടുള്ള വാഗ്ദത്തം, രോഗസൗഖ്യത്തിന്റെയോ, ഭാരങ്ങളിൽ നിന്നുള്ള ആശ്വാസത്തിന്റെയോ ഒന്നുമല്ല, പകരം യേശു പറഞ്ഞ ‘**അങ്ങനെ തന്നെയിരിക്കും**’ എന്ന വാഗ്ദത്തമാണ് വിശ്വാസികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാഗ്ദത്തം.

യേശുവിനെക്കുറിച്ചുള്ള ഈ ജനത്തിന്റെ ചിന്ത, യേശു പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവനല്ല, പാപങ്ങളെ ക്ഷമിക്കുന്നവൻ മാത്രമാണെന്നാണ്.

**“ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; കോതമ്പുമണി നിലത്ത് വീണ് ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും.” (യോഹ. 12:24)**

പല സ്ഥലങ്ങളിലെയും, വിശ്വാസികളിൽ നിന്ന് കേൾക്കുവാനിടയായിട്ടുള്ളത്, “10 വർഷമായി, 20 വർഷമായി രക്ഷിക്കപ്പെട്ടിട്ട്, പക്ഷേ രക്ഷിക്കപ്പെട്ട സമയത്തുള്ള അസൂയയും കോപവുമെല്ലാം എനിക്കിപ്പോഴും ഉണ്ട്.” ഇതിന്റെ അർത്ഥമെന്ന് പറയുന്നത് അവർക്ക് മാറ്റമില്ലാതെ “തനിയേ ഇരിക്കും.” ഈ വാഗ്ദത്തം ആണ് യേശുക്രിസ്തു യോഹന്നാൻ 12:24–ൽ പറഞ്ഞത്, “അങ്ങനെ തന്നെയിരിക്കുമെന്ന്.” ഈ വാഗ്ദത്തവും പിടിച്ചുകൊണ്ടാണ് ഇന്ന് വിശ്വാസികളിൽ ഭൂരിപക്ഷവും നടക്കുന്നത്. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ അവരുടെ പാപത്തിൽ നിന്ന്

എങ്ങനെയാണ് യേശു പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതെന്ന് ഭൂരിപക്ഷം വിശ്വാസികൾക്കും അറിഞ്ഞുകൂടാ.

അവർക്ക് ക്ഷമ കിട്ടി, പക്ഷേ യേശു അവരുടെ പാപ സ്വഭാവമായ അസൂയയിൽ നിന്നും, കോപത്തിൽ നിന്നും, മറ്റ് ജഡസ്വഭാവങ്ങളിൽ നിന്നും അവരെ രക്ഷിച്ചില്ല. ഇങ്ങനെ ജഡസ്വഭാവത്തിൽ നിൽക്കുന്ന ഒരു സമൂഹമാണ് ഇന്നത്തെ ഭൂരിപക്ഷം സഭകളിലും ഉള്ളത്. അതു കൊണ്ടാണ് സഭകളിലെ കലഹങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നത്.

യേശുവിനെക്കുറിച്ചുള്ള ഈ ജനത്തിന്റെ ചിന്ത, യേശു പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവൻ അല്ല, പാപങ്ങളെ ക്ഷമിക്കുന്നവൻ മാത്രമാണെന്നാണ്.

ഒരു ഉപമയിലൂടെ ഞാൻ ഇത് അവതരിപ്പിക്കട്ടെ. ഞാൻ 15 വയസ്സുള്ള എന്റെ മകനോട് "പപ്പ വെളിയിൽ പോവുകയാണ്, നീ പേരയിൽ കയറരുത്, റോഡ് പണിക്കാർ പേരയുടെ ചുവട്ടിൽ വലിയൊരു കുഴി കുഴിച്ചിട്ടുണ്ട്, അതിനാൽ നീ ഇരുന്ന് പഠിച്ചുകൊള്ളണം" എന്ന് പറഞ്ഞു എന്നിരിക്കട്ടെ. ഞാൻ ജോലിക്ക് പോയി കഴിഞ്ഞപ്പോൾ, എന്റെ വാക്ക് ലംഘിച്ച് എന്റെ മകൻ പേരയിൽ കയറുകയും, കൊമ്പൊടിഞ്ഞ് താഴെ വലിയ കുഴിയിൽ വീണ് മാരകമായ പരിക്കുകളോടെ കിടക്കുകയുമാണ്. ഞാൻ ജോലി കഴിഞ്ഞ് വീട്ടിൽ മടങ്ങി വന്നപ്പോൾ മകനെ വീട്ടിൽ കാണുന്നില്ല. പകരം പേരയുടെ ചുവട്ടിലുള്ള കുഴിയിൽ നിന്ന് ഒരു കരച്ചിലിന്റെ സ്വരം കേൾക്കുന്നുണ്ട്, "പപ്പാ, എന്നെ രക്ഷിക്കണേ." ഞാൻ കുഴിയിൽ ചെന്ന് നോക്കുമ്പോൾ, അനുസരണക്കേട് കാണിച്ച എന്റെ മകൻ കുഴിയിൽ കിടന്ന് കരയുകയാണ്. ഞാൻ അവനോട് ചോദിച്ചു, 'നീ എന്തിനാ അനുസരണക്കേട് കാണിച്ചത്?' കുഴിയിൽ കിടന്ന് മകൻ എന്നോട് 'പപ്പാ, എന്നോട് ക്ഷമിക്കണമേ.' ഞാൻ അവനോട് തുടർന്ന് ഇങ്ങനെ പറയുന്നു എന്ന് വിചാരിക്കുക,"ശരി, ഞാൻ നിന്നോട് ക്ഷമിച്ചിരിക്കുന്നു." ഇത് പറഞ്ഞിട്ട് ഞാൻ വീട്ടിലേക്ക് പോയി, അവനെ കുഴിയിൽ നിന്ന് രക്ഷിച്ചതുമില്ല. (ഇതൊരു സാങ്കല്പിക കഥ മാത്രമാണ്). ഇങ്ങനെയുള്ള ഒരു ക്രിസ്തുവാണ് ഇന്ന് ഭൂരിപക്ഷം വിശ്വാസികൾക്കും വെളിപ്പെട്ടിരിക്കുന്നത്. പാപങ്ങൾ ക്ഷമിക്കുക മാത്രം ചെയ്യുന്ന ക്രിസ്തു, പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നില്ല."

എന്നാൽ തിരുവചനത്തിലെ ക്രിസ്തു പാപങ്ങളെ ക്ഷമിക്കുന്നവൻ മാത്രമല്ല, പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവൻ കൂടെയാണ്. എങ്ങ

***നാം യേശുവിൽ വിശ്വസിച്ച് കുറവുകൾ ഏറ്റു പറയുമ്പോൾ യേശു നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. എന്നാൽ നാം മടക്കയാത്രയിലൂടെ പോകുമ്പോൾ യേശു നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുക കൂടി ചെയ്യുന്നു.***

നെയാണ് യേശു പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതെന്ന് ഭൂരിപക്ഷം വിശ്വാസികൾക്കും അറിഞ്ഞുകൂടാ.

**"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു."**

**(മത്താ. 1:21)**

യേശുവിന്റെ പേര് രക്ഷകൻ എന്നാണ്. യേശു രക്ഷിക്കുന്നത് പാപങ്ങളിൽ നിന്നാണ്.

## എപ്പോഴാണ് യേശു നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നത്?

***നാം യേശുവിൽ വിശ്വസിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ.***

**എങ്ങനെയാണ് യേശു നമ്മെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നത്?**

***'മടക്കയാത്രയിൽ', അതായത് മടക്കയാത്രയിലാണ് നമ്മിലെ പാപം ചെയ്യുന്ന മനുഷ്യൻ മരിച്ച് പകരം പാപം ചെയ്യാൻ കഴിയാത്ത ദൈവപുത്രൻ നമ്മിൽ നിന്നും വെളിപ്പെടുന്നത്.***

## ചത്താൽ വളരെ ഫലം ഉണ്ടാകും

**"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; കോതമ്പുമണി നിലത്ത് വീണ് ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും."**

**(യോഹ. 12:24)**

യേശു ഇവിടെ ചൂണ്ടിക്കാണിക്കുന്നത്, ആ സ്ത്രീ കൊണ്ടുവന്ന ***തൈലക്കുപ്പിക്ക് തൈലവും കുപ്പിയും എന്ന രണ്ട് ഭാഗങ്ങൾ ഉള്ളതുപോലെ, ഒരു വിത്തിനും രണ്ട് പ്രധാന ഭാഗങ്ങൾ ഉണ്ട്.***

ഒന്ന്:- വിത്തിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന ജീവൻ.

രണ്ട്:- "ജീവനെ" മറച്ചിരിക്കുന്ന വിത്തിന്റെ പുറന്തോട്.

ഈ വിത്ത് നിലത്ത് വീണ് ഇതിന്റെ

> വിത്ത് നിലത്ത് വീണ് ഇതിന്റെ പുറന്തോട് തകർന്നാൽ, അതിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന 'ജീവൻ' ഒരു ഗോതമ്പ് ചെടിയായി പുറത്തേക്ക് വരും.


പുറനന്തോട് തകർന്നാൽ, അതിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന 'ജീവൻ' ഒരു ഗോതമ്പ് ചെടിയായി പുറത്തേക്ക് വരികയും, വളരെയധികം ഫലം ഉണ്ടാകുകയും ചെയ്യുമെന്നാണ് യേശു പറയുന്നത്. യേശു ഇവിടെ, വിത്തിന്റെ ഉള്ളിലെ 'ജീവനെ' ഉപമിച്ചിരിക്കുന്നത്, വീണ്ടും ജനിച്ച ഒരു വ്യക്തിയുടെ ആത്മാവിൽ സൃഷ്ടിക്കപ്പെട്ട ദൈവപുത്രനോടാണ്. വിത്തിന്റെ പുറന്തോടിനെ ഉപമിച്ചിരിക്കുന്നത്, പുതിയ സൃഷ്ടിയായ ദൈവപുത്രനെ വെളിപ്പെടുത്താതെ, അതിനെ തടയുന്ന നമ്മുടെ പഴയ സ്വയത്തോടാണ്.

വിത്തിൽ മറഞ്ഞിരിക്കുന്ന ജീവൻ : മറയപ്പെട്ടിരിക്കുന്ന പുതിയ സൃഷ്ടിയായ ദൈവപുത്രൻ.

വിത്തിന്റെ പുറന്തോട് : പുതിയ സൃഷ്ടിയായ ദൈവപുത്രനെ വെളിപ്പെടുത്താതെ മറയ്ക്കുന്ന രക്ഷിക്കപ്പെട്ട മനുഷ്യന്റെ പഴയ സ്വയം.

**വിത്തിന്റെ പുറന്തോട്:** മലിനപ്പെട്ട പഴയ സ്വയം

വിത്തിലെ ജീവൻ **(Germ)** : പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവ പുത്രൻ.




(ചിത്രം-39)

വിത്തിന്റെ പുറന്തോട് നിലത്ത് വീണ് തകർന്നു എങ്കിൽ മാത്രമേ, ദൈവം വിത്തിന്റെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്ന ചെടി പുറത്ത് വന്ന് ഫലം കൊടുക്കുകയുള്ളൂ. ഇതുപോലെ നമ്മുടെ പഴയ സ്വയം 'മടക്ക യാത്രയിൽ' തകരുന്നെങ്കിൽ മാത്രമേ, നമ്മുടെ ഉള്ളിൽ ദൈവം സൃഷ്ടിച്ച ദൈവപുത്രൻ വെളിപ്പെടുകയും, ദൈവം ആഗ്രഹിച്ച ഫലങ്ങൾ നമ്മിൽ നിന്നും പുറത്ത് വരികയും ചെയ്യുകയുള്ളൂ. അല്ലാതെ നാം സ്വയമേ (പഴയ സ്വയത്തിൽ നിന്ന്) പുറപ്പെടുവിക്കുന്ന ഫലങ്ങൾ

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ദൈവം നിക്ഷേപിച്ചത് വേണം ഫലമായി പുറപ്പെടുവിക്കുവാൻ, നമ്മുടെ സ്വയത്തിൽ നിന്ന് ഉത്ഭവിക്കുന്നതല്ല. അങ്ങനെ നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചത് പുറത്ത് വരണമെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ, "മടക്കയാത്ര".

എല്ലാം പരീശന്മാർ ചെയ്ത മതപരമായ കാര്യങ്ങൾ പോലെയേ യേശു കാണുകയുള്ളൂ. കാരണം ഗോതമ്പ് വിത്ത് മാമ്പഴം ഉണ്ടാക്കാൻ ശ്രമിച്ച് മാമ്പഴം ഉണ്ടാക്കിയിട്ട് കാര്യമില്ല, കാരണം അത് സ്വയം ഉണ്ടാക്കിയതാണ് (artificial). സ്രഷ്ടാവായ ദൈവം ഗോതമ്പിന്റെ ഉള്ളിൽ ഗോതമ്പ് ചെടിയേ നിക്ഷേപിച്ചിട്ടുള്ളൂ, മാമ്പഴം അല്ലെങ്കിൽ മാവ് നിക്ഷേപിച്ചിട്ടില്ല.

പ്രിയരേ, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ദൈവം നിക്ഷേപിച്ചത് വേണം ഫലമായി പുറപ്പെടുവിക്കുവാൻ, അല്ലാതെ നമ്മുടെ ഉള്ളിലെ സ്വയത്തിൽ നിന്ന് ഉത്ഭവിക്കുന്നതല്ല. അങ്ങനെ നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചത് പുറത്ത് വരണമെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ, "മടക്കയാത്ര".

**കർത്താവ് പറയുന്നത് ഈ വിത്തിൽ നിന്ന് ഫലം കിട്ടണമെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ....!**

***"നിലത്ത് വീണ് തകരുക അഥവാ മടക്കയാത്ര."***

മടക്കയാത്രയിൽ നമ്മിൽ നിന്ന് നമ്മുടെ പഴയ സ്വയം മരിക്കുന്നതിനനുസരിച്ച് ദൈവപുത്രന്മാർ നമ്മിലൂടെ വെളിപ്പെടുകയും, ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ഫലം നമ്മിലൂടെ വെളിപ്പെടുകയും ചെയ്യും.

## പൗലോസിന്റെ ആത്മീകവളർച്ചയുടെ രഹസ്യം

നമ്മുടെ ആത്മാവിൽ നിന്ന് ദൈവപുത്രൻ, ദേഹിയിലേക്ക് ജനിച്ചെങ്കിൽ മാത്രമേ, ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ഫലങ്ങൾ

മടക്കയാത്രയിൽ ഒരു മനുഷ്യന്റെ പഴയ സ്വയം മരിക്കുന്നതിനനുസരിച്ച് ദൈവപുത്രൻ ആ മനുഷ്യനിലൂടെ വെളിപ്പെടുകയും, ദൈവം ആ വ്യക്തിയിൽ നിക്ഷേപിച്ചിരിക്കുന്ന ഫലം ആ വ്യക്തിയിലൂടെ വെളിപ്പെട്ടുവരികയും ചെയ്യും.

നമ്മുടെ പഴയ സ്വയം 'മടക്കയാത്രയിൽ' തകരുന്നെങ്കിൽ മാത്രമേ, നമ്മുടെ ഉള്ളിൽ ദൈവം സൃഷ്ടിച്ച ദൈവപുത്രൻ വെളിപ്പെടുകയും, ദൈവം ആഗ്രഹിച്ച ഫലങ്ങൾ നമ്മിൽ നിന്നും പുറത്തേക്ക് വരികയും ചെയ്യുകയുള്ളൂ.

നമ്മിലൂടെ വെളിപ്പെടുകയുള്ളൂ. നമ്മുടെ പഴയ സ്വയം മരിക്കാതെ, ഒരിക്കലും ദൈവപുത്രന്മാർ നമ്മുടെ ദേഹിയിലേക്ക് ജനിക്കുകയില്ല. ഒരു മരണം നടക്കാതെ ജനനം നടക്കുകയില്ല. നമ്മുടെ ദേഹിയിലെ ജഡസ്വഭാവം അഥവാ നമ്മുടെ സ്വയം നാം മരിപ്പിക്കുമ്പോൾ, അതായത് ഒന്നാം മരണത്തിന് നാം മനഃപ്പൂർവ്വം നമ്മുടെ സ്വയത്തെ പരിശുദ്ധാത്മാവിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അപ്പോഴാണ് ആത്മാവിലുള്ള പുതിയ സൃഷ്ടിയായ ദൈവപുത്രൻ നമ്മുടെ ദേഹിയിലേക്ക് വെളിപ്പെടുന്നത്.

ഒന്നാം മരണത്തിന് നാം മനഃപ്പൂർവ്വം നമ്മുടെ സ്വയത്തെ പരിശുദ്ധാത്മാവിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അപ്പോഴാണ് ആത്മാവിലുള്ള പുതിയ സൃഷ്ടിയായ ദൈവപുത്രൻ നമ്മുടെ ദേഹിയിലേക്ക് വെളിപ്പെടുന്നത്.

**"ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

ഇതുകൊണ്ടാണ് പൗലോസ് നാൾതോറും മരിക്കുന്നതിൽ അഭിമാനിച്ചത്.

**"സഹോദരന്മാരേ, നമ്മുടെ കർത്താവായ ക്രിസ്തുയേശുവിങ്കൽ എനിക്ക് നിങ്ങളിലുള്ള പ്രശംസയാണ ഞാൻ ദിവസേന മരിക്കുന്നു." (1 കൊരി. 15:31)**

ദിവസേനയുള്ള പൗലോസിന്റെ സ്വയത്തിലുള്ള മരണമാണ്, അദ്ദേഹത്തെ അധികമായി ദൈവത്തോട് അടുപ്പിച്ചത്. അതുകൊണ്ടാണ് പതിമൂന്ന് ലേഖനങ്ങൾ പൗലോസിലൂടെ നമുക്ക് ലഭിക്കാനിടയായതും. ഗോതമ്പ് വിത്തിന്റെ ഉള്ളിൽ ഗോതമ്പ് ചെടി എന്ന പോലെ പൗലോസിൽ ദൈവം നിക്ഷേപിച്ച ഫലമാണ് ഈ പതിമൂന്ന് ലേഖനങ്ങൾ. ഇതിന്റെയെല്ലാം രഹസ്യം **'ആത്മാവിന്റെ നിയമത്തിൻ'** കീഴിൽ

പൗലോസ് മടക്കയാത്ര ചെയ്തു എന്നതാണ്.

## ആദ്യം ചെയ്യേണ്ടത് ആദ്യം ചെയ്യുക
## വളരണമെങ്കിൽ ആദ്യം തകരുക

**ആത്മീകവളർച്ച:-**

ഇന്ന് ആത്മാർത്ഥമായി ആ ത്മീകവളർച്ച ആഗ്രഹിക്കുന്ന, നിഷ്കളങ്കമായി കർത്താവിനെ സ്നേഹിക്കുന്ന ധാരാളം വ്യക്തികൾ ഉണ്ട്. അവർ പ്രാർത്ഥിക്കുന്നുണ്ട്, ഉപവസിക്കുന്നുണ്ട്, ആരാധിക്കുന്നുണ്ട്, വചനം കേൾക്കുന്നുണ്ട്, പഠിക്കുന്നുണ്ട്. പക്ഷേ ഈ നല്ല കാര്യങ്ങൾ എല്ലാം ചെയ്തിട്ടും, അവരുടെ അറിവ് വർദ്ധിക്കുന്നു എന്നല്ലാതെ ആത്മീകമായി വളരുന്നില്ല.

> "ഗോതമ്പ് മണി വളരണമെങ്കിൽ, ആദ്യം അത് വളരുകയല്ല വേണ്ടത്, ആദ്യം അത് തകരുകയാണ് വേണ്ടത്." തകരാതെ വളരാൻ മാത്രം നോക്കുന്നത് കൊണ്ടാണ് ഇന്ന് പലരും ആത്മീകമായി വളരാത്തത്.

പ്രിയരേ, കർത്താവായ യേശുവിന്റെ വാക്കുകൾ മറക്കരുത്. "ഗോതമ്പ് മണി വളരണമെങ്കിൽ, ആദ്യം അത് വളരുകയല്ല വേണ്ടത്, ആദ്യം അത് തകരുകയാണ് വേണ്ടത്.'' തകരാതെ വളരാൻ മാത്രം നോക്കുന്നത് കൊണ്ടാണ് ഇന്ന് പലരും ആത്മീകമായി വളരാത്തത്.

അതുകൊണ്ട് പ്രിയരേ, ആത്മീകമായി വളരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, ആദ്യം വളരുകയല്ല പകരം ചതിമോഹങ്ങളാൽ വഷളായിപ്പോയ സ്വയത്തെ തകർക്കുവാൻ 'മടക്കയാത്രയിൽ' പരിശുദ്ധാത്മാവിന്റെ കൈയ്യിൽ ഏല്പിച്ചുകൊടുക്കുക. എങ്കിൽ പാപം ചെയ്യാൻ കഴിയാത്ത പുതിയ സൃഷ്ടിയായ ദൈവപുത്രൻ നിങ്ങളിൽ നിന്ന് വെളിപ്പെടുകയും, നിങ്ങൾ ആത്മീകവളർച്ച പ്രാപിക്കുകയും നിത്യസ്വർഗ്ഗം അവകാശമാക്കുകയും ചെയ്യും.

ആദ്യം **ധരിക്കുകയല്ല,** ആദ്യം **ഉപേക്ഷിക്കുകയാണ്** വേണ്ടത്.

**ആദ്യം ഉപേക്ഷിക്കുക,**

**"മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച്." (എഫെ. 4:22)**

**രണ്ടാമത് ധരിക്കുക,**

**“സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ.” (എഫേ. 4:24)**

**അഭിഷേകത്തിൽ വളർച്ച:-**

നിങ്ങൾ അഭിഷേകത്തിൽ മാത്രമാണ് വളരുവാൻ ആഗ്രഹിക്കുന്നതെങ്കിൽ, പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ ദൈവത്തോട് ചോദിക്കുന്നു എങ്കിൽ, ‘തന്നോട് ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികമായി കൊടുക്കും എന്ന് പറഞ്ഞ’ പിതാവ്, നിങ്ങളെ അഭിഷേകത്താൽ നിറയ്ക്കുവാനും, നിങ്ങളുടെ വിളിക്കനുസരിച്ച് കൃപാവരങ്ങളുടെ ശുശ്രൂഷ ചെയ്യുന്ന അനുഗ്രഹീതനായ ഒരു കർതൃദാസനായി തീരുവാനും, അനേകരെ ക്രിസ്തുവിലേക്ക് നേടുവാനും ഇടയാകും. അഭിഷേകത്തിലുള്ള വളർച്ചയും, ആത്മീക വളർച്ചയും തമ്മിൽ തെറ്റിദ്ധരിക്കരുത്. പിശാച് വാഴുന്ന ലോകത്തിലേക്ക് കർതൃദാസന്മാരായി പോകുമ്പോൾ സ്വർഗ്ഗത്തിന്റെ ശക്തി നമുക്കാവശ്യമാണ്. ഇതുകൊണ്ടാണ് കർത്താവ് പറഞ്ഞത് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കുന്നത് വരെയും യെരുശലേം വിട്ട് പോകരുതെന്ന് (ലൂക്കൊ. 24:49). അഭിഷേകം പ്രാപിച്ചു കൊണ്ടുള്ള ഈ യാത്ര ഒരു മെഴുകുതിരി പോലെ കത്തിയെരിഞ്ഞ് തീരുന്ന കുറച്ചു കാലം മാത്രമുള്ള ദാസത്വയാത്രയാണ്. ഇത് അതിപ്രധാനവുമാണ്.

> ആത്മീകവളർച്ച, പുത്രത്വത്തിന്റെ വർദ്ധനവിലേക്കും, അഭിഷേകത്തിലെ വളർച്ച ശുശ്രൂഷയുടെ വർദ്ധനവിലേക്കും ഒരു വ്യക്തിയെ നയിക്കുവാനായി ദൈവം ഒരുക്കുന്നു.

എന്നാൽ പുത്രത്വയാത്രയാണ് ‘ആത്മീകവളർച്ച’. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇത് സംഭവിക്കുന്നത് യാത്രയിലല്ല, ‘മടക്കയാത്രയിലാണ്.’ ഇത് താത്ക്കാലികമായ ദാസന്റെ യാത്രയല്ല, പകരം ദൈവപുത്രന്മാരായി ദൈവത്തോടുകൂടെയുള്ള നിത്യ ബന്ധത്തിൽ എത്തിക്കുന്നതാണ്.

**“ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും; ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും.”**
**(വെളി. 21:7)**

ഇതിനു വേണ്ടിയാണ് പിതാവായ ദൈവം നമുക്ക് യേശുവിനെ

തന്നത്.

**"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ "ആകുവാൻ" അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

**"ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു." (യോഹ. 8:35)**

ലോകത്തിൽ കർത്താവിന് വേണ്ടി ദാസത്വവേല ചെയ്തുകൊണ്ടു തന്നെ മടക്കയാത്രയിൽ നമുക്ക് ദൈവപുത്രന്മാരായി വെളിപ്പെടാം. നിത്യമായി പിതാവിനോട് കൂടെ വസിക്കാം.

***ആത്മാക്കളുടെ പിതാവായ ദൈവത്തോട് ഹൃദയം കൊണ്ട് നാം അടുക്കുന്നതാണ് ആത്മീക വളർച്ചയെങ്കിൽ, ഇതേ ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയിൽ നാം വളരുന്നതാണ് അഭിഷേകത്തിലുള്ള വളർച്ച.***

***ദാസന്റെ യാത്രയ്ക്കും പുത്രന്റെ യാത്രയ്ക്കും ബൈബിൾ കൊടുത്തിരിക്കുന്ന പ്രാധാന്യം നാം കൊടുത്തുകൊണ്ട് രണ്ടും നാം ഒരുമിച്ച് ചെയ്യേണ്ടതാണ്.***

'ആത്മാവിന്റെ പ്രമാണത്താൽ' നടക്കുന്ന രണ്ട് പ്രധാന പ്രവൃത്തികൾ എന്തെന്നാൽ ഒന്ന്, 'പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ' നിന്ന് 'യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെ' മാനവരാശിയെ വിടുവിക്കുക. രണ്ട്, വീണ്ടും ജനിക്കപ്പെട്ട വിശ്വാസികളിൽ നിന്നും 'പാപം നിറഞ്ഞ പഴയ മനുഷ്യനെ' വേർതിരിച്ച് 'പുതുതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രനെ' വെളിപ്പെടുത്തുക.

**പ്രാർത്ഥന**



ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഒരു വ്യക്തി യേശുവിൽ വിശ്വസിച്ച് കഴിഞ്ഞാൽ, സ്വയത്തെ ത്യജിച്ചുകൊണ്ടുള്ള മടക്കയാത്രയാണ് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ എന്ന് എനിക്ക് മനസ്സിലാക്കിത്തന്നതിനായി നന്ദി. അതിനാൽ 'ആത്മാവിന്റെ നിയമത്തിൻ' കീഴിൽ മടക്കയാത്ര ചെയ്ത് ദൈവപുത്രനെ വെളിപ്പെടുത്തി, ഫലമുള്ളതായി തീരുവാൻ ഞങ്ങളെ സഹായിക്കണമേ, യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ***ദൈവപുത്രൻ വെളിപ്പെടുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ.***
2. ***തൈലക്കുപ്പി പൊട്ടിയാൽ സുഗന്ധം വെളിയിൽ വരുന്നത് പോലെ നമ്മുടെ പഴയ സ്വയം തകർന്നാൽ നമ്മുടെ ആത്മാവിൽ നിന്ന് ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടും.***
3. ***യേശു ഒരു വിഷയം സത്യം ചെയ്ത് പറയുമ്പോൾ, ആ വിഷയം വളരെ പ്രാധാന്യമുള്ളതാണ്.***
4. ***യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും, ദൈവപുത്രനെ വെളിപ്പെടുത്തുന്ന 'മടക്കയാത്ര' ക്രിസ്തീയ ജീവിതത്തിന്റെ കാതലുമാണ്.***
5. ***നാം ഓരോരുത്തരും ദൈവപുത്രന്മാരായി വെളിപ്പെടുവാനാണ് പിതാവായ ദൈവം നമുക്ക് യേശുവിനെ തന്നത്.***
6. ***മടക്കയാത്രയില്ലാത്ത സുവിശേഷം യേശുവിന്റെ ഭാഷയിൽ കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്ന സുവിശേഷമാണ്.***
7. ***മടക്കയാത്രയിലൂടെ ഒരു വ്യക്തി പോകുമ്പോൾ പാപം ചെയ്യാൻ കഴിയാത്ത 'ദൈവപുത്രൻ' ആ വ്യക്തിയുടെ അകത്ത് നിന്ന് വെളിപ്പെട്ട് വരും.***

8. പുറത്തല്ല, അകത്താണ് നമുക്ക് മാറ്റം വേണ്ടത്. അകത്ത് മാറ്റം വന്നാൽ പുറത്തേക്ക് അത് വ്യാപരിച്ചുകൊള്ളും.

9. യേശു പറഞ്ഞ 'അങ്ങനെ തന്നെയിരിക്കും' എന്ന വാഗ്ദത്തമാണ് വിശ്വസികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാഗ്ദത്തം. ഇതുകൊണ്ട് ജഡസ്വഭാവത്തിൽ നിൽക്കുന്ന ഒരു സമൂഹമാണ് ഇന്നത്തെ ഭൂരിപക്ഷം സഭകളിലും ഉള്ളത്. ഇതിനാലാണ് സഭകളിലെ കലഹങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നത്.

10. അനേകർക്കും യേശുവിനെക്കുറിച്ചുള്ള ചിന്ത, യേശു പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവനല്ല, പാപങ്ങളെ ക്ഷമിക്കുന്നവൻ മാത്രമാണെന്നാണ്. എന്നാൽ ബൈബിൾ വെളിപ്പെടുത്തുന്ന സത്യം യേശു പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നവനാണെന്നാണ്.

11. നാം യേശുവിൽ വിശ്വസിച്ച് കുറവുകൾ ഏറ്റു പറയുമ്പോൾ യേശു നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. എന്നാൽ നാം മടക്കയാത്രയിലൂടെ പോകുമ്പോൾ യേശു നമ്മുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നു.

12. ഗോതമ്പിന്റെ വിത്ത് നിലത്ത് വീണ് അതിന്റെ പുറന്തോട് തകർന്നാൽ, അതിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന 'ജീവൻ' ഒരു ഗോതമ്പ് ചെടിയായി പുറത്ത് വരും.

13. കർത്താവ് പറയുന്നത് ഈ വിത്തിൽ നിന്ന് ഫലം കിട്ടണമെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ...!

"നിലത്ത് വീണ് തകരുക അഥവാ മടക്കയാത്ര."

14. നമ്മുടെ പഴയ സ്വയം 'മടക്കയാത്രയിൽ' തകരുന്നെങ്കിൽ മാത്രമേ, നമ്മുടെ ഉള്ളിൽ ദൈവം സൃഷ്ടിച്ച ദൈവപുത്രൻ വെളിപ്പെടുകയും, ദൈവം ആഗ്രഹിച്ച ഫലങ്ങൾ നമ്മിൽ നിന്നു പുറത്തേക്ക് വരികയും ചെയ്യുകയുള്ളൂ.

15. മടക്കയാത്രയിൽ നമ്മിൽ നിന്ന് നമ്മുടെ പഴയ സ്വയം മരിച്ച്, അല്ലെങ്കിൽ മരിക്കുന്നതിനനുസരിച്ച് ദൈവപുത്രൻ നമ്മിലൂടെ വെളിപ്പെടുകയും, ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ഫലം നമ്മിലൂടെ വെളിപ്പെടുകയും ചെയ്യും.

16. ഒന്നാം മരണത്തിന് നാം മനഃപ്പൂർവ്വം നമ്മുടെ സ്വയത്തെ പരിശുദ്ധാത്മാവിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കുമ്പോഴാണ് ആത്മാവിലുള്ള പുതിയ സൃഷ്ടിയായ ദൈവപുത്രൻ

നമ്മുടെ ദേഹിയിലേക്ക് വെളിപ്പെടുന്നത്.

17. "ഗോതമ്പ് മണി വളരണമെങ്കിൽ, ആദ്യം അത് വളരുകയല്ല വേണ്ടത്, ആദ്യം അത് തകരുകയാണ് വേണ്ടത്." തകരാതെ വളരാൻ നോക്കുന്നത് കൊണ്ടാണ് ഇന്ന് പലരും ആത്മീയമായി വളരാത്തത്.

18. ആത്മീയവളർച്ച, പുത്രത്വത്തിന്റെ വർദ്ധനവിലേക്കും, അഭിഷേകത്തിന്റെ വളർച്ച ശുശ്രൂഷയുടെ വർദ്ധനവിലേക്കും ഒരു വ്യക്തിയെ നയിക്കുവാനായി ദൈവം ഒരുക്കിയിരിക്കുന്നു.

19. ആത്മാക്കളുടെ പിതാവായ ദൈവത്തോട് ഹൃദയം കൊണ്ട് നാം അടുക്കുന്നതാണ് ആത്മീക വളർച്ചയെങ്കിൽ ഇതേ ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയിൽ നാം വളരുന്നതാണ് അഭിഷേകത്തിലെ വളർച്ച.

20. ദാസന്റെ യാത്രയ്ക്കും പുത്രന്റെ യാത്രയ്ക്കും ബൈബിൾ കൊടുത്തിരിക്കുന്ന പ്രാധാന്യം നാം കൊടുത്തുകൊണ്ട് രണ്ടും നാം ഒരുമിച്ച് ചെയ്യേണ്ടതാണ്.



## രണ്ടാം ഭാഗത്തിലെ ഓർത്തി രിക്കേണ്ട പ്രധാന കാര്യങ്ങൾ:-

1. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് സഭയിലായി രിക്കുന്ന ഓരോ വ്യക്തിയും ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരെങ്കിലും, അവരെ സ്വതന്ത്രരാക്കിയ 'ആത്മാ വിന്റെ നിയമത്തിൻ' കീഴിലാണെന്നുള്ള സത്യം നാം ഓരോരുത്തരും മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാ ണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ സഭ ഇന്ന് 'ആത്മാ വിന്റെ നിയമത്തിൻ' കീഴിലാണ്.
2. ന്യായപ്രമാണം വായിച്ച് അല്ലെങ്കിൽ കേട്ട് അനുസരി ക്കുന്നതാണ് ന്യായപ്രമാണപ്രകാരമുള്ള ജീവിതമെങ്കിൽ, വീണ്ടും ജനിച്ച വ്യക്തിയുടെ അകത്ത് വന്ന ദൈവാ ത്മാവിന്റെ സ്വരം ആത്മീയ ചെവികളിലൂടെ കേട്ട് അനു സരിച്ച് ജീവിക്കുന്നതാണ് ആത്മാവിനെ അനുസരിച്ചുള്ള ജീവിതം.
3. ആത്മാവിന്റെ നിയമത്തിൻ കീഴിൽ ആയിരിക്കുന്ന നമ്മിൽ, നമ്മുടെ പഴയ സ്വയം "മടക്കയാത്രയിൽ" തക രുന്നെങ്കിൽ മാത്രമേ, നമ്മുടെ ഉള്ളിൽ ദൈവം സൃഷ്ടിച്ച ദൈവപുത്രൻ വെളിപ്പെടുകയും, ദൈവം ആഗ്രഹിച്ച ഫലങ്ങൾ നമ്മിൽ നിന്നും പുറത്തേയ്ക്ക് വരികയും ചെയ്യുകയുള്ളൂ.
4. സ്വച്ഛജടമാംസി തൈലക്കുപ്പി പൊട്ടിയാൽ സുഗന്ധം വെളിയിൽ വരുന്നതുപോലെ നമ്മുടെ പഴയ സ്വയം തകർന്നാൽ നമ്മുടെ ആത്മാവിൽ നിന്ന് പുതിയ സൃഷ്ടി യായ ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടും. ഇതത്രേ ദൈവത്തിന്റെ ഇഷ്ടം. ഇതിനായിട്ടത്രേ സകല സൃഷ്ടികളും ഈറ്റുനോവോടെ കാത്തിരിക്കുന്നത്.

# സമാപനം
## Conclusion

***പ്രിയരേ,*** ലോകചരിത്രത്തിൽ യിസ്രായേലിനെക്കുറിച്ച് പഠിക്കുമ്പോൾ, ആ രാജ്യം ദൈവത്തോടു അനുസരണക്കേട് കാണിച്ചതു മൂലം രണ്ട് പ്രാവശ്യം തകർക്കപ്പെട്ട്, പ്രവാസത്തിലേക്ക് പോയിട്ടുണ്ട്. ഒന്നാമത്തേതിൽ ക്രിസ്തുവിന് മുമ്പ് **BC 586 -** ൽ അവർ ബാബിലോൺ സാമ്രാജ്യത്തിന്റെ അടിമകളായി പിടിക്കപ്പെട്ടു. രണ്ടാമത് അരുമനാഥനായ യേശുക്രിസ്തുവിന്റെ പ്രവചനം പോലെ (മത്തായി 24:2) **AD 70 -** ൽ തീത്തോസ് കൈസറുടെ നേതൃത്വത്തിലുള്ള റോമൻ സൈന്യം യിസ്രായേൽ രാഷ്ട്രത്തെ തകർത്തുകളഞ്ഞു. യെരുശലേം ദൈവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെട്ടു, യിസ്രായേൽ മക്കൾ ലോകത്തിന്റെ പല ഭാഗത്തേക്കും, അഞ്ച് വൻകരകളിലേക്കും ചിതറി. അതിലൊരു കൂട്ടം ഇന്ത്യയിലും എത്തി. മുംബൈയും, കൽക്കട്ടയും, കൊച്ചിയും അവരുടെ പ്രവാസ ഭൂമിയായി തിരഞ്ഞെടുത്തു. അവർക്കറിയാമായിരുന്നു, ഇന്ത്യ അവരുടെ ഭൂമിയല്ല, തങ്ങൾ ഇവിടെ പ്രവാസികളാണ്. ഒരു നാൾ ദൈവം തങ്ങളുടെ രാഷ്ട്രം പ്രവാചകന്മാരിലൂടെ പറഞ്ഞതുപോലെ (ആമോസ്. 9:15, യിരെമ്യാവ്. 33:7) 'വീണ്ടും ജനിപ്പിക്കും'. പിന്നെ ഞങ്ങൾ ഇന്ത്യയിൽ തുടരുകയില്ല, പകരം ഞങ്ങളുടെ നാട്ടിലേക്ക് '**മടക്കയാത്ര**' ചെയ്യും.

പ്രിയരേ, അവർ വിശ്വസിച്ചതുപോലെ തന്നെ സംഭവിച്ചു. 1947–ൽ രണ്ടാം ലോകമഹായുദ്ധം തീർന്നതോടുകൂടെ യുണൈറ്റഡ് നേഷൻസ് ഒരു തീരുമാനമെടുത്തു. പാലസ്തീൻ നാട് വിഭജിച്ച് ഒരു ഭാഗം യെഹൂദന്മാർക്കും ഒരു ഭാഗം അറബികൾക്കുമായി കൊടുക്കുവാൻ ഡേവിഡ് ബെൻഗൂറിയന്റെ നേതൃത്വത്തിൽ യെഹൂദന്മാർ അന്ന് ആ സ്ഥലം ഏറ്റുവാങ്ങി. 1948 മെയ് 14–ാം തീയതി ടെൽ അവീവിലുള്ള ആർട്ട് മ്യൂസിയത്തിൽ വച്ച് ഡേവിഡ് ബെൻഗൂറിയന്റെ നേതൃത്വത്തിൽ 1878 വർഷങ്ങൾക്ക് ശേഷം യിസ്രായേൽ തിരുവചനം പറഞ്ഞതുപോലെ 'വീണ്ടും ജനിച്ചു'. യിസ്രായേൽ വീണ്ടും ഒരു രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു.

ഇതറിഞ്ഞ ലോകത്തിന്റെ അഞ്ച് വൻകരകളിലുമുള്ള യിസ്രായേൽ ജനത്തിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവർ തെരുവുകളിൽ നൃത്തം ചെയ്തു, കൂട്ടം കൂട്ടമായി തങ്ങളുടെ രാഷ്ട്രത്തിന്റെ 'വീണ്ടും ജനനം' അഥവാ സ്വാതന്ത്ര്യം, തങ്ങളുടെ സ്വപ്ന

സാക്ഷാത്കാരം അവർ ആഘോഷിച്ചു. **സുബോധമുണ്ടായിരുന്ന** അവർ പിന്നെ താമസിച്ചില്ല. അവരുടെ ഹൃദയത്തിൽ ഒരു സ്വരം മാറ്റൊലികൊണ്ടു......

# "മടക്കയാത്ര."

---

അവർ തങ്ങളുടെ വ്യാപാരസ്ഥാപനങ്ങൾ വിറ്റു, സ്ഥലങ്ങൾ വിറ്റു, വീടുകൾ വിറ്റു. കിട്ടിയ പണം കൊണ്ട് വിമാനത്തിലും, കപ്പലിലും, മറ്റ് മാർഗ്ഗങ്ങളിലുമായി തങ്ങളുടെ നാട്ടിലേക്ക് **'മടക്കയാത്രയായി'**. ഏകദേശം എണ്ണായിരം യെഹൂദന്മാർ താമസിച്ചിരുന്ന കൊച്ചിയിൽ 2010-ലെ കണക്ക് പ്രകാരം വെറും 40-തോളം യെഹൂദന്മാർ മാത്രം.

പ്രിയരേ, അവർ **സുബോധമുള്ളവരായി**, അവരുടെ നാട്ടിലേക്ക് മടങ്ങിപ്പോയി.....

# "നമുക്കും പോകണ്ടേ.......?"

**പിതാവ് നമ്മെയും കാത്തിരിക്കുന്നു..............!!**

# യാത്രയും മടക്കയാത്രയും

'യാത്രയെന്നത് ' മരണത്തിന്റെ യാത്രയാണെങ്കിൽ, 'മടക്കയാത്രയെന്നത് ' ജീവന്റെ യാത്രയാണ്. **മരണത്തിന്റെ യാത്രയിൽ മരണം വ്യാപരിക്കുന്നത് ആദ്യം ആത്മാവിലും, പിന്നെ ദേഹിയിലും, അവസാനം ശരീരത്തിലും ആണെങ്കിൽ, ജീവന്റെ യാത്രയിൽ ജീവൻ വ്യാപരിക്കുന്നത് ആദ്യം ആത്മാവിലും തുടർന്ന് ദേഹിയിലും അവസാനം ശരീരത്തിലും ആണ്.** അതിനെ നാം നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം എന്നിങ്ങനെ വിളിക്കുന്നു.

യാത്ര കാണുന്നതാണ്, എന്നാൽ മടക്കയാത്ര കാണാത്തതാണ്.

**യാത്ര ഭൗതിക മണ്ഡലത്തിലാണ്, മടക്കയാത്ര ആത്മീക മണ്ഡലത്തിലാണ്.**

യാത്ര ശരീരം കൊണ്ടാണെങ്കിൽ, മടക്കയാത്ര ഹൃദയം കൊണ്ടാണ്. യാത്രയിൽ മനുഷ്യനെ കീഴടക്കിക്കൊണ്ടു പോകുന്നത് പിശാചിന്റെ ആത്മാവാണ്. എന്നാൽ മടക്കയാത്രയിൽ മനുഷ്യനെ വഴി നടത്തുന്നത് ദൈവത്തിന്റെ ആത്മാവാണ്.

**യാത്ര ലോകമാകുന്ന വഴിയിലൂടെ തീപ്പൊയ്കയിലേക്കും, മടക്കയാത്ര യേശു ആകുന്ന വഴിയിലൂടെ സ്വർഗ്ഗരാജ്യത്തിലേയ്ക്കുമാണ്.**

യാത്ര ലോകത്തിന് അനുകൂലമായ ദിശയിലേക്കാണ്, എന്നാൽ മടക്കയാത്ര ലോകത്തിലെ പ്രതികൂലമായ, ഒഴുക്കിന് എതിരെയുള്ള നീന്തലാണ്.

**യാത്രയിൽ ആത്മാവിൽ മരിച്ച മനുഷ്യർ ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക് യാത്രചെയ്യുന്നു, എന്നാൽ മടക്കയാത്രയിൽ ആത്മാവിൽ ജനിച്ച മനുഷ്യർ യേശുവിലൂടെ സ്വർഗ്ഗത്തിലേക്ക് യാത്രചെയ്യുന്നു.**

യാത്ര നിത്യതയിൽ നിന്നും, സമയത്തിലേക്ക് ആയിരുന്നെങ്കിൽ മടക്കയാത്ര സമയത്തിൽ നിന്നും നിത്യതയിലേക്കാണ്.

**യാത്രയിൽ മനുഷ്യർ അശുദ്ധരായിക്കൊണ്ടിരിക്കുന്നു. മടക്കയാത്രയിൽ മനുഷ്യർ വിശുദ്ധരായിക്കൊണ്ടിരിക്കുന്നു.**

യാത്രയിൽ എന്തെങ്കിലും വർദ്ധിക്കുന്നത് മനുഷ്യനെ നിഗളിയാക്കുന്നു, മടക്കയാത്രയിലെ വർദ്ധനവ് മനുഷ്യനെ താഴ്മയുള്ളവനാക്കുന്നു.

**യാത്രയിൽ മനുഷ്യർ ദൈവത്തോട് അകന്നു കൊണ്ടേയിരിക്കുന്നു, എന്നാൽ മടക്കയാത്രയിൽ മനുഷ്യർ ദൈവത്തോട് അടുത്തു കൊണ്ടേയിരിക്കുന്നു.**

യാത്രയിൽ യേശുവിനെ സ്വീകരിക്കുന്ന ഒരുവൻ പിതാവിന്റെ ശിക്ഷാവിധിയിൽ നിന്ന് (പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്ന്) അതായത് പിശാചിന്റെ പിടിയിൽ നിന്നും രക്ഷിക്കപ്പെടുന്നു. മടക്കയാത്രയിൽ വിശ്വസ്തതയോടെ പരിശുദ്ധാത്മാവിനെ അനുസരിക്കുന്നവൻ ജയം പ്രാപിച്ച് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു.

**യാത്രയിൽ ജഡപ്രകാരം കാഴ്ചയാൽ ജീവിക്കുന്നു, മടക്കയാത്രയിൽ ആത്മാവിനെ അനുസരിച്ച് വിശ്വാസത്താൽ ജീവിക്കുന്നു.**

'യാത്രയിൽ' 'ന്യായപ്രമാണത്തിന്റെ 'കീഴിലാണ്, 'മടക്കയാത്രയിൽ' 'ആത്മാവിന്റെ പ്രമാണത്തിൻ' കീഴിലാണ്.

**യാത്ര ന്യായപ്രമാണത്തിലാണ്, മടക്കയാത്ര കൃപയിലും സത്യത്തിലും ആണ്.**

'യാത്ര' പിശാചിനോട് കൂടെയുള്ള യാത്രയാണ്,' എന്നാൽ 'മടക്കയാത്ര' പരിശുദ്ധാത്മാവിനോട് കൂടെയുള്ള യാത്രയാണ്.

**യാത്രയിൽ പിശാച് മനുഷ്യരെ കൊണ്ടുപോകുന്നു, മടക്കയാത്രയിൽ പരിശുദ്ധാത്മാവ് മനുഷ്യരെ വഴി നടത്തുന്നു.**

'യാത്ര' ആരംഭിച്ചത് ആദാമിൽ നിന്നാണെങ്കിൽ 'മടക്കയാത്ര' ആരംഭിച്ചത് ക്രിസ്തുവിൽ നിന്നാണ്.

**'യാത്രയുടെ' പേര് അനുസരണക്കേടിന്റെ യാത്ര എന്നാണെങ്കിൽ 'മടക്കയാത്രയുടെ' പേര് അനുസരണത്തിന്റെ യാത്രയെന്നാണ്.**

'യാത്ര' ആരംഭിച്ചത് അനുസരണക്കേടിൽ നിന്നാണെങ്കിൽ, 'മടക്കയാത്ര' ആരംഭിച്ചത് അനുസരണത്തിൽ നിന്നാണ്.

**യാത്രയിൽ ലോകം നമ്മുടെ മിത്രം ആകുന്നു, മടക്കയാത്രയിൽ ലോകം നമ്മുടെ ശത്രു ആകുന്നു.**

യാത്രയിൽ നാം നമ്മുടെ രാജാവാകുന്നു, മടക്കയാത്രയിൽ ദൈവം നമ്മുടെ രാജാവാകുന്നു.

**യാത്രയിൽ മനുഷ്യനിലൂടെ പിശാച് ഭൂമിയെ ഭരിക്കുന്നു. മടക്കയാത്രയിൽ മനുഷ്യനിലൂടെ ദൈവം ഭൂമിയെ ഭരിക്കുന്നു.**

അതായത് യാത്രയിൽ മനുഷ്യനിലൂടെ പിശാച് ലോകത്തിന്റെ രാജാവ്, മടക്കയാത്രയിൽ മനുഷ്യനിലൂടെ ദൈവം ലോകത്തിന്റെ രാജാവ്.

**യാത്രയിൽ നാം മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നു, മടക്കയാത്രയിൽ നാം ദൈവത്തിന്റെ മുമ്പാകെ ജീവിക്കുന്നു.**

യാത്രയിൽ നാം പിശാചിന്റെ രാജ്യത്തിലാകുന്നു, മടക്കയാത്രയിൽ നാം ദൈവത്തിന്റെ രാജ്യത്തിലാകുന്നു.

**യാത്രയിൽ മനുഷ്യന്റെ ലക്ഷ്യം ലോകം നേടുകയാണ്, മടക്കയാത്രയിൽ മനുഷ്യന്റെ ലക്ഷ്യം സ്വർഗ്ഗം നേടുകയാണ്.**

യാത്ര ശിക്ഷാകരമായ യാത്രയാണ്, മടക്കയാത്ര രക്ഷാകരമായ യാത്രയാണ്.

**യാത്രയിൽ നാം ഇരുട്ടിൽ നടക്കുന്നു, മടക്കയാത്രയിൽ നാം വെളിച്ചത്തിൽ നടക്കുന്നു.**

ഒരു വ്യക്തിയുടെ ലോകത്തിലൂടെയുള്ള ശിക്ഷാകരമായ യാത്രയുടെ അവസാനമാണ് രക്ഷിക്കപ്പെട്ട് 'മടക്കയാത്രയിൽ' പ്രവേശിക്കുന്നതെങ്കിൽ, ആ വ്യക്തിയുടെ മടക്കയാത്രയുടെ അവസാനമാണ് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നത്.

**യാത്രയിൽ മനുഷ്യനെ പഠിപ്പിക്കുന്നത് അക്ഷരം ആണെങ്കിൽ, മടക്കയാത്രയിൽ മനുഷ്യനെ പഠിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്.**

യാത്രയിൽ അക്ഷരത്തിലൂടെ പഠിപ്പിക്കുന്നത് ധ്യാനിക്കുന്നു, മടക്കയാത്രയിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നത് സ്വീകരിക്കുന്നു.

**യാത്രയിൽ നാം നിത്യമായി മരിക്കുന്നു, മടക്കയാത്രയിൽ നിത്യമായി ജീവിക്കുന്നു.**

യാത്ര ബലഹീനതയുടെ യാത്രയാണ്, മടക്കയാത്ര ശക്തിയുടെ യാത്രയാണ്.

**യാത്ര ഭോഷത്വത്തിന്റെ യാത്രയാണെങ്കിൽ, മടക്കയാത്ര ജ്ഞാനത്തിന്റെ യാത്രയാണ്.**

യാത്രയിൽ മനുഷ്യർക്ക് മറ്റു മനുഷ്യരുമായാണ് പോരാട്ടമെങ്കിൽ, മടക്കയാത്രയിൽ മനുഷ്യരുമായിട്ടല്ല, പിശാചുമായാണ് പോരാട്ടം.

**യാത്ര ജഡികതലത്തിലാണ്, മടക്കയാത്ര ആത്മീയതലത്തിലാണ്.**

യാത്രയിൽ ഭൗതിക കനാൻ ദേശമാണ് വാഗ്ദത്തം, മടക്കയാത്രയിൽ നിത്യമായ സ്വർഗ്ഗരാജ്യമാണ് വാഗ്ദത്തം.

**യാത്രയിൽ നാം വ്യക്തികളെ അറിയുന്നത് 'ജഡപ്രകാരമാണ് ', മടക്കയാത്രയിൽ നാം വ്യക്തികളെ അറിയേണ്ടത് 'ആത്മാവിൻ പ്രകാരമാണ് '*(2 കൊരി. 5:16)*.**

യാത്രയിൽ ജഡപ്രകാരം ദൈവത്തെ ആരാധിക്കുന്നു, മടക്കയാത്രയിൽ ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിൻ പ്രകാരമാണ്. *(യോഹ. 4:23-24)*

**യാത്രയിലെ ദൈവഭക്തി നമ്മെ ദൈവത്തിന്റെ ദാസന്മാരാക്കി തീർക്കുന്നു, മടക്കയാത്രയിലെ ദൈവഭക്തി നമ്മെ ദൈവപുത്രന്മാരാക്കി തീർക്കുന്നു.**



# Bible Training

# School of Ministry

DELIVERING CUBS for the LION OF JUDAH

BIBLE TRAINING CLASS



School of Ministry is a non denominational training programme with signs and wonders projected to develop an Army for Christ with His Character (Fruit of the Spirit) and Power (Gift of the Spirit). The programme enables one to fulfill the Purpose of the Church by getting to know the Purpose of God (Father) about the recreation and the Purpose of Christ (Son).

Eligibility

**A dedicated Heart as an outcome of Godly Love not Desiring Self Gain and Glorification, submitting to live and die for Christ.**

## *This is an Opportunity*

Ephe 5:16 and 17 reads: " Redeeming the time, because the days are evil. Wherefore ***be ye not unwise***, but understanding what the will of the Lord is."



Location : St. Andrew's Hall, 1st floor, St. Martin's Church, Sharjah

Time : 8.30 pm to 10.00 pm (Every Saturday)

For more details contact :

Br. Shyju : 055-3439721, Br. Ajith : 055-7343010

3P House of Prayer

**Purpose ⇨ Process ⇨ Power**

‘‘യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. ഭൂതങ്ങളെ പുറത്താക്കുന്നു. നിത്യജീവൻ നല്കുന്നു.”

**“ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം.” (മത്താ. 16:26)**

## ആത്മരക്ഷാധ്യാനം

**സ്ഥലം: കുഴിവേലിപ്പടി പ്രാർത്ഥനാലയത്തിൽ**
**വചനപരിജ്ഞാനമുള്ള കർത്താവിൽ പ്രസിദ്ധരായ വിവിധ സഭാംഗങ്ങളായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു.**

## പ്രാർത്ഥനാലയത്തിലെ പ്രോഗ്രാമുകൾ

1. ധ്യാനം എല്ലാ മാസവും ആദ്യ തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു.

2. ആത്മവളർച്ചാധ്യാനം (വർഷത്തിൽ രണ്ട് പ്രാവശ്യം )

3. സ്പിരിച്വൽ ഫയർ കോൺഫറൻസ് വിശ്വാസികളെ കർത്താവിന്റെ വേലക്കായി പരിശുദ്ധാത്മാവിൽ ഒരുക്കുന്നു. (വർഷത്തിൽ ഒരിക്കൽ)

4. ദൈവഹിതം ചെയ്യുവാനായി സഭകളെ ഒരുക്കിയെടുക്കുന്ന യോഗങ്ങൾ
(Empowering churches in order to do the purpose of God)

5. സ്കൂൾ ഓഫ് മിനിസ്ട്രീസ്

## House of Prayer (Prarthanalayam) Ministries

Kuzhivellipady, Panchayath Road, Edathala P.O
Pin: 683561
Ernakulam, Kerala
India

**Tel: 0091 484 2411092**
**Mob: 0091 9567590469**

**UAE**
**Tel: 00971 -7- 2211059**

Email : shajijosephmail@gmail.com
www.kingdommessages.org

## "The Voice of God"
## TV Program
### On Power Vision TV Channel

Every Monday 9.00 am (Indian.Time)

## "The Voice of God"
## TV Program
### On Harvest TV Channel

Every Friday 7.30 pm (Indian.Time)
Every Saturday 3.00 pm (Indian.Time)
Every Friday 6.00 pm (UAE.Time)
Every Saturday 1.30 pm (UAE.Time)



ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവരുന്നില്ല. പക്ഷേ വന്ന നാൾ മുതൽ ആ വ്യക്തി പലതും നേടാൻ തുടങ്ങുന്നു; വിദ്യാഭ്യാസം, പണം, കാർ, വീട്, പേര്, പ്രശസ്തി, ബിസിനസ്സ്, ജോലി തുടങ്ങിയ ധാരാളം കാര്യങ്ങൾ ലോകത്തിൽ, സമയത്തിൽ നേടുന്നു. താൻ നേടിയതൊന്നും സെമിത്തേരിയുടെ ഗേറ്റ് കടന്ന് കൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിയുകയില്ല. ഒരു ഭോഷനെപ്പോലെ പിശാച് തന്റെ സമയത്തെ അപഹരിക്കുകയാണെന്ന് മനസ്സിലാക്കാതെ മനുഷ്യൻ തന്റെ സമയമെല്ലാം ലോകത്തിന് കൊടുത്ത് ലോകം നേടുന്നു. പക്ഷേ ആ പ്രയത്നങ്ങളുടെ ഇടയിൽ മനുഷ്യൻ മരണത്തിൽ കുടുങ്ങി ഈ ലോകത്തിൽ നിന്നും ഒന്നും അല്ലാത്തവനായി, ഒന്നുമില്ലാത്തവനായി താൻ നേടിയതൊന്നും കൊണ്ടുപോകാൻ കഴിയാത്തവനായി മാറ്റപ്പെടുന്നു. പിശാച് അത് കണ്ട് പൊട്ടിച്ചിരിക്കുന്നു.

**"ഞാൻ നിന്നേയും നേടി."**

## സ്നേഹിതാ, നീ നേടിയതൊന്നും നിനക്കിവിടെ നിന്നും കൊണ്ടുപോകാൻ പറ്റുകയില്ല!

**പിന്നെ എന്തിനാണ് നീ ഇവിടെ ജീവിച്ചത്?**
**എന്താണ് നീ ഇവിടെ നിന്നും നേടിയത്?**
**എന്ത് നിനക്ക് നേടാൻ കഴിയും?**
**എങ്ങനെ നേടാൻ കഴിയും?**

**പ്രിയ സ്നേഹിതരെ, ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ ഈപുസ്തകത്തിലെ സന്ദേശങ്ങൾ നിങ്ങളെ സഹായിക്കും. ആ ഉത്തരങ്ങൾ നിങ്ങൾ കണ്ടെത്തി ഉപയോഗിച്ചാൽ അതായിരിക്കും നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം.......!**






More Details

shajijoseph@live.com, kingdomdoubt@gmail.com
www.thevoiceofgod.org
00971-50-6275997, 0091- 956-7590469


"കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകും ചെയ്യുന്നു." (മത്താ. 23:24)